കതിരൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം
സമഗ്രവികസനരേഖ

കതിരൂർ ജൈവഗ്രാമം

കാർഷികരംഗം സജീവമാക്കുന്നതിലൂടെ മാത്രമെ ഒരു ഗ്രാമം സജീവമാകുന്നുള്ളൂ. ജീവസ്സുറ്റ ഒരു കാർഷിക രംഗം സൃഷ്ടിക്കാനാകട്ടെ ഗ്രാമത്തിലെ മുഴുവൻ ആളുകളും നേരിട്ടുതന്നെ കൃഷിയുമായി ബന്ധപ്പെടേണ്ടിയിരിക്കുന്നു.

കതിരൂർ ഗ്രാമ പഞ്ചായത്തും കൃഷിഭവനും ചേർന്നു നൽകിയ ഒരു ജനകീയ പദ്ധതിയാണ് കതിരൂർ ജൈവഗ്രാമം. (പച്ചക്കറി ഗ്രാമം)

ലക്ഷ്യങ്ങൾ

☆ ഒരോ വീട്ടുപറമ്പും ഓരോ കൃഷിത്തോട്ടമാക്കുക.
☆ ഓരോ ആളും ഓരോ കൃഷിക്കാരനാവുക.
☆ വാഴ, ചേന, ചേമ്പ്, മരച്ചീനി, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ, പൂകൃഷി, ഔഷധ സസ്യങ്ങൾ എന്നീ ഇടവിളകൾ നട്ടുവളർത്തുക. (കുറഞ്ഞത് ഒരുസെൻറ് സ്ഥലത്തെങ്കിലും)
☆ രാസവസ്തുക്കളുടെ ഉപയോഗക്രമം കുറക്കുക.
☆ ജൈവകൃഷിക്കും ജൈവ വളങ്ങൾക്കും പ്രോത്സാഹനം നൽകുക.
☆ പച്ചക്കറി കൃഷിയിലൂടെ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുക.
☆ നഷ്ടപ്പെട്ട കാർഷിക സംസ്കാരം വീണ്ടെടുക്കുക.
☆ ഓരോ ഇഞ്ചു ഭൂമിയും കൃഷിയിടമാക്കണം. ഓരോവ്യക്തിയും കൃഷിക്കാരനാകണം.
☆ ജൈവവളങ്ങൾക്കും ജൈവ കൃഷിരീതികൾക്കും പ്രോത്സാഹനം നൽകുക. പരമ്പരാഗത കൃഷി തന്ത്രങ്ങൾ കമ്പോസ്റ്റുകുഴി, പച്ചില വളച്ചെടികൾ, പരമ്പരാഗത കീട നിയന്ത്രണ രീതികൾ എന്നിവയും പരിസ്ഥിതിബന്ധുവും സുസ്ഥിത വികസനത്തിനൊതുങ്ങുന്നതുമായ ആധുനിക രീതികളും സംയോജിപ്പിച്ച് പ്രയോഗത്തിൽ വരുത്തുക.

വാർഡ്തലത്തിൽ ജൈവ കർഷക സദസ്സുകൾ
പഞ്ചായത്ത്തലത്തിൽ ജൈവ കർഷക സംഗമം
പദ്ധതികൾ വിലയിരുത്തുന്നു.

ജൈവഗ്രാമ സമിതി.
കതിരൂർ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

കതിരൂർ ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

1996



കതിരൂർ ജനകീയ ആസൂത്രണ സമിതി

P.O. കതിരൂർ - 670642

21.11.96ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി
277/96 നമ്പ്ർ തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്.

പത്രാധിപ സമിതി

പത്രാധിപർ – ശ്രീ. കെ. കുട്ടിശങ്കരൻ മാസ്റ്റർ

അംഗങ്ങൾ –
- ശ്രീ. കാരായി ബാലൻ
- ,, കെ.സി. ചന്ദ്രൻ
- ,, രമേശൻ കണ്ടോത്ത്
- ,, കെ.കെ. കുമാരൻ മാസ്റ്റർ
- ,, രജിത്ത്കുമാർ. പി.
- ,, ടി.വി. മോഹനൻ
- ,, ടി.യം. ശശി.
- ,, യു.സി. സുമേഷ്
- ,, ശ്രിജിത്ത് ചോയൻ
- ,, ഡോ: ഭാഗ്യനാഥ്
- ,, കെ. ദാമോദരൻ
- ,, എൻ.കെ. സാവിത്രി
- ,, സ്മിത. കെ.വി.
- ,, സുമ. പി.

പ്രിൻറിംഗ്
ഫീനിക്സ് ഓഫ്സെറ്റ് പ്രിൻറേർസ്
തലശ്ശേരി – 7
ഫോൺ – 220823

ഡി.ടി.പി. ലേ- ഔട്ട്
രേഖ ഇൻസ്റ്റൻറ് ഡി.ടി.പി.
കണ്ണൂർ.
ഫോൺ : 505266

കതിരൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി

1996 - 2000

വാർഡ്	സ്ഥാനം	പേര്
2	പ്രസിഡണ്ട്	ശ്രീ. കാരായി ബാലൻ
9	വൈ: പ്രസിഡണ്ട്	,, കെ.സി ചന്ദ്രൻ
3	സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	,, കെ. പവിത്രൻ
1	മെമ്പർ	,, കെ. പ്രമീള
4	,,	,, പി. സജിത
5	,,	,, കുന്നിരിക്ക ഗോവിന്ദൻ
6	,,	,, ശിവദാസ് ബാബു. ടി.വി.
7	,,	,, എ.വി. ബീന
8	,,	,, സി.കെ. കണാരൻ വൈദ്യർ
10	,,	,, എം. റീജ
11	,,	,, കെ. നുറുദ്ദീൻ

കെ.സി.ചന്ദ്രൻ
വൈസ് പ്രസിഡണ്ട്



കാരായി ബാലൻ
പ്രസിഡണ്ട്

കെ.പവിത്രൻ
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ

എൻ.കെ.സാവിത്രി
സെക്രട്ടറി

പേജുകൾ മറിക്കുമ്പോൾ

1. ആമുഖം ---------- 7
2. പഞ്ചായത്ത് പൊതുവിവരണം ---------- 9
3. സാമൂഹിക സാംസ്കാരിക ചരിത്രം ---------- 10
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി ---- 22
5. സാമൂഹിക സാമ്പത്തിക മേഖലകൾ ---------- 23
5- 1 കൃഷിയും ജലസേചനവും ---------- 24
5- 2 മൃഗസംരക്ഷണവും- മത്സ്യബന്ധനവും ---- 33
5- 3 വിദ്യാഭ്യാസം ---------- 39
5- 4 കുടിവെള്ളവും പൊതുജനാരോഗ്യവും ---- 50
5- 5 വ്യവസായം ---------- 55
5- 6 ഗതാഗതം - ഊർജ്ജം - മാർക്കറ്റ് ---------- 63
5- 7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും ---------- 72
5- 8 സാംസ്കാരികം ---------- 78
5- 9 വനിത ---------- 87
5- 10 സഹകരണം---------- 91
5- 11 പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം ---------- 98
5- 12 വിഭവ സമാഹരണം ---------- 101
6. ഉപസംഹാരം ---------- 108



കെ.കുട്ടിശങ്കരൻ മാസ്റ്റർ

വിനയപൂർവ്വം.....

പ്രിയപ്പെട്ടവരെ,

പുതിയ കതിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി വന്നതിനുശേഷം ഈ ഗ്രാമത്തിന്റെ സമഗ്ര വികസനംപ്രവർത്തനം ലക്ഷ്യമാക്കി വിവിധ ജനകീയ സമിതികൾക്ക് രൂപംനൽകി പ്രവർത്തനം ആരംഭിച്ചിരുന്നു. അവ കതിരൂർ പഞ്ചായത്ത് വികസന സമിതി, കാർഷിക വികസന സമിതി, ജൈവ ഗ്രാമസമിതി, വിദ്യാഭ്യാസ സമിതി, ആരോഗ്യ സമിതി, കായിക കലാ സാംസ്കാരിക സമിതി തുടങ്ങിയവ യായിരുന്നു. ചില സർവ്വെകളും നടത്താൻ ഏർപ്പാട് ഉണ്ടാക്കിയിരുന്നു.

തലശ്ശേരി ഉപതെരഞ്ഞെടുപ്പിനിടയിൽ ജനകീയ ആസൂത്രണ പ്രസ്ഥാന പ്രക്രിയ സമയബന്ധിതമായി തീർക്കേണ്ടതിനാൽ ഒരു തിരക്കുപിടിച്ച സംരംഭ മായിരുന്നു ഈ വികസന റിപ്പോർട്ട് തയാറാക്കൽ. സാമൂഹിക സാമ്പത്തിക സർവ്വെ വിശദമായി ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. കൃത്യമായ ഡാറ്റകൾ ലഭിക്കാനും പ്രയാസങ്ങളുണ്ടായിരുന്നു. എങ്കിലും എഴുപതോളംപേർ തലങ്ങായി മൂന്നു ഗ്രൂപ്പുകളും വിലങ്ങായി അഞ്ചു ഗ്രൂപ്പുകളും പഠന പര്യടനങ്ങൾ നടത്തി ശേഖരിച്ച പ്രാഥമിക വിവരങ്ങളും, നാട്ടറിവുകളും, ദ്വിതീയ വിവര ശേഖരങ്ങളും, ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായ പ്രകടനങ്ങളും ഉപയോഗിച്ച് ചുരുക്കം ദിവസങ്ങൾ ക്കൊണ്ട് തയ്യാറാക്കിയതാണ് ഈ സമഗ്ര വികസനരേഖ കഴിയുന്നത്ര സുതാര്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പോരായ്മകൾ നിഴലിച്ചുകണ്ടേക്കാം. വിട്ടുപോകലും, തെറ്റായി ചേർക്കലും കണ്ടെന്നുവരാം. അങ്ങനെയുണ്ടെങ്കിൽ ഞങ്ങളോട് സദയം ക്ഷമിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക സർവ്വെ നടത്തുന്നതിന്ന് തീരുമാനി ച്ചിട്ടുണ്ട്.

സ്നേഹപൂർവ്വം

1. കാരായി ബാലൻ (പ്രസിഡണ്ട്.)
2. കെ. കുട്ടിശങ്കരൻ മാസ്റ്റർ
(കൺവീനർ)

കതിരൂർ
21.11.96

ജനകീയാസൂത്രണ സമിതി
കതിരൂർ ഗ്രാമപഞ്ചായത്ത്.

1

ആമുഖം

ഭാരതം എട്ടുപഞ്ചവത്സര പദ്ധതികളിലൂടെ പിന്നിട്ട് ഒമ്പതാം പദ്ധതിയിലേക്ക് എത്തിയിരിക്കുകയാണ്. കഴിഞ്ഞ പദ്ധതികൾ വിശകലനം ചെയ്താൽ നേട്ടങ്ങളേക്കൾ കൂടുതൽ കോട്ടങ്ങൾ കാണാം. അമിത കേന്ദ്രീകൃത ആസൂത്രണ പ്രക്രിയയും അഴിമതിയും ഉദ്യോഗസ്ഥ മേധാവിത്വവും സർക്കാരുടെ നിയന്ത്രണത്തിനുമപ്പുറമായിരുന്നു.

ഒമ്പതാം പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനംവരെ തുകകൾക്കുള്ള ചെലവധികാരം ത്രിതല പഞ്ചായത്തുകൾക്ക് ഭരണഘടനാ 73-74 ഭേദഗതികളിലൂടെ ലഭിച്ചിരിക്കുകയാണ്. വികസന പരിപാടികൾ താഴെതട്ടിലുള്ള ജന പങ്കാളിത്തത്തോടെ രൂപപ്പെടുത്തി പ്രാവർത്തികമാക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം. **അധികാരം ജനങ്ങളിലേക്ക് ആസൂത്രണം അടിത്തട്ടിൽനിന്ന്** എന്ന യാഥാർത്ഥ്യം പ്രായോഗികമാക്കേണ്ടതുണ്ട്.

വ്യർത്ഥമായിപ്പോകുന്ന പഞ്ചവത്സര പദ്ധതികൾക്കു പകരം ഫലപ്രദമായ പഞ്ചവത്സര പദ്ധതികൾ പ്രയോഗിക്കുന്നതിന്നും, ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്നും ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കേണ്ടതുണ്ട്. വികസന മെന്നാൽ സ്ഥായിയായും, നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തീക വളർച്ചയും, സമതുലിത വിതരണവുമാണ്. കേരളജനതക്ക് ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലും ഭൂ ഉപയോഗ രംഗത്തുണ്ടായ പരിവർത്തനവും ഭാരതത്തിൽ അഥവാ ലോകത്തിൽ ഉയർന്ന സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒരു ദശാബ്ദക്കാലത്തിലധികമായി നാം നേടിയെടുത്ത സാമൂഹ്യ നേട്ടങ്ങളിൽനിന്ന് കൃഷി. വ്യവസായം, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ മേഖലകളിലും പുറകോട്ടു പോയിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. സാമ്പത്തിക മേഖല താളംതെറ്റുകയാണ്. ഉല്പാദനം

കുറയുന്നു. ദാരിദ്ര്യം വർദ്ധിച്ചുവരുന്നു. അലസത കൂടിവരുന്നു.

രൂക്ഷമായ സാമ്പത്തീക പ്രതിസന്ധി ഒരു സാമൂഹ്യ വെല്ലുവിളിയാണ്. ഈ വെല്ലുവിളി നേരിടേണ്ടത് ജനങ്ങളുടെ ബാധ്യതയാണ്. ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരത്തിൽകൂടി മതനിരപേക്ഷതയോടെ പ്രവർത്തിച്ചാൽ അഭൂത പൂർണ്ണമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്കുകഴിയും.

വൈദ്യുതി, വ്യവസായം, കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലില്ലായ്മ, വിഭവശോഷണം, ആദിവാസികൾ, വനിതകൾ ഇവകളുടെ വികാസത്തിന് ശാസ്ത്രീയ വികസന ആസൂത്രണം അനിവാര്യമാണ്. ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസ്ക്തി. സാമൂഹിക തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ചു വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന രീതിയാണ് ആസൂത്രണം. ഈവക തീരുമാനങ്ങൾ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയകളിലൂടെ വന്പിച്ച ജന പങ്കാളിത്തത്തോടെ വിഭവസമാഹരണം, സംഭാവനകൾ, മനുഷ്യാദ്ധ്വാനം, സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാൻ കഴിയുന്നതാണ്.

അമിത കേന്ദ്രീകരണവും, പരിമിതികളും പരിഹരിച്ചു ജനജീവിത സൗകര്യം ഗുണപ്പെടുത്തുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനപ്രവർത്തനം സഹായകരമാണ്. വിവിധ ഘട്ടങ്ങളിലായി ജില്ലാപരിശീലനം ലഭിച്ചവർ പഞ്ചായത്ത്തല പരിശീലനം ലഭിച്ചവർ, വിശേഷാൽ ഗ്രാമസഭകൾ, ശിൽപശാല, ഗ്രാമപഞ്ചായത്ത് വികസന സെമിനാർ, കർമ്മസേന, സ്കീംതയാറാക്കൽ, പദ്ധതി രൂപീകരണം എന്നിവയിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖയാവുന്നു. പുത്തൻ വികസനരാഷ്ട്രീയ സംസ്കാരം ഇവിടെ വളരട്ടെ.

LOCATION MAP

KADIRUR PANCHAYAT

AREA : 12.30 KM^2

KANNUR



2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേർ	-	കതിരൂർഗ്രാമപഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജ്	-	കതിരൂർ വില്ലേജ്.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	കതിരൂർ
ബ്ലോക്ക് പഞ്ചായത്ത്	-	തലശ്ശേരി ബ്ലോക്ക്.
ജില്ലാപഞ്ചായത്ത് ഡിവിഷൻ	-	ധർമ്മടം
ജില്ലാ പഞ്ചായത്ത്	-	കണ്ണൂർ ജില്ല
അസംബ്ലി	-	തലശ്ശേരി നിയോജക മണ്ഡലം
പാർലിമെണ്ട്	-	വടകര നിയോജകമണ്ഡലം
അതിരുകൾ	-	വടക്ക് പിണറായി, കോട്ടയം പഞ്ചായത്തുകൾ
	-	തെക്ക് എരഞ്ഞോളി പഞ്ചായത്ത്.
		കിഴക്ക് - പാട്ട്യം, മൊകൊരി, പന്ന്യന്നൂർ, കോടിയേരി പഞ്ചായത്തുകളും, പോണ്ടിച്ചേരി സ്റ്റെയിറ്റും, തലശ്ശേരി മുനിസിപ്പാലിറ്റിയും.
		പടിഞ്ഞാറ് - എരഞ്ഞോളി പഞ്ചായത്ത്.

ജനസംഖ്യ - (91 ലെ സെൻസസ്)	-	26596
പുരുഷൻമാർ	-	12553
സ്ത്രീകൾ	-	14033
സാക്ഷരർ - പുരുഷൻമാർ	-	10754
സ്ത്രീകൾ	-	11638
ജനസാന്ദ്രത	-	2161
വാർഡുകൾ	-	11
പ്രസിഡണ്ടിന്റെ പേർ.	-	ശ്രീ കാരായി ബാലൻ
വൈ. പ്രസിഡണ്ടിന്റെ പേര്	-	,, കെ.സി. ചന്ദ്രൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	-	,, കെ. പവിത്രൻ
ബ്ലോക്ക്പഞ്ചായത്ത് മെമ്പർ.	-	,, വി. പ്രസീത
ജില്ലാ പഞ്ചായത്ത് മെമ്പർ	-	,, വി. ലീല.
എം.എൽ.എ.	-	,, ഇ.കെ.നായനാർ (മുഖ്യമന്ത്രി)
എം.പി.	-	,, ഒ.ഭരതൻ



3

സാമൂഹിക സാംസ്കാരിക ചരിത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലാണ് കതിരൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പ്രസിദ്ധമായ ശ്രീ സൂര്യനാരായണ ക്ഷേത്രം ഇവിടെയുള്ളതിനാൽ " കതിരവന്റെ ഊര് " എന്ന് ഈ സ്ഥലം അറിയപ്പെട്ടുവെന്നും ഇതിൽനിന്നാണ് "കതിരൂർ" എന്ന സ്ഥലനാമം ലഭിച്ചതെന്നും പറയപ്പെടുന്നു. എന്നാൽ, വളരെ വിശാലമായ നെൽ വയലുകൾ ധാരാളമുള്ള പ്രദേശമായതുകൊണ്ടും, എങ്ങും സമൃദ്ധമായി വിളഞ്ഞുനിൽക്കുന്ന നെൽക്കതിരുകൾ ഉള്ളതുകൊണ്ടും ഈ സ്ഥലം "കതിരൂർ" എന്നറിയപ്പെട്ടുവെന്ന മറ്റൊരു ഐതിഹ്യവും നിലവിലുണ്ട്.

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം കേരളത്തിന്റെ ഭൂവിഭാഗങ്ങളായ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയിൽ തീരപ്രദേശത്തോട് അടുത്തുകിടക്കുന്ന ഇടനാട്ടിലാണ്. ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ കൂടി കടന്നുപോകുന്ന തലശ്ശേരി - കൂർഗ് റോഡിൽ (ടി.സി.റോഡ്), തലശ്ശേരിക്കും കൂത്തുപറമ്പിനും മദ്ധ്യേ മൂന്നാംമൈലിനും ആറാംമൈലിനും ഇടയിൽ, റോഡിനിരുവശത്തുമായി വ്യാപിച്ചുകിടക്കുന്ന കതിരൂർ പഞ്ചായത്തിന് 12.30 ച.കി.മീറ്റർ (3038 ഏക്കർ) വിസ്തൃതിയുണ്ട്. ഭൂപടത്തിൽ സ്ഥാന നിർണ്ണയം ചെയ്യുമ്പോൾ ഉത്തര അക്ഷാംശം 11°46' ലും പൂർവ്വ രേഖാംശം 75°33' ലുമാണ്. ഇതിന്റെ കിടപ്പ്. പറാംകുന്നും കോത്താലക്കുന്നും ഇവിടുത്തെ ഉയരംകൂടിയ പ്രദേശങ്ങളാണ്. ഭൂതലം പൊതുവെ തെക്കുഭാഗത്തേക്ക് അല്പം ചരിഞ്ഞാണ് കിടക്കുന്നത്. നീരൊഴുക്കിന്റെ സിംഹഭാഗവും പൊന്ന്യം പുഴയിലാണ് ലയിക്കുന്ന തെങ്കിലും ചെറിയൊരു ഭാഗം പടിഞ്ഞാറോട്ടൊഴുകി ഉമ്മഞ്ചിറയിലും എത്തിച്ചേരുന്നു.

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ മദ്ധ്യത്തിൽകൂടി കടന്നുപോകുന്ന തലശ്ശേരി - കൂർഗ് റോഡ് (ടി.സി.റോഡ്) കണ്ണൂർ ജില്ലയിലെ അതി പ്രധാനമായ റോഡുകളിൽ ഒന്നാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് വയനാട്, കുടക്, മൈസൂർ എന്നിവിടങ്ങളിൽ നിന്ന് കാപ്പി, കുരുമുളക്, ചന്ദനം, ഏലം, ചുക്ക് എന്നിവ വിദേശങ്ങളിലേക്ക് കയറ്റിയയക്കുവാൻ വേണ്ടി തലശ്ശേരി തുറമുഖത്ത് എത്തിയിരുന്നത്

ടി.സി.റോഡുവഴിയാണ്. തലശ്ശേരി കടൽപാലത്തിൽനിന്നാരംഭിക്കുന്ന ഈ റോഡ് കേരള രേഖയിലുള്ള കൂട്ടുപുഴ പാലത്തിന്റെ 10 മീറ്റർ തുക ചെലവഴിച്ചുനിർമ്മിക്കുന്നു. ടി.സി.റോഡിന്റെ ആകെ നീളം 66.1 കി.മീറ്ററും 12 മീറ്ററുമാണ്. ടിപ്പുവിന്റേയും പഴശ്ശിയുടേയും പതനത്തിനുശേഷം ബ്രിട്ടീഷുകാർ വികസിപ്പിച്ചെടുത്ത റോഡാണിത്. കിഴക്കൻ മലയോരത്തെ തലശ്ശേരിയുമായി ബന്ധിപ്പിക്കുന്ന തലശ്ശേരി - കൂർഗ് റോഡ് കതിരൂർ ഗ്രാമപഞ്ചായത്തിന്റെ ജീവനാഡിതന്നെയാണ്.

പഞ്ചായത്ത് നിലവിൽവന്നതിനുശേഷം ഭൂപരമായി അതിർത്തികളിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. എരഞ്ഞോളി, പിണറായി, കോട്ടയം, പാട്ടം, മൊകേരി, പന്ന്യന്നൂർ,കോടിയേരി, തലശ്ശേരി മുനിസിപ്പാലിറ്റി, പോണ്ടിച്ചേരി സ്റ്റേറ്റ് (പന്തക്കൽ) എന്നീ പ്രദേശങ്ങളാണ് ഇതിന്റെ അതിർത്തിയിലുള്ളത്. കേന്ദ്ര ഭരണ പ്രദേശമായ പോണ്ടിച്ചേരിയിലെ നാലുതറ - പന്തക്കൽ, കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെടുന്നത് രണ്ടുകടവ് (കമ്പിപ്പാലം) വഴിയാണ്. പഞ്ചായത്തിന്റെ കിഴക്കും തെക്കും ഭാഗങ്ങളിൽ അതിരിടുന്നത് ചാടാലപ്പുഴയും പൊന്ന്യം പുഴയുമാണ്. രണ്ടു പുഴകളും ഒന്നുതന്നെയാണ്. രണ്ടുപേരിൽ അറിയപ്പെടുന്നവെന്ന് മാത്രം. ഈ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കതിരൂർ അംശത്തിലാണ് ഉൾപ്പെടുന്നത്.

കതിരൂർ പഞ്ചായത്ത് നിലവിൽ വന്നത് 1942 മാർച്ച് 2000 തിയ്യതിയാണ്. ശ്രീ. മടപ്പള്ളി ഗോപാലനായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. തുടർന്ന് സർവ്വ ശ്രീ. അണിയേരി കൃഷ്ണൻ, സി.വി. ഗോപാലൻ, കെ. ചാത്തുകുട്ടിനായർ, പി. ശ്രീധരൻ എന്നിവർ പ്രസിഡണ്ടുമാരെന്നനിലയിൽ പഞ്ചായത്തിന്റെ ഭരണത്തിന്നു നേതൃത്വം നല്കി. നിശ്ചിത സംഖ്യ നികുതിയടക്കുന്നവർക്കുമാത്രമേ ആദ്യകാലഘട്ടത്തിൽ വോട്ടവകാശമുണ്ടായിരുന്നുള്ളൂ. തെരഞ്ഞെടുപ്പു ദിവസം കതിരൂർ കച്ചേരിക്കുമുന്നിൽ വോട്ടർമാർ സമ്മേളിക്കുന്നു. കൈ ഉയർത്തിക്കാണിച്ചാണ് വോട്ട്രേഖപ്പെടുത്തിയിരുന്നത്. രഹസ്യ ബാലറ്റിലൂടെ വോട്ടർമാർ നേരിട്ടു തെരഞ്ഞെടുത്ത പ്രസിഡന്റായിരുന്നു സി.വി. ഗോപാലൻ. അന്ന് പഞ്ചായത്തിന് സിവിൽ കേസുകൾ വിചാരണ ചെയ്യാനുള്ള അധികാരം പരിമിതമായി ഉണ്ടായിരുന്നു. പിൽക്കാലത്തിൽ ഇത് നിർത്തലാക്കി. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. കാരായി ബാലനും വൈസ് പ്രസിഡന്റ് ശ്രീ. കെ.വി. ചന്ദ്രനുമാണ്. പതിനൊന്നു വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ ഒന്ന്, നാല്, ഏഴ്, പത്ത് വാർഡുകൾ സ്ത്രീകൾക്കും അഞ്ചാം വാർഡ് പട്ടികജാതിയ്ക്കുമായി സംവരണം ചെയ്തിരിക്കുന്നു.

മുൻ ഭരണ സാരഥികൾ

1953 - 1963

1. സി.വി ഗോപാലൻ (പ്രസിഡണ്ട്.)
2. കെ. ചാത്തുക്കുട്ടിനായർ (വൈസ് പ്രസിഡണ്ട്)
3. ഉച്ചമ്പള്ളി ശങ്കരൻ ഗുരുക്കൾ
4. പി. രാമുണ്ണിമാസ്റ്റർ
5. കാരായി ശങ്കരൻ
6. വി. കൃഷ്ണൻ വൈദ്യർ
7. കൂർമ്മ അനന്തൻ
8. കക്കാടൻ വയലമ്പ്രോൻ കുഞ്ഞിക്കണ്ണൻ
9. വാച്ചാലി ഗോവിന്ദൻ
10. വടവതി ഗോപാലൻ
11. ഗോപാലൻ (കുണ്ടുചിറ)
12. കെ.എം. അനന്തൻ മേസ്ത്രി
13. നാണു. പി.
14. പൊന്നമ്പത്ത് അച്ചുതൻ

(അന്ന് ദ്വയാംഗ വാർഡുകളുണ്ടായിരുന്നു)

1963 - 1979

1. -4- കെ. ചാത്തുക്കുട്ടിനായർ (പ്രസിഡണ്ട്)
2. -5- എ.പി. നാണു (വൈസ് പ്രസിഡണ്ട്)
3. -1- വടവതി ഗോപാലൻ
4. -3- പി.സി. കൃഷ്ണൻ നായർ
5. -6- പി.സി. കൃഷ്ണൻ നായർ
6. -2- വാടി നാരായണൻ
7. -7- കെ. ഗോവിന്ദൻ
8. -8- വി. കൃഷ്ണൻ വൈദ്യർ (എതിരില്ലാതെ തെരഞ്ഞെടുത്തു.)

1979 - 1984

1. -6- പി. ശ്രീധരൻ (പ്രസിഡണ്ട്)
2. -4- സി.കെ. കുഞ്ഞിമൂസഹാജി (വൈസ്പ്രസിഡണ്ട്.)
3. -1- അക്കാനിശ്ശേരി ബാലകൃഷ്ണൻ
4. -2- കാരായി ബാലൻ
5. -3- പി.കെ. ഗംഗാധരൻ
6. -5- പി.കെ. അച്ചുതൻ നമ്പ്യാർ
7. -7- എ. വാസു
8. -3- ഇ.എൻ.കെ. നാണു
9. -9- കെ. ലീല
10. -10- ടി. അനന്തൻ

രണ്ടാമതായിക്കൊടുത്ത നമ്പർ വാർഡിനെ സൂചിപ്പിക്കുന്നു.

പഞ്ചായത്ത് ആഫീസ്

ഈ ആഫീസിന്റെ പ്രധാന വരുമാന മാർഗ്ഗം കെട്ടിടനികുതിയും തൊഴിൽനികുതിയുമാണ്. ശുദ്ധജല വിതരണം, തെരുവുവിളക്കുകളുടെ സംരക്ഷണം ഗ്രാമീണ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, ദുർബല വിഭാഗങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങൾ, നിർധനരായ വിദ്യാർത്ഥികൾക്കു നൽകുന്ന സഹായം, ശുചീകരണം തുടങ്ങിയ ഒട്ടനവധി ചുമതലകൾ പഞ്ചായത്ത് നിർവ്വഹിക്കുന്നു. ജനന മരണ വിവാഹ രജിസ്ട്രാർ ആഫീസായും ഇത് പ്രവർത്തിക്കുന്നു.

കതിരൂരിലെ കച്ചേരിപറമ്പ് എന്നറിയപ്പെടുന്ന സ്ഥലത്താണ് വില്ലേജാഫീസ് പ്രവർത്തിച്ചുവരുന്നത്. ഇതിന്ന് പുതിയ കെട്ടിടം പണിതിട്ടുണ്ട്. 'കച്ചേരി' എന്ന ഉർദു പദത്തിന് സിവിലും ക്രിമിനലുമായ കേസുകൾ വിചാരണ ചെയ്യപ്പെടുന്ന സ്ഥലം എന്നുകൂടി അർത്ഥമുണ്ട്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണകാലത്ത് തലശ്ശേരി കോട്ടയുടെ അധിപനായിരുന്ന സായിപ്പിന്റെ അധികാര പരിധിയിൽ പെട്ടതായിരുന്നു കതിരൂർ കച്ചേരി. അദ്ദേഹം കതിരൂരിൽ വന്നാൽ താമസിക്കുന്നതിനു വേണ്ടി ഒരു ബംഗ്ലാവ് പണിതിരുന്നു. ഈ സ്ഥലം ഇപ്പോൾ 'ബംഗ്ലാവ് പറമ്പ് ' എന്നപേരിൽ അറിയപ്പെടുന്നു.

ഏറെക്കാലം മുൻസ്ചീഫ്കോടതിയായി പ്രവർത്തിച്ചിരുന്ന കതിരൂർ കച്ചേരി പിന്നീട് ചാവശ്ശേരിയിലേക്കും മാറ്റപ്പെട്ടു. ഒരുകാലത്ത് കതിരൂർ പഞ്ചായത്തിലെ സിവിൽ കേസുകൾക്ക് തീർപ്പ് കല്പിച്ചിരുന്നത് വില്ലേജ് കോടതിയിൽ നിന്നായിരുന്നു. പത്ത് രൂപ നികുതിയോ അറുപത് രൂപ പുറപ്പാടോ കൊടുക്കുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന വരായിരുന്നു ഇതിലെ ന്യായാധിപൻമാർ. വില്ലേജ് കോടതിയിലെ തീർപ്പിൻമേലുള്ള അപ്പീലിൽ വിധികൽപിക്കാനുള്ള അധികാരം ഹൈക്കോടതി കൾക്കു മാത്രമാണുണ്ടായിരുന്നത്. ഏറ്റവുമൊടുവിൽ പ്രവർത്തിച്ച വില്ലേജ് കോടതിയിലെ അഞ്ച് ന്യായാധിപൻമാരിൽ ഒരാളായിരുന്നു ശ്രീ. വടവതി രാമചന്ദ്രൻ മാസ്റ്റർ.1942 ൽ കതിരൂർ പഞ്ചായത്തിന്റെ രൂപീകരണത്തോടെ ഈ കോടതിയുടെ അധികാരങ്ങൾ അവസാനിച്ചു.

വളരെ വിപുലമായ അധികാരങ്ങളായിരുന്നു അംശം അധികാരികൾക്കുണ്ടായിരുന്നത്. നികുതി നിർണ്ണയിച്ചിരുന്നതും വസൂലാക്കിയിരുന്നതും അവരാ യിരുന്നു. ആദ്യകാലത്ത് വില്ലേജ് കോടതിയുടെ പ്രസിഡൻറ് അധികാരിയായിരുന്നു. ആഴ്ചയിൽ ഒരുതവണ വില്ലേജ് കോടതി കേസുകളിൽ തീർപ്പ് കൽപിച്ചിരുന്നു. പിൽകാലത്ത് അധികാരിയെ കോടതിയുടെ പ്രസിഡൻറ് സ്ഥാനത്തുനിന്ന് ഒഴിവാക്കുകയും ആ സ്ഥാനം ജന പ്രതിനിധികൾക്കായ് മാറുകയും ചെയ്തു. ഫുഡ് കൺട്രോൾ നിലവിൽ വന്നപ്പോൾ റേഷൻ കാർഡ് സംബന്ധമായ ജോലികളും അധികാരിയിൽ നിക്ഷിപ്തമായി.

ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ മുഴുവനും ബ്രിട്ടീഷ്കമ്പനിക്ക് ലഭിച്ചെങ്കിലും പഴശ്ശിരാജ വീരചരമം പ്രാപിച്ചതിനുശേഷം മാത്രമാണ് കതിരൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കമ്പനിയുടെ പൂർണ്ണ നിയന്ത്രണത്തിലാവുന്നത്. അതിനുശേഷം നികുതി പിരിക്കാനുള്ള അധികാരം ചില നാട്ടുപ്രമാണിമാരെയാണ് ബ്രിട്ടീഷുകാർ ഏൽപ്പിച്ചത്. ഈ അവകാശം പാരമ്പര്യമായി

നിലനിന്നുപോന്ന ഒരാനുകൂല്യമായി പിൽകാലത്ത് മാറുകയുണ്ടായി. കൂക്കൽ തറവാട്ടിനായിരുന്നു കതിരൂരിലെ നികുതിപിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ നല്കിയത്. ഏകദേശം 30 വർഷത്തോളം ശ്രീ കൂക്കൽ കോമപ്പൻ നായരായിരുന്നു കതിരൂരിലെ അധികാരിയായി പ്രവർത്തിച്ചിരുന്നത്. 1.9.1961 ൽ വില്ലേജ് പുനഃസംഘടന നിലവിൽ വന്നതോടെ പാരമ്പര്യ അധികാരസ്ഥാനം ഇല്ലാതായി. ഇന്ന് കതിരൂർ അംശത്തിൽ പുല്യോട്, പൊന്ന്യം, ചുണ്ടങ്ങാപ്പൊയിൽ, ആണിക്കാംപൊയിൽ, കതിരൂർ എന്നീ അഞ്ചു ദേശങ്ങളാണുള്ളത്. മുമ്പ് ഉണ്ടായിരുന്ന പൊന്ന്യം അംശം വില്ലേജ് പുനഃസംഘടന നിലവിൽവന്നതോടെ കതിരൂർ അംശത്തിൽ ചേർക്കപ്പെട്ടു.

കതിരൂർ ഗവ: ഹയർ സെക്കണ്ടറി സ്ക്കൂൾ

1922 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന് മഹത്തായ പാരമ്പര്യമാണുള്ളത്. പഴയ കോട്ടയം താലൂക്കിന്റെ നാനാഭാഗത്തുനിന്നുമുള്ള വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയത് കതിരൂരിൽനിന്നായിരുന്നു. വയനാട്ടിൽ നിന്നും കിഴക്കൻ മലയോരങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾ കതിരൂരിലെ ഒഴിഞ്ഞ വീടുകളും പീടികയുടെ മുകൾത്തട്ടും വാടകയ്ക്കെടുത്തു താമസിച്ചാണ് പഠിച്ചിരുന്നത്. വളരെ വിസ്തൃതമായ ഒരു ഭൂവിഭാഗത്തിന്റെ സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക മേഖലകളിലെ പുരോഗമന പരമായ മാറ്റങ്ങളുടെ സിരാകേന്ദ്രമെന്ന നിലയിൽ ഈ വിദ്യാലയം എന്നും ശ്രദ്ധിക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരുന്ന കാലഘട്ടങ്ങളിൽ രാജ്യത്തിന്റെ മോചനത്തിനു വേണ്ടിയുള്ള അന്തിമ പോരാട്ടത്തിൽ അന്ന് കതിരൂർ ഗവ: ഹൈസ്കൂളിലെ വിദ്യാർത്ഥി കളും അവരുടെ കർത്തവ്യം നിറവേറ്റിയിട്ടുണ്ട്. കലാ- കായിക - സാംസ്കാരിക- രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച പ്രതിഭാധനരായ പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് എത്രയെങ്കിലുമുണ്ട്. പഴയ തലമുറയിലെ കായിക താരങ്ങൾ എല്ലാംതന്നെ കതിരൂർ ഹൈസ്ക്കൂളിൾ കളിക്കളത്തിൽനിന്നും കളിച്ചു വളർന്നവരാണ്. ഇപ്പോൾ കതിരൂർ ഗവ: ഹയർസെക്കണ്ടറി സ്കൂളായാണ് അറിയപ്പെടുന്നത്. ഇവിടുത്തെ കായികരംഗം പരിപുഷ്ടിപ്പെടുത്തുവാൻ കെ.കെ. മമ്മു, മടപ്പള്ളി രാമു എന്നിവർ ചെയ്ത സേവനങ്ങൾ ഇന്നത്തെ തലമുറ നന്ദിയോടെ സ്മരിക്കുന്നു.

രജിസ്ട്രാഫീസ്

കതിരൂർ രജിസ്ട്രാഫീസ് 1865 ജനുവരിമാസം നിലവിൽ വന്നു. 1871 ഏപ്രിൽ 1ന് ആഫീസിന്റെ പ്രവർത്തനം നിർത്തിയെങ്കിലും 1911 ജനുവരി 30ാം തീയ്യതി വീണ്ടും നിലവിൽവന്നു. ആദ്യവർഷത്തിൽ തന്നെ 3541 ആധാരങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇപ്പോൾ വർഷത്തിൽ ശരാശരി 3000 ആധാരങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യുന്നു പാട്യം, കതിരൂർ, എരഞ്ഞോളി, പിണറായി പഞ്ചായത്തുകളും തലശ്ശേരി മുനിസിപ്പാലാറ്റിയിലെ ചില പ്രദേശങ്ങളും ഈ ആഫീസിന്റെ പ്രവർത്തനപരിധിയിൽ വരുന്നു.

സാമൂഹ്യ ചരിത്രം

സുശക്തമായ ഒരു കേന്ദ്രീയ ഭരണകൂടം നിലവിലില്ലാതിരുന്ന കാലഘട്ടത്തിലാണ് ജന്മി നാടുവാഴിത്ത ഭരണകൂടത്തിന്റെ രംഗപ്രവേശം നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്നത്. ഏതാനും ഭൂപ്രഭുക്കൻമാരുടെ അധീനതയിലായിരുന്ന കതിരൂർ പ്രദേശത്തെ ഭൂമിമുഴുവനും കുടിയാന്മാരിൽനിന്ന് വാരവും പാട്ടവും യഥേഷ്ടം വസൂലാക്കി. നിരവധി അന്യായ പിരിവുകൾ നടത്തി. പൊന്ന്യത്തകത്തൂട്ട് മനയിലെ തമ്പ്രാക്കന്മാർ കതിരൂർ പ്രദേശത്തെ വലിയ പ്രഭുക്കൻമാർ ആയിരുന്നു. കതിരൂർ ദേവസ്വത്തിനും ജന്മസ്വത്തെന്നനിലയിൽ വിശാലമായ ഭൂപ്രദേശങ്ങൾ ഏറെയുണ്ടായിരുന്നു. കാവുകരയില്ലം, കൂക്കൽ, കോട്ടാൽ എന്നീ തറവാട്ടുകാർക്കുമുണ്ടായിരുന്നു വളരെ ഏറെ ഭൂമി.

മലബാറിൽ ബ്രിട്ടീഷാധിപത്യം ഉണ്ടാകുന്നതു വരെ ഈ പ്രദേശം കോട്ടയം രാജയുടെ അധീനത യിലായിരുന്നു. മുമ്പത്തെ കോട്ടയം താലൂക്കിലുള്ള പതിനാറ് അംശങ്ങളിലൊന്നായിരുന്നു കതിരൂർ. ഏലം, ചന്ദനം, കുരുമുളക് എന്നിവ സമൃദ്ധമായി ലഭിക്കുന്ന പ്രദേശമെന്ന നിലയിൽ കോട്ടയം ബ്രിട്ടീഷ്

ഈസ്റ്റിന്ത്യാകമ്പനിയുടെ ശ്രദ്ധാ കേന്ദ്രമായി മാറി. മേജർ അലക്സാണ്ടർ ഡൗവിന്റെ നേതൃത്വത്തിൽ പഴശ്ശിക്കെതിരെ ഉണ്ടായ പടനീക്കത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നു കതിരൂർ ആയിരുന്നു എന്ന് ചരിത്ര രേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

അയിത്തവും ജാതിയും കൊടികുത്തി വാണിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ അസ്പൃശ്യതയുടെ വേദികളായി മാറിയിരുന്നു ക്ഷേത്രങ്ങൾ. ശ്രീ നാരായണ ഗുരുവിന്റെ നേതൃത്വത്തിലുണ്ടായ സാമൂഹ്യ നവോത്ഥാനത്തിന്റെ പ്രതിഫലനം കതിരൂരിലും ഉണ്ടായി. അയിത്തത്തിനും അനാചാരങ്ങൾക്കു മെതിരായി നമ്മുടെ പ്രദേശത്തും ഏതാനും ചെറുത്തുനിൽപ്പുകൾ ഉണ്ടായിട്ടുണ്ട്. ജീർണിച്ച സാമൂഹ്യവ്യവസ്ഥിതിക്കു നേരെയുള്ള വെല്ലുവിളി എന്നനിലയിൽ സവർണ്ണരുടെ ഭീഷണിയെ വകവെക്കാതെ വൈ.എ. ചാത്തുകുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ഏതാനും പേർ ശ്രീ സൂര്യനാരായണ ക്ഷേത്രച്ചിറയിൽ കുളിച്ച സംഭവം ഈ നാട്ടിൽ കോളിളക്കം സൃഷ്ടിക്കുയുണ്ടായി. ജാതിവ്യവസ്ഥയുടെ ശ്രേണീപരമായ ചേരിതിരിവുകൾ കാരണം അവർണ്ണർക്കിടയിൽ തന്നെയും ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. ഇതിനെതിരേയും ഇവിടെ പ്രതികരണമുണ്ടായിട്ടുണ്ട്. ശ്രീ വടവതി രാമചന്ദ്രൻ മാസ്റ്റർ, കാരായി കൃഷ്ണൻ, എ.കെ. കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ പുലയ വിഭാഗത്തിൽ പെട്ട ഏതാനും പേരെ പുല്ല്യോട് ശ്രീ കൂർമ്പക്കാവിലേക്കുള്ള അടിയറയിൽ പങ്കെടുപ്പിക്കുകയും ക്ഷേത്ര പ്രദക്ഷിണം നടത്തിക്കുകയും ചെയ്തു.

മത ജീർണ്ണതയ്ക്കെതിരെയുള്ള നവോത്ഥാന സന്ദേശം ഈ കാലയളവിൽ കോൺഗ്രസ്സിന്റെ അകത്തും പ്രതിഫലിക്കുകയുണ്ടായി. 1931 മെയ് 3,4,5 തീയ്യതികളിൽ സെൻഗുപ്തയുടെ അദ്ധ്യക്ഷതയിൽ വടകരയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനം ഹൈന്ദവ ക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്ന് സവർണ്ണഹിന്ദുക്കളോടും ദേവസ്വം അധികൃതരോടും അഭ്യർത്ഥിക്കുന്ന പ്രമേയം പാസാക്കിയിരുന്നു. നവോത്ഥാന പ്രസ്ഥാനങ്ങളുമായി പരസ്പരം പൂരകമായി പ്രവർത്തിക്കുവാൻ കോൺഗ്രസ്സിനെ പ്രാപ്തമാക്കുന്നതിനുള്ള അനുയോജ്യമായ സാഹചര്യങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. ക്ഷേത്ര പ്രവേശനത്തിനുവേണ്ടി കതിരൂരിൽ നടന്ന സംഭവങ്ങളുടെ പ്രചോദന സ്രോതസ്സും ഇവയായിരുന്നു. മദ്യ വർജ്ജനവും ഖാദി പ്രചരണവും കോൺഗ്രസ്സ് പ്രവർത്തകർ കടമയായി കരുതി. ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭ ഹിന്ദി പ്രചരണത്തിനായി കതിരൂരിൽ നിയോഗിച്ചത് ശ്രീ. പി.കെ. കേശവൻ നായരെ ആയിരുന്നു. ഹിന്ദി പ്രചരണത്തിനായി പല സ്ഥലത്തും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ശ്രീ. സി.ആർ. രാമകുറുപ്പിനായിരുന്നു കതിരൂരിൽ ഇതിന്റെ മുഖ്യ ചുമതല. ശ്രീ. വടവതി രാമചന്ദ്രൻ മാസ്റ്റർ ഇതിന്റെ പ്രവർത്തനത്തിൽ മുൻപന്തിയിലായിരുന്നു. ഖാദി പ്രചരിപ്പിക്കുന്നതിൽ കാരായി കൃഷ്ണൻ, കെ.എൻ. ചാത്തുകുട്ടി നായർ എന്നിവർ അറിയപ്പെട്ട മുന്നണി പ്രവർത്തകന്മാരായിരുന്നു. ദണ്ഡിയയിലെ ഉപ്പ്സത്യാഗ്രഹ മാതൃകയിൽ പയ്യന്നൂരിൽ നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ പുല്ല്യോട്ടുകാരനായ പി.വി. ഗോവിന്ദൻ നമ്പൂതിരി പങ്കെടുത്തിരുന്നു.

1931 മാർച്ച് മാർച്ച് 23 ന് ഭഗത്സിങ്ങിനെ തൂക്കിക്കൊന്നതിൽ പ്രതിഷേധിച്ച് ടി.കെ. രാജുവിന്റെ നേതൃത്വത്തിൽ കതിരൂർ ഹൈസ്ക്കൂളിലെ ഏതാനും വിദ്യാർത്ഥികൾ റോഡിലിറങ്ങി പ്രകടനം നടത്തുകയുണ്ടായി. പ്രകടനത്തിൽ പങ്കെടുത്തവർക്ക് പിഴശിക്ഷയാണ് ലഭിച്ചത്.

ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നടന്ന മദ്യവർജ്ജന പരിപാടിയുടെ ഭാഗമായി കള്ളുഷാപ്പുകൾ പിക്കറ്റ് ചെയ്യപ്പെട്ടു. കതിരൂർ ഹൈസ്ക്കൂളിന് സമീപമുള്ള പൂവ്വത്തിൻ കീഴിലും വേറ്റുമ്മലുള്ള കള്ള് ഷാപ്പുകൾക്കു മുമ്പിൽ രൂക്ഷമായ പിക്കറ്റിങ്ങ് സമരം അരങ്ങേറി. പൂവ്വത്തിൻ കീഴിൽ കള്ളുഷാപ്പ് പിക്കറ്റിങ്ങ് എ.കെ.ജി തന്നെ നേരിട്ട് നേതൃത്വം നൽകി. സത്യാഗ്രഹികൾക്ക് അതിഭീകരമായ മർദ്ദനം ഏറ്റുവാങ്ങേണ്ടി വന്നു.

1936 ജൂലായ് മസത്തിൽ എ.കെ.ജി.യുടെ നേതൃത്വത്തിൽ മദിരാശിയിലേക്ക് പോയ പട്ടിണിജാഥയിൽ കതിരൂരിലെ കെ.എൻ ചാത്തുക്കുട്ടി നായരും അംഗമായിരുന്നു. ജാഥയിൽ ലഘുലേഖ വിതരണത്തിന്റേയും പുസ്തക പ്രചരണത്തിന്റേയും ചുമതലക്കാരനായിരുന്നു കെ.എൻ; എന്ന് എ.കെ.ജി. അദ്ദേഹത്തിന്റെ ആത്മകഥയിൽ സ്മരിക്കുന്നു.

എ.കെ.ജി.യുടെ നേതൃത്വത്തിൽ തിരുവിതാംകൂറിലേക്ക് പോയ മലബാർജാഥയിൽ ശ്രീ മടപ്പള്ളി കൃഷ്ണൻ മാസ്റ്റർ ഉണ്ടായിരുന്നു. തിരുവിതാംകൂർ പോലീസിന്റെ പിടിയിലകപ്പെട്ട അദ്ദേഹത്തിന് ഭീകരമർദ്ദനങ്ങളേൽക്കേണ്ടിവന്നു. തുടർന്ന പൂജപ്പുജപ്പുര സെൻട്രൽ ജയിലിൽ 7 മാസം തടവ് അനുഭവിക്കേണ്ടിവന്നത് അവിസ്മരണീയമായ ചരിത്ര സംഭവമാണ്.

രാജ്യം മുഴുവൻ ആവേശം പടർത്തിയ സ്വാതന്ത്ര്യസമര പരിപാടികളിൽ കതിരൂർ

ഹൈസ്സ്ക്കൂളിലെ വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു. എം.പി ഗോവിന്ദൻ, തായാട്ട് ശങ്കരൻ, ഒ.ജി.ബാലഗോപാലൻ, എം.സി.വി ഭട്ടതിരിപ്പാട് തുടങ്ങിയ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ ബഹിഷ്ക്കരിച്ചുകൊണ്ട് അവർ പ്രകടനങ്ങളും പൊതുയോഗങ്ങളും സ്കാർഡ് പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകണമെന്ന ബ്രിട്ടീഷ് ഗവൺമെൻറിൻെറ തീരുമാനത്തിന് ഗതിവേഗം കൂട്ടുവാൻ നാവികസമരത്തിന് കഴിഞ്ഞു. നമ്മുടെ നാട്ടുകാരായ കെ.കെ.രാഘവൻ നമ്പ്യാർ, കെ.കെ ദാമോദരൻ നമ്പ്യാർ കുഞ്ഞിരാമൻ അടിയോടി, വടക്കേടത്ത് അനന്തൻ നമ്പ്യാർ, കെ.എം.ഭരതൻ, കുഞ്ഞിക്കോരൻ തുടങ്ങിയവർ ഈ സമരത്തിൽ പങ്കെടുത്തതുകൊണ്ട് ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ടവരാണ്.

1930കളിൽ ഇ.എം.എസ്സ്., എ.കെ.ജി., കൃഷ്ണപ്പിള്ള, എൽ,എസ്സ് പ്രഭു തുടങ്ങിയ നേതാക്കളുടെ നിരന്തരമായ സന്ദർശനവും സമ്പർക്കവുംകൊണ്ട് കതിരൂരിലെ രാഷ്ട്രീയ വേദി ചലനാത്മകമായിമാറി. വിഷ്ണു ഭാരതീയൻ, സിഎച്ച് കണാരൻ, കെ.എ. കേരളീയൻ, മൊയാരത്ത് ശങ്കരൻ, ആനന്ദതീർത്ഥൻ തുടങ്ങിയവരും കതിരൂരിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. സി.ആർ രാമക്കുറുപ്പിൻെറ വീട് സ്വാതന്ത്ര്യഭടന്മാരുടെ ഇടത്താവളമായിരുന്നു. കെ.എൻ.ചാത്തുക്കുട്ടിനായർ കതിരൂരിൽ നടത്തിയ "നാഷണൽ ഹോട്ടൽ" കോൺഗ്രസ്സ് പ്രവർത്തകരുടെ അഭയകേന്ദ്രമായി. 1934ൽ ഡോ.രാജേന്ദ്ര പ്രസാദ് കതിരൂർ സന്ദർശിക്കുകയുണ്ടായി. അന്ന് കതിരൂർ മൈയാനിയിൽ അദ്ദേഹം നടത്തിയ പ്രസംഗം തർജ്ജിമ ചെയ്തത് ശ്രീ സി.ആർ.രാമക്കുറുപ്പായിരുന്നു. 1936ൽ കോട്ടയം താലൂക്ക് കോൺഗ്രസ്സ് സമ്മേളനം നടന്നത് കതിരൂർവയലിൽ ആയിരുന്നു. കെ.കെ.കുഞ്ഞിക്കൃഷ്ണൻ അടിയോടി, കെ.വി.മന്ദൻ മേസ്ത്രി, മണക്കാടൻ ദാമുമാസ്റ്റർ, കെ.എൻ ചാത്തുക്കുട്ടി നായർ എന്നിവരായിരുന്നു കതിരൂരിലെ പ്രമുഖ നേതാക്കൾ. 1937-38 കാലങ്ങളിൽ കതിരൂർ വില്ലേജ് കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡണ്ട് സി.ആർ.ഗോവിന്ദ ക്കുറുപ്പും, സിക്രട്ടറി വടവതി ഭരതൻ മാസ്റ്ററുമായിരുന്നു. തുടർന്ന് 1939-40 കാലഘട്ടങ്ങളിൽ വടവതി രാമചന്ദ്രൻ മാസ്റ്ററും, കെ.ചാത്തക്കുട്ടിനായരും ഈ സ്ഥാനങ്ങൾ വഹിച്ചു. ദേശീയപ്രസ്ഥാനത്തിന് കതിരൂരിൽ മാത്രമല്ല കോട്ടയം താലൂക്ക് മുഴുവനായും സുശക്തമായ അടിത്തറപണിയുവാൻ കതിരൂരിലെ അന്നത്തെ കോൺഗ്രസ്സ് നേതൃത്വത്തിന് സാധിച്ചു.

സ്വാതന്ത്ര്യ സമ്പാദനത്തിന് ദേശസ്നേഹികൾ സ്വീകരിച്ച പാതകൾ പലതായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കിറ്റിൻന്ത്യാ സമരവുമായി മുന്നേറിയപ്പോൾ സ്വായുധസമരത്തിൻെറ പാതസ്വീകരിക്കുന്നതിനാണ് സുഭാഷ് ചന്ദ്രബോസിൻെറ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമി തയ്യാറായത്. അതിനവർ ജപ്പാൻെറ സഹായവും തേടി. ഇന്ത്യയേ മോചിപ്പിക്കുവാൻ മലയയിൽ നിന്നു ബർമ്മവഴി മുന്നേറിയ ഐ.എൻ.എ. ഭടന്മാർ ഘോരവനങ്ങൾ താണ്ടി ബോംബ് വർഷങ്ങൾ അതിജീവിച്ച് മാതൃഭൂമിയുടെ അതൃത്തിയെ സമീപിച്ചു. ഈ ധീരദേശാഭിമാനികളുടെ കൂട്ടത്തിൽ നമ്മുടെ നാട്ടുകാരനായ കാളിപ്പോയിൽ വയലമ്പ്രാൻ കൃഷ്ണനുണ്ടായിരുന്നു.

കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് വഴിതെളിച്ച 1939ൽ നടന്ന പാറപ്രം സമ്മേളനത്തിൽ കതിരൂരിൻെറ പ്രതിനിധിയായി കെ.എൻ ചാത്തുക്കുട്ടിനായർ പങ്കെടുത്തു. തുടർന്ന് 1940ൽ കതിരൂരിൽ രൂപീകരിക്കപ്പെട്ട കമ്യൂണിറ്റ് പാർട്ടിയുടെ അഞ്ചംഗസെല്ലിൽ കെ.വി. മന്ദൻ മേസ്ത്രി, മടപ്പള്ളികൃഷ്ണൻ മാസ്റ്റർ, സി.എ. അച്ചുതൻ, വടവതി ഭരതൻ മാസ്റ്റർ, കെ. ചാത്തക്കുട്ടിനായർ എന്നിവരാണ് ഉണ്ടായിരുന്നത്. 2oo ലോക മഹായുദ്ധത്തിൽ ഫാസിസ്റ്റ് ശക്തികളുടെ പരാജയം കമ്യൂണിസ്റ്റ് പാർട്ടി ഒരാവശ്യമായി വിലയിരുത്തുകയും, ലോകമഹായുദ്ധം സാമ്രാജ്യത്വ ശക്തികൾ തമ്മിൽ തന്നെയായിരുന്നെങ്കിലും രാജ്യം ഫാസിസ്റ്റ് സക്തികളുടെ കയ്യിൽ പെടാതിരിക്കണമെങ്കിൽ ബ്രിട്ടനെ ദുർബലപ്പെടുത്തുന്നത് ആത്മഹത്യാപരമായ

നടപടിയായിരിക്കുമെന്ന് കമ്യൂണിസ്റ്റ് പാർട്ടി കരുതി. തദനുസരണമുള്ള പ്രവർത്തന പദ്ധതി കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചത് കതിരൂരിലെ ചില പ്രവർത്തകരിൽ വിയോജിപ്പ് ഉളവാക്കി. കെ.വി. മന്ദൻ മേസ്ത്രി, മടപ്പള്ളികൃഷ്ണൻ മാസ്റ്റർ, വടവതി ഭരതൻ മാസ്റ്റർ, തുടങ്ങിയവർ ഈ വിഭാഗക്കാരായി രുന്നു. തലശ്ശേരി, കൂത്തുപറമ്പ, മട്ടന്നൂർ, പാനൂർ ഫർക്കകളിലെ പാർട്ടിതലങ്ങളിലുള്ള രഹസ്യ പ്രവർത്തനങ്ങളുടെ ചുമതലക്കാരൻ കെ. ചാത്തുക്കുട്ടി നായരായിരുന്നു. വടകരയിൽനിന്നും പാർട്ടി ലഖുലേഖകൾ കുരിച്ചലിൽ കൊണ്ടുവന്ന് വിവിധ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടുന്ന ചുമതലയും, ഒളിവിലിരിക്കുന്ന ചില നേതാക്കൻമാർക്ക് ഷെൽട്ടറുകൾ കണ്ടെത്തുന്നതിനുള്ള ചുമതലയും ചാത്തുക്കുട്ടിനായർക്കായിരുന്നു. നിരവധിതവണ പോലീസിൽനിനും ഗുണ്ടകളിൽനിന്നും ഭീകരമർദ്ദനം ഏൽക്കേണ്ടി വന്ന പി.വി. രാഘവമാരാർ കതിരൂരിൽ മുഴുവൻ നിറഞ്ഞുനിന്ന പാർട്ടി പ്രവർത്തകനായിരുന്നു. മുൻകാലങ്ങളിൽ കോൺഗ്രസ് പ്രവർത്തകനായിരുന്ന പ്പോൾ തന്നെ അദ്ദേഹം ഏറെക്കാലം കരുതൽ തടവിൽ കഴിഞ്ഞിട്ടുണ്ട്. വിഷചികിത്സകൻ എന്ന നിലയിൽ പ്രസിദ്ധനായിരുന്ന ശ്രീ ഉച്ചമ്പള്ളി ശങ്കരൻ ഗുരുക്കളും കതിരൂരിലെ സമാരാധ്യനായ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്നു. ത്യാഗധനരായ വളരെയധികം കമ്മ്യൂണിസ്റ്റ് പ്രവർത്തകരും കതിരൂരിലുണ്ടായിരുന്നു. യുദ്ധകാലത്ത് അനുഭവപ്പെട്ട ഭക്ഷ്യക്ഷാമത്തെ തുടർന്ന് നാട്ടിലെമ്പാടും കോളറ പടർന്നുപിടിച്ചപ്പോൾ, അതിനെതിരായി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായ കെ. ചാത്തുക്കുട്ടിനായർ, സി.എ. അച്ചുതൻ, ടി.കെ. അനന്തൻ തുടങ്ങിയവർ രൂപംകൊടുത്ത കോളറ സ്കാഡിന്റെ പ്രവർത്തനം കമ്മ്യൂണിസ്റ്റു പാർട്ടിയെക്കുറിച്ച് ജനങ്ങളിൽ മതിപ്പുളവാക്കി. രോഗപ്രതിരോധ പ്രവർത്തനം, ശുചീകരണ പ്രവർത്തനങ്ങൾ ശവം മറവുചെയ്യൽ എന്നിവ സ്കാഡിന്റെ ദൗത്യങ്ങളായിരുന്നു. ഈ സ്കാഡിനോടൊപ്പം കാരായി കൃഷ്ണൻ എന്ന കോൺഗ്രസ് പ്രവർത്തകനും സജീവമായി പങ്കെടുത്തിരുന്നു.

1940 ന് ശേഷം കോൺഗ്രസ് സോഷ്യലിസ്റ്റ് ആശയക്കാരായ പാറാണ്ടികുഞ്ഞിരാമൻ, മടപ്പള്ളി രാമു തുടങ്ങിയ കുറേ ചെറുപ്പക്കാർ കതിരൂരിലെ രാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നു. 1948 ൽ സോഷ്യലിസ്റ്റു പാർട്ടിയുടെ കതിരൂർ വില്ലേജ് ഘടകം കെ.എൻ. ചാത്തുക്കുട്ടിനായരുടെ സഹകരണത്തോടെ 'നാഷണൽ ഹോട്ടലി'ന്റെ മുകളിലത്തെ നിലയിൽ രൂപീകരിക്കപ്പെട്ടു. വളപ്പി രാഘവൻ (സിക്രട്ടറി), കുന്നുമ്മ ശ്രീധരൻ (ജോ. സിക്രട്ടറി), മടപ്പള്ളി രാമു (ഖജാൻജി) എന്നിവരായിരുന്നു ഭാരവാഹികൾ. അന്നത്തെ യോഗത്തിൽ ശ്രീ. പി.എം. കുഞ്ഞിരാമൻ നമ്പ്യാർ, മണത്തൂർ കൃഷ്ണൻനായർ എന്നിവർ സംബന്ധിക്കുകയുണ്ടായി. ശ്രീ. പി.കെ. അച്ചുതൻ നമ്പ്യാരും സോശ്യലിസ്റ്റ് പാർട്ടിയുടെ പ്രധാന പ്രവർത്തകനായിരുന്നു. ഡോ: രാംമനോഹർ ലോഹ്യ, ജയപ്രകാശ് നാരായണൻ, എസ്.ബി. ആദിത്യൻ, പട്ടംതാണുപിള്ള എന്നീ പ്രഗത്ഭ നേതാക്കൾ, വിവിധ കാലഘട്ടങ്ങളിലായി കതിരൂർ സന്ദർശിച്ചിരുന്നു. ഈ കാലയളവിൽ ഇന്ത്യൻ യൂനിയൻ മുസ്ലീം ലീഗിന്റെ പ്രവർത്തനവും കതിരൂരിൽ സജീവമായിരുന്നു.

രാഷ്ട്രീയ രംഗത്ത് ഏറെ വിവാദംസൃഷ്ടിച്ച ശ്രീ. കെ. ഗംഗാധര മാരാർ നല്ല വാഗ്മിയും പണ്ഡിതനു മായിരുന്നു. ജീവിതത്തിന്റെ അന്ത്യനാളുകളിൽ ആതുര ശുശ്രൂഷാരംഗത്താണ് മുഴുവൻസമയവും പ്രവർത്തിച്ചിരു ന്നത്. " നിങ്ങൾക്ക് മനുഷ്യത്വമുണ്ടോ?", "കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ വ്യതിയാനങ്ങൾ", "ആർ.യു.എ. പേട്രിയട്ട്" എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. മരണാനന്തരം തന്റെ മൃതശരീരം മെഡിക്കൽ കേളേജ് വിദ്യാർത്ഥികൾക്ക് പഠനത്തിനായി വിട്ടുകൊടുക്കണമെന്ന് ഒസ്യത്ത് ചെയ്തിരുന്നു.

ഏറെക്കാലം കതിരൂരിൽ സ്ഥിരമായി താമസിച്ചിരുന്ന ശ്രീ. എൻ.ഇ. ബാലറാം കതിരൂരിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വളർച്ചയിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സി.പി.ഐയുടെ സമുന്നത നേതാവായിരുന്ന ബാലറാം മികച്ച പാർലി


Kadirur Panchayath
Wards
PINARAYI
Kottayam
Pulliode Desom
Anikkampoil
PATTIAM
ERANCHOLI
KADIRUR DESOM
N
W
E
S
Chundangapoil
desom
MOKERY
Ponniam desom
PANNYANOOR
MAHE
KODIYERI
THIRUVANGAD
INDEX
Panchayath Boundary
Ward Boundary
Desom Boundary
Ward Number
River/stream
Scale 1:20,000(Approx)
INCHES
MILE

മെമ്പേറിയൻ, കഴിവുള്ള എഴുത്തുകാരൻ, അഴിമതിയുടെ കറപുരളാത്ത ഭരണാധികാരി, മികച്ച സംഘാടകൻ എന്നീ നിലകളിൽ നിസ്തുല സേവനമനുഷ്ടിച്ച മഹൽ വ്യക്തിയാണ്.

സംഘടിത തൊഴിൽ മേഖലകൾ

കാർഷിക മേഖല :

1930 ന് മുമ്പ് കതിരൂരിൽ കേവലം കൃഷിയെ അടിസ്ഥാനമാക്കിയുള്ള തൊഴിലുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രഭാതം മുതൽ പ്രദോഷംവരെ ജോലിചെയ്യുവാൻ നിർബന്ധിതരായിരുന്ന സ്ത്രീ തൊഴിലാളിക്ക് ഒരണയും പുരുഷന് രണ്ടണയുമായിരുന്നു ദിവസ കൂലി. (16 അണ = 1ക) കതിരൂരിലെ പാടങ്ങൾ പ്രധാനമായും ഇരുപ്പു നിലങ്ങളായിരുന്നു. ചാലവയൽ, പൊന്ന്യം വയൽ, കതിരൂർ വയൽ, പുല്ല്യോട് വയൽ എന്നിവ വളരെ വിസ്തൃതിയുള്ള പാടശേഖരങ്ങളായിരുന്നു. കയമ, രാജകയമ, തൊണ്ണൂറാൻ, മുണ്ടകൻ, ചിറ്റേനി, കീരിപ്പാല എന്നിവയായിരുന്നു സർവ്വ സാധാരണയായ വിത്തിനങ്ങൾ. വിശാലമായ വയലുകളുടെ നാനാഭാഗത്തുനിന്നും ഉയരുന്ന വടക്കൻ പാട്ടിന്റെ ഈരടിയിൽ ഞാറുനടുന്ന ദൃശ്യം ഏറെ ചൈതന്യ മാർന്നതായിരുന്നു. മുതിർന്നവർ ജോലിക്കുപോയാൽ വീട്ടിന്റെ സംരക്ഷണ ചുമതല കുട്ടികൾക്കായിരുന്നത് കൊണ്ട്, വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഒരു തലമുറയുടെ സൃഷ്ടിക്ക് അത് വഴിയൊരുക്കി. കർഷകതൊഴിലാളികളുടെ മക്കൾ, കർഷക തൊഴിലാളികലായിത്തന്നെ നിലകൊണ്ടു. വാരം, പാട്ടം , കാണം, കോഴിയും നെയ്യും എന്നീ അക്രമ പിരിവുകൾ കുടിയാൻമാർ ജൻമിക്ക് നൽകേണ്ടിവന്നു. ഈ സ്ഥിതിക്ക് മാറ്റംവന്നത് ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടിയാണ്. മെച്ചപ്പെട്ട കൂലിയും ജീവിത സൗകര്യങ്ങളും നേടിയെടുക്കുവാൻ ഇന്നത്തെ തൊഴിലാളികൾക്ക് സാധിച്ചത് സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ പിൻബലമുള്ളതുകൊണ്ട് മാത്രമാണ്. പരിമിതമായ തൊഴിൽദിനങ്ങൾമാത്രമേ കാർഷികമേഖലയിൽ ഉണ്ടായിരുന്നുവെന്നതിനാൽ മറ്റു തൊഴിൽ മേഖലകൾ തേടാൻ തൊഴിലാളികൾ പ്രേരിതരായി.

ചുരുട്ട് :

ശ്രീ ഉച്ചമ്പള്ളി ശങ്കരൻ ഗുരുക്കളാണ് വടകരയിൽനിന്നും ചുരുട്ടുപണി പരിശീലിച്ച് കതിരൂരിൽ പ്രചരിപ്പിച്ചത്. തൊഴിലില്ലാത്ത നിരവധി ചെറുപ്പക്കാരെ ഗുരുക്കൾ ഈ മേഖലയിലേക്ക് ആകർഷിച്ചു. ആദ്യകാലങ്ങളിൽ സ്വന്തം വീടുകളിൽവച്ചും പിന്നീട് തൊഴിൽശാലകളിൽ വച്ചും അവർ ചുരുട്ടുകൾ നിർമ്മിച്ചു. പൊന്ന്യം സ്രാമ്പിമുതൽ 5ാം മൈൽ വരെയുള്ള പ്രദേശങ്ങളിൽ നിരവധി പണിശാലകൾ ഉയരുകയും കതിരൂർ ഒരു പ്രധാന ചുരുട്ടുനിർമ്മാണ കേന്ദ്രമായി വളരുകയും ചെയ്തു. 1946ൽ നടന്ന ബോണസ് സമരം, ഭാസ്കർ ചുരുട്ടുകമ്പനി പൂട്ടുന്നതിരേയുള്ള സമരം, പൊന്ന്യത്തെ ചെങ്കൊടിമാർക്ക് ചുരുട്ടുകമ്പനിയിൽ കൂലികൂടുതലിനുവേണ്ടിയുള്ള സമരം എന്നിവ സംഘടിത തൊഴിൽ മേഖലയിലെ മുന്നേറ്റത്തിന്റെ വ്യക്തമായ ചിത്രം നൽകുന്നവയാണ്. പുതിയ സിഗാർനിയമം മറികടന്നതിന് ഭാസ്കർ ചുരുട്ടുകമ്പനിയെ ചെറുകിട യൂനിറ്റുകളാക്കി മാറ്റുന്നതിനെതിരെ 29 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ "സ്റ്റെ-ഇൻ-സ്ട്രൈക്ക്" സമരം തൊഴിൽ സമര ചരിത്രത്തിലെ നാഴികക്കല്ലായി മാറി. കോളറക്കെതിരായ ജീവൻമരണ പോരാട്ടത്തിന്റെ മുൻനിരയിലും ചുരുട്ടുതൊഴിലാളികൾ ഏറെയുണ്ടായിരുന്നു.

ഒരുകാലത്ത് കതിരൂരിലെ സംഘടിത തൊഴിൽ മേഖലയിൽ ഏറവുംകൂടുതൽ തൊഴിലാളികളെ ആകർഷിച്ച ചുരുട്ടുവ്യവസായം ഇന്നു തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്.

നെയ്ത്ത് :

കതിരൂരിലെ സമ്പദ്ഘടനയിൽ നിർണായക മായ പങ്കുവഹിച്ച വ്യവസായമായിരുന്നു നെയ്ത്ത്. ചിറക്കലിൽനിന്ന് ഇവിടെ താമസമാക്കിയ പോത്തൻ ഗോവിന്ദനാണ് 5 കൈത്തറി മഗ്ഗങ്ങൾ തരുവണ ത്തെരുവിൽ കൊണ്ടുവന്നത്., അതുവരെ കുഴിത്തറികളായിരുന്നു നെയ്തിരുന്നത്. തരുവണ ത്തെരുവിലും ഏച്ചിപോയിലും മൂന്നും നാലും

മറ്റുള്ളങ്ങളുള്ള ചെറുകിട യൂനിറ്റുകൾ പിൽകാലത്തുണ്ടായി. തുണിത്തരങ്ങൾ നെയ്ത്തുകാർ തന്നെ തലയിലേറ്റി നാട്ടുമ്പുറങ്ങളിൽ വില്ക്കുക യായിരുന്നു പതിവ്. 1942ൽ ആരംഭിച്ച ശ്രീരാമചന്ദ്ര വീവിങ്ങ് കമ്പനിയിൽ ധാരാളം തൊഴിലാളികൾ പ്രവർത്തിച്ചിരുന്നു. തുണിനെയ്ത്ത് വ്യവസായം അഭിവൃദ്ധിപ്പെട്ട കാലങ്ങളിൽ, ഉത്തരപ്രദേശ്, ബീഹാർ, ആസ്സാം, പഞ്ചാബ് എന്നിവിടങ്ങളിലെ തുണിമാർക്കറ്റുകളുമായി കതിരൂരിന്നുബന്ധമുണ്ടായിരുന്നു. 24 വാരയുള്ള ഒരു പീസ് തുണിനെയ്താൽ 4½രൂപ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1944ൽ നടന്ന സമരം വിജയിക്കുകയുണ്ടായി. 1958ൽ കൂലി വർദ്ധനവിനു വേണ്ടിയുള്ള അതിരൂക്ഷമായ സമരം ഒരാഴ്ചയിലധികം നീണ്ടുനിന്നതിന് ശേഷമാണ് ഒത്തുതീർപ്പിലായത്. 1970കളുടെ മദ്ധ്യത്തിൽ ക്രൈയ്പ്പിന് ഡിമാൻറ് വർദ്ധിച്ചത് തൊഴിലാളികളുടെ ജീവിത ഭദ്രത ഉയർത്തിയെങ്കിലും പിന്നീട് ഈ വ്യവസായം ക്ഷയോന്മുഖമായി. ഇന്ന് കൈത്തറി മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. ഹൻറ് ലൂം പവർലൂമിന് വഴിമാറി ക്കൊടുത്തിരിക്കുകയാണ്.

ബീഡി :

കതിരൂരിലെ സംഘടിത തൊഴിൽമേഖലയിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് ബീഡി വ്യവസായ രംഗത്താണ്. 1937 ആകുമ്പോഴേക്കും തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന ബീഡിക്കമ്പനികളിൽ ദേശീയ ബോധവും വർഗ്ഗബോധവുമുള്ള തൊഴിലാളിസമൂഹം രൂപപ്പെട്ടുവന്നു. ഇത് ക്രമേണ കതിരൂരിലേക്കും വ്യാപിച്ചു. 1936 മുതൽ അസംഘടിത മേഖലയിൽ പലയിടത്തും ബീഡി തെറുപ്പ് നടന്നിരുന്നു. മംഗലൂർ ഗണേശ്, വാദ്ധ്യാർ, ഉമ്മർ എന്നീ ബീഡിക്കമ്പനികളുടെ ബ്രാഞ്ചുകൾ കതിരൂരിൽ ഉണ്ടായിരുന്നു. സി.എച്ച്. കണാരൻ, പി.വി. കുട്ടി, പി.കെ. മാധവൻ, ഉച്ചമ്പള്ളി കൃഷ്ണൻ, ജനാർദ്ധന ഷേണായ്, ടി.യു. രാമുണ്ണി, പി. വിജയൻ എന്നീ നേതാക്കൻമാരുടെ പിശീലനത്തിൽ വളർന്ന നിരവധി തൊഴിലാളിയൂണിയൻ പ്രവർത്തകർ ഈ പഞ്ചായത്തിൽ ഉണ്ടായി. 1946ൽ മലബാർ- തെക്കൻ കർണ്ണാടക ബീഡി- ചുരുട്ട് തൊഴിലാളി സമ്മേളനം മംഗലാപുരത്തു നടന്നപ്പോൾ കതിരൂരിൽ നിന്നും പ്രതിനിധികളായി പങ്കെടുത്തത് ചാലിൽ കുഞ്ഞമ്പു, എം.കെ. കുഞ്ഞിക്കണ്ണൻ, പാറക്കണ്ടി ഗോപി എന്നിവരാണ്. കോട്ടയം താലൂക്ക് സിഗാർ വർക്കേർസ് യൂനിയൻ ആസ്ഥാനം കതിരൂരിൽ ആയിരുന്നു.

പഴയകാലത്തെ ബീഡിതൊഴിലാളികൾ കലാ സാംസ്കാരിക രംഗങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. ഏതാനും വർഷം മുമ്പുവരെ ബീഡിക്കമ്പനികൾ എല്ലാം തന്നെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായിരുന്നു. 1943-44 കാലങ്ങളിൽ കോളറയെന്ന മഹാവ്യാധി കതിരൂരിനെ കീഴടക്കിയ സമയത്ത്, നെയ്ത്ത്- ചുരുട്ട് തൊഴിലാളികളോടൊപ്പംതന്നെ ബീഡി തൊഴിലാളികളും സധൈര്യം മുന്നിട്ടിറങ്ങിക്കൊണ്ട് രോഗികളെ ശുശ്രൂഷിക്കുകയും മരണപ്പെട്ടവരെ മറവ് ചെയ്യുകയും ചെയ്ത സംഭവങ്ങൾ അവരുടെ സാമൂഹ്യ പ്രതിബദ്ധതയുടെ തെളിവുകളാണ്. കതിരൂർ പഞ്ചായത്തിലുള്ള നിരവധി ലൈബ്രറികളുടേയും വായനശാലകളുടേയും പിന്നിൽ പ്രവർത്തിച്ച ബുദ്ധിയും ഊർജ്ജവും ബീഡി തൊഴിലാളികളുടേതാണെന്ന് പറയുന്നത് അതിശയോക്തിയല്ല.

ഇന്ന് മാറ്റങ്ങൾ വന്നിരിക്കുന്നു. സാംസ്കാരിക കേന്ദ്രങ്ങളാലും വിദ്യാഭ്യാസ സ്ഥാപനങ്ങളാലും സമ്പന്നമായ കതിരൂരിൽ മോടി കൂടിയ വേഷവിതാനങ്ങളും, കോൺക്രീറ്റ് വീടുകളും വികസനത്തിൻെറ പുതിയ പരിപ്രേക്ഷ്യം ചമയ്ക്കുന്നു. പൊന്നു വിളയിച്ചിരുന്ന നെൽ വയലുകൾ നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമാക്കി മാറ്റിയിരിക്കുന്നു. ബീഡി, ചുരുട്ട്, നെയ്ത്ത് എന്നീ തൊഴിലുകൾ വിട്ട്, കൂടുതൽ കൂലി ലഭിക്കുന്ന തൊഴിൽ നേടാൻ താത്പര്യം കാണിക്കുന്ന ഇന്നത്തെ തൊഴിൽ മേഖല, മഹത്തായ സംസ്കാരം ശ്രേഷ്ടമാക്കിയ ഈ നാടിൻെറ ഗതകാല സ്മരണകൾക്ക് വൈരുദ്ധ്യം പണിയുന്നു. ഭൂപരിഷ്കരണ നിയമം നമ്മെ ഭൂമിയുടെ ഉടമസ്ഥരാക്കി മാറ്റി. ശാസ്ത്ര നേട്ടങ്ങൾ മനുഷ്യൻെറ ജീവിത സൗകര്യങ്ങൾ

വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കപ്പെടുമ്പോൾ ചുമരുകൾക്കുള്ളിൽ സായന്തനങ്ങൾ തളച്ചിടപ്പെടുന്നത്, അവന്റെ സാമൂഹ്യ ബന്ധങ്ങൾക്ക് വിരാമമിടുന്നു. മനുഷ്യൻ തന്നിലേക്ക് ഒതുങ്ങുന്നു. അടിമയായ അവൻ ഉടമയായത് എങ്ങിനെയെന്ന് അന്വേഷിക്കുന്നതേയില്ല. വംശീയ വർഗ്ഗീയ വിഘടന ശക്തികൾ രാജ്യത്തെ ഉള്ളംകയ്യിലെടുത്ത് ഞെരുക്കുവാൻ ശ്രമിക്കുന്നത് അവൻ കാണുന്നതേയില്ല. തീണ്ടാപ്പാടകലത്ത് നിന്ന് മാത്രം ദൈവത്തെ ദർശിച്ച അവന് ക്ഷേത്രത്തിന്നകത്തളങ്ങലിലേക്ക് പ്രവേശനം ലഭിച്ചതെങ്ങിനെയെന്ന് അറിയുവാൻ ശ്രമിക്കുന്നതേയില്ല. കൂലി കൂടുതലിനുവേണ്ടി പടനയിച്ച പൂർവ്വികൻമാർ പണിതൊരുക്കിയ പുതിയ വ്യവസ്ഥികിയിൽ, കൂലി കൂടുതൽ നല്കേണ്ടിവരുന്നതിനെ കുറിച്ച് പരാതി പറയുവാൻ അവൻ പഠിച്ചുകഴിഞ്ഞു. സ്നേഹവും ദയയും തന്റെ അണുകുടുംബത്തിനപ്പുറം വിതാനങ്ങൾ തേടുന്നതിൽ അവൻ തല്പരനല്ല. അന്യന്റെ നൊമ്പരങ്ങൾ അവനെ അലട്ടുന്നതേയില്ല. സാമ്പത്തിക സമവാക്യങ്ങൾക്കപ്പുറം ജീവിതത്തിന്റെ അർത്ഥതലങ്ങൾ തിരയുവാൻ ഇഷ്ടപ്പെടാത്ത ഒരു പുതു തലമുറ കതുരൂരിൽ വളർന്നുവരുകയാണ്.

ഇതിന് മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. സാഹോദര്യത്തിന്റേറയും സമഭാവനയുടേയും സന്ദേശങ്ങൾ സന്നിവേശിക്കുന്ന ജന മനസ്സുകളുടെ സഞ്ചയമായി നമ്മുടെ സമൂഹം മാറേണ്ടതുണ്ട്; മാറ്റേണ്ടതുണ്ട്.

സാംസ്കാരിക ചരിത്രം

കതിരൂരിന്റെ സാംസ്കാരിക മണ്ഡലം ധന്യമാക്കിയ സാഹിത്യനായകൻമാരും കലാകാരൻമാരും നിരവധിയുണ്ട്. സാഹിത്യ ലോകത്തിലെ അതുല്യ തേജസ്സായി പ്രശോഭിച്ചിരുന്ന ശ്രീ കെ.വി. മനൻ ഗുരുക്കൾ കതിരൂർ സ്വദേശിയാണ്. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ കീഴിൽ സംസ്കൃതം പഠിക്കുകയും പിൽകാലത്ത് മഹാപണ്ഡിതനായും പ്രശസ്തിനേടിയ മാനൻ ഗുരുക്കൾ ഭക്ത പ്രലാപം, ദിവാകര ചിന്ത, നളിനി- സംസ്കൃത വിവർത്തനം, സമീക്ഷാസൗധം എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. ഉത്തമ ഗദ്യകാരൻ, ഉൽകൃഷ്ട കവി, ഉന്നത വിമർശകൻ, ഉജ്ജ്വല വാഗ്മി എന്നീ നിലകളിൽ വൈജ്ഞാനിക ലോകം അദ്ദേഹത്തെ ആദരിക്കുന്നു.

കതിരൂരിന്റെ സാംസ്കാരിക സദസ്സിൽ ജ്വലിച്ചുനിന്ന ഒരു ജനകീയ കവിയായിരുന്നു വി.വി.കെ. "മനുഷ്യ ഹൃദയത്തിന്റെ ചക്രവാളത്തിൽ ബഹുദൂരം ചമൽകാരാതിശയത്തെ പ്രസരിപ്പിച്ചു കൊണ്ട് സഞ്ചരിക്കാനുള്ള ശക്തിയും വേഗവുമുള്ള കവി" എന്ന് ജി. ശങ്കരകുറുപ്പും " വിശുദ്ധ വികാരാത്മകമായ കവന മാധുരിയുടെ മുദ്ര" എന്ന് എസ്.കെ. പൊറ്റക്കാടും വിശേഷിപ്പിച്ച ശ്രീ വി.വി.കെ., ദീർഘകാലം കതിരൂർ ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്നു. സുവർണ്ണ മേഖല, ഹൃദയഗായകൻ എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. കവി, വാഗ്മി, അദ്ധ്യാപകൻ, പ്രകൃതിസ്നേഹി, ബാറ്റ്മിൻറൻ കളിക്കാരൻ, സാമൂഹ്യ പ്രവർത്തകൻ- ഇതെല്ലാം വി.വി.കെ. യുടെ വിശേഷണങ്ങളാണ്. ഈ മഹൽ വ്യക്തിയെ അത്യാദരവോടെ സ്മരിക്കുന്നവർ കതിരൂരിൽ ഏറെയുണ്ട്.

ഹാസ്യ സാഹിത്യകാരൻ, കവി, ഗദ്യകാരൻ, സാമൂഹ്യ വിമർശകൻ എന്നീ നിലകളിൽ വിഖ്യാതനായ "സഞ്ജയൻ" എന്ന എം.ആർ. നായർ അന്ത്യവിശ്രമം കൊള്ളുന്നത് ഈ പഞ്ചായത്തിലെ പുല്യോട്ടുള്ള മാണിക്കോത്ത് തറവാട്ട് പറമ്പിലാണ്. സാഹിത്യ ലോകത്ത് അനശ്വരനായ സഞ്ജയൻ 1943 സപ്തംബർ 13ാം തീയതി ദിവംഗതനായി.

"രാജാക്കൻമാരുടെ കലയും കലകളുടെ രാജാവും" മാണല്ലോ കഥകളി. ഇതിൽ ഏറെ വൈദഗ്ദ്ധ്യംനേടിയവരും കതിരൂരിൽ ഉണ്ടായിരുന്നു. ശ്രീ മണക്കാടൻ കുഞ്ഞമ്പുഗുരുക്കൾ കതിരൂരിൽ കഥകളിയോഗം നടത്തിയിരുന്നു. പാലക്കാട്ട്നിന്നും കഥകളി നടന്മാരെ കതിരൂരിൽ ക്ഷണിച്ചു വരുത്തിയിട്ടുണ്ട്. കോട്ടയത്തിന്റെ നാനാഭാഗങ്ങളിലും കുഞ്ഞമ്പുഗുരുക്കളും സംഘവും കഥകളി അവതരിപ്പിച്ചു ഖ്യാതി നേടിയിട്ടുണ്ട്. പൊന്ന്യത്തെ ശ്രീ സി.കെ. കുഞ്ഞമ്പുക്കുട്ടി പെരുമലയനും ശ്രീ സി.കെ. കണാരൻ വൈദ്യരും കഥകളിയിൽ പ്രാഗത്ഭ്യം തെളിയിച്ച കലാകാരന്മാരാണ്.

നാടൻകലകളുടെ അരങ്ങായിരുന്ന കതിരൂരിൽ

പൂരക്കളിക്കും കോൽക്കളിക്കും നല്ല പ്രചാര മുണ്ടായിരുന്നു. കളരി അഭ്യാസത്തിന് പ്രസിദ്ധമായ പ്രദേശമായത് കൊണ്ട് നാടൻകലകൾക്ക് ഇവിടെ നല്ല വേരോട്ടം ലഭിച്ചു. പൂരക്കളി അഭ്യസിക്കുവാൻ മാസങ്ങളോളം നീണ്ടുനില്ക്കുന്ന അതി കഠിനമായ പരിശീലനം അനിവാര്യമാണ്. കതിരൂരിലെ കാനായി കുഞ്ഞിരാമൻഗുരുക്കൾ നിരവധി ശിഷ്യൻമാർക്ക് പൂകക്കളി പരിശീലനം നല്കിയിരുന്നു. കോൽകളി ആശാന്മാരിൽ പ്രധാനിയായിരുന്നു പൈതൽ ഗുരുക്കൾ. മുസ്ലീം ഗൃഹങ്ങളിൽ വിവാഹാഘോഷ വേളയിൽ മാപ്പിള കോൽക്കളി ഒരു പ്രധാന ഇനമായിരുന്നു.

നിരവധി ക്ഷേത്രങ്ങളും കാവുകളും മടപ്പുരകളും മുസ്ലീം പള്ളികളും മഠങ്ങളുമുള്ള പ്രദേശമാണ് കതിരൂർ. ഇവിടുത്തെ ശ്രീ സൂര്യനാരായണ ക്ഷേത്രം വളരെ പ്രസിദ്ധമാണ്. വിഷ്ണു സങ്കൽപത്തിലുള്ള സൂര്യനാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ. കതിരൂർ എന്ന സ്ഥലനാമം തന്നെ ഈ ക്ഷേത്രത്തിന്റെ പേരുമായി ബന്ധപ്പെട്ടതാണെന്ന് പറയപ്പെടുന്നു.

ഒരുകാലത്ത് അയിത്താചരണം അതി ശക്തമായി നിലനിന്നിരുന്ന ക്ഷേത്രമാണിത്. മദ്രാസ് ഗവൺമെൻറ് മലബാർ ക്ഷേത്രപ്രവേശന നിയമം നടപ്പിലാക്കിയതിനുശേഷം മാത്രമേ അവർണ്ണ വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾക്ക് ഇവിടെ പ്രവേശനം ലഭിച്ചിട്ടുള്ളൂ. (ഒരേക്കർ പതിനാല് സെൻറ് വിസ്തീർണ്ണമുള്ള വിശാലമായ ചിറ ഈ ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തുണ്ട്. ഇപ്പോൾ ഈ ജലാശയം നാശോൻമുഖമായിരിക്കുകയാണ്. ഗതകാല പ്രൗഢിയോടെ ഇതിനെ നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

കതിരൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആരാധനാലയമാണ് പുല്ല്യോട്ട് ശ്രീ കൂർമ്പക്കാവ്. ഇവിടെ എല്ലാവർഷവും കുംഭം 27,28,29 തീയ്യതികളിൽ താലപ്പൊലി മഹോത്സവം ആഘോഷിക്കുന്നു. കതിരൂരിൽ ഏറ്റവും കൂടുതൽ ജനങ്ങൾ പങ്കെടുക്കുന്ന ഈ കാവിലെ ഉത്സവത്തിന്ന് വിദൂര സ്ഥലങ്ങളിൽനിന്നും ആളുകൾ എത്തിച്ചേരാറുണ്ട്. ചില വർഷങ്ങളിൽ മീനം 27ാം തീയ്യതി തിറ മഹോത്സവവും നടത്താറുണ്ട്. ശ്രീ കൂർമ്പ ഭഗവതിയാണ് കാവിലെ പ്രധാന ആരാധനാമൂർത്തി. പ്രാചീനകാലത്ത് കുറുമർ ആരാധിച്ചുവന്നിരുന്ന ഭഗവതി, പിൽകാലങ്ങളിൽ കൂർമ്പ ഭഗവതി എന്നറിയപ്പെട്ടുവെന്നാണ് ചിലർ പറഞ്ഞുവരുന്നത്. പണ്ടുപണ്ടേ മത്സൗഹാർദ്ദത്തിന്റെ പ്രതീകമായിരുന്നു ശ്രീ കൂറുമ്പക്കാവിലെ ഉത്സവം.

കതിരൂരിലെ മുസ്ലീം ആരാധനാലയങ്ങളിൽ ഏറ്റവും വലിയ പള്ളി, 5ാം മൈലിൽ സ്ഥിതിചെയ്യുന്ന ജുമാ മസ്ജിദ് ആണ്.

അഞ്ഞൂറ്റൻമാർ, മുന്നൂറ്റൻമാർ, പെരുവണ്ണാൻമാർ, മലയർ തുടങ്ങിയ സമുദായങ്ങളാണ് പ്രധാനമായും തെയ്യംകെട്ടിയാടുന്നത്. കോട്ടയം തമ്പുരാനിൽനിന്നും വാക്കസ്ഥാനം ലഭിച്ച കണ്ടേരിവാക്ക, കോട്ടയം വാക്ക, മണത്തണ വാക്ക, എരുവട്ടി ശൈമ്മരശ്ശേരി വാക്ക, ശൈമ്മശ്ശേരി ചന്തുക്കുട്ടി പണിക്കർ, പൊന്ന്യം ചന്തു പെരുമലയൻ, സി.കെ. കുഞ്ഞമ്പുക്കുട്ടി പെരുമലയൻ, മീത്തലെ വേങ്ങേരി കുഞ്ഞിരാമപ്പണിക്കർ എന്നിവർ പ്രസിദ്ധ തെയ്യം കലാകാരൻമാരിൽ ചിലരാണ്. തെയ്യം കലയോടനുബന്ധിച്ചുള്ള താളവാദ്യമേളങ്ങളിൽ മികവ് പുലർത്തിയ കലാകാരന്മാരും കതിരൂരിൽ ഏറെയുണ്ട്.

ചിത്രകലാരംഗത്ത് മികവ് തെളിയിച്ച, കേരളം മുഴുവൻ പ്രശസ്തിനേടിയ നിരവധി ചിത്രകാരൻമാരുടെ നാടാണ് കതിരൂർ. കെ.ശശികുമാർ, കെ. ശങ്കരനാരായണൻ, പുത്തലത്ത് ദാസൻ, പൊന്ന്യം ചന്ദ്രൻ, കെ.എം. ശിവകൃഷ്ണൻ, എംപി ഭാസ്കരൻ, സനിൽ പൊന്ന്യം, കെ.പി. വിജയൻമാസ്റ്റർ എന്നിവർ അവരിൽ ചിലർമാത്രമാണ്. ദിവംഗതരായ കേളൻ കണ്ടി ശേഖരൻമാസ്റ്ററും കതിരൂർ ഹൈസ്ക്കൂളിൽ ചിത്രകലാദ്ധ്യാപകനായിരുന്ന എൻ. അനന്തൻ മാസ്റ്ററും പഴയ തലമുറയിലെ പ്രഗത്ഭരായ കലാകാരന്മാരാണ്. വളരെയധികം ചിത്രകലാകാരൻമാർ നിവസിക്കുന്ന കതിരൂർ ഗ്രാമ പഞ്ചായത്തിൽ, നാട്ടുകാരിൽ കലാസ്വാദനം വളർത്തിയെടുക്കുവാൻ, ഒരു ആർട്ട് ഗാലറി അത്യാവശ്യംതന്നെ.

ഒരുകാലത്ത് ധാരാളം കളരികളും പ്രസിദ്ധരായ കളരിഗുരുക്കൻമാരുമുണ്ടായിരുന്ന സ്ഥലമായിരുന്നു കതിരൂർ. വടക്കൻപാട്ടിൽ വർണ്ണിക്കുന്ന വീര നായകൻമാരായ കതിരൂർ ഗുരുക്കൾ, തച്ചോളി ഒതേനൻ, പയമ്പള്ളി ചന്തു, മായൻ പക്കി എന്നീ യോദ്ധാക്കൾ ഈ പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. കോട്ടയം തമ്പുരാന്റെ കുടുംബാംഗങ്ങളെ ആയോധനകല പഠിപ്പിക്കുവാൻ അന്യദേശത്തിൽ നിന്നു ക്ഷണിച്ചുവരുത്തി കതിരൂരിൽ കുടിയിരുത്തിയ സുപ്രസിദ്ധ കളരി ാചാര്യനായിരുന്നു കതിരൂർ ഗുരുക്കൾ എന്നു പറയപ്പെടുന്നു. കിഴക്കെ കതിരൂരിലെ നാല് പുരയിടങ്ങൾ കോട്ടയം തമ്പുരാൻ അദ്ദേഹത്തിന് സ്വന്തമായി ചാർത്തിക്കൊടുത്തു. രാജ്യത്തിന്റെ നാനാഭാഗത്തും ഗുരുക്കൾ കളരികൾ സ്ഥാപിക്കുകയും നിരവധി യുവാക്കൾക്ക് ആയോധന വിദ്യയിൽ ഉന്നത പരിശീലനം നല്കുകയും ചെയ്തു. 42 കളരികളുടെ അധിപനും പത്തായിരത്തോളം വരുന്ന യോദ്ധാക്കളുടെ ആചാര്യനുമായി കതിരൂർ ഗുരുക്കൾ വിശേഷിപ്പിക്കപ്പെടുന്നു. കതിരൂർ ഗുരുക്കളുടെ ഒരു കളരിയുടെ അവശിഷ്ടങ്ങൾ കിഴക്കേ കതിരൂരിൽ ഇപ്പോഴും കാണപ്പെടുന്നുണ്ട്. (ഇപ്പോൾ പാട്യം പഞ്ചായത്തിലാണുള്ളത്.)

വടക്കൻ പാട്ടിൽ വിവരിക്കപ്പെടുന്ന, കതിരൂർ ഗുരുക്കളും തച്ചോളി ഒതേനനും തമ്മിൽ കുംഭം 10,11 തീയ്യതികളിൽ നടന്ന പൊയ്ത്ത്, കതിരൂർ പഞ്ചായത്തിലെ പൊന്ന്യത്ത് ഏഴര ക്കണ്ടത്തിൽ വച്ചാണ് നടന്നത്.

വടക്കൻ വീരഗാഥകളിലെ പ്രമുഖ കഥാപാത്രമായിരുന്ന പയ്യമ്പള്ളി ചന്തുവിന് കതിരൂരിലെ ചോയംരയരോത്ത് എന്ന തറവാടുമായി ബന്ധമുണ്ടാ യിരുന്നു. ചന്തുവിനെ സങ്കൽപിച്ചു കൊണ്ടുള്ള ഒരു കൽത്തറ ഇന്നും അവിടെ കാണാം. തച്ചോളി ഒതേനനുപോലും മെയ്യഭ്യാസത്തിലെ ചില രഹസ്യഅടവുകൾ പഠിപ്പിച്ചുകൊടുത്തത് പയ്യമ്പള്ളി ചന്തുവായിരുന്നുവെന്നു പറയപ്പെടുന്നു. ചോയം രയരോർത്ത് തെയ്യമ- തിറ മഹോത്സവം നടന്നിരുന്ന കാലത്ത് പയ്യമ്പള്ളി ചന്തുവിന്റെ തെയ്യം കെട്ടിയാടിയി രുന്നത് വടക്കേ മന്ദ്യത്ത് ചാത്തുക്കുട്ടി പെരുവണ്ണാ നായിരുന്നു.

ഫലിതപ്രിയനും നിരവധി ഫലിത കഥകളിലെ നായകനുമായിരുന്ന നിട്ടൂർ ദാർ ആണിക്കാം പൊയിലിലെ നിട്ടൂർ പുതിയ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. കോട്ടയം കോവിലകത്തെ കാര്യസ്ഥനായിരുന്നു ഇദ്ദേഹം ഏകദേശം 200 വർഷങ്ങൾക്കുമുമ്പാണ് ജീവിച്ചിരുന്നത്. നിട്ടൂർ പുതിയവീട്ടിൽ ദാർഗുരുക്കളെ സങ്കൽപിച്ചു കൊണ്ടുള്ള ഒരു കൽത്തറ ഇപ്പോഴുമുണ്ട്.

പ്രാചീനമായ ശിലാനിർമ്മിത ഗുഹകൾ കതിരൂരിന്റെ ചില ഭാഗങ്ങളിൽ കാണുന്നുണ്ട്. കതിരൂർ പഞ്ചായത്ത് 9ാം രണ്ടാം വാർഡിൽ കുറേ വർഷങ്ങൾക്കുമുമ്പ് "കന്നംകുഴി" എന്ന അഗാധ ഗർത്തമുണ്ടായിരുന്നു. ചെങ്കല്ല് വെട്ടിയെടുത്ത ഈ കുഴിയുടെ അടിഭാഗത്ത് തെക്കുവശത്തായി അർദ്ധവൃത്താകൃതിയിൽ പാറതുരന്നുണ്ടാക്കിയ ഒരു വലിയ ഗുഹയുണ്ടായിരുന്നു.

പഞ്ചായത്തിലെ ഏഴാംവാർഡിൽ "ചമ്പ്ളോന്റവിട" എന്ന പറമ്പത്ത് ഒരു ശിലാനിർമ്മിത ഗുഹ ഇപ്പോഴുമുണ്ട്. ശാക്തേയ പൂജകഴിക്കുന്ന ദേവീക്ഷേത്രക്കിന്റെ സമീപത്താണ് ഇതുള്ളത്. പുറമെ നിന്ന് നോക്കുമ്പാൾ ചെങ്കല്ല് തുരന്നുണ്ടാക്കിയ ഗുഹയുടെ ഉൾവശം ഏകദേശം 4 മീറ്റർ വരെ കാണാവുന്നതാണ്. ഈ ഗുഹയുടെ കാലപ്പഴക്കവും ഇതുനിർമ്മിച്ചതിന്റെ ഉദ്ദേശവും ആർക്കുമറിയില്ല. ഗവേഷകരുടെ ശ്രദ്ധ ഉവിടെ പതിയേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ദേശീയ സമരത്തിന്റെ സാമൂഹ്യ സാംസ്കാരിക നവോത്ഥാന പ്രസ്ഥാനങ്ങളുടെയും സന്ദേശവും ആവേശവും ഏറ്റുവാങ്ങിയ കതിരൂർ, സവിശേഷമായ സംഭാവനകളിലൂടെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ ശ്രദ്ധേയമായി നിലകൊള്ളുന്നു.

4

ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി

ഭൂപ്രകൃതി

തലശ്ശേരി കടൽതീരത്തുനിന്നും 5കി.മീറ്റർ അകലെ-ഇടനാടിന്റെ ഘടനയോട് സാമീപ്യമുള്ള ഭൂപ്രദേശം. 12.30 ച.കി.മാറ്റർ വിസ്തൃതി. ചരിവുകൾ വടക്കു തെക്കുഭാഗങ്ങളിലായാണ്. പൊതുവെ ഉയർന്ന പ്രദേശങ്ങൾ കുറവാണ്. കുന്നുകൾ പാറാങ്കുന്നും കോത്താലക്കുന്നും ആണ്. കുണ്ടൂർ മലയുടെ ചെരിവു പ്രദേശങ്ങളും കാണാം. ചരൾനിറഞ്ഞ ചെമ്മണ്ണാണ്. നീരൊഴുക്ക് കുറവാണ്. സമതലങ്ങളും പാടങ്ങളുമാണ് അധികമുള്ളത്. ചെമ്മണ്ണും മണൽമണ്ണും സമതലങ്ങളിൽ കാണുന്നു. പശിമരാശിമണ്ണുള്ള പാടങ്ങളും ഉണ്ട്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം 26586 പേരാണ് കതിരൂർ ഗ്രമപഞ്ചായത്തിലെ ജനസംഖ്യ. പുരുഷൻമാർ 12553. സ്ത്രീകൾ 14033. പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. ജനസാന്ദ്രത 2161. തൊഴിലാളി കുടുംബങ്ങളാണ് ഏറെഭാഗവും. കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, നെയ്ത്തു തൊഴിലാകൾ, ബീഡി തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ, കച്ചവടക്കാർ, കൃഷിക്കാർ, വിവിധ സ്വകാര്യ സ്ഥാപന ഉദ്യോഗസ്ഥർ, സർക്കാരുദ്യോഗസ്ഥർ, ബാങ്കുജീവനക്കാർ, അധ്യാപകർ തുടങ്ങിയവർ ധാരാളമുണ്ട്. വിദ്യാഭ്യാസ തലപരമായ കുടുംബങ്ങൾ ധാരാളമായി കാണാം. പാരലൽ കോളേജുകളിൽ മാത്രം 1000ത്തിലധികം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നേടുന്നുണ്ട്. സംസ്കാര പ്രിയരും, അധ്വാന തല്പരരായ ജനങ്ങൾ സൗഹൃദമായി ജീവിച്ചുവരുന്നു. മത നിരപേക്ഷത ഉയർത്തിപ്പിടിക്കുന്നു.

ജലപ്രകൃതി

സമതലങ്ങൾ, പാടങ്ങൾ, ജലദൗർലഭ്യത. ഏതാനും ഉയർന്ന പ്രദേശങ്ങൾ മാറ്റിനിർത്തിയാൽ കുടിവെള്ള പ്രശ്നമില്ല. എന്നാൽ പൊന്ന്യം, കുണ്ടുചിറ ഭാഗങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ കിണറുകളിൽ കരിവെള്ളമാണ് കണ്ടുവരുന്നത്. 'ഭൂതക്കെ' എന്നാണ് നാട്ടുകാർ ഇതിനെ പറയുന്നു. കുളങ്ങൾ, തോടുകൾ ധാരാളമായി കാണാം. രണ്ടു പുഴകളാണുള്ളത്. ഉപ്പുവെള്ളം കയറുന്ന പ്രദേശളും ഉണ്ട്. ജലസേചന തോടുകൾ 3, പൊതുകിണറുകൾ 14, പൊതു കുളങ്ങൾ 5

സൂചന - വിശദ വിശകലനം വിവിധ സേവന തുറകളിലെ റിപ്പോർട്ടിലും ഭൂപടങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

5

സാമൂഹിക സാമ്പത്തീക മേഖലകളിലെ സേവന തുറകൾ

5-1

കൃഷിയും ജലസേചനവും

കതിരൂർ ഗ്രാമപഞ്ചായത്ത് പുരാതനകാലേ നല്ലൊരു കർഷിക പ്രദേശമായിരുന്നു. ശതാബ്ദങ്ങളായി ജന്മി-കുടിയാൻ ബന്ധങ്ങളിലധിഷ്ഠിതമായിരുന്നു.

ഭൂമിയിൽ അധികഭാഗവും നാട്ടുപ്രമാണിമാരുടേയും നമ്പൂതരിമാരുടേയും കൈയ്യിലായിരുന്നു. വാക്കാൽ ചാർത്തായും, രേഖാചാർത്തായും കാർഷിക കുടുംബങ്ങൾ ഭൂമിവാങ്ങിച്ച് കൃഷിചെയ്തു വന്നു. പാടങ്ങളിൽ നെല്ല്, പച്ചക്കറികൾ കരപറമ്പുകളിൽ മണ്ണിന്റെ തരം, ഫലപുഷ്ടി എന്നിവ നോക്കി കശുമാവ്- മാവ്- പ്ലാവ്- തെങ്ങ്- കവുങ്ങ്- കുരുമുളക്- വാഴ- മറ്റു ഫലവൃക്ഷങ്ങൾ തുടങ്ങിയവ നട്ടുപിടിപ്പിച്ചു. നന്നായി അധ്വാനിച്ചു കാർഷികോൽപന്നങ്ങൾ ഉപയോഗിച്ചു ജീവിതവൃത്തി നിർവ്വഹിച്ചുവന്നു. കുടുംബം ഒന്നാകെ കൃഷിയിടങ്ങളിലായിരുന്നു. വാരം, പാട്ടം, നൂരി, കുഴിക്കാണം വാശി, ഓണക്കാഴ്ച തുടങ്ങിയപേരിൽ കാര്യസ്ഥൻമാർ മുഖേന കർഷകരിൽനിന്നും ഉല്പന്നങ്ങളും, പണവും ഭൂവുടമകൾ വാങ്ങിയിരുന്നു.

ജാതിചിന്തകൾ വളർത്തി ഐത്തം, തൊട്ടുകൂടായ്മ തീണ്ടൽ തുടങ്ങിയ അനാചാരങ്ങളിലൂടെ അടിമത്ത സമ്പ്രദായം സ്വീകരിച്ചിരുന്ന കാലങ്ങളായിരുന്നു.

കതിരൂർ ശ്രീ സൂര്യനാരായണ ക്ഷേത്രം വക, പൊന്ന്യം അകത്തൂട്ട് ഇല്ലംവക, തിരുവങ്ങാട് ദേവസ്വം വക ആയിരുന്നു ഈ പ്രദേശങ്ങളിലെ ഭൂമികളിലധിക ഭാഗവും. മറ്റും ഒട്ടേറെ ജന്മികളും ഇവിടെ ഉണ്ടായിരുന്നു. ജന്മി-കുടിയാൻ ബന്ധത്തിലാണ് കാർഷികവൃത്തി ചെയ്തുവന്നിരുന്നത്. ഇവർ മണ്ണിൽ പച്ചപിടിപ്പിച്ചു.

അഞ്ച് ദശാബ്ദ കാലത്തെ കർഷകാദിഭൂമി കൈവശക്കാരുടെ സംഘടിതപോരാട്ടത്തിന്റേയും കർഷകസമരങ്ങളുടെ മുന്നേറ്റത്തിന്റേയും ഫലമായാണ് വാരം,പാട്ടം കുറവുണ്ടായതും കൈവശഭൂമി സ്ഥിരമായി ലഭിക്കുകയും ഉണ്ടായത്.

ബ്രിട്ടീഷ് ഗവർമെണ്ടിനെതിരായ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായും കർഷക സമരങ്ങൾ നടന്നിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സർക്കാറുകൾക്ക് മുമ്പിലും ഒട്ടേറെ കർഷകസമരങ്ങൾ നടന്നിട്ടുണ്ട്. അതെല്ലാം കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുന്നതിനായിരുന്നു.

1957 ഏപ്രിലിൽ ലോകത്തിൽ ആദ്യമായി തെരെഞ്ഞെടുപ്പിലൂടെ കേരളത്തിൽ അധികാരത്തിൽവന്ന സ: ഇ.എം.എസ്സിന്റെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് ഭൂപരിഷ്കരണനിയമത്തിന് തുടക്കം കുറിച്ചത്. വർഷങ്ങളായി തുടർന്നുള്ള നടപടികളിലൂടെയാണ് കൃഷിഭൂമി കൃഷിക്കാരന് ലഭിച്ചത്. വാരം,പാട്ടംഇല്ലാതായി. ഭൂകൈവശക്കാർ ഭൂവുടമകളായി. ഭൂമിയില്ലാത്തവർ പത്ത്സെന്റ് ഭൂമിയുടെ ഉടമസ്ഥരായി. കുടിയാന്മാരില്ലാത്ത, ജന്മിത്വവ്യവസ്ഥയില്ലാത്ത ഭൂവിനിയോഗസമ്പ്രദായം നിലവിൽവന്നു.

ഭൂമികൾ തുണ്ടുവൽക്കരിക്കപ്പെട്ടു. തൂവാല


Kadirur Panchayath
Agricultural Datas
Pinarayi
Kottayam
Pattiam
Thrancholi
Mokery
Pannyanoor
Mahe
Kodiyeri
Thiruvangad
N
W
E
S
INDEX
Paddy
Coconut
Arecanut
Cashewnut
Banana
Pepper
Country wood
Road
Panchayath Boundary
River/stream
Scale 1:20000 (approx
INCHES
MILES
0
1
2
1/3
1/2
2/3

തുണ്ടുകളായി മാറിയ ഭൂമിയിൽ കൃഷി ചെയ്ത് കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനു പകരം കൃഷിയിൽനിന്നും മാറിനിൽക്കുന്ന, പകരം മറ്റു ജോലികൾ ചെയ്യുന്ന മനോഭാവം വളർന്നുവന്നു. പാടങ്ങൾ നികത്തി പറമ്പുകളും, വീടുകളുമായി മാറ്റപ്പെട്ടു.

ഗൾഫ് പണത്തിന്റെ തള്ളിക്കയറ്റത്തോടെ പല മാറ്റങ്ങളും ത്വരിതഗതിയിലായി. കാർഷികമേഖലയോട് അവജ്ഞത വർദ്ധിച്ചു. ജീവിതചെലവ്കൂടി. ഉല്പാദന ചെലവ് അധികരിച്ചു. കാർഷീകോൽപ്പന്നങ്ങൾക്ക് വിലക്കുറവുണ്ടായി. പാടങ്ങൾ കോൺക്രീറ്റ് മന്ദിരങ്ങളായി മാറാൻ തുടങ്ങി. എല്ലാം ഇറക്കുമതിയിലൂടെ അനുഭവിക്കുന്ന സംസ്കാരവും ജീവിതരീതിയും വന്നുചേർന്നു. കൃഷി പിന്നോട്ടുപോയി. കർഷകർ പൂർണ്ണമായും പിന്തിരിയുന്ന നിലയും ഉണ്ടായി. ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നു. ഇതിനൊരു പരിഹാരം നമ്മൾ തന്നെ കാണേണ്ടതുണ്ട്.

പട്ടിക-1

ഭൂമി സംബന്ധിച്ച വിവരങ്ങൾ.	
ഇനം	വിസ്തീർണ്ണം
നിലം	39 ഹെ:
പുരയിടം	955 ഹെ:
പുറമ്പോക്ക്	5 ഹെ:
കൃഷിയോഗ്യതരിശ്	16 ഹെ:
കൃഷിയോഗ്യമല്ലാത്ത തരിശ്	45 ഹെ:
ആകെ	1090 ഹെ:

ഭൂപ്രകൃതി

ഇടനാടിന്റെ സവിശേഷത നിറഞ്ഞ ഭൂപ്രകൃതിയാണുള്ളത് വടക്കും, തെക്കും ഭാഗങ്ങൾ ചരിവുള്ള ഭൂതലം. തെക്ക് കിഴക്ക് അതിർത്തിയിലൂടെ പുഴ ഒഴുകുന്നു. ചാടാലപുഴ(പൊന്ന്യംപുഴ) തലശ്ശേരിയിൽ വെച്ചു കടലിൽ ചേരുന്നു. നീരൊഴുക്ക് തെക്കും പടിഞ്ഞാറു ഭാഗത്തേക്കാണ്. വടക്ക് പടിഞ്ഞാറ് ഭാഗം ഉമ്മൻചിറ തോടിലേക്കും ഒഴുകുന്നുണ്ട്.

പറാക്കുന്ന്, കോത്താലക്കുന്ന് ഉയർന്ന പ്രദേശങ്ങളാണ്. ചരിവു പ്രദേശങ്ങളും ഉണ്ട്. ചരൽ മണ്ണുള്ള ചെമ്മൺ പ്രദേശങ്ങളായ സമതലങ്ങളും, മണൽ മണ്ണുള്ള സ്ഥലങ്ങളും ധാരാളം നെൽവയലുകളും, തോടുകളും, കുളങ്ങളും, നീർക്കെട്ട് നിറഞ്ഞ സ്ഥലങ്ങളും ഉള്ള ഭൂപ്രകൃതിയാണുള്ളത്. പൊന്ന്യം പ്രദേശത്താണ് നെൽപ്പാടങ്ങൾ അധികം ഉള്ളത്.

വിസ്തൃതമായ പുല്ല്യോട് വയൽ, ചാലവയൽ, കതിരൂർവയൽ, പൊന്ന്യം വയൽ എന്നിവ പൂർണ്ണമായും നെൽപ്പാടങ്ങളായിരുന്നു. ഇപ്പോൾ 60% വയലുകളും നികത്തി തെങ്ങ് കൃഷി നടത്തിവരികയാണ്. മാത്രമല്ല പറമ്പുകളാക്കി മാറ്റുകയും ചെയ്തിരിക്കുകയാണ്. ജനവാസവും കൂടിവന്നു.

മഴയെ ആശ്രയിച്ചായിരുനു കൃഷി. തെക്കു പടിഞ്ഞാറൻ കാലവർഷം (ജൂൺ - സെപ്തംബർ) വടക്ക് കിഴക്കൻ തുലാവർഷം (ഒക്ടോബർ - നവംബർ) എന്നീ മഴകളാണ് ലഭിക്കുന്നത്. മഴക്കാലം മാറിയാൽ വയലുകൾ നിറയെ പച്ചക്കറികളും, പയറുകളും കൃഷിചെയ്യുന്നു. വെള്ളരി കൃഷിയാണ് പ്രധാനം.

ഭൂവിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ ആകെ വുസ്തീർണ്ണം 1290 ചതുരശ്ര കി.മീ.അണ്. കുന്നിൻചെരിവുകൾ, സമതലങ്ങൾ, പാടങ്ങൾ, നീർക്കെട്ടുസ്ഥലങ്ങൾ എന്നിങ്ങനെ കിടക്കുന്നു. കുന്നുകളിലും കുന്നിൻചെരുവുകളിലും കശുമാവ് കൃഷികാണാം. സമതലങ്ങളിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, വാഴകൾ കൃഷിചെയ്യുന്നു. പാടങ്ങളിൽ നെല്ല്, നേന്ത്രവാഴ പച്ചക്കറികൾ, മരക്കിഴങ്ങ് തുടങ്ങിയവയാണ് കൃഷി. വടക്കും, തെക്കും അതിർത്തി പ്രദേശങ്ങളിൽ ഉപ്പ് വെള്ളം കയറുന്ന പ്രദേശങ്ങളുണ്ട്. അതിനാൽ തരിശായിക്കിടക്കുന്നു. ഇടവിളകളായി പയർ, എള്ള്, വാഴ, മധുരക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷിചെയ്യുന്നു. ലാഭകരമല്ലാത്ത അവസ്ഥകൃഷിയിൽ വന്നുചേർന്നതിനാൽ കൃഷിയോട് അവഞ്ജയാണ് അധികംപേർക്കും. എങ്കിലും തൽപരരായ കൃഷിക്കാർ കൃഷിപ്പണി തുടരുന്നുണ്ട്. തെങ്ങുകൃഷിയാണ് മുഖ്യം.

മൾബറികൃഷി ഏതാനും പേർ നടത്തിയെങ്കിലും വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല. തുടർപ്രവർത്തനങ്ങൾ ഇല്ലാത്തതായിരുന്നു കാരണം. അതുപോലെ കൃഷിക്കാരിൽ അറപ്പും വെറുപ്പും തോന്നിച്ച കൃഷിയായിരുന്നു കൊക്കോ കൃഷി. ബന്ധപ്പെട്ടവരുടെ അനാസ്ഥ കാരണം കൊക്കോ മരങ്ങൾ വെട്ടിമാറ്റാൻ കൃഷിക്കാർ നിർബന്ധിതരായി.

തെങ്ങു കൃഷിക്ക് കൃഷിക്കാർ അധികം പ്രാധാന്യം നൽകുന്നുണ്ടെങ്കിലും പരിചരണം, വളം, ആവശ്യമായ പറമ്പിലെ പ്രവൃത്തികൾ (കൊത്ത്-ചില്ലൽ) കുറവായതിനാൽ തെങ്ങുനനക്കുന്ന സമ്പ്രദായങ്ങൾ സ്വീകരിക്കാത്തതിനാലും ശരാശരി വിളവ് 30-35 ആണ്.

വിള - വിസ്തീർണ്ണവും ഉൽപാദനവും

വിള	വിസ്തീർണ്ണവും	മൊത്തം ഉൽപാദനവും	വർദ്ധിപ്പിക്കാവുന്ന ഉൽപാദനം
നെല്ല് - ഒന്നാംവിള	34. ഹെ	52.7.മെ.S	69. 5.മെ.S
നെല്ല് - രണ്ടാംവിള	20. ,,	28.9 ,,	40. 0 ,,
നെല്ല് -മൂന്നാംവിള	- -	- -	- -
പയർ	30. ,,	12. 0 ,,	18. 0. ,,
എള്ള് -	1. ,,	150 കി.ഗ്രാം	200. കി. ഗ്രാം
പച്ചക്കറികൾ	47. ,,	58. മെ. S	100. മെ.S
തെങ്ങ്	991. ,,	50.83 ലക്ഷം	101.66 ലക്ഷം
വാഴ (നേന്ത്ര)	70. ,,	1225. മെ.S	1750.മെ.S
മരച്ചീനി	21 ,,	78. ,,	86. ,,
കുരുമുളക്	25 ,,	7 ,,	10 ,,
പ്ലാവ്	50 ,,	- -	- -
കശുമാവ്	27 ,,	38 ,,	54 ,,
മാവ്	46 ,,	- -	- -
റബ്ബർ	- -	- -	- -
കവുങ്ങ്	42 ,,	41.15 ലക്ഷം	82.3.ലക്ഷം
മഞ്ഞൾ	3 ,,	6.6 മെ.S	9.9 മെ.S
ഇഞ്ചി	3 ,,	6.6. മെ.S	9.9. ,,എ

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	345	240	1000
കശുമാവ്	1250	100	- -
കുരുമുളക്	3000	3500	6000
കവുങ്ങ്	150	- -	300
ഒട്ടുമാവ്	175	40	30

പട്ടിക 4. **ചെറുകിട ജലസേചനത്തോടുകൾ**

ക്രമനമ്പർ	തോടിന്റെ പേര്	ആകെ നീളം	ശരാശരിവീതി	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	തൻവർഷം ചിലവഴിച്ച തുക
1	ക്രോസ്ബാർ 10 മീ. വലിയതോട് മൂർക്കോത്ത് താഴെ	1.5 കി.മി.	7 കി.മി	150 മീ.	- -
2	പടിക്കൽ താഴെ തെട്	- -	- -	70 മീ.	10000 രൂപ
3.	കതിരൂർ വയൽ - പൊന്ന്യം കല്ലുമ്പ്രം തോട്	3.5 കി.മി.	2.5 മീ	- -	- -

പട്ടിക 5 **ദുരിതാശ്വാസ വിതരണം**

വർഷം	വെള്ള-പ്പൊക്കം	കൊടു-ങ്കാറ്റ്	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993 - 94	- -	- -	- -	- -
1994 - 95	4.25 ഹെ:	12 ഹെ:	138	21838.00
1995 - 96	6 ഹെ:	4 ഹെ:	86	54267.00

പട്ടിക 6. കൈവശ ഭൂമി വിസ്തീർണ്ണം

വാർഡ്	നാമമാത്ര കർഷകർ 1 ഹെ: താഴെ	ചെറുകിട കർഷകർ 1-2 ഹെ:	വൻകിട കർഷകർ 2 ഹെ: മേലെ
1.	430	14	3
2.	630	3	-
3.	626	3	-
4.	562	1	-
5.	706	0	-
6.	524	-	-
7.	415	-	-
8.	580	-	-
9.	723	-	-
10.	507	-	-
11.	480	9	2
ആകെ	6183	30	5

പട്ടിക 7 കാർഷികോപകരണങ്ങൾ

നമ്പ്ര്	പേര്	എണ്ണം
1.	റോക്സ്പ്രെയർ	6
2.	നാപ്പ്സ്റ്റാക്ക്	11
3.	തെങ്ങ്കയറ്റ യന്ത്രം	1
4.	പോർട്ടബിൾ പമ്പ്സെറ്റ്	8

പട്ടിക 8 നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

നമ്പ്‌	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം ഹെ:	എസ്റ്റിമേറ്റ് അടങ്കൽ	തെങ്ങ് നനക്കൽ ലക്ഷ്യം
1.	കല്ലുമ്പ്രാ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്	5.662 ഹെ:	1,27000രൂ.	പൊന്ന്യം- കുണ്ടുചിറ 23 കൃഷിക്കാർ
2.	പൂഴിപ്പുറം കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്	7 ഹെ:	1,99000രൂ.	പൊന്ന്യം- കുണ്ടുചിറ 43 കൃഷിക്കാർ
3.	ചാലവട്ടം കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്	7 ഹെ:	1,90000രൂ.	പൊന്ന്യം- കുണ്ടുചിറ 45 കൃഷിക്കാർ
4.	കുണ്ടുചിറ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്	20 ഹെ:	4,00000രൂ.	പൊന്ന്യം കുണ്ടുചിറ 92 കൃഷിക്കാർ

ഉത്പാദനക്ഷമത കുറവാണ്. 50.53 ലക്ഷം തേങ്ങ ഉത്പാദിപ്പിക്കുന്നു. വിത്തുതൈകളുടെ ഗുണമില്ലായ്മ, ജലസേചന മിലഭ്യമ, മതിയായ പരിചരണ മില്ലായ്മ, വളം ചേർക്കായ്മ, ഉത്പാദനച്ചിലവിന്റെ ആധിക്യം, ഉൽപ്പന്ന വിലയിടിവ്, തുടങ്ങിയവ കേരകൃഷിയെ തളർത്തിവരികയാണ്.

വളം കീടനാശിനി

ഈ ചെറുഗ്രാമത്തിൽ രാസവള വിൽപ്പന രണ്ട് സഹകരണ സംഘങ്ങളും നാല് സ്വകാര്യ ഏജൻസികളുമാണ് നടത്തുന്നത്. വേണ്ടത്ര രാസവളപ്രയോഗം കൃഷിക്കാർ നടത്താറില്ല. ചിലർക്ക് രാസവള പ്രയോഗത്തോട് വിയോജിപ്പും ഉണ്ട്.

കീടനാശിനികൾ സ്വകാര്യ വ്യക്തികൾ മാത്രം കൈകൈര്യം ചെയ്യുന്നു. അശാസ്ത്രീയമായ രീതി കൃഷിക്കാർ സ്വീകരിക്കുന്നതിനാൽ ഇവയുടെ ഉപയോഗം പലർക്കും ഫലവത്തല്ലാതായിത്തീരുന്നു.

രാസവള വൈമുഖ്യം കൃഷിക്കാരിൽ പ്രകടമായതിനാൽ ജൈവവളനിർമ്മാണത്തിന് അനുകൂല സാഹചര്യമുള്ളതിനാലും 1995 വർഷം മുതൽ കൃഷിഭവന്റെ സഹായത്തോടെ ഈ ഗ്രാമം ജൈവവള ഉപയോഗക്രമം സ്വീകരിച്ചിരിക്കയാണ്. ഇപ്പോൾ "കതിരൂർ ജൈവ ഗ്രാമം" എന്നറിയപ്പെടുന്നു. പച്ചില ചെടിവിത്തുകൾ വ്യാപകമായി വിതരണം ചെയ്തിട്ടുണ്ട്. കമ്പോസ്റ്റ് കുഴി നിർമ്മാണവും പോഷിപ്പിക്കുന്നുണ്ട്. കൃഷിക്കാർക്ക് ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും കർഷക ദിനാചരണങ്ങളിൽ നൽകിയിരുന്നു. കുറേക്കൂടി വ്യാപകമായ പ്രചാരം ഈ പ്രസ്ഥാനത്തിന് നൽകേണ്ടതുണ്ട്. കൃഷിക്കാർക്കും താത്പര്യം വർദ്ധിക്കുന്നുണ്ട് ആവശ്യത്തിന് ജൈവവളം ലഭ്യമല്ല.

ജലസേചനം

ഈ പ്രദേശത്ത് കാലത്താൽ കിട്ടുന്ന മഴകളാണ് (കാലവർഷം, തുലാവർഷം) കൃഷിക്കുലഭിക്കുന്ന പ്രകൃതിദത്തമായ ജലസേചന സൗകര്യം. മഴയെ ആശ്രയിച്ചാണ് നെൽകൃഷി നടത്തുന്നത്. മഴവെള്ളം പാഴായി ഒഴുകിപോവുന്ന നിലയുണ്ട്. പറമ്പുകളിൽ ശേഖരിച്ചു നിർത്തുന്ന രീതി അവലംബിക്കുന്നില്ല. പറമ്പുകളിലും ഇടവഴികളിലും പെയ്യുന്ന മഴവെള്ളം ചാലുകൾ, തോടുകൾ വഴി പുഴയിലേക്ക് ഒഴുകിപ്പോവുന്നു. വേനൽക്കാലം വന്നാൽ പറമ്പുകളിലെ കിണറുകളിൽ വെള്ളം കുറഞ്ഞുവരുന്ന കാഴ്ചയും കാണാം. ചിലകിണറുകൾ വറ്റി വരണ്ടുപോവുന്നു. ഉമ്മൻ ചിറതോട്, പൊന്ന്യം പുഴകളിലേക്കാണ് നീർച്ചാലുകൾ അവസാനിക്കുന്നത്. ഈ പുഴയോര പ്രദേശങ്ങളിൽ പുഴ 250 ഹെക്ടറിൽ അധികം ഫലഭൂയിഷ്ടമായ ഭൂപ്രദേശം ഉണ്ട്. ധാരാളം കെട്ടിയ കിണറുകളും, നൂറുകണക്കിന് കുണ്ടുകുളങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. വേനൽക്കാല പച്ചക്കറികൃഷിക്കും, നേന്ത്രവാഴ, മരച്ചീനികൃഷിക്കും ഈ ജലസ്രോതസ്സ് ഉപകരിക്കുന്നു. എന്നാൽ ഇവയെ വേണ്ടത്ര സംരക്ഷിക്കാത്തതിനാൽ നശിച്ചുപോകുന്നുമുണ്ട്. ചിലർ ബോധപൂർവ്വം തൂർക്കുന്നുമുണ്ട്.

തോടുകളിൽ നീരൊഴുക്ക് സുഗമമാക്കേണ്ടത് അത്യാവശ്യമാണ്. തടയണകെട്ടിയും കുളങ്ങളും കുണ്ടുകുളങ്ങളും സംരക്ഷിക്കുകയാണെങ്കിൽ 500ൽ അധികം ഏക്കറകൃഷിസ്ഥലത്ത് പച്ചക്കറികൃഷി ഫലപ്രദമായി നടത്താവുന്നതാണ്.

കുളങ്ങളും, കിണറുകളും അനേകം കെട്ടിയ കുളങ്ങളും,നൂറുകണക്കിന് കുണ്ടുകുളങ്ങളും ഗ്രാമത്തിന്റെ എല്ലാഭാഗങ്ങളിലുമായി കാണാം. പഞ്ചായത്ത് വകയും കുളങ്ങൾ ഉണ്ട്. 80ശതമാനം വീടുകളിലും സ്വന്തമായി കിണറുകൾ ഉണ്ട്. ചില ഉയർന്ന പ്രദേശങ്ങളിൽ ദരിദ്രവും, ചെരിവ് പ്രദേശങ്ങളിൽ മിതവും സമതലപ്രദേശങ്ങളിൽ ധാരാളവുമായി കിണറുകളെ തരം തിരിക്കാം. കുളങ്ങൾ ആഴം കൂട്ടി സംരക്ഷിക്കുകയാണെങ്കിൽ വേനൽക്കാലങ്ങളിൽ ജലസേചനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

കുണ്ടുചിറ അണക്കെട്ട്

പൊന്ന്യം പുഴയിൽ കുണ്ടുചിറപ്രദേശത്താണ് ഈ അണക്കെട്ടുള്ളത്. " കുണ്ടുചിറ അണക്കെട്ട്" എന്നറിയുന്നു. 1951 ൽ മദ്രാസ് ഗവൺമെൻറിന്റെ കാലത്താണ് പൂർത്തിയാക്കിയത്. ജലസേചന വകുപ്പിന്റെ കീഴിലാണ്. അവിടെ ഓഫീസ് പ്രവർത്തിക്കുന്നു. കൂടുതലായും ജലസേചന സൗകര്യം ലഭിക്കുന്നത് കോടിയേരി പഞ്ചായത്തിന്നാണ്. കതിരൂർ പഞ്ചായത്തിൽ വേണ്ടത്ര ജലസേചനം ലഭിക്കുന്നില്ല. വടക്കുഭാഗത്തെ കനാൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തി കാര്യക്ഷമമാക്കിയാൽ കർഷിക്കാർക്ക് വളരെ ഉപകാരപ്രദമാകുന്നതാണ്. 250 ഏക്ര സ്ഥലത്ത് രണ്ടാം വിളയായിരുന്നു ലക്ഷ്യം. 350 ഏക്രയിൽ കൂടുതൽ സ്ഥലം കൃഷിയോഗ്യമാക്കാനും ഉദ്ദേശമുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ലക്ഷ്യം നേടിയിരുന്നെങ്കിലും പിൽകാലത്ത് പിറകോട്ടു പോകുന്നതായാണ് അനുഭവപ്പെടുന്നത്.

പോണ്ടിച്ചേരി സംസ്ഥാനത്തിലെ പന്തക്കൽ(മാഹി) സ്ഥലത്ത് രണ്ടുകടവ് പരിസരം മൂലക്കടവിൽ പോളിമേർസ് കമ്പനി വിഷലിപ്ത അവശിഷ്ടങ്ങൾ ഈ പുഴയിലേക്ക് ഒഴുക്കി വിടുന്നതിനാൽ പരിസ്ഥിതി പ്രശ്നങ്ങളും ജല മലിനീകരണവും ഉണ്ടായിരിക്കുകയാണ്.

സംഭരണി ചോരുന്നതും തടയേണ്ടതുണ്ട്. കുറേകൂടി തെക്ക്ഭാഗത്ത് നിർമ്മിച്ച തയ്യിലേക്കണ്ടി ചീർപ്പ് നാശോൻമുഖമായിക്കൊണ്ടിരിക്കുന്നതിനാൽ ഉപ്പുവെള്ളം കയറുന്നതും ഫല പ്രദമായി തടയാൻ കഴിയുന്നില്ല. കതിരൂർ ഗ്രാമ പഞ്ചായത്തിൽ പൊന്ന്യം ഭാഗത്ത് കാര്യക്ഷമമായി ജലസേചനം ലഭിക്കാൻ ചാടാലപ്പുഴയിൽ മറ്റൊരു പദ്ധതി ഉണ്ടാക്കേണ്ടി വരും.

തോടുകൾ

മഞ്ചക്കൽ തോട്, പുല്ല്യോട് മാത്തിൽതാഴെ വലിയ തോട്, പുല്ല്യോട് മന്ദ്യത്താഴെ തോട്, കൂറ്റേരിചാൽ തോട്, ഇരട്ടാങ്കണ്ടി തോട്, കതിരൂർ വയൽ, കല്ലുമ്പ്രം തോട്, കുളപ്രംതാഴെ തോട്, അരീത്തടം തോട്, കുറ്റിയിൽതാഴെ തോട്, തായാട്ട്താഴെ തോട്, ഈഴുവൽ തോട്, അടിയറ തോട്, കീരങ്ങാട് ചാലവയൽ തോട്.

ചെറുതും വലുതുമായ മേൽ പറഞ്ഞ തോടുകൾ ശരിയായ നിലയിൽ സംരക്ഷിച്ചെടുത്താൽ ഗ്രാമത്തിലെ ഏറ്റവും വലിയ ജല സ്രോതസ്സായി ഇവയെ നിലനിർത്താവുന്നതാണ്. പഴശ്ശി കനാലും വേണ്ടവിധം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

മണ്ണ്: ജലം: സംരക്ഷണം

ധാരാളം വയലുകളുള്ള ഈ ഗ്രാമത്തിലെ നെൽ വയലുകൾ ഉയർന്ന വരമ്പുകളും നീരൊഴുക്ക് ചാലുകളും ക്രമപ്പെടുത്തി ഫലപ്രദമായി ഒരുകാലത്ത് നെൽകൃഷി ചെയ്തുവന്നിരുന്നു. വേനൽക്കാലങ്ങളിൽ വയലുകൾ നിറയെ ധാരാളം പച്ചക്കറികളും കൃഷിചെയ്തിരുന്നു. അതെല്ലാം മണ്ണ്സംരക്ഷണത്തിന്ന് സാധ്യത കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളായിരുന്നു കൃഷിക്കാർ ചെയ്തുവന്നിരുന്നത്. മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമുള്ള വീതിയിലും വലുപ്പത്തിലും വരമ്പുകൾ ഉണ്ടാക്കിയിരുന്നു.

പറമ്പുകളിൽ വർഷത്തിൽ രണ്ടുപ്രാവശ്യം കൊത്തും, ചിള്ളലും നടക്കുമായിരുന്നു. കർക്കിടക ക്കൊത്തും തുലാം ചിള്ളലും എന്നുപറയും. മഴ ആരംഭിച്ചാൽ പറമ്പുകളിൽ കുന്നൽകൂട്ടി കൊത്തിയിടുക വരമ്പുകൾ സ്ഷ്ടിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ മഴവെള്ളം അതത് പറമ്പുകളിൽ നിലനിർത്തുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. പറമ്പിൽനിന്നും ഒരു തുള്ളി വെള്ളം പുറത്ത് ഒഴുകാൻ അനുവദിക്കാറില്ല. മഴ മാറിയാൽ തുലാമാസാവസാനം മുതൽ മണ്ണിന്റെ ശീതളം സ്ഥിരമായി നിൽക്കത്തക്ക നിലയിൽ പറമ്പുകളിലെ കുന്നലുകൾ തട്ടിനിരത്തി വൃത്തിയാക്കി സംരക്ഷിക്കുന്നു. വീടുകളിലെ കിണറുകളിൽ ഉറവജലം ലഭിക്കുന്നതിന് വളരെ സഹായകമായിരുന്നു ഈ പ്രവർത്തനങ്ങൾ. പണിച്ചെലവുകൾ കൂറക്കുന്നതിന്റെ പേരിൽ ഇപ്പോൾ അധിക കൃഷിക്കാരും ഒറ്റക്കൊത്തു സമ്പ്രദായം

സ്വീകരിച്ചുവരുന്നു. ഇതിന്റെ ഫലമായി വരൾച്ച അനുഭവപ്പെട്ടുവരുന്നു. കാർഷികോൽപാദനങ്ങൾ കുറയുന്നു. കാർഷിക വരുമാനങ്ങൾ കുറയുന്നു. മണ്ണ് ജലം സംരക്ഷണത്തിന് പഴയ രീതിതന്നെ അവലംഭിക്കുന്നത് നല്ലതാണ്.

കാർഷിക വായ്പകൾ

സാധാരണ തെങ്ങ് കൃഷിക്കാർക്കും നീർമറി ഒപേക്ക് കൃഷി വിഭാഗത്തിൽ പെട്ടവർക്കും തെങ്ങ്. വാഴ കൃഷികൾക്കും സ്ഥല അളവനുസരിച്ച് വായ്പാ തുകകൾ കതിരൂർ സഹകരണ ബാങ്ക്, പൊന്ന്യം സഹകരണ ബാങ്ക്, പൊന്ന്യം ഗ്രാമീണ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് കതിരൂർ എന്നീ സ്ഥാപനങ്ങൾ വർഷംതോറും നൽകാറുണ്ട്. പൊന്ന്യം കുണ്ടുചിറ പ്രദേശങ്ങളെ പ്രത്യേക സ്കീമിൽ പ്പെടുത്തി തലശ്ശേരി കനറാബാങ്ക് അവിടെയുള്ളവർക്ക് വിവിധതരം വായ്പകൾ നൽകുന്നുണ്ട്. തലശ്ശേരി ഭൂ വികസന ബാങ്കിൽനിന്നും വായ്പകൾ സ്വീകരിക്കുന്ന കർഷകരും ഉണ്ട്.

കോഴികൃഷി, ആട് വളർത്തൽ, പശുവളർത്തൽ എന്നിവയ്ക്കും വായ്പകൾ അനുവദിക്കാറുണ്ട്. പഞ്ചായത്തിനെ മേഖലകളാക്കി ബാങ്കുകൾ തരം തിരിച്ച് വായ്പകൾ നൽകുന്ന സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. കൃഷിക്കാർക്ക് സബ്സിഡികൾ ലഭിക്കാറുണ്ട്. ഈ കാര്യങ്ങളിൽ കൃഷിഭവൻ സജീവമാണ്. വായ്പകൾ കുടിശ്ശികയാക്കുക, കാർഷിക വായ്പാതുകകൾ കാർഷികേതര പ്രവൃത്തികൾക്ക് ഉപയോഗിക്കുക, കൃത്യസമയത്ത് വായ്പ തിരിച്ചടക്കാതിരിക്കുക തുടങ്ങിയവയും കൃഷിക്കാരിൽ കാണുന്നുണ്ട്.

നർസറികൾ

ഈ പ്രദേശത്ത് നർസറികൾ ഇല്ല. അന്യ പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേനയും മറ്റും ലഭിക്കുന്നു. അവ വളരെ അപര്യാപ്തവുമാണ്. സ്വകാര്യ വ്യക്തികളിൽനിന്നും ലഭിക്കുന്നവ വിശ്വസനീയമാവണമെന്നില്ല. പ്രാദേശികമായ നല്ലയിനം നാളികേരം, അടയ്ക്ക, വാഴകൾ, പച്ചക്കറികൾ, തുടങ്ങിയവയുടെ വിത്തുകൾ ശേഖരിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ സ്വകാര്യ നർസറികൾ സ്ഥാപിച്ച് നടീൽ വസ്തുക്കൾ കൃഷിക്കർക്ക് വിതരരണം ചെയ്യുന്ന ഏർപ്പാടുണ്ടായിരിക്കണം.

സാമൂഹ്യ വനവല്ക്കരണ തൈകളിൽ വിലപിടിപ്പുള്ള വൻ മരങ്ങളുടെ തൈകൾ കൂടി ഉൾപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

കൃഷിഭവൻ

1957 സപ്തംബർ 1 മുതൽ കൃഷിഭവൻ നിലവിൽ വന്നു. നാനാവിധ പുരോഗതികൾ കാർഷിക മേഖലകളിൽ വ്യാപിക്കുമെന്ന് കർഷകർ കരുതി. എന്നാൽ എല്ലാവിധ കാർഷിക മേഖലകളിലും മതിയായ ശ്രദ്ധചെലുത്തി കാർഷികോല്പാദന വളർച്ച ഉണ്ടാക്കുന്നതിന് കൃഷിഭവന് കഴിയുന്നില്ലെന്നതാണ് വസ്തുത. ഇത് മാറ്റേണ്ടതുണ്ട്. കൃഷിഭവനിലെ സ്റ്റാഫ് പരിമിതമാണ്. ഫീൽഡ് സ്റ്റാഫ് കൂടുതൽ ഉണ്ടാവണം. കൃഷിക്കാർക്ക് പ്രായോഗിക പ്രവർത്തനങ്ങളിൽ ഇവരുടെ സഹായം പൂർണ്ണമായും ലഭിക്കേണ്ടതുണ്ട്. എന്നാലും കഴിഞ്ഞ മൂന്നുവർഷങ്ങളായി കൃഷിക്കാരുടെ കേന്ദ്രമായി മാറാൻ കതിരൂർ കൃഷിഭവന് സാധിച്ചിട്ടുണ്ട്. 1995 ൽ ജൈവഗ്രാമം, 1996 ൽ പച്ചക്കറി ഗ്രാമം തുടങ്ങിയ പ്രഖ്യാപനങ്ങൾ കർഷകർ ഏറ്റെടുത്തു നടപ്പിൽ വരുത്തുന്നുണ്ട്. പച്ചക്കറി കൃഷിക്ക് വിപുലമായ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കേര വികസന സമിതി, പാടശേഖര കമ്മറ്റികൾ, ജൈവഗ്രാമ സമിതി, കാർഷിക വികസന സിതി തുടങ്ങിയ സമിതികൾ കൃഷിഭവനുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. തുണ്ട് ഭൂമി കർഷകർക്ക് കൂടുകൂടി മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

ബോധവൽക്കരണം

വിദ്യാർത്ഥികൾ, യുവജനങ്ങൾ, കാർഷികേതര വൃത്തികളിൽ പെട്ടവർ, കർഷകർ, കർഷക തൊഴിലാളികൾ, വീട്ടമ്മമാർ, അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കൾ, കൃഷിയിൽ താല്പര്യമുള്ളവർ എന്നിവർക്ക് കാർഷിക വൃത്തിയും, പ്രാധാന്യവും മെച്ചവും ബോദ്ധ്യപ്പെടുത്തുന്ന സെമിനാറുകൾ, പഠന കേമ്പുകൾ, വാർഡുകൾതോറും സംഘടിപ്പിക്കേണ്ടതാണ്. ഭക്ഷ്യനാണ്യ വിളവുകളുടെ മെച്ചപ്പെട്ട ഉൽപാദന സമ്പ്രദായങ്ങളും ബോധ്യപ്പെടുത്തണം. പ്രോത്സാഹന സമ്മാനങ്ങൾ നൽകണം. ജവാനേക്കാൾ പ്രാധാന്യം കിസാനായിരിക്കണം. കതിരൂർ ഗ്രാമ പഞ്ചായത്തിൽ നടന്ന ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നാട്ടറിവും ദ്വിതീയ വിവര ശേഖരങ്ങളും വിശകലനം ചെയ്ത് രൂപപ്പെടുത്തിയ കാറഷിക മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും

പ്രശ്നങ്ങൾ

1. തോടുകളിൽ നിന്ന് പഴയതുപോലെ ജലസേചന സൗകര്യം ലഭിക്കുന്നില്ല. തോടുകൾ നികത്തുന്നു.

നീരൊഴുക്ക് സുഖമമായി തീരുന്നില്ല. സംരക്ഷണമില്ലായ്മയും ഉണ്ട്. പല പോരായ്മകളും പരിഹരിക്കേണ്ടതുണ്ട്.

2. ആവശ്യമായ സ്ഥലത്ത് തോടുകളിൽ വീതിയും ആഴവും കൂട്ടി തടയണകെട്ടി ജലസേചന സൗകര്യം ലഭ്യമാക്കണം.

3. പഴശ്ശി കനാൽജലം യഥാസമയം കൃഷിക്കാർക്ക് ലഭ്യമാക്കണം.

4. ചാടാലപ്പുഴ (പൊന്ന്യം പുഴ) യിലെ കുണ്ടുചിറ അണക്കെട്ടിന്റെ ഗുണം കതിരൂർ ഗ്രീമപഞ്ചായത്തിന് വേണ്ടത്ര ലഭിക്കുനില്ല.

5. ഗ്രാമ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭഗത്ത് അതൃത്തിയിൽ എരഞ്ഞോളിപുഴയിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയൽ.

6. നല്ലൊരു ജലസ്രോതസ്സായ കതിരൂർ ശ്രീ സൂര്യനാരായണ ക്ഷേത്രം ചിറ വേണ്ടവിധം ഉപയോഗ പ്പെടുത്താത്തത്.

7. ഗ്രാമപഞ്ചായത്തിലെ കെട്ടിയ കുളങ്ങൾ, കുണ്ടുകുളങ്ങൾ എന്നിവക്കു സംരക്ഷണം ലഭിക്കുന്നില്ല. അവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നുമില്ല.

8. പാടങ്ങൾ നികത്തുന്നതും നെൽവയലുകളെ മുറിച്ച് കടക്കുന്ന റേഡുകൾ ഉള്ളതിനാലും നീർകെട്ടുകൾ ഉണ്ടാവുന്നു. അവക്ക് പരിഹാരം ഉണ്ടാകണം.

9. മണ്ണ് പരിശോധന ഇല്ലായ്മ, അശാസ്ത്രീയമായ പരിചരണം, ജലസേചനം ഇല്ലായ്മ വളം ഉപയോഗക്കുറവ് എന്നിവ ഉൽപാദനക്ഷമത കുറക്കുന്നു. സാരമായി തെങ്ങ് കൃഷിയെ ഇത് ബാധിച്ചിരിക്കുന്നു.

10. ഉല്പന്നങ്ങളുടെ വിലയിടിവ്, ഉയർന്ന കൂലിച്ചെലവ് രാസവള കീടനാശിനികളുടെ വിലവർദ്ധന, ജൈവവള ലഭ്യതക്കുറവ് തുടങ്ങിയവ കേരകൃഷിയിൽ കർഷകർക്ക് താൽപര്യം കുറഞ്ഞുവരുന്നു.

11. നെല്ല്, വാഴ, പച്ചക്കറികൾ, പഴങ്ങൾ, ഫലവൃക്ഷാദികൾ, കിഴങ്ങുകൾ തുടങ്ങിയവ കൃഷി ചെയ്യുന്നരും ലാഭകരനല്ലാത്തക്തിനാൽ സംതൃപ്തരല്ല.

12. വളം, കീടനാശിനി പ്രയോഗങ്ങളെ കുറിച്ച് ശാസ്ത്രീയ ബോധം ചില കൃഷിക്കാർക്കില്ല. ഉപയോഗ ക്രമം തെറ്റുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നു.

13. കതിരൂർ ഗ്രാമപഞ്ചായത്തിൽ വ്യാപകമായി പച്ചക്കറി കൃഷിക്ക് സാധ്യതയുണ്ട്. വേനൽക്കാല പച്ചക്കറികളും വർഷകാല പച്ചക്കറികളും നട്ടുപിടിപ്പിക്കുന്നതിന് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

14. കാർഷികോൽപ്പന്നങ്ങൾക്കും പച്ചക്കറികൾക്കും പൊതു സംഭരണ വിപണന സൗകര്യം ഈ ഗ്രാമപഞ്ചായത്തിലില്ല.

15. നൂതന കൃഷിസമ്പ്രദായം നല്ല വിത്തുൽപാദനം എന്നവയെപ്പറ്റിയുള്ള അജ്ഞത നീക്കപ്പെടേണ്ടതാണ്. പ്രോത്സാനമില്ലായ്മയും പരിശോധിക്കേണ്ടതാണ്.

16. ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, മഞ്ഞളിപ്പ് തുടങ്ങിയ മാരകമായ കേര രോഗങ്ങൾ മാറ്റിയെടുക്കുന്നതിനുള്ള പരിശീലനം കേര കൃഷിക്കാർക്ക് നൽകാത്തത്.

17. മറ്റു വിളകൾക്കും പ്രതിരോധ ചികിത്സകൾ നടത്തുന്നതിനുള്ള പരിശീലനം കൃഷിക്കാർക്ക് ലഭിക്കേണ്ടതുണ്ട്. (കുരുമുളക്, നേന്ത്ര വാഴ, പച്ചക്കറികൾ)

18. ആധുനിക കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിനടത്തുന്ന രീതി പല കൃഷിക്കാർക്കും അറയില്ല. പരിഹാരം ഉണ്ടാക്കണം.

19. പത്ത് സെൻറ് ഭൂവുടമകളായ കൃഷിക്കാർക്കും കാർഷിക ആനുകൂല്യങ്ങളും നിഷേധിക്കുന്ന രീതി മാറണം.

20 പലിശനിരക്ക് കൂടുന്നതും ജാമ്യവ്യസ്ഥ ഉദാരമാക്കാത്തതും കാർഷിക വായ്പ വാങ്ങിക്കുന്നതാൽനിന്ന് കൃഷിക്കാരെ പിൻതിരിപ്പിക്കുന്നുണ്ട്.

21. കാർഷിക വിളവുകൾക്ക് വേണ്ട നല്ലയിനം നടീൽവസ്തുക്കളും വിത്തുകളും ലഭിക്കുന്നതിന്ന് സ്ഥിരം സംവിധാനമില്ല.

22. ഭവന സന്ദർശനം നടത്തുന്നതിന്നും പ്രായോഗിക പ്രവർത്തനങ്ങൾ കൃഷിക്കാർക്ക് ലഭിക്കുന്നതിന്നും ആവശ്യമായ ഫീൽഡ് സ്റ്റാഫ് കൃഷിഭവനിൽ ഇല്ല. അതിനാൽ ഗുണപ്രദമായ സേവനം അന്യമാണ്.

23. കൂലി വ്യവസ്ഥയ്ക്ക് യാതൊരടിസ്ഥാനമില്ലാത്തതിനാലും ജോലി ക്ലിപ്തത ഉണ്ടാക്കാത്തതിനാലും കർഷകരും തൊഴിലാളികളും തമ്മിൽ അതൃപ്തി വളർന്നുവരുനുണ്ട്.

24. ഒട്ട് തൈകളുടെ നിർമ്മാണ രീതി പ്രാദേശിക കർഷകക്ക് അറിവില്ല. അറിവുണ്ടാക്കണം.

25. വൈദഗ്ധ്യവും പരിശീലനവും സ്വായത്തമാക്കിയ കർഷകതൊഴിലാളികളെ ആവശ്യമുള്ള കൃഷിക്കാർക്ക് ലഭിക്കാനുള്ള സംവിധാനമില്ല.

സാധ്യതകൾ

1. ഗ്രാമപഞ്ചായത്തിലെ തോടുകളിൽ സുഗമമായ നീരൊഴുക്കുണ്ടാക്കി സംരക്ഷിക്കണം. സന്നദ്ധ പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികൾ മുഖേന ലഭ്യമാണ്.

2. നിലവിലുള്ള ചീർപ്പുകൾ കാര്യക്ഷമമായ റിപ്പേറുകൾ

ചെയ്താൽ ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്.

3. ജലം വറ്റുന്ന ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിക്കുക. താഴ്ന്ന പ്രദേശത്ത് കിണറുകൾ കുഴിച്ച് പമ്പ് ഉപയോഗിച്ച് വെള്ളം സംഭരിക്കണം. കുടിവെള്ളത്തിനും കൃഷിക്കും ഉപകരിക്കും.

4. കതിരൂർ ശ്രീ സൂര്യനാരായണ 7ക്ഷേത്രം ചിറക്ക് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കണം.

5. ഗ്രാമ പഞ്ചായത്തിലെ ജലാശയങ്ങൾ മുഴുവൻ വൃത്തിയാക്കിയാൽ ജല സ്രോതസ്സ് വർദ്ധിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിന് ഉപയോഗപ്പെടുത്താം. മനുഷ്യാധ്വാനങ്ങളുടെ കൂട്ടായ്മ ഉപയോഗപ്പെടുത്തണം.

6. പഴശ്ശി കനാൽ ജലപ്രവാഹം ഫലപ്രദമാക്കിയാൽ കർഷകർക്ക് മെച്ചപ്പെട്ട ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

7. യോജിച്ച മണ്ണിൽ യോജിച്ച കൃഷി നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്ന് മണ്ണ് പരിശോധനാ കേമ്പുകൾ സൗജന്യമായി നടത്തേണ്ടതാണ്.

8. കർഷക ബോധവൽകരണ കേമ്പുകൾ വാർഡടിസ്ഥാനത്തിൽ നടത്തണം. ഉൽപാദന വർദ്ധനവ് ഇരട്ടിയാക്കാവുന്നതാണ്. കർഷക സമിതികളുടെയും കൃഷിഭവന്റെറയും കൂട്ടായ പ്രവർത്തനം ഉണ്ടായാൽമതി.

9. നടീൽ മുതൽ വിപണനം വരെ തുടർ പ്രവർത്തനങ്ങളുമായി ബന്ധപെടുന്ന ജനകീയ സ്ഥാപനം അത്യാവശ്യമാണ്. **"കതിരൂർ ഗ്രാമ പഞ്ചായത്ത് കാർഷികോല്പാദന സംഭരണ വിപണന** സംഘം എന്ന പേരിൽ ഒരു റജിസ്ട്രേഡ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാർഷിക മേഖലയെ വികസിപ്പിക്കുന്നതിന്ന് വമ്പിച്ച മാറ്റം വരുത്താൻ ഈ സ്ഥാപനത്തിന് സാധിക്കുന്നതാണ്.

10. പൊന്ന്യം കടുകുണ്ടിന് സമീപവും തെക്കേവയലിലും കാണുന്ന നീർക്കെട്ട് ഒഴുക്കുന്നതിനുള്ള ചാലുകൾ ഉണ്ടാക്കണം. 7 ഏക്കറയിലധികം നെൽപാടം രക്ഷിക്കാം. സന്നദ്ധ പ്രവർത്തനങ്ങൾ ഉപയോഗിക്കാം.

11. കാർഷിക വിളകൾക്കുണ്ടാവുന്ന മാരക രോഗങ്ങൾക്കുള്ള നിവാരണ മാർഗ്ഗങ്ങൾ, ചികിത്സാ മാർഗ്ഗൾ കൃഷിക്കാരെ പഠിപ്പിക്കണം.

12. ജൈവവള ഉപയോഗക്രമം കമ്പോസ്റ്റുകുഴി, പച്ചിലച്ചെടി പിടിപ്പിക്കൽ, ജൈവവേലി എന്നിവക്ക് വ്യാപകമായ പ്രചാരണം നൽകണം. ജൈവഗ്രാമ പദ്ധതി വിജയിക്കും.

13. പയർ, പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, പുഷപച്ചെടികൾ, വിവിധയിനം കിഴങ്ങുകൾ ഇവയുടെ നടീൽ വസ്തുക്കൾ നല്കി തോട്ടങ്ങൾ വളർത്താൻ വീട്ടുകാരെ നിർബന്ധിക്കണം. സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം.

14. യന്ത്രവൽകൃത രീതി കൃഷിരംഗത്ത് വളരത്തിയെടുക്കണം. ആധുനിക കാർഷിക യന്ത്രങ്ങൾ പഞ്ചായത്തുതലത്തിൽ വാങ്ങിക്കേണ്ടതാണ്. കർഷക സമിതികൾ നേതൃത്വം വഹിക്കണം

15. കൃഷിഭൂമിയുടെ അളവ് നോക്കാതെ കൃഷിക്കർക്കെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കണം. . വൈദ്യുതി സൗജന്യമാക്കണം - ഉൽപാദന വർദ്ധനവ് കൂടും.

16. ഭൂനികുതി രശീതി അടിസ്ഥാനമാക്കി കാർഷിക വായ്പകൾ അനുവദിക്കണം. ജാമ്യവ്യവസ്ഥ ഉദാരമാക്കണം. വായ്പാതുക വിനിയോഗം പരിശോധിക്കുന്നത് നല്ലതാണ്.

17. കാർഷിക വായ്പകൾക്ക് പലിശ ഇളവുകൾ അനുവദിക്കണം. കൃത്യമായി തിരിച്ചടക്കുന്നവർക്ക് പ്രോസാഹന പലിശയിളവുകൾ അനുവദിക്കണം.

18. പ്രാദേശിക നർസറികൾ മിഖേന നടീൽ വസ്തുക്കൾ ഉല്പാദിപിക്കുന്ന കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടാവണം.

19. കൃഷിഭവന്റെ സേവനങ്ങൾ മാതൃകാപരവും കാര്യക്ഷമതയോടുകൂടിയതുമായിരിക്കണം. ആവശ്യക്കാർക്ക് വൈദഗ്ധ്യമുള്ള തൊഴിലാളികളെ അയച്ചുകൊടുക്കുന്നതിനുള്ള സംവിധാനം കൃഷിഭവനിൽ ഉണ്ടായിരിക്കണം.

20. വാർഡുകൾ തോറും കാർഷിക ഉപദേശ സമിതികൾ ഉണ്ടാവണം. ആഗ്രോസെൻറരുകൾ പുനസംഘടിപ്പിച്ച് കര്യക്ഷമമാക്കണം.

21. കർഷക കർഷകകൊഴിലാളി ബന്ധം സഹവർത്തിത്വത്തിന്റേതാവണം. പഞ്ചായത്ത് തലത്തിലെങ്കിലും ജോലിക്ലിപ്തത, കൂലിഏകീകരണം തെന്നിവ നടപ്പിലാക്കണം.

22. ഒട്ടുതൈകൾ, ആധുനിക പുഷ്പകൃഷി, ഔഷധ സസ്യകൃഷി എന്നിവയെ പറ്റി കൃഷിക്കാർക്ക് പഠനം നല്കണം. വിവിധ കാർഷിക പഠന പുസ്തകങ്ങൾ സൗജന്യ നിരക്കിൽ നൽകണം.

23. ചാടാല പുഴയിൽ മറ്റൊരു ജലസേചന പ്ദ്ധതി പൂർത്തിയാക്കണം. അതുവഴി നെൽകൃഷിക്ക് ജലസേചനം ലഭ്യമാകും.

24. കേരകൃഷിയിടങ്ങളിൽ ഇടവിളയായി ഔഷധ സസ്യങ്ങളും കൈതച്ചക്ക, ചിലയിനം കിഴങ്ങുകൾ എന്നിവ കൃഷിചെയ്യാവുന്നതാണ്.

25. ഗ്രാമീണ ജനതയെ കാർഷിക ധാരയിലേക്ക് ഒഴുക്കുന്നതിന്ന് കർഷക സമിതികളും കൃഷിഭവനും സദാ ജാഗരൂകരായിരിക്കണം.


Kadirur Panchayath
Water Resourses
Pinarayi
Kotteyam
Pattiam
Erancholi
Mokery
Pennyanoor
Mahe
Thiruvangad
Kodiyeri
N
W
E
S
INDEX
Road (Metalled)
Canal
Stream
River
Well (Public
Pond/Chira
Pipe well
Scale 1:20,000(aprox)
INCHES 1 2
MILES 1/3 1/2 2/3

5-2
മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മൃഗസമ്പത്ത്. ഈ മേഖല കൃഷിയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലകളിലെ വികസനം പരസ്പര പൂരകങ്ങളാണ്. എന്നാൽ ഇന്ന് ഈ മേഖല വലിയ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് പുതിയ തലമുറ കാണിക്കുന്ന വിമുഖതയും വർദ്ധിച്ചുവരുന്ന പരിപാലനച്ചെലവും കാരണം പലരും ഇന്ന് ഈ മേഖലയിൽ നിന്ന് വിടപറയുകയാണ്. മൃഗപരിപാലന രംഗത്ത് ഏറെ സാധ്യതയുള്ള പഞ്ചായത്ത് എന്ന നിലയിൽ ആസൂത്രിതവും കാര്യക്ഷമവുമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

1987ലെ കന്നുകാലി സെൻസസ് പ്രകാരമുള്ള കതിരൂർ പഞ്ചായത്തിലെ മൃഗസമ്പത്ത് താഴെ കൊടുത്തിരിക്കുന്നു.(പട്ടിക 1)



മൃഗപരിപാലനരംഗത്ത് ഇന്ന് വന്നിട്ടുള്ള കാര്യമായ മാറ്റങ്ങളിൽ ഒന്ന് അത്യുൽപാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനമാണ്. നാടൻ ഇനങ്ങളുടെ ഗണ്യമായ കുറവ് പഞ്ചായത്തിൽ മൊത്തം ഉണ്ടായിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനത്തോടെ പാലുൽ പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. അതുകൊണ്ടു തന്നെ പാലുൽപാദനത്തിന്റെ തോതിലുണ്ടായ വർദ്ധനവ് പുതിയ ആളുകൾ ഈ മേഖലയിൽ കടന്നുവരുന്നില്ല എന്ന യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുന്നു. പ്രതിദിനം ഉൽപാദിപ്പിക്കുന്ന പാലിന്റെ 40% ക്ഷീരസംഘം കൈകാര്യം ചെയ്യുന്നു. ബാക്കി കർഷകർ സ്വന്തം ഉപയോഗത്തിനും തൊട്ടടുത്ത വീടുകളിലും വിൽപ്പന നടത്തുന്നു. 4 മിൽമാ ബൂത്തുകളും പഞ്ചായത്തിലുണ്ട്. കതിരൂർ പഞ്ചായത്തിൽ കുണ്ടുചിറ, പൊന്ന്യം, പുല്ലോടി, ചുണ്ടങ്ങാപ്പൊയിൽ എന്നീ

കന്നുകാലികൾ												
പശു						ആട്		നായ		കോഴികൾ	
സങ്കരയിനം		നാടൻ									
ആൺ	പെൺ	ബ്രീഡബിൾ	ആൺ	പെൺ	ബ്രീഡബിൾ	ആൺ	പെൺ	ആൺ	പെൺ	നാടൻ	സങ്കരയിനം
63	605	327	49	646	367	221	985	198	94	3139	930

അവലംബം - 1986-87 കന്നുകാലി സെൻസസ്

പ്രദേശങ്ങളിൽ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കാലി വളർത്തൽ കൂടുതലായി കാണപ്പെടുന്നു. വ്യാപകമായ തോതിലെങ്കിലും ആട്, കോഴി എന്നിവയേയും വീടുകളിൽ വളർത്തുന്നുണ്ട്. വിരലിലെണ്ണാവുന്ന ആളുകൾ മാത്രമാണ് ഇന്ന് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്. പാൽ, മുട്ട, മാംസം തുടങ്ങിയവയുടെ വിപണനം കേന്ദ്രീകരിച്ചാണ് ആളുകൾ മൃഗപരിപാലനമേഖലയിൽ ഏർപ്പെട്ടിരിക്കുന്നത്. ഇന്നത്തെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഇവയുടെ ലഭ്യത വളരെ പരിമിതമാണ്. കതിരൂരിൽ സ്ഥിരമായി ആട്, കോഴി, പോത്ത് ഇവയുടെ മാംസം വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ വിശേഷദിവസങ്ങളിൽ പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും താൽക്കാലിക മാംസ വിപണന കേന്ദ്രങ്ങൾ പ്രവർത്തിത്താറുണ്ട്. കോഴിമാംസമാണ് കൂടുതലായി വിപണനം ചെയ്യപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്ന കോഴികളെയാണ് ഇതിനായി ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ മൊത്തം വിപണനം ചെയ്യുന്ന മാംസത്തിൽ 50% കോഴിയിറച്ചിയും 30%പോത്തിറച്ചിയും 20% ആട്ടിറച്ചിയും ആണെന്നാണ് വിപണനകേന്ദ്രങ്ങളിൽ നിന്നും ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്.

പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാഭാഗങ്ങളിലുമുള്ള പശുക്കൾക്ക് സാധാരണയായി കണ്ടുവരുന്ന രോഗങ്ങളാണ് കുളമ്പുരോഗങ്ങൾ, അകിടുവീക്കം, പനി, വയറിളക്കം തുടങ്ങിയവ. കോഴി, ആട് എന്നിവയ്ക്ക് പനി, വയറിളക്കം എന്നീരോഗങ്ങൾ സാധാരണ ഉണ്ടാകുന്നു. മൃഗങ്ങളെ ശുശ്രൂഷിക്കുന്നതിനും രോഗനിവാരണം നടത്താനും എല്ലാവിധസൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രിയുടെ അഭാവം കാരണം ആളുകൾക്ക് വമ്പിച്ച സാമ്പത്തിക നഷ്ടം ഉണ്ടാകാറുണ്ട്. ഡോക്ടറുടെ മെച്ചപ്പെട്ടസേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ആളുകൾക്ക് തലശ്ശേരി, കൂത്തുപറമ്പ്, പാനൂർ എന്നിവിടങ്ങളിലെ സ്വകാര്യ ഡോക്ടർമാരെ ആശ്രയിക്കേണ്ടതായി വരുന്നു.

മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന സമീപകാല വികസന സ്കീമുകളെക്കുറിച്ചുള്ള അവലോകനം.

ഇന്ന് നിലവിൽ ഒരുബ്ലോക്കിന് ഒരു ക്ഷീരവികസന ഓഫീസാണ് പ്രവർത്തിക്കുന്നത്. കതിരൂർ പഞ്ചായത്ത് തലശ്ശേരി ബ്ലോക്കിന്റെ കീഴിൽ ഇല്ലത്തുതാഴെയായി പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ ഈമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പല വികസന പ്രവർത്തനങ്ങളും പഞ്ചായത്തിലെ പരിപാലന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകൾക്കും ലഭിക്കാതെ വരുന്നു. നിലവിലുള്ള ക്ഷീരവികസന ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം കതിരൂർ ഗ്രാമപഞ്ചായത്തിലെ ആളുകൾക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ കഴിയാത്ത സ്ഥലത്തും ഒപ്പം ഇവിടെനിന്നും നടപ്പിലാക്കുന്ന സ്കീമുകൾ ബ്ളോക്കടിസ്ഥാനത്തിലും ആവുമ്പോൾ ക്ഷീരവികസന ഓഫീസിന്റെ പ്രവർത്തനം കൊണ്ടുള്ള നേട്ടം വെറും 10% ആളുകൾക്ക് മാത്രം ലഭിക്കുന്നതായിതീരുന്നു.

പഞ്ചായത്തുതലത്തിൽ ഒരു ക്ഷീരവികസന ഓഫീസും കതിരൂർ പഞ്ചായത്ത് കേന്ദ്രമാക്കിക്കൊണ്ട് ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം ഉണ്ടാവുകയും ഒപ്പം ഒരു ക്ഷീരഭവനം സ്ഥാപിക്കുകയും ചെയ്താൽ ഈ മേഖലയിലെ ആളുകൾക്ക് വലിയൊരു പ്രയോജനം ലഭിക്കും. നിലവിലുള്ള സ്ഥിതിയിൽ ക്ഷീരമേഖലയിലെ എല്ലാപദ്ധതികളും ബ്ളോക്കടിസ്ഥാനത്തിലാണ്. ഇതിനു പകരം പഞ്ചായത്തടിസ്ഥാനത്തിൽ സ്കീമുകൾ തയ്യാറാക്കുകയോ അല്ലെങ്കിൽ ബ്ളോക്കടിസ്ഥാനസ്കീമുകളുടെ എണ്ണം വർദ്ധിപ്പിച്ച് പഞ്ചായത്തുകൾക്ക് എല്ലാവാർഡിനും ആവശ്യക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം.

1. **കാർഷികസമ്പർക്കപരിപാടി:-** ആകെ 25 എണ്ണം കർഷകസമ്പർക്കപരിപാടിയാണ് തലശ്ശേരി ബ്ളോക്കിനുള്ളത്. ഒരു സമ്പർക്കപരിപാടിയിൽ ചുരുങ്ങിയത് 30 പേരെയെങ്കിലും പങ്കെടുപ്പിച്ച് ആ യോഗത്തിൽ അവർ ഏർപ്പെട്ടിരിക്കുന്ന മേഖലയിലെ മാറ്റങ്ങളും പുതിയ വിവരങ്ങളും അവർക്ക് നൽകുന്നു. കർഷകർക്ക് വളരെ ഗുണം ചെയ്യുന്ന ഈ പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ ഒന്നോ രണ്ടോ കാർഷികസമ്പർക്കപരിപാടി സംഘടിപ്പിക്കാൻ മാത്രമേ സഹായിക്കുന്നുള്ളൂ. പഞ്ചായത്തിൽ എല്ലാവാർഡിലും പ്രത്യേകിച്ച് കാലിവളർത്തൽ സാധ്യതയുള്ള വാർഡിൽ ചുരുങ്ങിയത് രണ്ടെണ്ണമെങ്കിലും ലഭിക്കുന്നവിധത്തിൽ കർഷകസമ്പർക്കപരിപാടിയുടെ എണ്ണം വർദ്ധിപ്പിക്കുകയാണെങ്കിൽ ഈ മേഖലയിൽ വമ്പിച്ച പ്രതിപ്രവർത്തനം ഉണ്ടാക്കുവാൻ സാധിക്കും. പല കർഷകരും ഇപ്പോഴും പാരമ്പര്യമായി ലഭിച്ച അറിവിന്റെ വെളിച്ചത്തിലാണ് മുന്നോട്ടുപോകുന്നത്. ഇതു വഴി അവരിലെ അജ്ഞത ദൂരീകരിക്കാൻ സാധിക്കും.

2. **ക്ഷീരോൽപന്ന നിർമ്മാണ പ്രദർശനം:-** ചുരുങ്ങിയത് 25 ആളുകളെ പങ്കെടുപ്പിച്ച് ബ്ളോക്കടിസ്ഥാന

ത്തിൽ 25 എണ്ണം എന്ന തോതിൽ പഞ്ചായത്തുകൾക്ക് ചിലപ്പോൾ ഒന്നോ രണ്ടോ എന്ന ക്രമത്തിൽ ഇതു സംഘടിപ്പിക്കുന്നു. ഇതിൽ സ്ത്രീ പങ്കാളിത്തമാണ് കൂടുതലായി വേണ്ടത്. പാൽ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഉൽപന്നങ്ങളുടെ നിർമ്മാണവും പ്രദർശനവുമാണ് ഉദ്ദേശിക്കുന്നത്. ഇതിൽ പങ്കെടുക്കുകയാണെങ്കിൽ സ്ത്രീകൾക്ക് ഒരു സ്വയം തൊഴിൽ എന്ന നിലയിൽ പിന്നീട് ഉപയോഗിക്കുവാൻ സാധിക്കും. വളരെ നല്ലൊരു പരിപാടിയാണെങ്കിലും ഇത്തരം പരിപാടിയെക്കുറിച്ച് നാട്ടിൻപ്പുറങ്ങളിലെ സാധാരണജനങ്ങളിൽ വേണ്ടവിധത്തിലുള്ള പ്രചാരം ഇനിയും എത്തിയിട്ടില്ല. ഇതിനുകാരണം ബ്ളോക്കിന് 25 എണ്ണം സംഘടിപ്പിച്ചാൽ മതി എന്നുള്ളതികൊണ്ടും പലപ്പോഴും ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥകൊണ്ടും ഇത്തരം പരിപാടികൾ ചിലപ്പോൾ കടലാസുരേഖകളായി മാറുന്നു. പഞ്ചായത്ത് കേന്ദ്രമാക്കി ക്ഷീരവികസന ഓഫീസും സ്ഥാപിച്ച് ചുരുങ്ങിയത് ഒരു പഞ്ചായത്തിന് 12എണ്ണം എന്ന തോതിൽ വർദ്ധിപ്പിച്ചാൽ കൂടുതൽ ആളുകൾക്ക് പ്രയോജനം ഉണ്ടാവുകയും മിച്ചം വരുന്ന പാലിന്റെ കർഷകർക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനും സാധിക്കും.

ഇപ്പോൾ ബ്ളോക്കുതലത്തിൽ സംഘടിപ്പിക്കുന്ന കന്നുകാലി പ്രദർശനവും ക്ഷീരവികസന സെമിനാറും പഞ്ചായത്തടിസ്ഥാനത്തിലായി മാറ്റം വരുത്തുന്നത് കർഷകർക്ക് വളരെയേറെ ഗുണം ചെയ്യാൻ സാധ്യതയുണ്ട്.

3 മാതൃകാ കന്നുകാലിത്തൊഴുത്ത് നിർമ്മാണം:- നല്ലൊരു തൊഴിലില്ലാത്തതാണ് കന്നുകാലികൾക്ക് പലവിധം അസുഖം ഉണ്ടാകുന്നതെന്നുള്ളതുകൊണ്ട് 5000 രൂപാചെലവിൽ സിമൻറ് ചെയ്ത് ഒരു തൊഴുത്തുണ്ടാക്കുന്ന കർഷകന് 1250 രൂപ സബ്സിഡിയിൽ ലഭിക്കുന്നു. ഇതും ബ്ളോക്കുതലത്തിൽ നടപ്പിലാക്കുന്നതുകൊണ്ട് ആവശ്യമുള്ള കർഷകന് ഇതൊന്നും ലഭിക്കാതെ വരുന്നു. പഞ്ചായത്തടി സ്ഥാനത്തിൽ സംഘടിപ്പിക്കുകയാണെങ്കിൽ കർഷകന് വളരെയേറെ ഉപയോഗപ്രദമായിരിക്കും.

4 മോഡൽ ഡയറി യൂണിറ്റ് :- വളരെ നല്ലൊരു വികസനപരിപാടിയാണെങ്കിലും ബ്ലോക്കിൽ 1 എന്ന ക്രമത്തിൽ അനുവദിക്കുന്നതുകൊണ്ട് ഇതിന്റെ ഗുണം പല കർഷകർക്കും ഉപയോഗിക്കാൻ കഴിയാതെ പോവുന്നു. 8000/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രവൃത്തിക്ക് 7000/- രൂപ സബ്സിഡിയായി നൽകുന്നു. മോഡൽഡയറി യൂനിറ്റിന് ആവശ്യമുള്ളത് ഇൻഷ്വർ ചെയ്ത രണ്ടു നല്ല കറവപശുക്കളും, 50 സെൻറ് സ്ഥലത്ത് പുൽകൃഷിയും പമ്പുസെറ്റുകളും ഉണ്ടായിരിക്കണം. ഈ സ്കീം നടപ്പിലാക്കുകയാണെങ്കിൽ തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ഒരു പരിധിവരെ കുറക്കുവാൻ സാധിക്കും. പക്ഷെ ആവശ്യമായി മുന്നോട്ടു വരുന്ന കർഷകർക്കെല്ലാം നൽകുവാൻ സ്കീം ഇല്ല എന്നുള്ളതുകൊണ്ട് ഇതിന്റെ വ്യാപകമായ പ്രചാരം ഇല്ലാതെ പോകുന്നു. ഇതു പഞ്ചായത്തടിസ്ഥാനത്തിലുള്ള സ്കീം എന്ന തോതിൽ എണ്ണം വർദ്ധിപ്പിക്കുകയാണെങ്കിൽ ധാരാളം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും.

വൈറ്റമിൻ സപ്ലിമെൻറ്

വേനൽക്കാലത്ത് പച്ചപ്പുല്ലിന് ക്ഷാമം നേരിടുമ്പോൾ കന്നുകാലികൾക്ക് മിനറലിന്റേയും വൈറ്റമിൻസിന്റേയും അഭാവത്തിൽ പലതരം അസുഖങ്ങൾ ഉണ്ടാകുന്നു. മിനറൽസിന്റേയും വൈറ്റമിൻസിന്റേയും കുറവു പരിഹരിക്കാൻ വൈറ്റമിൻ എ സപ്ലിമെൻറ് ക്ഷീരവികസന ഓഫീസുകൾവഴി 50% സബ്സിഡിയോടെ വിതരണം ചെയ്യുന്നുണ്ട്. പക്ഷെ മുഴുവൻ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. പരിമിതമായ തോതിൽ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ. ആവശ്യങ്ങൾ തൃപ്തിയാകുന്നവിധത്തിൽ വിതരണം ചെയ്യപ്പെടുകയാണെങ്കിൽ പൊതുമാർക്കറ്റിലെ നിലവാരം കുറഞ്ഞ വസ്തുക്കൾ വാങ്ങി വഞ്ചിതരാകാതിരിക്കുവാൻ കർഷകർക്കും സാധിക്കും.

4. ശുദ്ധമായ പാൽ ഉൽപാദനകിറ്റ്:- കർഷകരിൽ വളരെ നല്ലൊരു പ്രതികരണം ലഭിച്ചുക്കൊണ്ടിരിക്കുന്ന പരിപാടിയാണ്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസുവഴി വിതരണം ചെയ്യുന്ന കിറ്റിൽ പൊട്ടാസ്യം പെർമാഗനേറ്റ്, ആൻറി സെപ്റ്റിക്ക് ലോഷൻ, ബ്രഷ് തുടങ്ങിയ സാധനങ്ങൾ ഉൾപ്പെടുന്നു. പൊതുമാർക്കറ്റിന് 60 രൂപയോളം വരുന്ന കിറ്റ് 10 രൂപ വെച്ചാണ് വിതരണം ചെയ്യുന്നു. ശുദ്ധമായ പാൽ ഉൽപാദനകിറ്റിന്റെ പ്രചാരം വർദ്ധിപ്പിക്കുകയാണെങ്കിൽ കർഷകരിൽ ശുദ്ധമായ പാൽ കറന്നെടുക്കേണ്ടതിന്റെ പ്രാധാന്യവും അതികൊണ്ട് ഉണ്ടാകുന്ന ഗുണവും അവരിൽ ബോധ്യമാവുന്നു. പലപ്പോഴും മുഴുവൻ ആവശ്യക്കാർക്കും വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല. ഇതിന്റെ എണ്ണം വർദ്ധിപ്പിക്കുകയും കർഷകരിൽ പാൽ കറന്നെടുക്കുമ്പോൾ കിറ്റിലെ വസ്തുക്കൾ നിർബന്ധമായും ഇപയോഗിക്കുന്ന സമ്പ്രദായം നടപ്പിൽ വരുത്തുകയും ചെയ്യണം.

പുൽകൃഷി വികസനം

ഒരു ഹെക്ടർ സ്ഥലത്ത് (21/2 ഏക്കർ) ചുരുങ്ങിയത്

മൂന്നുവർഷം തീറ്റപ്പുല്ല് കൃഷി ചെയ്യുന്ന ആൾക്ക് 1500രൂപ വരെ സബ്സിഡിയായി ലഭിക്കുന്നു. തീറ്റപ്പുല്ല് നനയ്ക്കുവാനുള്ള പമ്പ്സെറ്റ് കൃഷിചെയ്യുന്ന ആൾ ഒരുക്കണം. വീട്ടുവളപ്പിലും മറ്റുസ്ഥലങ്ങളിലും ഈ കൃഷിചെയ്യുമ്പോൾ തെങ്ങിനും മറ്റു വിളകൾക്കും വളരെയേറെ പ്രയോജനം ലഭിക്കുന്നു. കതിരൂർ പഞ്ചായത്തിൽ പല സ്ഥലത്തും ആളുകൾ തയ്യാറാണെങ്കിലും രണ്ടര ഏക്കർ വേണമെന്നുള്ളതുകൊണ്ട് നമ്മുടെ പഞ്ചായത്തു പോലുള്ള സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പാവാതെ പോകുന്നു. രണ്ടര ഏക്കർ എന്നത് 50 സെൻറ് ആക്കുകയും സബ്സിഡി ചുരുങ്ങിയത് 5000 രൂപയാക്കു കയും ചെയ്യുന്ന പക്ഷം പഞ്ചായത്തിലെ പല വാർഡുകളിൽനിന്നും ആളുകൾ തയ്യാറായി മുന്നോട്ടു വരാൻ സാധ്യതയുണ്ട്.

ഫോഡർബാങ്ക്:- ക്ഷീരോൽപാദകസംഘം വഴി നല്ലയിനം തീറ്റപ്പുല്ല് (നാടൻ ഉണക്ക) ശേഖരിച്ച് കർഷകർക്ക് ഉചിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ ഷെഡ് വെക്കാനും മറ്റുമായി 13500/- രൂപ വരെ വിതരണം ചെയ്യുന്നുണ്ട്. തലശ്ശേരി സംഘങ്ങൾ രണ്ടുവർഷമായി മുന്നോട്ടു വരാത്തതുകൊണ്ട് ഈ സ്കീം ലഭിക്കുന്നില്ല.

പുൽവിത്ത് :- പകുതിവിലക്ക് പുൽവിത്തും ആവശ്യമായ രാസവളവും (5 സെൻറിന് 10 രൂപയുടെ വളം) സൗജന്യനിരക്കിൽ ചെയ്യുന്നുണ്ടെങ്കിലും പുൽവിത്ത് വാങ്ങി പലരും കൃഷിചെയ്യാത്ത അവസ്ഥയും, കൃഷിചെയ്യുകയാണെങ്കിൽ തന്നെ അശ്രദ്ധയോടെയുള്ള കൃഷിരീതി കാരണം വിത്ത് മുളച്ചു കിട്ടാറില്ല എന്ന സ്ഥിരം പരാതിയും നിലനിൽക്കുന്നു. വാർഡടിസ്ഥാനത്തിൽ വേണ്ടവിധത്തിലുള്ള ബോധവൽക്കരണം ആവശ്യമാണ്.

ഗിനിപുൽക്കട :- പുല്ല് പകുതി വിലയ്ക്കും രാസവളം സൗജന്യമായും നൽകി ക്ഷീരവികസനഓഫീസുകൾ പുൽകൃഷി വ്യാപിക്കാൻ ശ്രമങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പുൽവിത്തിനേക്കാളും പ്രാധാന്യമുള്ള സ്കീമാണെങ്കിലും നമ്മുടെ പഞ്ചായത്തിൽവേണ്ട രീതിയിലുള്ള പ്രചരണം ഇനിയും ലഭിച്ചിട്ടില്ല. ക്ഷീര വികസന ഓഫീസുകളുടെ പ്രവർത്തനം തൃപ്തികരമായി പഞ്ചായത്തിലെ എല്ലാ വാർഡിലും എത്തിക്കാൻ സാധിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്.

സൈലേജ് നിർമ്മാണം :- മഴക്കാലത്ത് ധാരാളമായി കിട്ടുന്ന പുല്ല് ശേഖരിച്ച് ദീർഘകാലത്തേക്ക് സൂക്ഷിക്കുന്ന സംവിധാനമാണ് സൈലേജ്. ഇതിനുവേണ്ട ടാങ്കുകൾ നിർമ്മിക്കുവാൻ വേണ്ട ഒരാൾക്ക് 625 രൂപയോളം സബ്സിഡി ലഭിക്കുന്നു. ഇതിനകം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വേണ്ടരീതിയിലുള്ള പ്രചാരം ലഭിച്ചിട്ടില്ല. ബോധവൽക്കരണ പരിപാടികൾ ഇതിനാവശ്യമാണ്.

ഹേ നിർമ്മാണം:- കന്നുകാലികൾ ഭക്ഷിക്കുന്ന പച്ചപ്പുല്ല് അരിഞ്ഞ് ഉണക്കിസൂക്ഷിക്കുന്ന രീതി. 100 പുല്ല് ഉണക്കിസൂക്ഷിക്കുന്ന ആൾക്ക് 200 രൂപ വരെ സബ്സിഡിയായി നൽകുന്നു.ഇതിനും നാട്ടിൻ പുറങ്ങളിൽ വേണ്ടത്ര പ്രചരണം ലഭിച്ചിട്ടില്ല. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇത് വിജയിക്കുകയുള്ളൂ.

യൂറിയഫോർട്ടി ഫിക്കേഷൻ :- ഉണക്ക വൈക്കോലിൽ പോഷകാംശം വളരെ കുറവാണ്. ഇതിനെ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്ന പ്രവർത്തനമാണ് യൂറിയഫോർട്ടി ഫിക്കേഷൻ. അതു വഴി വൈക്കോളിൽ പ്രോട്ടീൻ അംശം കൂടുതൽ ഉണ്ടാകുന്നു. ഇത്തരം പരിപാടികളൊന്നും തന്നെ സാധാരണ കർഷകരിൽ എത്തിച്ചേരുന്നില്ല. പഞ്ചായത്തിൽ ഒരു ക്ഷീരഭവനെങ്കിലും ഉണ്ടായാൽ മാത്രമേ സാധാരണ കർഷകർക്ക് ഗുണം ലഭിക്കുകയുള്ളൂ.

ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റ്:- എട്ടാംക്ലാസ് പാസായ നാലുവനിതകളെ തെരഞ്ഞെടുത്ത് അവർക്ക് 15 ദിവസം പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കി ഒരാൾ 2500 രൂപാവീതം എടുത്ത് തുടങ്ങുന്ന യൂനിറ്റിന് 22000 രൂപ സബ്സിഡിയായി ലഭിക്കുന്നുണ്ട്. പക്ഷെ വനിതകളെ ഈ മേഖലയിൽ എത്തിക്കുവാൻ സാധിക്കുന്നില്ല. വേണ്ടരീതിയിലുള്ള പ്രചാരണത്തിന്റെ അഭാവമാണ്. ഇത് കാണിക്കുന്നത്.

കോഴിവളർത്തലിനും വീട്ടുവളപ്പിലെ കോഴി എന്ന പദ്ധതിയും ക്ഷീരവികസന ഓഫീസുവഴി നടപ്പിലാക്കി വരുന്നു.

പ്രശ്നങ്ങൾ :-

1. കതിരൂർ കേന്ദ്രമാക്കി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
2. ക്ഷീരവികസന ഓഫീസ് ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ കർഷകർക്ക് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.
3. മൃഗാശുപത്രിയും വേണ്ടത്ര ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങളും ഇല്ലാത്തതിനാൽ ആളുകൾക്ക് ഭാരിച്ച ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
4. തീറ്റപ്പുല്ല് കൃഷി കതിരൂർ പഞ്ചായത്തിൽ വേണ്ടത്ര പ്രചരിച്ചിട്ടില്ല.
5. നെൽപ്പാടം വ്യാപകമായി നികത്തപ്പെട്ടതിനാൽ വൈക്കോൽ ക്ഷാമം രൂക്ഷമാവുകയും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു.

5. മൃഗപരിപാലനത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളുടെ അപര്യാപ്തത.

7. അപ്രായോഗികങ്ങളായ നിബന്ധനകളും നിയമങ്ങളും വായ്പകൾ ലഭിക്കാൻ തടസ്സമായി നിൽക്കുന്നു.

8. കന്നുകാലിച്ചന്തയുടെ അഭാവം ക്രയവിക്രയങ്ങളിലൂടെ ഭാരിച്ച സാമ്പത്തികനഷ്ടത്തിനിടയാക്കുന്നു.

9. കാലിത്തീറ്റകളുടെ ഗുണനിലവാരം കുറയുകയും വിലനിലവാരം ഗണ്യമായി ഉയരുകയും ചെയ്തിരിക്കുന്നു.

10. കന്നുകാലിക്കാവശ്യമായ വൈറ്റമിൻ വിതരണം അപര്യാപ്തമാണ്.

11. കന്നുകാലി പരിപാലനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് അർഹിക്കുന്ന അംഗീകാരമോ ബഹുമതികളോ നൽകുന്നില്ല.

12. നല്ലയിനം പശു, ആട്, കോഴി എന്നിവയുടെ കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സംവിധാനം ഇന്ന് ഇല്ല.

13. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് സംഭരണവിപണനസംവിധാനം ഇല്ലാത്തതുകൊണ്ട് അർഹിക്കുന്ന വില ലഭിക്കാതെ മുട്ടയും മാംസവും വിൽക്കേണ്ടതായി വരുന്നു.

14. കന്നുകാലികൾക്ക് സ്ഥിരമായി കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല.

15. ബയോഗ്യാസ് നിർമ്മാണത്തിന് വേണ്ടരീതിയിലുള്ള പ്രോൽസാഹനം ലഭിക്കാത്തതിനാൽ സാധ്യതയുള്ള വാർഡുകളിൽപ്പോലും നടപ്പിലാക്കുന്നില്ല.

16. ഉടമസ്ഥരില്ലാത്ത നായ്ക്കൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായും വർദ്ധിച്ചു വരുന്നു. ഇവ പേപട്ടികളാകാൻ സാധ്യതയുണ്ട്.

സാധ്യതകൾ :-

1. ആധുനികസൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി സ്ഥാപിക്കുക.

2. കന്നുകാലിവളർത്തൽ കൂടുതലുള്ള വാർഡുകളിൽ ഊർജ്ജിത കന്നുകാലിവികസന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. പഞ്ചായത്ത് കേന്ദ്രമായി ക്ഷീരസഹകരണസംഘം ഉണ്ടാക്കുക.

4. പഞ്ചായത്ത് തലത്തിൽ ക്ഷീരവികസന ഓഫീസ് തുറക്കുക

5. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ഒപ്പം കർഷകരുടെ ഉൽപ്പന്നങ്ങൾ വാങ്ങുകയും ചെയ്യുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുക.

6. കാലിത്തീറ്റ, തീറ്റപ്പുല്ല് എന്നിവ മിതമായ നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം.

7. ബയോഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം

8. കന്നുകാലി റഫറൽ ക്യാമ്പ് സംഘടിപ്പിക്കുക.

9. കന്നുകാലി ചന്ത പഞ്ചായത്ത് കേന്ദ്രമാക്കി മാസത്തിലൊരിക്കൽ സംഘടിപ്പിക്കുക.

10. താറാവ്, മുയൽ വളർത്തൽ

11. ക്ഷീരോൽപ്പന്ന നിർമ്മാണ വിപണനകേന്ദ്രം സ്ഥാപിക്കൽ

12. വാർഡുതലത്തിലും സ്കൂൾതലത്തിലും ആവശ്യമായ ബോധവൽക്കരണം നടത്തൽ

13. തീറ്റപ്പുൽകൃഷി വ്യാപകമാക്കൽ

14. പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിന് ജനകീയ സമിതി ഉണ്ടാക്കൽ

15. കോളേജ്-സ്കൂൾ ലാബ് സൗകര്യമുപയോഗിച്ച് കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ.

മൽസ്യബന്ധനം

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മൽസ്യബന്ധനത്തിന് തീരെ സാധ്യതയില്ലാത്ത പഞ്ചായത്തുകളിൽ ഒന്നാണ് കതിരൂർ പഞ്ചായത്ത്. പഞ്ചായത്തിൽ തീരപ്രദേശമോ കടലോരമോ ഉൾക്കൊള്ളുന്നില്ല. ഏതാണ്ട് കിഴക്കെ തെക്കെ അതിർത്തിയിൽ കൂടി ചുണ്ടങ്ങാപ്പൊയിൽ മുതൽ കുണ്ടുചിറയുടെ ഓരം ചേർന്ന് എരഞ്ഞോളിയിൽ എത്തി അറബിക്കടലിൽ പതിക്കുന്ന ചാടാലപ്പുഴ ഒഴുകുന്നു.

കുണ്ടുചിറയുടെ ചില പ്രത്യേക ഭാഗങ്ങളിൽ ഉപ്പുവെള്ളം കെട്ടിക്കിടക്കുന്ന സ്ഥലമുണ്ട്. പഞ്ചായത്തിൽ മൽസ്യബന്ധനം സ്ഥിരതൊഴിലാക്കിയ 5 പേരുണ്ട്. (കാരണവർ ചർച്ച) മൽസ്യകൃഷി നടത്തിവരുന്ന ആരും തന്നെ ഇപ്പോൾ കതിരൂർ പഞ്ചായത്തിൽ ഇല്ല. ചില പ്രത്യേക സ്ഥലങ്ങളിലെ സ്വകാര്യവ്യക്തികളുടെ കുളങ്ങൾ ഉടമയുമായി സഹകരിച്ച് മൽസ്യകൃഷിക്ക് ഉപയോഗിക്കാം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്.
(പുല്ല്യോട് അമ്പലത്തിനടുത്തുള്ള കുളം)

കതിരൂർ പഞ്ചായത്തിൽ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങൾ ഒന്നും നിലവിലില്ല. ഉപ്പുവെള്ളം കയറിക്കിടക്കുന്ന ചെറിയ ഒരു ഭാഗം സ്ഥലം കുണ്ടുചിറയുടെ സമീപത്തുള്ളതിനാൽ ചെമ്മീൻ കൃഷിക്ക് സാധ്യതയുണ്ടെന്ന് ഗ്രാമസഭയിൽ നിർദ്ദേശം വന്നിട്ടുണ്ട്.

തലശ്ശേരി മൽസ്യമാർക്കറ്റിലെ മൽസ്യവിപണനം

നടക്കുന്നത് വ്യത്യസ്ത രീതിയിലാണ്. സൈക്കിളിലും ഓട്ടോറിക്ഷയിലും, മോട്ടോർസൈക്കിളിലും വിപണനം ചെയ്യുന്നതോടൊപ്പം മൽസ്യം വിതരണം ചെയ്യുന്നുണ്ട്. ഗ്രാമകേന്ദ്രങ്ങളിൽ കാവ ഉപയോഗിച്ചും സ്ഥിരമായി വിൽപ്പന നടത്തുന്ന സംവിധാനവും ഉണ്ട്.

ചില പ്രത്യേകമാസങ്ങളിൽ (ജൂൺ, ജൂലായ്) മൽസ്യലഭ്യത താരതമ്യേന കുറവാണ്. ബഹുഭൂരിഭാഗം ആളുകളും കടൽമൽസ്യം ഉപയോഗിക്കുന്നു. പുഴമൽസ്യം വിപണനത്തിന് ലഭിക്കാറില്ല. ശുദ്ധജല ലഭ്യതയുള്ള പ്രകൃതിദത്ത ജലാശയങ്ങളും മനുഷ്യനിർമ്മിത ജലാശയങ്ങളും ഉള്ള പ്രദേശങ്ങൾ ധാരാളം ഉള്ള സ്ഥലമാണ് കതിരൂർ. ശുദ്ധജലമൽസ്യ കൃഷി, കൊഞ്ച് കൃഷി, തവള കൃഷി, അലങ്കാർ മൽസ്യ കൃഷി തുടങ്ങിയവയ്ക്ക് വളരെയധികം സാധ്യതയുണ്ട്.

പഞ്ചായത്തിൽ സാധാരണയായി വിപണനം ചെയ്യപ്പെടുന്ന മൽസ്യനങ്ങൾ മത്തി, അയല, തിരണ്ടി, തളയൻ, സ്രാവ്, മുള്ളൻ, ആവോലി, അയക്കൂറ തുടങ്ങിയവയാണ്. കൂടാതെ ചെമ്മീൻ, കല്ലുമ്മക്കായ തുടങ്ങിയവയും വിപണനം ചെയ്യുന്നുണ്ട്.

കതിരൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതാണ്ട് 75 പേർ മൽസ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതിൽ 20 ഓളം ആളുകൾ കതിരൂർ ദേശവാസികളും ശേഷിക്കുന്നവർ മറ്റു ജില്ലകളിൽ നിന്നുള്ളവരുമാണ്.

മൽസ്യ വിപണനത്തിനുവേണ്ടി രണ്ട് സ്ഥിരമാർക്കറ്റുകൾ (കതിരൂർ, പൊന്ന്യംപാലം) പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ടെങ്കിലും കതിരൂരിലേത് മാത്രമാണ് വിപണനത്തിനായി ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ മറ്റു സ്ഥലങ്ങളിൽ റോഡരികിലും കടത്തിണ്ണകളിലും മൽസ്യം വിപണനം ചെയ്യുന്ന രീതിയിലാണ് തുടർന്നു വരുന്നത്. ഇത് പലതരം പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണം വരുത്തുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ ജോലി സുരക്ഷിതത്വം ഒന്നും നിലവിലില്ല. വർഷകാലങ്ങളിൽ ചില അവസരങ്ങളിൽ മൽസ്യക്ഷാമം ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഇവരുടെ ജീവിതം ദുരിതപൂർണ്ണമാകാറുണ്ട്. തലശ്ശേരി മാർക്കറ്റിൽനിന്നും മൽസ്യം കതിരൂരിലും സമീപ പ്രദേശങ്ങളിലും വിപണനത്തിനെത്തുമ്പോൾ വിലയിൽ വ്യത്യാസം സംഭവിക്കുന്നു. ഒപ്പം പലപ്പോഴും ഗുണനിലവാരത്തിലും ഏറ്റക്കുറച്ചിൽ സംഭവിക്കുന്നുണ്ട്. വിലനിലവാരത്തിൽ ഏകീകരണവും ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സംവിധാനവും ഇല്ലാത്ത കാരണം ഉപഭോക്താവ് പലപ്പോഴും പലതരം ചൂഷണങ്ങൾക്കും വിധേയമാകുന്നു.

മൽസ്യബന്ധനത്തിൽ ഏർപ്പെട്ടവർ	5
മൽസ്യം വിപണനം ചെയ്യുന്നവർ	75
കാവടി	1
തലച്ചുമട്	6
ഓട്ടോറിക്ഷയിൽ	2
മോട്ടോർസൈക്കിളിൽ	3
സൈക്കിളിൽ	43
റോഡരികിൽ വിൽപ്പന നടത്തുന്നവർ	20

(മൽസ്യവിപണനക്കാരിൽ നിന്നും ലഭിച്ച വിവരം)

ഈ മേഖലയിലെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

നാട്ടിൻ കുള പദ്ധതി :- കതിരൂർ പഞ്ചായത്തിൽ സാധ്യതയുള്ള പദ്ധതിയാണ് . യുവതിയുവാക്കളെ ഉൾപ്പെടുത്തി മൽസ്യകൃഷി ആരംഭിക്കാൻ പറ്റിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ചില വാർഡുകളിൽ ഉണ്ട്. ഒപ്പം വളരെ ചെറിയ തോടുകൾ പോലും ഇതിന്റെ ഭാഗമാക്കി ഉപയോഗിക്കുവാൻ കഴിയുന്നതുകൊണ്ട് ഇത്തരം മൽസ്യകൃഷി രീതിക്ക് സാധ്യതയുള്ളതായി മനസ്സിലാക്കാൻ കഴിയുന്നു.

മൽസ്യഗ്രാമം:- ധാരാളം കുളങ്ങളിലും ജലാശങ്ങളിലും ആവിഷ്ക്കരിച്ചുവരുന്ന പദ്ധതിയാണ്. ജലാശയങ്ങളെല്ലാം തന്നെ മൽസ്യകൃഷിക്ക് ഉപയോഗിക്കാൻ കഴിയും. കതിരൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാധ്യത വളരെയേറെയില്ലെങ്കിലും, ചില പ്രത്യേക വാർഡുകളിൽ ശ്രമിച്ചാൽ സാധ്യമാകുന്നതാണ്. ഇപ്പോൾ സാധ്യതയുള്ളത് 9,10,11 വാർഡുകളിലാണ്.

ചെമ്മീൻ ഗ്രാമം :- ഉപ്പുവെള്ളം ലഭ്യമാകുന്ന സ്ഥലത്ത് ചെയ്യാൻ പറ്റുന്ന കൃഷി രീതിയാണ് ചെമ്മീൻ ഗ്രാമം. കതിരൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീരെ സാധ്യതയില്ലാത്തതാണെങ്കിലും 9ാം വാർഡിലെ ഒരു പ്രത്യേക സ്ഥലത്ത് സാധ്യമാണ്.

മൽസ്യച്ചിറകൾ:- ജലസേചനാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള ചിറകളും ടാങ്കുകളും ഉപയോഗിച്ചുകൊണ്ട് മൽസ്യകൃഷി നടത്തുന്ന സമ്പ്രദായമാണിത്. ചില പ്രത്യേക വാർഡുകളിൽ സാധ്യമാണ്. ഇപ്പോൾ ആരും ഈ വാർഡിൽ ഇത്തരം കൃഷി രീതി ചെയ്യുന്നില്ല.

സാധ്യതകൾ:-

1. കതിരൂർ നിലവിലുള്ള മൽസ്യമാർക്കറ്റ് കൂടുതൽ സൗകര്യങ്ങളോടെ നവീകരിക്കൽ
2. വാർഡുതലത്തിൽ മൽസ്യവികസനകേന്ദ്രങ്ങൾ ഉണ്ടാവണം.
3. ഗുണ - നിലവാരം ഉറപ്പുവരുത്താനുള്ള പരിപാടി
4. മൽസ്യവിപണനക്കാർക്ക് ലൈസൻസ് ഏർപ്പെടുത്തണം.
5. മൽസ്യത്തൊഴിലാളി ക്ഷേമപരിപാടി ആവിഷ്ക്കരിക്കുക.

5-3

വിദ്യാഭ്യാസം

വടക്കേ മലബാറിലെ സാംസ്കാരിക സിരാകേന്ദ്രമായിരുന്ന തലശ്ശേരിയുടെ അഭിമാനാർഹമായ സാംസ്കാരിക തനിമ നിലനില്ക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് കതിരൂർ. പഴയ കോട്ടയം താലൂക്കിൽ പെടുന്ന കതിരൂർ വടക്കൻ പാട്ടിലെ ഈരടികളിൽ പോലും ഏറെ സ്ഥാനംപിടിച്ചിട്ടുണ്ട്. കോൽക്കളി, പൂരക്കളി, കഥകളി തുടങ്ങിയ പ്രാചീന കലകളുടെ കേളീരംഗമായിരുന്ന ഈ ഗ്രാമം വിദ്യാഭ്യാസ സ്ഥാപനങ്ങളാൽ സമ്പന്നമാണ്. വിജ്ഞാനത്തിന്റെ തെളിദീപവുമായി നിരക്ഷരരായിരുന്ന ഗ്രാമീണരെ അറിവിന്റെ ലോകത്തിലേക്ക് നയിച്ച ത്യാഗധനരായ പ്രാദേശിക ഗുരുക്കന്മാർ കൊച്ചുകൂരകളിലും വീട്ടുമുറ്റത്തും സ്ഥാപിച്ച പള്ളിക്കൂടങ്ങളാണ് കതിരൂരിലെ ആദ്യത്തെ വിദ്യാലയങ്ങൾ.

പോസ്റ്റുമാസ്റ്ററായിരുന്ന കുങ്കൻനായരുടെ അച്ഛൻ ശങ്കരൻ ഗുരുക്കളും, വിഷഹാരിയായിരുന്ന ചാലക്കോട് കുമാരൻ മാസ്റ്ററുടെ അച്ഛൻ ചാത്തുക്കുട്ടി ഗുരുക്കളും കതിരൂരിലെ ബംഗ്ലാവ് പറമ്പിൽ സ്ഥാപിച്ച എഴുത്തുപള്ളി കതിരൂരിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ്. മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്ത ആ സ്ഥാപനം ഒരു മിഡിൽ സ്കൂൾ ആയി ഉയർത്തപ്പെട്ടു.അതോടെ ലോവർ എലിമെൻററി വിഭാഗം ചുണ്ടങ്ങാപ്പൊയിലിലേക്കും മിഡിൽ സ്ക്കൂൾ വിഭാഗം ഇന്നത്തെ കതിരൂർ സ്കൂൾ സ്ഥിതിചെയ്യുന്ന കച്ചേരിപ്പറമ്പിലേക്കും മാറ്റി. ഈ മിഡിൽ സ്കൂൾ ആണ് ഗവ: ഹൈസ്കൂൾ ആയി മാറിയത്. ഏറെക്കാലം തലശ്ശേരിക്കും കൂടകിനും ഇടയിലുണ്ടായ ഏക ഹൈസ്കൂൾ ഇതായിരുന്നു. പി.കെ. ശങ്കരവർമ്മരാജ, തായാട്ട് ശങ്കരൻ, നിട്ടൂർ പി ദാമോദരനൻ, കെ. പാനൂർ, കെ.തായാട്ട്, കെ.പി.ബി.പാട്യം, കെ.കെ.രാഘവൻ നമ്പ്യാർ, പാട്യം ഗോപാലൻ, കെ.പൊന്ന്യം കെ.പി.പ്രഭാകരൻ നമ്പ്യാർ, പാട്യം ശ്രീനിവാസൻ തുടങ്ങി നിരവധി മേഖലകളിൽ തെളിഞ്ഞുനിന്ന വിദ്യാർത്ഥികളെയും പ്രശസ്ത കവി വി.വി.കെ. യെ പോലുള്ള അദ്ധ്യാപകരേയും കതിരൂർ ഹൈസ്കൂൾ

സംഭാവന ചെയ്തിട്ടുണ്ട്. കതിരൂർ സത്രത്തിനടുത്ത അണിയേരിൻറവിടപ്പറമ്പിൽ ഈങ്ങോളി ചാത്തുമാസ്റ്റർ സ്ഥാപിച്ചിരുന്ന ആദ്യകാല വിദ്യാലയം ഇപ്പോളില്ല.

1903 ൽ ചേറിൻെറ കീഴിൽ (മൂന്നാം മൈൽ) എന്ന സ്ഥലത്ത് കെ.കൃഷ്ണൻ ഗുരുക്കൾ ഒരു കുടിൽകെട്ടി ആരംഭിച്ച പൊന്ന്യം വെസ്റ്റ് മുണ്ടോളി എൽ.പിസ്ക്കൂളും അതേവർഷം അയ്യത്താൻ രാമുണ്ണി ഗുരുക്കൾ പൊന്ന്യത്ത് സ്ഥാപിച്ച പൊന്ന്യം ഈസ്റ്റ് എൽ.പി.സ്ക്കൂളും ആദ്യ വിദ്യാലയങ്ങളിൽ പെടുന്നു.

ചുണ്ടങ്ങപൊയിൽ നോർത്ത് എൽ.പി. (1914),ആണിക്കാംപൊയിൽ ഈസ്റ്റ് എൽ.പി. 1915), കനകമഠം എൽ.പി.എസ്(1917), തരുവണത്തെരു യു.പി.(1918), പൊന്ന്യം എൽ.പി.(1920), പൊന്ന്യം സെൻട്രൽ എൽ.പി(1921), ഗവ:യു.പി കതിരൂർ 1922), ചുണ്ടങ്ങപൊയിൽ മാപ്പിള എൽ.പി(1922), പൊന്ന്യം സൗത്ത് എൽ.പി (1923) എന്നിവ ഈ നൂറ്റാണ്ടിൻെറ ആദ്യഭാഗത്തിൽ പ്രാദേശിക ഗുരുക്കൻമാർ ഇന്നുകാണുന്ന സ്ഥലങ്ങളിലോ തൊട്ടടുത്ത പുരയിടങ്ങിലോ ആരംഭിച്ച പഴക്കം ചെന്ന വിദ്യാലയങ്ങളാണ്. പുല്ല്യോട് ഗവ:എൽ.പി സ്ക്കൂൾ(1926), പൊന്ന്യം വെസ്റ്റ് എൽ.പി.(1926), ചുണ്ടങ്ങപൊയിൽ സെൻട്രൽ എൽ.പി(1929), കതുരൂർ ഈസ്റ്റ് എൽ.പി(1932) എന്നിവ പ്രാദേശിക പേരുകളിൽ ആരംഭിച്ച പഴയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അരനൂറ്റാണ്ടിലേറെ പഴക്കമുള്ള വിദ്യാലയങ്ങളാണ് പഞ്ചായത്തിലെ ബാക്കിയുള്ള എല്ലാ വിദ്യാലയങ്ങളും. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്ത പുല്യോട് എൽ.പി സ്ക്കൂളും, കതിരൂർ ഗവ:ഹൈസ്ക്കൂളും ഉൾപ്പെടെ നാല് സർക്കാർ വിദ്യാലയങ്ങളാണ് ഇവിടെയുള്ളത്. ഈ പഞ്ചായത്തിൽ ആകെയുള്ള വിദ്യാലയങ്ങൾ 24 ആണ്. 19എൽ.പിസ്ക്കൂളുകൾ ഉള്ളത് ചുണ്ടങ്ങപൊയിൽ സെൻട്രൽ എൽ.പി, കനകമഠം എൽ.പി. പുല്ല്യോട് വെസ്റ്റ് എൽ.പി. എന്നിവടങ്ങളിൽ അഞ്ചാം ക്ലാസ്സുകൂടി നിലവിലുണ്ട്. യു.പി വിഭാഗം മാത്രമുള്ള യു.പിസ്ക്കൂൾ ഉൾപ്പെടെ മൂന്ന് യു.പി. സ്ക്കൂളുകൾ ആണ് പഞ്ചായത്തിൽ ഉള്ളത്. ഇവിടെ 2 ഹൈസ്സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. 5മുതൽ 10 വരെക്ലാസ്സുകൾക്ക് പുറമെ MRDA (മെയിൻറനൻസ് ആൻഡ് റിപ്പയർ ഓഫ് ഡെമസ്റ്റിക് അപ്ലിയൻസ്) MRTV (മെയിൻറനൻസ് ആൻഡ് റിപ്പയർ ഓഫ് റേഡിയോ ആൻഡ് ടെലിവിഷൻ) എന്നിവ പഠിപ്പിക്കുന്ന കതിരൂർ ഗവ:വൊക്കേഷനൽ ഹയർ സെക്കൻഡറി സ്ക്കൂൾ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമാണ്. 1മുതൽ 10വരെ ക്ലാസ്സുകൾ നടത്തുന്ന ചുണ്ടങ്ങപൊയിൽ ഗവ:ഹയർസെക്കണ്ടറിസ്ക്കൂളിൽ സാമ്പത്തിക ശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം എന്നിവയിൽ ഒരുഭാഷയും ഐച്ഛികമായി പഠിപ്പിക്കുന്നുണ്ട്.

എത്രയോ ഗുരുക്കൻമാരുടെ പരിശ്രമ ഫലമായി തലമുറയായി വിദ്യാഭ്യാസം കൈമാറി വന്ന പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ടാണ് മിക്ക വിദ്യാലയങ്ങളും രൂപംകൊള്ളുന്നത്. സ്വാതന്ത്ര്യസമര ചരിത്രത്തിൻേറയും ദേശീയ പ്രസ്ഥാനത്തിൻേറയും ഭാഗമായി വളർന്നുവന്നവയാണ് പല വിദ്യാഭ്യാസ സ്ഥാപനങ്ങളും. അതുകൊണ്ട് തന്നെ ദേശീയപ്രസ്ഥാനത്തിനുവേണ്ടി നടത്തിയ പ്രക്ഷോഭങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഭഗത്സിങ്ങിന് തൂക്കിക്കൊന്നപ്പോഴും, അബുവും, ചാത്തുക്കുട്ടിയും രക്തസാക്ഷികളായ തലശ്ശേരി വെടിവെപ്പ് നടന്നപ്പോഴും (1940) കിറ്റിന്ത്യാ സമരകാലത്തും (1942) കതിരൂർ ഹൈസ്ക്കൂളുലെ വിദ്യാർത്ഥികൾ ക്ലാസ്സ്വിട്ട് ഇറങ്ങുകയും പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത സി.ആർ. രാമക്കുറുപ്പ്മാസ്റ്റർ, വടവതി രാമചന്ദ്രൻ മാസ്റ്റർ, മടപ്പള്ളി കൃഷ്ണൻമാസ്റ്റർ, വൈ.എ. ചാത്തുകുട്ടി മാസ്റ്റർ, വടവതി ഭരതൻ മാസ്റ്റർ എന്നിവരും അധ്യാപക പ്രസ്ഥാനത്തിൻെറ അമരക്കാരനായിരുന്ന പി.കെ. അച്ചുതൻ നമ്പ്യാർ മാസ്റ്ററും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു കൊണ്ട് കതിരൂരിനെ ധന്യരാക്കിയ മഹദ് വ്യക്തികളാണ്.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് വളക്കൂറുള്ള മണ്ണ് സൃഷ്ടിച്ച നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങൾ ഇന്ന് കടുത്ത വെല്ലുവിളി നേരിട്ട് കൊണ്ടിരി

ക്കുകയാണ്. വൈദേശിക മേധാവിത്വത്തിന്റെ കീഴിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഒരാവശ്യമായിരുന്നു. സ്വതന്ത്ര ഇന്ത്യയിലും ആ പാരമ്പര്യ വിദ്യാഭ്യാസ രീതിതന്നെ നിലനിന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ആഭിമുഖ്യം നിലനിർത്തുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് ഇടനൽകി. മെച്ചപ്പെട്ട വിദ്യാഭ്യാസം എന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്ന മിഥ്യാ ധാരണ വിദ്യാ സമ്പന്നരിൽ പോലും നിലനിൽക്കാൻ ഇടയായത് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ തള്ളിക്കയിറ്റത്തിന് കളമൊരുക്കി. സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയം കാരണം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ തളർച്ചയെ നേരിടുന്നു.

ഒരുകാലത്ത് ധാരാളം വിദ്യാർത്ഥികൾ ഉണ്ടായിരുന്ന വിദ്യാലയങ്ങളിൽ പലതും അൺ എക്കണോമിക്ക് വിദ്യാലയങ്ങളാണിന്ന്. ഈ പഞ്ചായത്തിൽ അൺ എയിഡഡ് വിദ്യാലയങ്ങൾ ഇല്ലാതിരുന്നിട്ടും വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത് പട്ടണപ്രദേശങ്ങളിലെ അൺ എയിഡഡ് വിദ്യാലയങ്ങളിലേക്കുള്ള ഒഴുക്കിനെയാണ് സൂചിപ്പിക്കുന്നത്.

സമൂഹത്തിന് ഉപകാരപ്രദമല്ലാത്ത വിദ്യാഭ്യാസ രീതിയിൽനിന്ന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് മാറേണ്ടതുണ്ട്. ഒരു പൈരനുവേണ്ട വിദ്യാഭ്യാസം നൽകി അവനെ സമൂഹത്തിന്റെ ഭാഗമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമോന്നതമായ ഒരു ലക്ഷ്യം. എന്നാൽ വിഗ്യാഭ്യാസം നേടിയവർ ഇന്ന് സ്വന്തം കാര്യം മാത്രം നോക്കി തന്നിലേക്ക് മാത്രം ഒതുങ്ങുന്നവരായി മാറുന്നതാണ് നാം കാണുന്നത്. തൊഴിലിനോടും തൊഴിൽ ചെയ്യുന്നവരോടും കൂറുള്ള ഒരു സമൂഹസൃഷ്ടിക്ക് നമുക്ക് സാധിക്കണം.

പരിമിതമായ ഭൗതിക സാഹചര്യങ്ങൾ ഉള്ളവയാണ് അധിക വിദ്യാലയങ്ങളും. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ കണ്ടറിയാനും വിദ്യാഭാസ രംഗത്തെ പരിമിതികൾ തിരിച്ചറിയാനും പരിഹരിക്കാനും ഉതകുന്ന തരത്തിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പരിഹാര നടപടികൾ കൊണ്ട് മാത്രമേ നമ്മുടെ പൊതു വിദ്യാലയങ്ങളുടെ നഷ്ടപ്രതാപം വീണ്ടെടുക്കുവാൻ കഴിയുകയുള്ളൂ. അതിനുതകുന്ന പരിപാടി എന്ന നിലയിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആകാംക്ഷയോടെ ഉറ്റുനോക്കുന്നവരാണ് കതിരൂരിലെ ജന സമൂഹം.

കതിരൂർ ഗ്രാമത്തിൽ 24 വിദ്യാലയങ്ങളിലായി 5804 കുട്ടികൾ പഠിക്കുന്നു. 1991 – 92 ൽ 6145 കുട്ടികൾ പഠിച്ചിരുന്ന സ്ഥാനത്ത് കുട്ടികളിലുണ്ടായ കുറവ് പ്രത്യേകം ശ്രദ്ധേയമാണ്. ജനസംഖ്യാ നിയന്ത്രണം ഇതിനൊരു കാരണമാവാം. കുട്ടികളിൽ ചെറിയൊരുഭാഗം അന്യ പഞ്ചായത്തുകളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള വിദ്യാലയങ്ങളിലേക്കും പോകുന്നുണ്ട്. പഞ്ചായത്തിൽ ജോലിചെയ്യുന്ന 249 അധ്യാപകരിൽ 56.2% സ്ത്രീകളാണ്.

ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ കുട്ടികൾ

കതിരൂർ വി.എച്ച്.എസ്.എസ്.

വി.എച്ച്.സി	ഒന്നാംവർഷം	28 + 22 = 50
	രണ്ടാംവർഷം	34 + 14 = 48
	ആകെ	62 + 36 = 98

ചുണ്ടങ്ങാപൊയിൽ എച്ച്.എസ്.എസ്.

+2	ഒന്നാംവർഷം	26 + 49 = 75
	രണ്ടാംവർഷം	32 + 40 = 72
	ആകെ	58 + 89 = 147

പഞ്ചായത്തിൽ ഉപരിപഠനത്തിന് സൗകര്യമുള്ള രണ്ട് സർക്കാർ വിദ്യാലയങ്ങൾ ഇവ മാത്രമാണ്. കതിരൂർ ആർട്സ് കോളേജ്, മനീഷാ കോളേജ്, സമീക്ഷ കോളേജ് എന്നീ പാരലൽ കോളേജുകളിലായി ഒന്നാംവർഷ പി.ഡി.സി.ക്ക് 235 കുട്ടികളും രണ്ടാംവർഷ പി.ഡി.സി.ക്ക് 202 കുട്ടികളും ഡിഗ്രി ക്ലാസ്സുകളിൽ 169 കുട്ടികലും കൂടി ആകെ 606 കുട്ടികൾ ഉപരിപഠനം നടത്തുന്നു. മറ്റ് കുട്ടികൾ നഗരങ്ങളിലെ കോളേജുകളേയും പാരലൽ കോളേജുകളേയും സാങ്കേതിക വിദ്യാലയങ്ങളേയും ആശ്രയിക്കുന്നു. കതിരൂരിലെ ശ്രീനാരായണ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ജയാ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, റീജാസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മൂന്നാംമൈൽ, പെരുമാൾ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പൊന്ന്യം സ്രാമ്പി, ശ്രീഗീത് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കക്കറ എന്നിവിടങ്ങളിൽ 158 കുട്ടികൾ ടൈപ്പ്റൈറ്റിങ്ങും, 23 കുട്ടികൾ ഷോർട്ട്ഹാൻറും

പഠിക്കുന്നു. ജോളി ലൈബ്രറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും, ശ്രീഗീത് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലുമായി 114 പെൺകുട്ടികൾ ടൈലറിംഗ് പരിശീലനം നേടുന്നു. ഉന്നത വിദ്യാഭ്യാസത്തിന് കോളേജ്, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവ ആവശ്യമാണ്.

നേഴ്സറി വിദ്യാലയങ്ങൾ

കതിരൂർ പഞ്ചായത്തിലെ നേഴ്സറി വിദ്യാലയങ്ങളായ ശ്രീനാരായണ നേഴ്സറി സ്കൂൾ, പഞ്ചായത്ത് നേഴ്സറി സ്കൂൾ, ശ്രീനാരായണ നേഴ്സറി മൂന്നാംമൈൽ, പൊന്ന്യം പൊതുജന വായനശാല നടത്തുന്ന പൊന്ന്യം നേഴ്സറി സ്കൂൾ എന്നിവിടങ്ങളിലായി മൊത്തം 150 കുട്ടികൾ പഠിക്കുന്നു. മൂന്നെണ്ണം മലയാളം മീഡിയവും ഒന്ന് ഇംഗ്ലീഷ് മീഡിയവുമാണ്. പഞ്ചായത്തിലെ 9 പ്രൈമറി വിദ്യാലയങ്ങളോട് അനുബന്ധിച്ച് നേഴ്സറി സ്കൂളുകൾ പ്രവൃത്തിച്ചുവരുന്നുണ്ട്.

അംഗൻവാടി

പഞ്ചായത്തിൽ ഒരംഗൻവാടി മാത്രമേയുള്ളൂ. പുല്ല്യോട് ശാരദാ മഹിളാസമാജം നടത്തുന്ന പ്രസ്തുത അംഗൻവാടിയിൽ മുപ്പതോളം കുട്ടികൾ ഉണ്ട്.

ട്യൂഷൻ

പഞ്ചായത്തിലെ പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ 20% ൽ അധികം പേരും ട്യൂട്ടോറിയൽ കോളേജുകളിലും ട്യൂഷൻ സെൻററുകളിലും ചേർന്ന് പഠിക്കുന്നു. സ്വകാര്യ വ്യക്തികൾ നടത്തുന്ന ട്യൂഷൻ ക്ലാസ്സുകളെ ആശ്രയിക്കുന്നവരുമുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ധാരാളം ട്യൂഷൻ സെൻററുകളും, ട്യൂട്ടോറിയൽ കോളേജുകളും ഉണ്ട്. പ്രൈമറി ക്ലാസ്സുകളിലെ ചുരുക്കം കുട്ടികൾ മാത്രമേ അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നുള്ളൂ. മിക്ക വിദ്യാർത്ഥികളിലും വിദ്യാഭ്യാസ മാസികകൾ, ഗൈഡുകൾ എന്നിവയുടെ സ്വാധീനമുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾ

പഞ്ചായത്തിലെ 24 വിദ്യാലയങ്ങളിലായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

പഠനം നിർത്തിയവർ

കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ പഠനം നിർത്തിയവരുടെ കണക്ക്

ക്ലാസ്സ്	1	2	3	4	5	6	7	8	9	10	ആകെ
ആൺ	-	-	-	-	2	1	1	10	17	-	31
പെൺ	-	-	-	-	-	-	-	6	13	4	23
ആകെ	-	-	-	-	2	1	1	16	30	4	54

സ്കൂൾ കോംപ്ലക്സ്

കതിരൂർ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിന് മുമ്പേതന്നെ ശ്രമം ആരംഭിച്ചിരുന്നു. കോത്താരികമ്മീഷൻ നിർദ്ദേശിച്ച തനുസരിച്ച് സ്കൂൾ കോംപ്ലക്സുകൾ രൂപംകൊണ്ടപ്പോൾ കേരളത്തിൽ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ച ഒന്നായിരുന്നു കതിരൂർ കോംപ്ലക്സ്. 1970 -71 മുതൽ 1979 - 80 വരെ നീണ്ടുനിന്ന കരിരൂർ കോംപ്ലക്സ് വിദ്യാഭ്യാസ ഡിപ്പർട്ട്മെൻറിൻെറ പ്രശംസക്ക് പാത്രമായിരുന്നു. അധ്യാപകർക്കുള്ള ഇൻസർവ്വീസ് കോഴ്സുകൾ, മാതൃകാ ക്ലാസ്സുകൾ, വിവിധ വിഷയങ്ങൾ കൈകാര്യംചെയ്യുന്ന അധ്യാപകരുടെ ഒത്തുചേരൽ, പാഠഭാഗങ്ങളെ കുറിച്ചുള്ള ചർച്ചകൾ, പഠനോപകരണ ശിൽപശാലകൾ, അധ്യാപകർക്കുള്ള കൈയ്യെഴുത്തു പരിശീലനം, ബോംബു പെൻ ഡ്രോയിംഗ് ക്ലാസ്സുകൾ, ചോദ്യപേപ്പർ നിർമ്മാണ ശിൽപശാലകൾ, അധ്യാപകർക്കുള്ള സ്റ്റഡിടൂർ, കൈയ്യെഴുത്തു മാസികകൾ, കോംപ്ലക്സ്തല കലാ- കായിക മേളകൾ, പഞ്ചായത്ത്തല എൽ.എസ്.എസ്. യു.എസ്.എസ്, സ്കോളർഷിപ്പ് കോച്ചിംഗ് ക്ലാസ്സുകൾ, സ്കോളർഷിപ്പ് മോഡൽ പരീക്ഷകൾ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ, പൊതുദിനാഘോഷങ്ങൾ എന്നിവ വിജയകരമായി നടത്തിയിരുന്നു. ക്രമേണ കോംപ്ലക്സ് പ്രവർത്തനം പൂർണ്ണമായി ഇല്ലാതാവുകയും ചെയ്തു.

സാക്ഷരതായജ്ഞം വൻ വിജയമാക്കിയ പഞ്ചായത്താണ് കതിരൂർ. എന്നാൽ തുടർ സാക്ഷരതാ പരിപാടി വിജയിച്ചില്ല. രണ്ട് ജന വിദ്യാകേന്ദ്രങ്ങളും പ്രവർത്തൻനമില്ല.

അക്ഷരപ്പുലരി

ജില്ലാ കൗൺസിലിൻേറയും ഡയറ്റിൻേറയും

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ക്ലാസ്സ്തിരിച്ചുള്ള കണക്ക്.

ക്ലാസ്സ്	1	2	3	4	5	6	7	8	9	10	ആകെ
ആൺ	263	274	291	279	237	284	330	414	380	305	3057
പെൺ	241	247	246	271	228	259	285	352	329	289	2747
ആകെ	504	521	537	550	465	543	615	766	709	594	5804

നേതൃത്വത്തിൽ 93 - 94 ൽ നടന്ന അക്ഷരപ്പുലരി പരിപാടി വൻവിജയമാക്കിയ പഞ്ചായത്തുകളിൽ ഒന്നായിരുന്നു കതിരൂർ.

എൽ.പി. ക്ലാസ്സുകളുള്ള 22 വിദ്യാലയങ്ങളിൽ പ്രീടെസ്റ്റ് നടത്തിയപ്പോൾ മൂന്നാംക്ലാസ്സിൽ പഠിച്ചിരുന്ന 566 കുട്ടികളിൽ 281 പേരും (49.6%) നാലാംക്ലാസ്സിൽ പഠിച്ചിരുന്ന 539 പേരിൽ 225 പേരും (41.7%) അക്ഷരബോധമുറക്കാത്തവരായിരുന്നു എന്ന് കണ്ടെത്തി. തുടർന്ന് 33 പ്രവൃത്തിദിവങ്ങളിൽ സ്കൂൾ സമയത്തിനുശേഷം അക്ഷരപുലരി പുസ്തകം ഉപയോഗിച്ചുകൊണ്ട് പാട്ടിലൂടെ കളികളിലൂടെ അധ്യാപകർ ജനപങ്കാളിത്തത്തോടെ അക്ഷരമുറപ്പിച്ചു. ഫലം ആശാവഹമായിരുന്നു. പോസ്റ്റ് ടെസ്റ്റ് നടത്തിയപ്പോൾ 80% കുട്ടികളും വിജയിച്ചു. തുടർ പ്രവർത്തനം ഇല്ലാത്തതിനാൽ ഈ ഗുണനിലവാരം നിലനിർത്താൻ കഴിഞ്ഞില്ല.

വിദ്യാഭ്യാസ വികസന സമിതി

1996 ഫിബ്രവരിയിൽ കതിരൂർ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി രൂപീകരിച്ചിരുന്നു. പി.ടി.എ. പ്രവർത്തനങ്ങളെ കുറിച്ചും ഭൗതിക സാഹചര്യങ്ങളെ കുറിച്ചും പഠന ബോധന പാഠ്യാനുബന്ധ പ്രവർത്തനങ്ങളെ കുറിച്ചും സമഗ്രമായ പഠനം നടത്തുകയുണ്ടായി.

ഗുരുകുലം

കണ്ണൂർ ജില്ലാപഞ്ചായത്ത് ഡയറ്റിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും സഹായത്തോടെ 1996 - 97 ൽ നടപ്പാക്കിയ ഗുരുകുലം പദ്ധതി ഈ രംഗത്ത് വളരെയേറെ അഭിലഷണീയമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്ത്, വാർഡ്, സ്കൂൾതല വിദ്യാഭ്യാസ സമിതികളും മാതൃസംഘവും പി.ടി.എയും രൂപീകരിച്ച് പ്രവർത്തനങ്ങളാരംഭിച്ചിരുന്നു.

പഠനനിലവാരം 1996 - 97 ലെ പാദവാർഷിക പരീക്ഷ

ക്ലാസ്സ്	മാർക്ക്നേടിയവർ					ആകെ കുട്ടികൾ
	30% താഴെ	30%-40%	41%-50%	51%-60	60% മേലെ	
3.	33	55	109	113	226	536
4.	53	60	89	112	236	550
5.	45	77	97	103	143	465
6.	111	127	114	70	121	543
7.	122	144	126	86	137	615
8.	252	219	148	83	64	766
9.	125	257	164	85	78	709
10.	271	139	92	46	46	594

അവലംബം സ്ക്കൂൾ രേഖകൾ

ക്ലാസ്സുമുറികൾ ആകർഷകമാക്കൽ, ചുമർ മാസികകൾ, വായനാ കോർണറുകൾ, പഠനോപകരണ നിർമ്മാണ ശില്പശാലകൾ, മാതൃ സംഗമങ്ങൾ, പിയർ ടീച്ചിങ്ങ്, പിയർ മോണിട്ടറിങ്ങ്, ലഘു പഠനയാത്രകൾ, രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ കുട്ടികളെ പഠിപ്പിക്കൽ. പിന്നോക്ക വിദ്യാർത്ഥികൾക്ക് സ്പെഷൽകോച്ചിങ്ങ് ക്ലാസ്സുകൾ, അധ്യാപക സംഗമങ്ങൾ, ചോദ്യപേപ്പർ നിർമ്മാണം തുടങ്ങിയ ഒട്ടേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എന്നാലും അയൽകൂട്ടങ്ങൾ വേണ്ടത്ര ഉണ്ടാക്കിയില്ല. ഗുരുകുലം പദ്ധതി നമ്മുടെ പഞ്ചായത്തിന് ഗുണപ്രദമാക്കാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസ തൽപരർ ഈ കാര്യത്തിൽ ശ്രദ്ധിക്കണം.

എം.എൽ.എൽ. പരിപാടി

1,2 ക്ലാസ്സുകളിൽ പ്രത്യേക പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ സ്ഥിരമായി നടത്തിയും നവീന ബോധന തന്ത്രങ്ങൾ പ്രയോഗിച്ചും പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പ്രത്യേക പരിശീലനം നേടിയ വിദഗ്ധരായ അധ്യാപകർ മാത്രം ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ഒരു രീതിയാണ് മിനിമം ലവൽ ഓഫ് ലേണിങ്ങ് എന്ന പരിപാടി. 80% മാർക്ക്നേടാൻ കുട്ടിയെ പ്രാപ്തമാക്കുന്ന ഈ പഠനരീതി പഞ്ചായത്തിലെ 7 വിദ്യാലയങ്ങളിൽ വിജയകരമായി നടത്തിവരികയാണ്. ഡയറ്റാണ് നേതൃത്വം നൽകുന്നത്.

ആണിക്കാംപൊയിൽ ഈസ്റ്റ് എൽ.പി., കനകമഠം എൽ.പി., പൊന്ന്യം വെസ്റ്റ് മുണ്ടോളി എൽ.പി., പുല്ല്യോട് വെസ്റ്റ് എൽ.പി., പുല്ല്യോട് ഗവ: എൽ.പി., തരുവണതെരു യു.പി., കതിരൂർ ഗവ: യുപി. എന്നീ വിദ്യാലയങ്ങളിൽ ഏ.എൽ.എൽ പരിശീലനം നേടിയ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽനടപ്പിലാക്കിയ ഈ പദ്ധതി വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കുമെന്ന് അനുഭവം തെളിയിക്കുന്നു. അടുത്തവർഷം ഈ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും ബാധകമക്കുന്നതാണ്.

പരീക്ഷാഫലം കുട്ടികളുടെ പഠനത്തിലുള്ള താല്പര്യകുറവിനെ സൂചിപ്പിക്കുന്നു. 1997 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതേണ്ട കുട്ടികളിൽ 410പേരും(69%) 40%മാർക്ക്പോലും നേടാത്തവരാണ്. കാൽകൊല്ല പരീക്ഷയിലെ ഞെട്ടിക്കുന്ന ഈ കണക്ക് രക്ഷിതാക്കൾ ഗൗരവബുദ്ധ്യാ കാണണമെന്നഭിപ്രായമുണ്ട്. കുട്ടികളുടെ ഗൃഹ പഠനത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധ ഗൗരവമായി പതിയേണ്ടതുണ്ട്. കുട്ടികളെ

എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരും - വിജയശതമാനവും

നമ്പ്ര്	സ്കൂളിന്റെ പേര്	1991-92	1992-93	1993-94	1994-95	1995-96
1	ഗവ: വി.എച്ച്.എസ് കതിരൂർ	384-46%	385-42%	403-45%	374-36%	393-33%
2	ഗവ: എച്ച്.എസ്.എസ് ചുണ്ടങ്ങാപൊയിൽ	109-50%	123-38%	148-45%	151-24%	166-43%

ഹയർസെക്കണ്ടറി പരീക്ഷാഫലം - വിജയശതമാനം

നമ്പ്ര്	സ്കൂളിന്റെ പേര്	1991-92	1992-93	1993-94	1994-95	1995-96
1	ഗവ: വി.എച്ച്.എസ് കതിരൂർ	16.7%	40.4%	81%	38.8%	91.3%
2	ഗവ: എച്ച്.എസ്.എസ് ചുണ്ടങ്ങാപൊയിൽ	44%	90%	100%	86%	84%

ട്യൂഷനയക്കുന്നത്കൊണ്ട് മാത്രം കാര്യമില്ല. ഗൃഹപഠനം ചിട്ടയായി നടക്കണം. ബോധവൽക്കരിക്കപ്പെടേണ്ടത് രക്ഷിതാക്കളാണ്.

രണ്ട് ഹൈസ്ക്കൂളുകളിലേയും എസ്.എസ്. എൽ.സി വിജയശതമാനം പിറകോട്ടാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം പൊതുവേ തൃപ്തികരമല്ല. പഠന ബോധന നിലവാരം മെച്ചപ്പെടേണ്ടതുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം ആശാവഹമാണ്.

പഠന നിലവാരതകർച്ചക്ക് കാരണങ്ങൾ പലതും ചൂണ്ടിക്കാണിക്കാൻ കഴിയും. പാഠ ഭാഗങ്ങളുടെ കാഠിന്യവും ആധിക്യവും, അധ്യയന ദിവസങ്ങളുടെ കുറവ്, ടി.വി. കാണുന്നതിന് കുട്ടികൾക്ക് അനുവദിക്കുന്ന സമയനിയന്ത്രണമില്ലായ്മ, പഠനോപകരണങ്ങൾ ഉപയോഗിക്കാതെയുള്ള ബോധന രീതികൾ, അശാസ്ത്രീയമായ പരീക്ഷാരീതി, അനാവശ്യ സമരങ്ങൾ, സ്കൂളുകളിലെ ഒഴിവുകൾ യഥാസമയം നികത്താതിരിക്കൽ, അധ്യാപകർക്കുള്ള ഇൻസർവീസ് കോഴ്സുകളുടെ അഭാവം, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, സമൂഹത്തിന്റെ ബോധപൂർവ്വമായ ഇടപെടലുകളുടെ അഭാവം. സമൂഹത്തിലെ മൂല്യച്യുതി അധ്യാപകരേയും ബാധിച്ചത് തുടങ്ങിയവ ഇവയിൽ ചിലതത്രെ.

ഭൗതിക സാഹചര്യം

മിക്ക പ്രൈമറി സ്കൂളുകളിലേയും ഭൗതിക സാഹചര്യം തൃപ്തികരമല്ല. 18 വിദ്യാലയങ്ങളിൽ കക്കൂസുകൾ ഇല്ല. മൂത്രപ്പുരയില്ലാത്ത വിദ്യാലയങ്ങൾ പകുതിയുണ്ട്. 75% വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ല. 87.5% വിദ്യാലയങ്ങളിൽ സ്റ്റാഫ്റൂമില്ല. 96% വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആവശ്യമായത്ര ഫർണിച്ചറുകളില്ല. ഡസ്കുകളില്ലാത്ത വിദ്യാലയങ്ങളുണ്ട് . കുടിവെള്ളം മലമൂത്ര വിസർജ്ജനം ഇവയ്ക്കായി അന്യവീടുകളെ ആശ്രയിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് പരിഹാരമുണ്ടാക്കണം.

പി.ടി.എ.,മാതൃസംഘം

മാതൃസംഘവും പി.ടി.എ.യും ഈ പഞ്ചായത്തിൽ സജീവമാണ്. ഓരോ വിദ്യാലയങ്ങളുടെ പുരോഗതിക്കും അതത് രക്ഷാകർതൃ സംഘടനകളും നാട്ടുകാരും സംഭാവന അർപ്പിക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. സ്കൂളുകൾക്കാവശ്യമായ കിണർ, പൈപ്പ്ലൈൻ, വൈദ്യുതി, തറസിമൻറിടൽ, ഉച്ചഭാഷിണിനൽകൽ, മൂത്രപ്പുര ഉണ്ടാക്കൽ, ഉച്ചക്കഞ്ഞി സംഭാവനകൾ, സ്കോളർഷിപ്പ് നൽകൽ തുടങ്ങിയ നിരവധി സഹായങ്ങളും പ്രവർത്തനങ്ങളും രക്ഷിതാക്കളുടെ സംഘടനകൾ ചെയ്തുവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ എന്നും ശ്ലാഘനീയമാണ്.

പഠ്യാനുബന്ധപ്രവർത്തനങ്ങളിലെ പങ്കാളിത്തം

പഞ്ചായത്തിലെ 60% വിദ്യാലയങ്ങളും കലാമേളകൾ കായിക മേളകൾ, ശാസ്ത്ര മേളകൾ, വിവിധ പ്രദർശനങ്ങൾ, ക്വിസ് മത്സരങ്ങൾ, കായിക മത്സരങ്ങൾ എന്നിവയിൽ സജീവമായ പങ്കാളിത്തം വഹിക്കുന്നവരാണ്. സബ്ജില്ല-ജില്ല-സംസ്ഥാന തലങ്ങളിലും മികച്ച വിജയം നേടുന്ന ചില വിദ്യാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. സംസ്ഥാനതല വിജയികളേയും കലാതിലകങ്ങളേയും കലാ പ്രതിഭകളേയും ഈ കൊച്ചുഗ്രാമം സംഭാവനചെയ്തിട്ടുണ്ട്. ശാസ്ത്ര സെമിനാറുകളിലും, കായിക മേളകളിലും ദേശീയതലത്തിൽ അംഗീകാരം നേടിയ അധ്യാപകരും വിദ്യാർത്ഥികളും നമുക്കുണ്ടായിട്ടുണ്ട്. ഒഴിവുദിവസങ്ങളിലും സ്ക്കൂൾ സമയത്തിനുശേഷവും കലാ-കായിക-ശാസ്ത്ര രംഗങ്ങളിൽ മികച്ച കോച്ചിങ്ങ് നൽകുന്ന ത്യാഗധനരായ ധാരാളം അധ്യാപകർ നമ്മുടെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നു എന്ന വസ്തുതയാണ് ഈവിജയങ്ങൾ സൂചിപ്പിക്കുന്നത്. സ്ക്കൂൾ സമയത്തിനുശേഷവും സ്ക്കൂൾപരിസരം അധ്യാപകരും വിദ്യാർത്ഥികളും ഉപയോഗപ്പെടുത്തുന്നതും അന്തരീക്ഷം ശബ്ദമുഖരിതമാകുന്നതും സ്പോർട്സ്മാൻ സ്പിരിട്ടിൽ നാളെയുടെ നല്ല വാഗ്ദാനങ്ങളായി കാണുന്നവരാണ് കതിരൂരിലെ വിദ്യാഭ്യാസ പ്രേമികളും നല്ലവരായ നാട്ടുകാരും. ചുണ്ടങ്ങാപൊയിൽ ഹയർ സെക്കണ്ടറി സ്കൂളിലെ എൻ.എസ്.എസ്. ഉം കതിരൂർ ഹയർ സെക്കണ്ടറി സ്ക്കുളിലെ എൻ.സി.സിയും വിദ്യാർത്ഥികളിൽ രാജ്യസ്നേവും സേവന സനദ്ധതയും വളർത്തിയെടുക്കുവാൻ

കതിരൂർ ഗ്രാമ പഞ്ചായത്തിലെ സ്കൂൾ: വിദ്യാർത്ഥികൾ: അധ്യാപകർ

നമ്പ്	സ്കൂൾ	മാനേജ് മെൻറ്	1996 - 97 വിദ്യാർത്ഥികൾ			അധ്യാപകർ			1991 - 92ൽ	
			ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ	കുട്ടികൾ	അധ്യാപകർ
1.	ആണിക്കാംപൊയിൽ ഈസ്റ്റ് എൽ.പി.എസ്.	Do	69	36	105	3	3	6	112	6
2.	ആണിക്കാംപൊയിൽ വെസ്റ്റ് എൽ.പി.എസ്.	Do	29	28	57	1	4	5	68	4
3.	ചുണ്ടങ്ങാപൊയിൽ നോർത്ത് എൽ.പി.എസ്.	Do	34	34	68	1	3	4	95	4
4.	ചുണ്ടങ്ങാപൊയിൽ മാപ്പിള എൽ.പി.എസ്.	Do	40	48	88	2	3	5	101	5
⊕5.	ചുണ്ടങ്ങാപൊയിൽ സെൻട്രൽ എൽ.പി.	Do	67	72	139	2	3	5	119	5
6.	കതിരൂർ ഈസ്റ്റ് എൽ.പി.	Do	44	36	80	3	2	2	92	4
7.	കതിരൂർ വെസ്റ്റ് എൽ.പി.	Do	46	51	97	2	4	6	107	6
⊕8.	കനകമഠം എൽ.പി.എസ്.	Do	53	68	121	3	3	6	149	7
9.	കതിരൂർ മുസ്ലീം എൽ.പി.	Do	38	31	69	2	3	5	118	5
10.	പൊന്ന്യം എൽ.പി.എസ്.	Do	97	-	97	1	3	4	71	4
11.	പൊന്ന്യം സൗത്ത് എൽ.പി.		33	34	67	-	4	4	61	4
12.	പൊന്ന്യം വെസ്റ്റ് എൽ.പി.	Do	30	27	57	2	3	5	76	4
13.	പൊന്ന്യം സൗത്ത് സെൻട്രൽ എൽ.പി.എസ്.	Do	47	54	101	2	3	5	102	5
14.	പൊന്ന്യം സെൻട്രൽ എൽ.പി.എസ്.	Do	-	82	82	2	2	4	88	5
15.	പൊന്ന്യം ഈസ്റ്റ് എൽ.പി.	Do	31	30	61	-	4	4	102	5
16.	പൊന്ന്യം മാപ്പിള എൽ.പി.	Do	37	27	64	2	3	5	84	5
17.	പൊന്ന്യം വെസ്റ്റ് മുണ്ടോളി എൽ.പി.എസ്.	Do	56	47	103	2	2	4	149	4
⊕18.	പുല്ല്യോട് വെസ്റ്റ് എൽ.പി.	Do	69	78	147	4	2	6	148	7
19.	ഗവ: എൽ.പി. പുല്ല്യോട്	ഗവ:	50	51	101	3	2	5	86	5
20.	പൊന്ന്യം യു.പി.എസ്.	മാനേജ്മെൻറ്	132	102	234	4	10	14	397	14
21.	തരുവണതെരു യു.പി.	Do	458	428	886	7	17	24	824	24
22.	ഗവ: യു.പി. കതിരൂർ	ഗവ:	113	98	211	4	10	14	397	13
23.	കതിരൂർ ഗവ: വി.എച്ച്.എസ്.എസ്.	Do	1007	815	1822	35	25	60	1715	60
24.	ചുണ്ടങ്ങാപൊയിൽ ഗവ: എച്ച്.എസ്.എസ്.	Do	477	470	947	22	22	44	992	38
	ആകെ	-	3057	2747	5804	109	140	249	6145	243

⊕അഞ്ചാംതരമുള്ള എൽ.പി. സ്കൂൾ

അക്കാദമിക് സൗകര്യങ്ങൾ

	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	കളിസ്ഥലം	സ്റ്റാഫ് മുറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കുടിവെള്ളം പൈപ്പ്/കിണർ	ആവശ്യത്തിന് ഫർണിച്ചർ	ടേപ്പ്റിക്കാർഡർ	സ്റ്റൈഡ് പ്രൊജക്ടർ	പി.ടി.എ	മാതൃസംഘം
1	ആണിക്കാംപോയിൽ ഈസ്റ്റ് എൽ.പി	16സെ	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവം	സജീവം
2	ആണിക്കാംപോയിൽ വെസ്റ്റ് എൽ.പി	കെട്ടിടം മാത്രം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
3	ചുണ്ടങ്ങാപൊയിൽ നോർത്ത് എൽ.പി	8സെ.	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവമല്ല	സജീവം
4	ചുണ്ടങ്ങാപൊയിൽ മാപ്പിള എൽ.പി	2.5സെ.	4284 സ്കൂ.ഫീ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
5	ചുണ്ടങ്ങാപൊയിൽ സെൻട്രൽ എൽ.പി	90സെ.	ഇല്ല	ഇല്ല	2	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
6	കതിരൂർ ഈസ്റ്റ് എൽ.പി	1000 സ്കൂ.	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല	പൈപ്പ്	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
7	കതിരൂർ വെസ്റ്റ് എൽ.പി	3സെ.	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	കിണർ	ഇല്ല	1	ഇല്ല	ഉണ്ട്	സജീവ
8	കനകമഠം എൽ.പി	13സെ.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവം	സജീവം
9	കതിരൂർ മുസ്ലീം എൽ.പി	കെട്ടിടം മാത്രം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
10.	പൊന്ന്യം എൽ.പി	3.75സെ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	കിണർ	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
11	പൊന്ന്യം സൗത്ത് എൽ.പി	4 സെ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവം	ഉണ്ട്
12	പൊന്ന്യം വെസ്റ്റ് എൽ.പി	106.6 സ്കൂ.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	1	ഇല്ല	സജീവം	സജീവം
13	പൊന്ന്യം സൗത്ത് സെൻട്രൽ എൽ.പി	1162 സ്കൂ	ഇല്ല	1	2	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവം	സജീവം
14	പൊന്ന്യം സെൻട്രൽ എൽ.പി	3.2/3	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	സജീവം	ഉണ്ട്
15	പൊന്ന്യം ഈസ്റ്റ് എൽ.പി	4 സെ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല്	ഉണ്ട്	ഇല്ല	1	ഇല്ല	ഉണ്ട്	സജീവം
16	പൊന്ന്യം മാപ്പിള എൽ.പി	കെട്ടിടം മാത്രം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	കിണർ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
17	പൊന്ന്യം വെസ്റ്റ് മുണ്ടോളി എൽ.പി	കെട്ടിടം മാത്രം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	കിണർ	ഇല്ല	1	ഇല്ല	സജീവം	സജീവം
18	പുല്ല്യോട് വെസ്റ്റ് എൽ.പി	50സെ	ഇല്ല	2	1	1	ഇല്ല	ഉണ്ട്	കിണർ	ഇല്ല	1	ഇല്ല	സജീവം	സജീവം
19	ഗവഃ എൽ.പിപുല്ല്യോട്	1ഏക്ര	30സെ	1	2	2	1	ഇല്ല്	കിണർ	ഇല്ല	1	ഇല്ല	സജീവം	സജീവം
20	പൊന്ന്യം യു..പി.	30സെ	10സെ	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	സജീവം
21	തരവണത്തെരു യു.പി	27.5സെ	ഇല്ല	ഇല്ല	3	2	1	ഉണ്ട്	കിണർ പൈപ്പ്	ഇല്ല	ഇല്ല	ഇല്ല	സജീവം	സജീവം
22	ഗവഃയു.പി കതിരൂർ	1575 സ്കൂ.	1125 സ്കൂ.മീ	ഉണ്ട്	1	1	1	ഉണ്ട്	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	സജീവം	സജീവം
23	ഗവഃവി.എച്ച്.എസ്സ്.എസ്സ്. കതിരൂർ	5 ഏ 56സെ	3528 സ്കൂ.മീ	ഉണ്ട്	4	4	1	ഉണ്ട്	പൈപ്പ് കിണർ	ഇല്ല	ഇല്ല	1	സജീവം	സജീവം
24.	ഗവഃഎച്ച്.എസ്സ്.എസ്സ്. പുണ്ടങ്ങാപൊയിൽ	1 ഏ 63സെ	ഇല്ല	ഉണ്ട്	2	6	1	ഉണ്ട്	പൈപ്പ് കിണർ	ഇല്ല്	1	1	സജീവം	സജീവം

സഹായകമായിട്ടുണ്ട്. സ്കൗട്ട് പ്രസ്ഥാനം വിദ്യാലയങ്ങളിൽ വേരോട്ടമുണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

ഗ്രാമസഭകളിലെ വിദ്യാഭ്യാസ ഗ്രൂപ്പ് ചർച്ചകളിലൂടെയും ദ്വിതീയ വിവര ശേഖരണങ്ങളിലൂടെയും വിദ്യാഭ്യാസ പ്രവർത്തകരുമായുള്ള മുഖാമുഖങ്ങളിലൂടെയും വെളിവായ പ്രധാന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്.

1. മിക്ക പ്രൈമറി വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യം തൃപ്തികരമല്ല.
2. പ്രൈമറി വിദ്യാലയങ്ങളില്ലാത്ത വാർഡുകൾ ഉണ്ട്.
3. യു.പി. സ്കൂളിലേക്ക് പോകാൻ ഒരു കിലോമീറ്ററിലധികം നടക്കേണ്ടതായി വരുന്നു.
4. കുട്ടികൾ തൊട്ടടുത്ത വിദ്യാലയങ്ങളിൽ ചേരാതെ മികച്ച വിദ്യാലയങ്ങൾ തേടിപ്പോകുന്നു.
5. നേഴ്സറി ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം നല്ലതാണെന്ന് വിശ്വസിക്കുന്ന കുറേ രക്ഷിതാക്കളുണ്ട്.
6. അംഗനവാടികൾ പഞ്ചായത്തിൽ കുറവാണ്.
7. സംഖ്യാബോധവും അക്ഷരബോധവും ഉറക്കാത്ത കുട്ടികൾ ധാരാളമുണ്ട്.
8. സ്കൂൾ ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല.
9. തുടർ പഠനത്തിന് കോളേജില്ലാത്തത് പ്രയാസങ്ങൾ ഉണ്ടാക്കുന്നു.
10. പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് നേഴ്സറി സ്കൂളുകൾ ഇല്ലാത്തതിനാൽ ഒന്നാംക്ലാസ്സിൽ കുട്ടികൾ കുറയുന്നു.
11. സാങ്കേതിക വിദ്യാലയങ്ങളുടെ അഭാവം ഈ പഞ്ചായത്ത് നികത്തേണ്ടതുണ്ട്.
12. ഉച്ചകഞ്ഞി വിതരണത്തിന്നാവശ്യമായ സാമ്പത്തീക വിഭവം ശേഖരിക്കാൻ അധ്യാപകർ കഷ്ടപ്പെടുന്നു.
13. ഉച്ചകഞ്ഞി ആവശ്യമുള്ള എല്ലാ കുട്ടിൾക്കും ലഭിക്കുന്നില്ല.
14. വിദ്യാലയങ്ങളിലെ കുടിവെള്ളപ്രശ്നം, കളിസ്ഥല പ്രശ്നം, പഠനോപകരണങ്ങളുടെ കുറവ്. വൈദ്യുതി ഇല്ലാത്തത്, മൂത്രപ്പുര, കക്കൂസ് ഇല്ലാത്തത് തുടങ്ങിയ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ട്.
15. പാഠ പുസ്തകങ്ങളുടെ പഴക്കം വലുപ്പം കണക്കിലെടുത്ത് മാറ്റങ്ങൾ വരുത്തേണ്ടതാണ്. അവ യഥാസമയം ലഭ്യമാക്കണം.
16. കുട്ടികളുടെ ഇംഗ്ലീഷ് പഠന ബോധന നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.
17. സ്വകാര്യ നേഴ്സറികൾ, അംഗൻ വാടികൾ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, പാരലൽ കോളേജുകൾ ഇവിടങ്ങളിലെ അധ്യാപകർക്ക് വേതന ഘടനയില്ല. തൃപ്തികരവുമല്ല.
18. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചരണവും ദൃശ്യമാധ്യമങ്ങളുടെ വ്യാപനവും അനഭിലഷണീയവുമായ പ്രവണതകൾ വിദ്യാർഥികളിൽ വളർത്തുന്നു.
19. വിദ്യാലയങ്ങളും പരിസരവും സാമൂഹ്യവിരുദ്ധർ ദുരുപയോഗംചെയ്യുന്നത് തടയപ്പെടണം.
20. യു.പി. സ്കളിൽ ക്ലാർക്കിന്റേയും എൽ.പി.സ്കൂളിൽ പ്യൂണിന്റേയും തസ്തിക ഇല്ലാത്തത് ഹെഡ്മാസ്റ്റർമാരുടെ അക്കാദമിക് പ്രവർത്തനത്തെ ബാധിക്കുന്നു.
21. ഗുരുകുലം പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

സാധ്യതകൾ

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾ കാകാര്യം ചെയ്യുമ്പോൾ ഊന്നൽ കൊടുക്കാവുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

1. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ മാനേജ്മെൻറ്, പി.ടി.എ., വിദ്യാഭ്യാസ പ്രവർത്തകസമിതി എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.
2. പഠന ബോധന നിലവാരം മെച്ചപ്പെടുത്തുന്നതിന്ന് ഗുരുകുലം പദ്ധതി അവലോകനംചെയ്ത് കോട്ടങ്ങൾ തിരുത്തി ശാസ്ത്രീയ സമീപനത്തോടെ നടപ്പിൽ വരുത്തുക.
3. സ്കൂൾ കോംപ്ലക്സ് പ്രവർത്തനവും അക്ഷര ബോധവും അക്കബോധവും ഉറപ്പാക്കലും നിർബന്ധമായും നടപ്പിൽ വരുത്തണം.
4. അതാത് പ്രദേശത്തെ വിദ്യാലയങ്ങളിൽ അതതുസ്ഥലത്തെ കുട്ടികളെ ചേർക്കുന്നതിന്ന്

ആവശ്യമായ അന്തരീക്ഷമുണ്ടാക്കണം. ബോധവൽ കരണം ആവശ്യം.

5. സ്ക്കൂളോടനുബന്ധിച്ചുള്ള ജനകീയ വിദ്യാഭ്യാസ കമ്മിറ്റികൾ സജീവമാക്കണം.

6. ഇംഗ്ലീഷ് ബോധനം നടത്തുന്നതിന്ന് ഇംഗ്ലീഷ് ടീച്ചർമാരെ നിർബന്ധമായി ഉപയോഗപ്പെടുത്തണം.

7. അദ്ധ്യാപകർക്കും ഇൻസർവ്വീസ് കോഴ്സ് നടത്തുന്ന സമ്പ്രദായം സജീവമാക്കണം. ഡയറ്റിനെ ഉപയോഗപ്പെടുത്താം.

8. ഓരോ പ്രൈമറി വിദ്യാലയത്തോടനുബന്ധിച്ചും അംഗീകൃത പ്രീ പ്രൈമറിക്ലാസ്സുകൾ ആരംഭിക്കണം.

9. സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന്ന് സഹകരണ സംഘങ്ങൾമുൻകൈ എടുക്കണം.

10. എസ്.എസ്.എൽ.സി. റിസൽട്ട് മെച്ചപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് ബന്ധപ്പെട്ട സ്കൂളധികൃതരെ സഹായിക്കണം.

11. കായിക കലാ രംഗം പോഷിപ്പിക്കുന്നതിനാവശ്യമായ സ്ഥിരം സംവിധാനം ഉണ്ടാക്കണം.

12. ഗവ: ചുണ്ടങ്ങാപൊയിൽ ഹയർസെക്കണ്ടറി സ്ക്കൂളിന് കളിസ്ഥലം ഉണ്ടാക്കുന്നതിന്നും കതിരൂർ ഗവ: വി.എച്ച്.എസ്. ന്റെറ മിനിസ്റ്റേഡിയത്തിൽ സ്റ്റേജ് നിർമ്മിക്കുന്നതിന്നും നടപടികൾ സ്വീകരിക്കണം.

13. സ്ക്കൂൾ ലഘു സമ്പാദ്യ പദ്ധതികൾ കുറേക്കൂടി കാര്യക്ഷമമാക്കുന്നതിന് പദ്ധതിൾ ആസൂത്രണം ചെയ്യുക. പ്രോത്സാഹന സമ്മാനങ്ങൾ നൽകണം.

14. സ്ക്കൂളുകളുടെ പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്താനും സ്കൂളുകളുടെ ആവശ്യങ്ങളും പരാതികളും അനുഭാവപൂർവ്വം കേൾക്കാനും അവ പരിഹരിക്കാനും ഉതകത്തക്കവിധം വിദ്യാഭ്യാസ വിദഗ്ദരും തല്പരരും ചേർന്നുള്ള വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.

15. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നിത്യേനയുള്ള ഗൃഹപഠനവും ജീവിത ക്രമീകരണവും മനശാസ്ത്രപരമായ സമീപനവും ഉൾക്കൊള്ളിച്ചുള്ള ബോധവൽകരണം രക്ഷിതാക്കൾക്ക് നൽകുക.

16. സ്കൂളുകളിലേക്ക് പഠനോപകരണങ്ങൾ നൽകാൻ പഠനോപകരണ ശിൽപശാല സംഘടിപ്പിച്ച് ആവശ്യമായ ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുക. ഗ്രാമ പഞ്ചായത്തിന്റെറ സഹായം ലഭ്യമാകണം.

17. കതിരൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെൻറ് കോളേജ് അനുവദിപ്പിക്കുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ആസൂത്രണത്തിന്റെറയും നടത്തിപ്പിന്റെറയും വികേന്ദ്രീകരണം നേരായ ദിശയിലൂടെ അതിവേഗത്തിലുള്ള വികസനത്തിനും സാധ്യതകൾ തുറക്കുന്നതാണ്. മുകൾ തട്ടിൽ നിന്നും താഴെതട്ടിൽ നിന്നുമുള്ള ആശയങ്ങൾ, സമ്മേളിക്കുകയും മുകളിൽ നിന്നുള്ള പ്രതിബദ്ധതയും താഴെ നിന്നുള്ള ആവേശവും ചേരുകയും ചെയ്യുമ്പോൾ പ്രാദേശിക വിഭവങ്ങൾ അങ്ങേയറ്റം ഉല്പാദനക്ഷമമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും.

പ്രധാനമന്ത്രി
എച്ച്. ഡി.ദേവഗൗഡ
മാതൃഭൂമി. 96 നവ. 2

5-4

കുടിവെള്ളം പൊതുജനാരോഗ്യം

കുടിവെള്ളം

ജീവന്റെ അടിസ്ഥാനമാണ് ജലം. ഒരു ജനതയുടെ പുരോഗതി എന്നാൽ അടിസ്ഥാനപരമായും അവിടെ ലഭിക്കുന്ന ശുദ്ധവായു, ശുദ്ധജലം, ശുചിയായ പാർപ്പിടം എന്നിവയെ കേന്ദ്രീകരിച്ചാണ് വിലയിരുത്തുക. അതിനാൽ ഒരു പ്രദേശത്ത് ലഭിക്കുന്ന ശുദ്ധവായു, ജലം, പാർപ്പിടം, ആഹാരം ഇവയുടെ ആകെ തുകയാണ് ആപ്രദേശത്തിന്റെ ആരോഗ്യം. ആരോഗ്യമുള്ള ഒരു ജനതക്ക് മാത്രമെ ആരോഗ്യമുള്ള ഒരുരാജ്യത്തെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. രണ്ടായിരാമാണ്ടോടു കൂടി എല്ലാവർക്കും ആരോഗ്യമെന്ന മഹനീയ ദേശീയ ലക്ഷ്യം നേടുനതിന് നാം കൂടുതൽ ആത്മാർത്ഥത യോടും കാര്യക്ഷമതയോടും കൂടി അർപ്പണമനോഭാവ ത്തോടെ കർമ്മരംഗത്ത് ഇറങ്ങേണ്ടതായിട്ടുണ്ട്.

ജീവന്റെ തുടിപ്പുകൾ ജലത്തിൽനിന്നാണല്ലോ പരിണമിച്ചത് ലോകോത്തര സംസ്കാരങ്ങളെല്ലാം വളർന്നു പന്തലിച്ചത് നദീതീരങ്ങളിലാണ്. മനുഷ്യന്റെ കാലത്തിനനുസൃതമായ പുരോഗതിക്ക് വെള്ളത്തിന്റെ പങ്ക് നിസ്തുലമാണ്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിൽ 80 ശതമാനത്തോളം ആളുകൾ കുടിവെള്ളത്തിനുവേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഇതിൽതന്നെ മുപ്പത് ശതമാനത്തോളം കിണറുകൾ വേനൽകാലത്ത് പൂർണ്ണമായോ ഭാഗികമായോ വരണ്ടുപോകുന്നവയാണ്. 12.30 ച.കി.മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ 15% വരെ പ്രദേശങ്ങൾ അതി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്. സ്വന്തം കിണറുകൾക്ക് പുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പത്തോളം പൊതു കിണറുകളും കേരള വാട്ടർ അതോറിറ്റിയുടെ രണ്ട് കേന്ദ്രങ്ങൾ വഴിയുള്ള ജല

കെ. ഡബ്ലു.എ ജലവിതരണ ശൃംഖല

നമ്പ്ര്	പദ്ധതി	വിതരണകേന്ദ്രം
1	കതിരൂർ	കതിരൂർ ടൗൺ പരിസരപ്രദേശങ്ങൾ
2	പൊന്ന്യം സ്രാമ്പി	പൊന്ന്യം സ്രാമ്പി ടൗൺ, പറാക്കുന്ന് പ്രദേശങ്ങൾ

വിതരണവും. ജനങ്ങൾ ആശ്രയിക്കുന്നു.

കേരള വാട്ടർ അതോറിട്ടിയുടെ രണ്ടു സ്കീമുകളിൽ

നിന്നും മുപ്പത്തിയഞ്ചോളം കുടുംബങ്ങൾ നേരിട്ടും നൂറോളം കുടുംബങ്ങളും കടകളും 32 ടാപ്പുകൾവഴിയും കുടിവെള്ളം പ്രയോജനപ്പെടുത്തുന്നുണ്ട്. പൊന്ന്യം വെസ്റ്റ് മലാൽ എ.കെ.ജി. ക്ലബ്ബ് പരിസരത്തും പറാംകുന്നിലുമായി രണ്ട് കുഴൽ കിണറുകളും നായനാർ റോഡിൽ ഉപയോഗ ശൂന്യമായ ഒരു മോട്ടോർ കുഴൽകിണറും പഞ്ചായത്തിൽ സ്ഥാപിതമായിട്ടുണ്ട്. നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ നിലവിലുള്ള ശുദ്ധജല ലഭ്യത തുലോം അപര്യാപ്തമാണ്.

മഴക്കാലം കഴിയുന്നതോടുകൂടി പല മേഖലകളിലും ശുദ്ധജല ദൗർലഭ്യത്താൽ ജലജന്യ രോഗങ്ങളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ട്വരുന്നു. സർക്കാരിന്റെ നേതൃത്വത്തിൽ ലോറികളിലുംമറ്റും വിതരണം ചെയ്യുന്ന ജലമാണ് ഇതിന് ആശ്വാസം നൽകുന്നത്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയുടെ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള ലഭ്യതയെകുറിച്ചും പ്രശ്ന പരിഹാരത്തെക്കുറിച്ചും ഗൗരവമായ ചർച്ചകളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു.

പ്രധാന പ്രശ്നങ്ങൾ:

പുല്യോട് ലക്ഷംവീട് കോളനിയിലും ഭൂരഹിത കർഷകത്തൊഴിലാളി ഹൗസിങ്ങ് കോളനികളിലും പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള മലാൽ എ.കെ.ജി. സ്മാരക സ്പോർട്സ് ക്ലബ്ബ് പരിസരത്തും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. മേൽ ഹൗസിങ്ങ് കോളനികളിൽ വാഹനങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്.

കതിരൂർ ഗവ: ഹൈസ്ക്കൂൾ പരിസര പ്രദേശങ്ങളിലും, തരുവണതെരു ഭാഗങ്ങളിലും ജല ദൗർലഭ്യം നേരിടുന്നു. അര കിലോമീറ്റർ ദൂരംവരെ കാൽനടയായി സഞ്ചരിച്ചാണ് പുല്യോട് - തരുവണതെരു റോഡിന്റെ സമീപ പ്രദേശങ്ങളിലുള്ളവർ വെള്ളം കൊണ്ടുവരുന്നത്.

അഞ്ചാംമൈൽ എ.ആർ.സി. റോഡ് പരിസര പ്രദേശങ്ങളിൽ ഭൂമിക്കടിയിൽ കരിങ്കൽ പാറകളുള്ളതിനാൽ കിണർ കുഴിച്ചിട്ടും ഫലമില്ല. കാരക്കുന്ന് ഭാഗത്തും രൂക്ഷമായ ജലദൗർലഭ്യം നേരിടുന്നു.

ജലക്ഷാമം അനുഭവപ്പെടുന്ന മറ്റൊരു പ്രദേശമാണ് നന്ത്യത്ത്മീത്തൽ. സമീപത്തുള്ള അംബേദ്കർ കോളനിയിലും ജലക്ഷാമം അനുഭവപ്പെടുന്നു. വേനൽക്കാത്ത് അര കിലോമീറ്റർ നടന്നുവേണം കുടിവെള്ളം സംഭരിക്കാൻ.

പൊന്ന്യം എയിഡഡ് യു.പി. സ്കൂൾ പരിസരത്തുള്ള നാമത്ത് മുക്കിലും നാലാംമൈലിൽ കനകമഠം എയിഡഡ് എൽ.പി. സ്ക്കൂൾ പരിസരത്തും കോത്താല കുന്നിന്റെ പരിസരത്തും മാടത്തിൽ മുക്കുമുതൽ നാമത്ത് മുക്കുവരെയും പൊന്ന്യം വെസ്റ്റ് കുടുംബക്ഷേമ കേന്ദ്രത്തിന്റെ പരിസരത്തും കുടിവെള്ളത്തിന് ദൗർലഭ്യം നേരിടുന്നുണ്ട്.

പുല്യോട് ലക്ഷംവീട് കോളനിയിലും കല്ലുമ്മൽ ഭാഗത്തും കല്യാടൻ കുന്നിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ജലക്ഷാമം നേരിടുന്ന പ്രദേശമാണ് പറാംകുന്ന് പരിസര പ്രദേശത്തെ 80% ആളുകളും ജലക്ഷാമംകൊണ്ട് കഷ്ടപ്പെടുന്നവരാണ്. താരതമ്യേന ഉയർന്ന പ്രദേശമായതിനാലും ഭൂമിയ്യടിയിൽ കരിങ്കൽ പാറയുള്ളതിനാലും ഈ പ്രദേശത്ത് കിണർ കുഴിക്കുന്നത് അപ്രായോഗികമായി മാറുന്നു. ഒരു കുഴൽ കിണർ ഉണ്ടെങ്കിലുമ പലപ്പോഴും മലിനജലമാണ് അതിൽ നിന്ന് ലഭിക്കുന്നത്.

പറാംകുന്നിന് തെക്കുഭാഗത്തും വാഴയിൽകാട് പ്രദേശത്തും ഭൂരഹിത കർഷകത്തൊഴിലാളി കോളനിയിലും പരിസരത്തുമുള്ള നിരവധി വീടുകളിലും മഴക്കാലത്തുപോലും ജലക്ഷാമം കഠിനമായി അനുഭവപ്പെടുന്നു. കേരളവാട്ടർ അതോർട്ടിയുടെ ചെറിയസ്ക്കീം നിലവിലുണ്ടെങ്കിലും തീർത്തും അപര്യാപ്തമാണ്.

കുണ്ടുചിറ അണക്കെട്ട് പ്രദേശത്തും പൊന്ന്യം പുഴയുടെ തീരത്ത് ഏകദേശം രണ്ട്കിലോമീറ്റർ ദൂരം ശുദ്ധജലക്ഷാമം നേരിടുന്നു. ഭൂമിക്കടിയിൽ ഭൂതക്കെ എന്നറിയപ്പെടുന്ന ഒരുതരം കറുത്ത ചെളിമണ്ണായതിനാൽ കിണർകുഴിച്ചാലുമ മലിനജലമാണ് ലഭിക്കുന്നത്. താരതമ്യേന ഉയർന്ന പ്രദേശമായതിനീൽ ചുണ്ടങ്ങപൊയിൽ ലക്ഷംവീട് കോളനിയിലും പരിസരപ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

സാധ്യതകൾ :

1. പഞ്ചായത്തിലെ എല്ലാ ലക്ഷം വീട്കോളനികളിലേയും ഹൗസിംഗ് കോളനികളിലേയും പൊതുസ്ഥലങ്ങളിലേയും കിണറുകൾ ആഴം കൂട്ടാവുന്നതാണ്.

2. ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്. മഴക്കാലം ലഭ്യമാവുന്ന വെള്ളത്തിന്റെ

ബഹുഭൂരിഭാഗവും ആഗിരണം ചെയ്യപ്പെടാതെ പാഴായിപ്പോകുകയാണ് ചെയ്യുന്നത്. ഉയർന്ന സ്ഥലങ്ങൾ തട്ടുകളാക്കിയും, നീർക്കുഴികൾ വ്യാപകമായി നിർമ്മിച്ചും, പറമ്പുകളിൽ വരമ്പുകളിട്ടും, കുനൽകൂട്ടി കർക്കിടകകൊത്ത് നടത്തിയും ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ പ്രയോജനകരമാക്കാം.

3. വിശാലമായ കതിരൂർ ചിറ, വിവിധ പ്രദേശങ്ങളിലെ വിശാലമായ നീന്തൽ കുളങ്ങൾ എന്നിവ നവീകരിക്കണം.

4. പൊന്ന്യം പുഴയിൽ ബണ്ട് നിർമ്മിക്കുകയും വിവിധ പ്രദേശങ്ങളിലെ തോടുകൾക്ക് തടയണ കെട്ടുകയുംചെയ്യണം. ഇത് പരിസര പ്രദേശങ്ങളിലുള്ള കിണറുകളിൽ നീരുറവ വർദ്ധിപ്പിക്കും.

5. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ ജനോപകാരപ്രദമായ രീതിയിൽ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കണം.

6 KWA പഞ്ചായത്തിലുള്ള സ്കീമുകൾ വിപുലീകരിക്കുകയും മുഴുവൻ സമയ ശുദ്ധജലവിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

7. കതിരൂർ ശ്രീ.സൂര്യനാരായണ ക്ഷേത്രം ചിറയിൽ പദ്ധതികൾ സാധ്യതക്കനുസരിച്ച് രൂപകൽപ്പന ചെയ്യണം.

8. ജലസംരക്ഷണത്തേക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്ക് ഊന്നൽ നൽകണം.

9. ശ്രമദാനത്തിന്റെ പ്രസക്തി ഉപയെഗപ്പെടുത്തണം.

10. ദീർഘകാല വീക്ഷണത്തോടുകൂടിയുള്ള മാസ്റ്റർ പ്ലാനുകൾ ആവിഷ്ക്കരിക്കണം.

11. പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.

12. കാലഹരണപ്പെട്ട പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കണം.

13. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ ഉചിതമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

14. കുളവട്ടം നീരുറവ, പുല്ല്യോട് പ്രദേശത്ത് സംഭരിച്ച് ശുദ്ധജലവിതരണത്തിന് ഉപയെഗപ്പെടുത്തണം.

15. സൗത്ത് പൊന്ന്യം നിജ്ഞാനദായിനി വായനശാല പരിസരപ്രദേശത്ത് സ്ഥലം കണ്ടെത്തി കിണർ കുഴിക്കുകയും, പറാംകുന്നിന്റെ ഉയർന്ന സ്ഥലത്തു വാട്ടർടാങ്ക് കെട്ടി ശുദ്ധജലവിതരണം ആരംഭിക്കുകയും ചെയ്യണം.

ആരോഗ്യം

ആരോഗ്യമുള്ള ഒരുജനതയ്യുമാത്രം ഒരു ഉത്തമ രാജ്യത്തിന്റെ സൃഷ്ടിസാധിക്കുകയുള്ളൂ. അതു കൊണ്ടുതന്നെ നമ്മുടെ നാട്ടിന്റെ അരോഗ്യ കാഴ്ചപ്പാടിൽ സമൂലമായ മാറ്റം വരേണ്ടതുണ്ട്. അന്ധവിശ്വാസ ജഠിലമായ ഒരു ചികിൽസാക്രമത്തിൽ നിന്നും ബഹുദൂരം മുന്നോട്ട് പോകാൻ നമുക്കിന്ന് കഴിഞ്ഞിട്ടുണ്ട്. ആധുനിക ചികിൽസാ സമ്പ്രദായങ്ങൾക്ക് വളരെയേറെ സ്വാധിനം ജനങ്ങൾക്കിടയിൽ ചെലുത്താൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. ആധുനികശാസ്ത്രവും വൈദ്യശാസ്ത്രവും ചികിൽസാ രീതികളും ഏറെ പുരോഗമിച്ചെങ്കിലും ചിലരെങ്കിലും ഇന്നും പ്രാകൃതമായ രീതികൾ സ്വീകരിച്ചു വരുന്നുണ്ട്. ആധുനിക ചികൽസാസമ്പ്രദായത്തിന്റെ ഗുണഗണങ്ങളും പ്രസക്തിയും ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

ഒരു പ്രൈമറിഹെൽത്ത് സെൻററും അതിനുകീഴിലായി അഞ്ചു കുടുംബക്ഷേമ കേന്ദ്രങ്ങളും രണ്ടു സ്വകാര്യ ഡിസ്പെൻസറികളും ഒരു സ്വകാര്യ അലോപ്പതി ആശുപത്രിയും രണ്ട് ഹോമിയോ ക്ലിനിക്കുകളും ഇരുപതോളം ആയുർവ്വേദ വൈദ്യൻമാരും ഒരു പാരമ്പര്യ വിഷവൈദ്യനും നമ്മുടെ പഞ്ചാത്തിലെ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നു. കൂടാതെ 12 അലോപ്പതി ഡോക്ടർമാരും ഈ രംഗത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്രയും സ്ഥാപനങ്ങളും ഡോക്ടർമാരും ഈ മേഖലയെൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുപ്പതിനായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ അവശ്യത്തിനനുസരിച്ചുള്ള വൈദ്യസഹായം ലഭിക്കാതെ വരുന്നുണ്ട്. ഏറിയ പങ്ക് രോഗികളും തലശ്ശേരി ജനറൽ ആശുപത്രിയേയും തലശ്ശേരി, കണ്ണൂർ ഭാഗങ്ങളിലുള്ള സ്വകാര്യ അശുപത്രികളേയുമാണ് അശ്രയിച്ചു വരുന്നത്.

1995-96 വർഷത്തിൽ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററിൽ മാത്രമായി 5545 രോഗികൾ ചികിൽത്സയ്യായി എത്തിയിട്ടുണ്ട്.

95-96 വർഷത്തിൽ PHC യിൽ എത്തിയ രോഗികളുടെ

നമ്പ്	ഇനം	എണ്ണം
1	ജലജന്യം	444
2	വായുജന്യം	81
3	പ്രാണിജന്യം	15
4	കുഷ്ഠരോഗികൾ	3
5	മറ്റുള്ളവ	5002
	ആകെ	5545

വിവരം

മറ്റിതര സ്ഥാപനങ്ങളിൽ ചികിൽത്സയ്ക്ക് പോകുന്നവരുടെ എണ്ണം ഇതിന്റെ പത്തിരട്ടിയോളം വരും

കതിരൂർ പഞ്ചായത്തിലെ ആരോഗ്യ രംഗം കൂടുതൽ പ്രയോജനകരമാംവിധം പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകത വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. സമഗ്രമായ ഒരു ആരോഗ്യ ഉരിപാടി ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക വഴി ആരോഗ്യ പൂർണ്ണമായ ജനതയെ വാർത്തെടുക്കാനുള്ള കർമ്മപരിപാടിക്ക് തുടക്കം കറിക്കാൻ കഴിയും

കതിരൂർ പഞ്ചായത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഇന്ന് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും പരിമിതമാണ്. ഉള്ളവ തന്നെ കാര്യക്ഷമമല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും കുടുംബക്ഷേമ കേന്ദ്രങ്ങളിലും ഡോക്ടർ മാരുടേയും നേഴ്സ്മാരുടേയും മുഴുവൻ സമയ പ്രവർത്തനം അത്യാവശ്യമാണ്.

ആരോഗ്യ രംഗത്ത് ഔദ്യോഗിക സംവിധാനങ്ങൾ പോലെതന്നെ പ്രാധാന്യമുള്ളതാണ് അനൗപചാരിക അരോഗ്യ പ്രവർത്തനങ്ങളും. ജനങ്ങളേയും സാംസ്ക്കാരിക സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അരോഗ്യ ചർച്ചാ ക്ലാസ്സുകൾ, സ്ലൈഡ് പ്രദർശനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ നടത്താവുന്നതാണ്. ആരോഗ്യ രംഗത്ത് ബോധപൂർവ്വമായതും കാര്യക്ഷമമായതുമായ ഇടപെടലുകൾ അനിവാര്യമാണെന്ന വിലയിരുത്തലാണ് പല ഗ്രാമസഭകളിലും ഉണ്ടായത്.

ശുചിത്വം

ആരോഗ്യമെന്ന വിഷയം പരിഗണിക്കുമ്പോൾ ആദ്യം പരിഗണിക്കേണ്ട വിഷയമാണ് ശുചിത്വം. വായു, ജലം, ആഹാരം, പാർപ്പിടം എന്നി പ്രാദമിക മേഖലകളിലെ ശുചിത്വം ഒരുപ്രദേശത്തെ ജനതയുടെ ആരോഗ്യം നിർണ്ണയിക്കുന്നു. ഇവയിലെ മലിനീകരണമാണ് പ്രാഥമികമായും ആരോഗ്യ രംഗത്തെ ദുഷിപ്പിക്കുന്നത്. ഇതിൽ മുഖ്യ പങ്ക് വഹിക്കുന്നത് കക്കൂസിന്റെ അപര്യാപ്തതയാണ്. സാധാരണയായി കാണപ്പെടുന്ന വയറിളക്കം, ചർദ്ദി, വിരശല്യം തുടങ്ങിയ രോഗങ്ങൾക്ക് കാരണംതന്നെയിതാണ്.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന മലിനീകരണ പ്രശ്നങ്ങളേക്കുറിച്ചും, ആരോഗ്യ പ്രശ്നങ്ങളേക്കിറിച്ചും പരിഹാര മാർഗ്ഗങ്ങളേക്കുറിച്ചും ഗ്രാമസഭകളിൽ ആഴത്തിലുള്ള ചർച്ചകൾ

ആരോഗ്യ കേന്ദ്രങ്ങൾ

നമ്പ്	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രൈമറി ഹെൽത്ത് സെന്റർ	4		10
2	കുടുംബ ക്ഷേമ കേന്ദ്രം-പൊന്ന്യം വെസ്റ്റ് മലാൽ	1	1950	1
3	കുടുംബ ക്ഷേമ കേന്ദ്രം-പുല്ല്യോട്	1	1995	2
4	കുടുംബക്ഷേമ കേന്ദ്രം-ചുണ്ടങ്ങാപൊയിൽ	11	1971	2
5	കുടുംബക്ഷേമ കേന്ദ്രം-കുണ്ടുചിറ	9	1981	2
6	കുടുംബക്ഷേമ കേന്ദ്രം-പറാംകുന്ന്	8	(സ്വന്തം കെട്ടിടവും പ്രത്യേകം ജീവനക്കാരും ഇല്ല)	

നടക്കുകയുണ്ടായി. അവതാഴെ ക്രോഡീകരിക്കുന്നു.

പ്രശ്നങ്ങൾ:

1. പുല്ലേ്യാട് ലക്ഷം വീട് കോളനി, ഹൗസിങ്ങ് കോളനി, കൂരാച്ചിഭാഗത്തെ ലക്ഷം വീട്കോളനി, ചുണ്ടങ്ങാപൊയിൽ ലക്ഷം വീട് കോളനി തുടങ്ങിയ സ്ഥലങ്ങളിൽ പൊതുവായി കക്കൂസിന്റെ അപര്യാപ്തത നിലനിൽക്കുന്നു. ഇവിടങ്ങളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

2. പഞ്ചായത്തിലെ വിവിധകോളനികളിലും ജനങ്ങൾ തിങ്ങിപാർക്കുന്ന മറ്റു സ്ഥലങ്ങളിലും കൊതുകുശല്യം വർദ്ധിച്ചു വരുന്നു.

3. കതിരൂർ ഹൈസ്ക്കൂളിലെ മൂത്രപ്പുരകളിൽ നിന്നുമുള്ള മാലിന്യങ്ങൾ സമീപപ്രദേശങ്ങളിലെ ജനജീവിതം ദുസ്സഹമാക്കുന്നു.

4. കതിരൂരിലെ മത്സ്യമാർക്കറ്റ് പരിസരം വളരെ ദുഷിച്ച അവസ്ഥയിലാണ്. മലിനജലം കെട്ടിക്കിടക്കുന അവസ്ഥയുമുണ്ട്.

5. ഹോട്ടലുകളിൽ നിന്നമുള്ള മാലിന്യങ്ങൾ പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ ജനജീവിതം ദുസ്സഹമാക്കുന്നു.

6. തെരുഭാഗത്തെ നെയ്ത്തുശാലകളിൽ നിന്നുമുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിനും ഇടയാക്കുന്നു.

7. പഴയ സർക്കസ് കോളേജിന് സമീപമുള്ള പ്രദേശത്ത് മാലിന്യങ്ങൾ പെരുകുന്നത് പരിസരവാസികൾക്ക് ഭീഷണിയാവുന്നു.

8. കതിരൂർ പഞ്ചായത്തിലെ ആധുനിക സൗകര്യമുള്ള ഒരുശ്മശാനത്തിന്റെ അപര്യാപ്തത ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

9. പൊന്ന്യം പുഴ മലിനീകരിക്കപ്പെടുന്നതിനാൽ - മാഹിപോളിമേർസിൽ നിന്നും മലിനജലം ഒഴുക്കുന്നതിനാൽ - പല രോഗങ്ങളും ഉണ്ടാകുന്നു.

സാധ്യതകൾ :

1. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ മാലിന്യം നിക്ഷേപിക്കാനും സംസ്ക്കരിക്കാനുമുള്ള സംവിധാന മുണ്ടാക്കാവുന്നതാണ്.

2. കൊതുകു നിവാരണത്തിന് സമഗ്രമായ പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്.

3. വീടുകളിൽ ക്ലോറിനേഷൻ നടത്താനുള്ള പദ്ധതികൾ അവിഷ്ക്കരിക്കണം.

4. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ പൊതുവായി കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കുകയും ശുചിയായി സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

5. ആധുനിക സൗകര്യമുള്ള ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

6. മത്സ്യമാർക്കറ്റുകൾ വിവിധഭാഗങ്ങളിൽ ഉചിതമായ ഭൗതികസൗകര്യങ്ങളോടുകൂടി നിർമ്മിക്കാം.

7. അഞ്ഞൂറോളം വീടുകൾക്കെങ്കിലും ആധുനിക രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്. കോളനികളിലും സാമ്പത്തിക ശേഷിയില്ലാത്തവർക്കും സൗജന്യമായി ഇവ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

8. പ്രധാനകേന്ദ്രമായി കതിരൂരിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഔഷധത്തോട്ടവും സ്ഥാപിക്കാവുന്നതാണ്.

9. നിലവിലുള്ള അരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയഡോക്ടർമാരേയും നഴ്സുമാരേയും നിയമിക്കണം.

10. കിണറുകളിലെ സാമ്പിൾ ജലം ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമെന്നുകണ്ടാൽ വിദഗ്ദ നിർദ്ദേശാനുസരണം ശുചീകരണ പ്രവർത്തനം നടത്താവുന്നതാണ്.

11. അലഞ്ഞുതിരിയുന്ന പട്ടികളേയും കുറുക്കൻ മാരേയുംനിയന്ത്രിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

12. പാരമ്പര്യ വിഷവൈദ്യവും ആധുനിക വിഷ ചികിത്സയും സമന്വയിപ്പിച്ച് ഒരു ആധുനിക വിഷ ചികിത്സാകേന്ദ്രം പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥാപിക്കാവുന്നതാണ്.

13. പ്രതിരോധ കുത്തിവെപ്പുകൾ നടത്താനുള്ള സൗകര്യങ്ങൾ പഞ്ചായത്തിന്റെ എല്ലാഭാഗത്തും ശാസ്ത്രീയമായ രീതിയിൽ ആവിഷ്ക്കരിക്കാവുന്നതാണ്. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ അതിനുള്ള സ്ഥല സൗകര്യങ്ങളും ജീവനക്കാരുടെ നിയമനവും ഉണ്ടാകേണ്ടതുണ്ട്.

14. കതിരൂർ പട്ടണത്തെ അടിസ്ഥാനമാക്കി 'ക്ലീൻ കതിരൂർ പരിപാടി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

15. രക്തദാനം, നേത്രദാനം തുടങ്ങിയ മഹത്തായ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കാവുന്നതാണ്.

16. 25 കിടക്കകളുള്ളതും കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ളതുമായ ഒരു ഗ്രാമീണ ആശുപത്രി കതിരൂർ പട്ടണത്തേ കേന്ദ്രമാക്കി ആവിഷ്ക്കരിക്കാവുന്നതാണ്.

17. ദരിദ്രജനവിഭാഗങ്ങളിലെ കുട്ടികൾക്ക് പോഷകാഹാര വിതരണ പരിപാടി നടപ്പിലാക്കാവുന്നതാണ്.



5-5

വ്യവസായം

കതിരൂർ ഗ്രാമ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളൊന്നും ഇല്ല. സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ ചെറുകിട കൈത്തൊഴിൽ എന്ന രീതിയിലും പരമ്പരാഗത തൊഴിൽ എന്ന രീതിയിലും ചുരുട്ട്, ബീഡി, നെയ്ത്ത് മേഖലയിൽ തൊഴിലാളികൾ ഒറ്റയ്ക്കും പിന്നീട് കൂട്ടായും തൊഴിൽ എടുക്കുന്ന അവസ്ഥ വന്നു. കാർഷിക മേഖലയായിരുന്നു ആദ്യകാലത്തെ പ്രധാന തൊഴിൽ മേഖല. പിന്നീട് ഈരംഗത്ത് തൊഴിൽ സാധ്യത കുറഞ്ഞു വന്നതോടുകൂടി പുതിയ ചുരുട്ടു വ്യവസായത്തിലേക്ക് യുവാക്കൾ കടന്നുവന്നു. കതിരൂർ പഞ്ചായത്തിൽ തരുവണത്തെരു, ഏച്ചിപ്പൊയിൽ എന്നി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആദ്യകാലത്ത് ഒരു പ്രത്യേക സമുദായത്തിന്റെ കുലത്തൊഴിൽ എന്നരീതിയിലാണ് കൈത്തറി വ്യവസായം ഇവിടെ രൂപപ്പെട്ടുവന്നത്. നൂറുകണക്കിന് തൊഴിലാളികൾ ഈ രംഗത്ത് ജോലിചെയ്തിരുന്നു വെങ്കിലും ഇന്ന് കൈത്തറി മേഖല പ്രതിസന്ധിയെ മേരിടുകയാണ്. കുടിൽ വ്യവസായമെന്ന നിലയിൽ തുടങ്ങിയ ബീഡി വ്യവസായം വ്ത്യസ്ത ലേബലുകളിലുള്ള ബീഡി കമ്പനികളായി ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായമെന്ന നിലയിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. സഹകരണാടി സ്ഥാനത്തിൽ പ്രവർത്തിക്കുന്ന കേരള ദിനേശ് ബീഡിയിൽ ധാരാളം പുരുഷത്തൊഴിലാളികൾ ജോലിചെയ്തിരുന്നു വെങ്കിലും ഇപ്പോൾ സ്ത്രീതൊഴിലാളികളിലേക്ക് മാത്രമായി ചുരുങ്ങിയ കാഴ്ചയാണ് കാണുന്നത്. ബീഡി വ്യവസായ മേഖലയിൽ കുട്ടികളേക്കൊണ്ട് ജോലിചെയ്യിക്കുന്ന രീതി ഉണ്ടായിരുന്നുവെങ്കിലും ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഈ അവസ്ഥയില്ല. വളർന്നുവന്നതും പ്രതിസന്ധിയിൽ നിൽക്കുന്നതുമായ ഇത്തരം പരമ്പരാഗത - ചെറുകിട വ്യവസായത്തിൽ ജോലി ചെയ്തിരുന്ന ആദ്യകാല തൊഴിലാളി പ്രവർത്തകരും നേതാക്കളുമാണ് കതിരൂരിന്റെ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ ഉന്നമനത്തിന് അസ്ഥിവാരമിട്ടത്.

ഇന്ന് ചുരുട്ട്, ബീഡി, കൈത്തറി, യന്ത്രത്തറി,

കെട്ടിട നിർമ്മാണം, മരപ്പണി, സ്വകാര്യ വ്യക്തികൾ നടത്തുന്ന ചെറുകിട വ്യവസായങ്ങൾ, കള്ളുചെത്ത്, കശുവണ്ടി, മോട്ടോർ, സഹകരണ ബേങ്ക്, കർഷകത്തൊഴിൽ, അധ്യാപകർ, സർവ്വീസ് മേഖല, വിദേശത്ത് ജോലിചെയ്യുന്നവർ, അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ, തുടങ്ങി വിവിധ മണ്ഡലങ്ങളിൽ ഈ പഞ്ചായത്തിലെ ആളുകൾ തൊഴിൽ ചെയ്യുന്നു.

ചുരുട്ട് വ്യവസായം

കതിരൂർ പഞ്ചായത്തിൽ 1930 കളിൽ കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള തൊഴിലുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ മേഖലയിൽ ജോലി ചെയ്തിരുന്ന യുവാക്കൾ തൊഴിലില്ലായ്മ രൂക്ഷമായപ്പോൾ പുതുതായി കുടിൽ വ്യസായം എന്ന രീതിയിൽ ആരംഭിച്ച ചുരുട്ട് നിർമ്മാണ തൊഴിലിലേക്ക് കടന്നു വന്നു. ഇതോടുകൂടി ചുരുട്ടു വ്യവസായം ചെറുകിട വ്യവസായം എന്ന രീതിയിൽ വളർന്നു വന്നു. 1938 ശ്രീഎ.വാ.സുദേവപൈ കൂത്തുപറമ്പൽ ആരംഭിച്ച ചുരുട്ടുകമ്പനി 1942ൽ കതിരൂരിലേക്ക് മാറ്റി സ്ഥാപിച്ചു. ഇതോടുകൂടി ചുരുട്ടു വ്യവസായം കതിരൂരിൽ വലിയ രീതിയിൽ വളർന്നുവന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ 19ൽ കൂടുതൽ ആളുകൾതൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളെ ഫാക്ടറി ആക്ടിൽ ഉൾപ്പെടുത്തുക ഉണ്ടായി. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഫാക്ടറി അക്ട്പ്രകാരം ചുരുട്ടു കമ്പനികൾ പ്രവർത്തിച്ചു. പിന്നീട് ഈ വ്യവസ്ഥയ്ക്ക് വിപരീതമായി തൊഴിലുടമ കമ്പനിയെ പല ബ്രാഞ്ചുകളാക്കി മാറ്റി. അതോടെ കതിരൂരിലും പരിസരങ്ങളിലും ധാരാളം ചുരുട്ട് ബ്രാഞ്ചുകൾ സ്ഥാപിതമായി. വർഷങ്ങൾക്കുശേഷം ബ്രാഞ്ചുകൾ നിർത്തലാക്കിക്കൊണ്ട് മുഴുവൻ തൊഴിലാളികളേയും കേന്ദ്രീകരിച്ചുകൊണ്ട് വേറ്റുമ്മലിൽ "ഭാസ്ക്കർ സിഗാർ മ്പനി" ആരംഭിച്ചു. എന്നാൽ ഒരു വർഷത്തിനുശേഷം കമ്പനി പൂട്ടിയിട്ടു.തുടർന്നുണ്ടായ സമരത്തിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒത്തുതീർപ്പി നേത്തുടർന്ന് ഇന്ന് നിലവിലുള്ള "സിഗാർ വർക്കേഴ്സ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" 30-12-1976ൽ സ്ഥാപിതമായി. എന്നാൽ ഒരുകാലത്ത് കതിരൂരിന്റെ സംഘടിത തൊഴിലാളിമേഖലയിൽ ഏറ്റവും കൂടുതൽ പേർ തൊഴിൽ ചെയ്തുവന്ന ചുരുട്ട് വ്യവസായം ഇന്ന് പൂർണ്ണമായി തകർച്ചയെ അഭിമുഖീകരിക്കുകയാണ്. മാർക്കറ്റില്ലായ്മയാണ് ഈ വ്യവസാത്തിന്റെ തകർച്ചയയ്ക്ക് കാരണം.

തകർച്ചയെ നേരിടുന്ന ഈ സ്ഥാപനത്തെ രക്ഷിക്കുവാൻ സഹകരണാടിസ്ഥാനത്തിലൂടെ പഴസംസ്ക്കരണ കേന്ദ്രം ആരംഭിക്കുവാൻ ഗ്രാമ സഭയിലൂടെ നിർദ്ദേശം വന്നിരിക്കുന്നു. വേണ്ട പ്പെട്ടവരുടെ ശ്രദ്ധ അടിയന്തിരമായി ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

ചുരുട്ട് വ്യവസായ മേഖലയിലെ കേരളത്തിലെ ഏക സ്ഥാപനമായ സിഗാർ വർക്കേഴ്സ് ഇൻഡസ്ട്രീസ് ഇന്ന് 60 തൊഴിലാളികളും 2 ഓഫീസ് ജീവനക്കാരും ജോലി ചെയ്യുന്ന സ്ഥാപനമായി മാറിയിരിക്കുന്നു.

കൈത്തറി നെയ്ത്ത് വ്യവസായം

ഒരുകാലത്ത് കതിരൂരിന്റെ സമ്പത്ത് ഘടനയിൽ നിർണ്ണായകമായ പങ്ക് വഹിച്ച കുടിൽ വ്യവസായ മായിരുന്നു നെയ്ത്ത്. കുഴിത്തറിയിൽ നിന്നും ക്രമേണ മഗ്ഗങ്ങൾ വച്ചു ജോലിചെയ്യുന്ന തൊഴിൽശാലകൾ ഉണ്ടായി. ഒന്നിലധികം ഓടങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള പ്രധാനമായും നെയ്ത്ത്. ലുങ്കിനെയ്ത്തും വ്യാപകമായി. നെയ്തുണ്ടാക്കുന്ന തുണികൾ നെയ്ത്തുകാർ തന്നെ തലയിലേറ്റി വിൽപ്പനയ്ക്ക് കൊണ്ടുപോകുന്ന രംഗം പതിവ് കാഴ്ചയായിരുന്നു. എന്നാൽ കൂടുതൽ തുണികൾ ഉത്പാദിപ്പിച്ചിരുന്നവർ കാളവണ്ടിയിൽ തലശ്ശേരിയിലേക്കും മറ്റുപട്ടണങ്ങളി ലേക്കും തുണികൊണ്ടുപോയി. 1938 ൽ ശ്രീ.രാമചന്ദ്രവീവിങ്ങ് കമ്പനിയാണ് ഫാക്ടറിക്കടി സ്ഥാനത്തിൽ പ്രവർത്തിച്ചു വന്നത്. ഈ കാലഘട്ട ത്തിൽ അഞ്ഞൂറിലധികം പേർ കമ്പനികളിലും വീടുകളിലുമായി ഈ തൊഴിലുമായി ബന്ധപ്പെട്ടി രുന്നു. യു.പി., ബോംബെ, ബീഹാർ, ആസ്സാം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ഏജൻറുമാർ തുണിക്കയി കതിരൂരിൽ എത്തിച്ചേരുക പതിവായിരുന്നു. 1968 ന്റെ ആരംഭത്തോടുകൂടി കൈത്തറി വ്യവസായം തകർച്ചയെ അഭിമുഖീകരിച്ചു. പല കമ്പനികളും പൂട്ടിയിട്ടു. 1970കളിൽ വീണ്ടും കൈത്തറി ഒരുകുതിച്ചുകയറ്റത്തിലായിരുന്നു. അന്ന് 'കോറ'

Kadirur Panchayath
Assets Map



നിർമ്മാണമായിരുന്നു പ്രധാനമായി നടന്നിരുന്നത്. നെയ്ത്ത് ജോലി വിട്ടുപോയവർ പോലും ഈ കാലത്ത് തിരിച്ചു വന്നു. 65ഓളം കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നു. ഈ മേഖലയിൽ നെയ്ത്ത് സഹകരണ സംഘം രൂപീകരിച്ചിരുന്നു. ഇന്ന് കൈത്തറി മേഖല തളർച്ചയെ നേരിടുകയാണ്. കൈത്തറിയിൽ ജോലിചെയ്തവരുടെ എണ്ണം കുറഞ്ഞു വന്നിരിക്കുന്നു. 70ഓളം പേർക്ക് തൊഴിൽ നൽകിയിരുന്ന സഹകരണസംഘത്തിൽ ഇന്ന് 6 പേർക്ക് പോലും തൊഴിൽ നൽകാൻ കഴിയാത്ത സാഹചര്യമാണ്. കൈത്തറിക്ക് ഇപ്പോൾ പൊതുമാർക്കറ്റില്ല. വിദേശമാർക്കറ്റുണ്ട്. വിദേശ മാർക്കറ്റുകൾ വൻകിടമുതലാളിമാരുടെ ഏജൻറുകൾ കൈയ്യടക്കി വച്ചിരിക്കുന്നു.

പവർലൂം യന്ത്രത്തറി

നെയ്ത്ത് രംഗത്ത് പവർലൂം കടന്നുവന്നത് അടുത്തകാലത്താണ്. മധുര, കോയമ്പത്തൂർ എന്നീസ്ഥലങ്ങളിൽ നിന്നു കുറെക്കാലം പവർലൂം പണിപഠിച്ച ശേഷം കറുത്തകൃഷ്ണൻ എന്നയാളാണ്. തരുവണത്തെരുവിൽ പവർലൂം സ്ഥാപിച്ചത്. ഉന്ന് പവർലൂമുകൾ കതിരൂർ പഞ്ചായത്തിൽ ധാരാളം ഉണ്ട്. പവർലൂമിൻെറ വളർച്ച കൈത്തറി വ്യവസായ ത്തിൻെറ തകർച്ചയ്ക്ക് കാരണമായി. സ്വയം തൊഴിൽ എന്ന നിലയിൽ ധാരാളം യുവാക്കൾ ഈ മേഖലയിൽ കടന്നുവരുന്നുണ്ട്.

ബീഡി വ്യവസായം

കൃഷികഴിഞ്ഞാൽ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ തൊഴിൽ ദായക മേഖല ബീഡി വ്യവസായമാണ്. കതിരൂരിലെ തൊഴിൽ മേഖലയിൽ പ്രമുഖ സ്ഥാനമാണ് ബീഡിവ്യവസായത്തിനുള്ളത്. കേരള ദിനേശ്ബീഡിയുടെ 10ബ്രാഞ്ചുകളിലായി 578 സ്ത്രീതൊഴിലാളികളും 197 പുരുഷതൊഴിലാളികളും ജോലിചെയ്തുവരുന്നുണ്ട്. സ്വകാര്യമേഖലയിൽ മാംഗ്ലൂർ ഗണേഷ് ബിഡി, വാദ്ധ്യാർ ബീഡി, ഉമ്മർ ബീഡി എന്നീകമ്പനികൾ പ്രവർത്തിച്ചിരുന്നു. ഇന്ന് ഇവയൊക്കെ പറിച്ചു നടപ്പെട്ടു. ഔട്ട് വർക്ക് സമ്പ്രദായത്തിൽ (കുടിൽ വ്യവസായം) ടെലഫോൺ, യോഗി, സിജെ എന്നി ലേബലുകളിൽ ഉള്ള കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 750നും 800നും ഇടയിൽ തൊഴിലാളികൾ ജോലിചെയ്യുന്നു. ഇതിൽ ഭൂരിപക്ഷവും സ്ത്രീകളാണ്.

ബീഡിതൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്ന "ബീഡി ആൻഡ് സിഗാർ വർക്കേഴ്സ് ആക്ട്" 1966ൽകേന്ദ്രപാർളിമെൻറ് പാസ്സാക്കി. കേരളത്തിൽ 1967 ൽ നിലവിലുണ്ടായിരുന്ന ഇ.എം.എസ്സ്. ഗവൺമെൻറ് അക്ഷരാർത്ഥത്തിൽ ഈ നിയമം നടപ്പിലാക്കാൻ തീരുമാനിച്ചതോടെ ഈരംഗത്തെ ചൂഷണ വ്യവസ്ഥയ്ക്ക് തടയിട്ടു. അതോടെ 2000ൽ അധികം തൊഴിലാളികൾ ജോലിചെയ്തിരുന്ന മാംഗ്ലൂർ ഗണേഷ് ബീഡി കമ്പനി കേരളത്തിലെ ബ്രാഞ്ചുകളിലൂടെ പൂട്ടിയിട്ടു. പട്ടിണിയിലായ തൊഴിലാളികളെ സഹായിക്കാനും തൊഴിൽ രഹിതരായ തൊഴിലാളികളെ പുനരധിവസിപ്പിക്കനും ബീഡിതൊഴിലാളി സഹകരണസംഘം രൂപീകരിക്കപ്പെട്ടു. ഇതോടുകൂടി കതിരൂരിലും കേരള ദിനേശ് ബീഡി സഹകരണസംഘം സ്ഥാപിതമായി. ബീഡി തൊഴിലാളികൾക്ക് സേവന വേദന നിരക്കിലും അഖിലേന്ത്യാതലത്തിൽ കേരളദിനേശ് സഹകരണ സ്ഥാപനം ഏറെ മുന്നിലാണ്. അടുത്തകാലത്തായി പുരുഷതൊഴിലാളികൾ ബീഡിതെറുപ്പ് ജോലിയിൽ നിന്ന് വിട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ജീവിത ചെലവിന് അനുസൃതമായിയുള്ള കൂലിവ്യവസ്ഥയടെ അഭാവം മൂലമാണെന്നുതോന്നുന്നു ഈ കൊഴിഞ്ഞുപോക്ക്. പുകയിലക്കെതിരായും, പുകവലിക്കെതിരായും ചിന്തിക്കുന്ന ഒരു സംസ്ക്കാരം രൂപപ്പെട്ടുവന്നതിൻെറ ഫലമായി ബീഡിവ്യവസായം മാർക്കറ്റില്ലാതെ മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്.

കതിരൂർ വില്ലേജ് കോ ഓപ്പറേറ്റീവ് ഇൻറസ്ട്രിയൽ സൊസൈറ്റി

11ാം വാർഡിൽ ഇടയിൽ പീടികയിൽ ഖാദിഗ്രാമവ്യവസായ കേന്ദ്രത്തിൻെറ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിറ്റാണിത്. ആരംഭകാലത്തുണ്ടായിരുന്ന പ്രതീക്ഷ തുടർന്ന് നിലനിർത്താനായില്ല. പതുക്കെ സജീവമായി ക്കൊണ്ടിരിക്കുകയാണ് - സാമ്പത്തിക പ്രതിസന്ധിയും, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ഈ

വ്യവസായത്തിന്റെ വളർച്ചയ്ക്ക് പ്രതിബന്ധമായി നിൽക്കുന്നു. - മാർക്കറ്റ് കിട്ടാൻ പ്രയാസമില്ലാത്തതും, ഖാദിവ്യവസായകേന്ദ്രത്തിന്റെ തന്നെ യൂണിറ്റുകൾ കൂടി തുടങ്ങി ഈ സഹകരണസ്ഥാപനം നിലനിർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ സജ്ജമാക്കണം.

തുടക്കത്തിൽ 15 തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിഞ്ഞുവെങ്കിലും ഇപ്പോൾ 6പേർ മാത്രമേ ഉള്ളൂ.

അന്തമാൻ മാൻട്രിസർ ഇൻറസ്ട്രിയൽ

സ്വകാര്യ മാനേജ്മെൻറിൽ ആരംഭിച്ച വ്യവസായ സംരംഭമാണിത്. 1996 ൽ കതിരൂർ പഞ്ചായത്തിൽ 10ാം വാർഡിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ധാരാളം അഭ്യസ്തവിദ്യരായിട്ടുള്ളവർക്കുകീടി തൊഴിൽ സാധ്യതയുള്ള കേന്ദ്രം കൂടിയാണിത് - നമ്മുടെ പ്രദേശത്ത് ഇതുപോലുള്ള വൻകിട വ്യവസായ കേന്ദ്രങ്ങൾ വന്നാൽ അനുബന്ധചെറുകിട വ്യവസായത്തിന് സാധ്യതയുണ്ടോ എന്ന് ആരായേണ്ടതായിട്ടുണ്ട്.

വെൽഡിങ്ങ്

പത്ത് യൂണിറ്റുകളിലായി 26 തൊഴിലാളികൾ ജോലിചെയ്തു വരുന്നു. - സേവന-വേദന വ്യവസ്ഥകളോ, തൊഴിൽ സുരക്ഷിതത്വമോ ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കുണ്ട് എന്നുപറഞ്ഞുകൂടാ. അടുത്തകാലം വരെ കെട്ടിട നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടായിരുന്നു എങ്കിലും ഭാവിയിൽ കേരളത്തിലെ കെട്ടിട നിർമ്മാണ മേഖലയിൽ വരാൻ പോകുന്ന മാന്ദ്യം- ഈ മേഖലയിലെ തൊഴിലിനെ സാരമായി ബാധിക്കും - കറൻറിന്റെ ലഭ്യത - ലോഡ് ഷെഡിങ്ങ് ഇവയും പ്രധാന പ്രശ്നങ്ങളാണ് - വൈവിധ്യ വൽക്കരണം നടത്തി തൊഴിൽ രംഗത്ത് പിടിച്ചുനിൽക്കാൻ ശ്രമിക്കേണ്ടതാണ് - (മരംകൊണ്ട് നിർമ്മിച്ചിരുന്നതായ കട്ടിൽ, ജനൽ അതുപോലുള്ള ഉപകരണങ്ങൾ) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

ആറ് യൂണിറ്റുകളിൽ 1000ൽ അധികം സ്ത്രീ പുരുഷൻമാർ ഈ മാഖലയിൽ ജോലിചെയ്തു വരുന്നു. റെഡിമെയ്ഡ് വസ്ത്രനിർമാണ ജോലിയിൽ കൂടുതലായും സ്ത്രീകളാണ്. വീടുകളിൽ പീസ്വർക്കായും കമ്പനി അടിസ്ഥാനത്തിലും പ്രവർത്തിക്കുന്നുണ്ട്. വ്യക്തമായ സേവന വേദന വ്യവസ്ഥകളൊന്നും ഈ മേഖലയിൽ നിലവിലില്ല. ആധുനിക വത്ക്കരിക്കപ്പെടുന്നില്ലായെങ്കിൽ വർദ്ധിച്ചു വരുന്ന യീണിറ്റുകളുടെ ആധിക്യം മൂലം ഈ ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയെ അഭിമുഖീകരിക്കുവാൻ സാധ്യതയുണ്ട് - സ്ത്രീ തൊഴിലാളികളേ സംമ്പന്ധിച്ചിടത്തോളം ചൂഷണം ചെയ്യപ്പെടുന്ന നില പരിശോധിക്കേണ്ടതാണ്.

ഫർണിച്ചർ ഇൻഡസ്ട്രിയൽ

യന്ത്രസൗകര്യമുള്ള ഒരു യൂണിറ്റ് ഉൾപ്പെട്ട 10യൂണിറ്റുകൾ നിലവിൽ ഉണ്ട്. 60 തൊഴിലാളികൾ ജോലിചെയ്യുന്നു. ശീലിച്ചുവന്ന ഫർണിച്ചർ നിർമ്മാണത്തിൽ നിന്ന് വ്യത്യസ്തമായി പുതുതായിട്ടുള്ള പ്രവർത്തനം കൂടി ഈ മേഖലയിൽ പരിശോധിച്ചു നോക്കേണ്ടതാണ് - അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും നാം മുന്നിൽ കാണേണ്ടതാണ് - സ്വന്തമായി നടത്തിക്കൊണ്ടു പോകുന്നവയും സ്വകാര്യ വ്യക്തികൾ കൂലിക്ക് ജോലിയെടുപ്പിക്കുന്ന നിലയും ഉണ്ട്.

ഫ്ലവർമിൽ

എട്ട് സ്ഥാപനങ്ങളിലായി ഭക്ഷ്യധാന്യങ്ങൾ പൊടിക്കുകയും, അത്യാവശ്യം നെല്ല് കുത്തുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. സഹകരണമേഥലയിൽ ആധുനിക രീതിയിലുള്ള ഒരു ഫ്ലവർ മിൽ സ്ഥാപിച്ചാൽ Food Packing തുടങ്ങാൻ സാഹചര്യമുണ്ട്. ആസൂത്രണത്തോടെ പ്രവർത്തനം ആരംഭിച്ചാൽ ആദ്യപടിയിൽ 10ഓളം സ്ത്രീ-പുരുഷതൊഴിലാളികൾക്ക് ജോലി ലഭിക്കാവുന്ന ഒരു സംരംഭമാണ്.

മരമില്ല്

മൂന്ന് മരമില്ലുകൾ പ്രവർത്തിക്കുന്നു. Packing Industry തുടങ്ങാൻ സാധ്യതയുള്ള മേഖലയാണിത്. സൗകര്യപ്രദമായ രീതിയിൽ ഈ പ്രവർത്തനം സംഘടിപ്പിച്ചു നോക്കാവുന്നതാണ്.

പ്രിൻൻറിങ്ങ് പ്രസ്സ്

ഏഴ് പ്രിൻൻറിങ്ങ് പ്രസ്സ് തുടങ്ങിയെങ്കിലും 4 എണ്ണം മാത്രമേ നിലവിലുള്ളൂ. 4 പ്രസ്സുകളിലായി 14 സ്ത്രീ-പുരുഷതൊഴിലാളികൾ ജോലിചെയ്യുന്നു - കാലാനുസൃതമായി ആധുനികവൽക്കരണം ഈ മേഖലയിൽ കൊണ്ടുവരേണ്ടതാണ്. സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു പ്രസ്സുണ്ടാക്കാൻ പറ്റിയ സാഹചര്യം നിലനിൽക്കുന്നു. ഈ ഏഖലയിൽ പുതുതായി ഒറ്റപ്പെട്ട രീതിയിൽ പരിശീലനത്തിന് ജോലിക്കാർ വരുന്നുണ്ട്. മിക്കപ്രസ്സുകൾക്കും ബാങ്ക് ലോൺ ഉണ്ടായിരുന്നെങ്കിലും പുതുതായി ത്തുടങ്ങിയതി നുമാത്രമേ ഇപ്പോൾ ലോൺ സാധ്യതയുള്ളൂ. ചെറുകിട വ്യവസായത്തിന് ഗവ:സഹായം തീരെ ഇല്ലായെന്നുള്ള വിമർശനം ഈ മേഖലയിൽ ഉണ്ട്. മറ്റു സമാന മേഖലയിലെ തൊഴിലാളികൾക്കൊപ്പം വേദന പർദ്ധനവ് ഒന്നും കൂടുതലായി നൽകാൻ കഴിയാറില്ല എന്നാണ് സ്ഥിതി. ലേബർ ആക്ട് നടപ്പിലാക്കുന്നുണ്ട്. സ്ത്രീ തൊഴി ലാളികളാണ് കൂടുതൽ എങ്കിലും പ്രാഥമിക സൗകര്യത്തിനുള്ള കേന്ദ്രങ്ങൾ ഇല്ല.

ഫൈബർ യൂണിറ്റ്

കതിരൂർ 4ാം മൈലിൽ പ്രവർത്തിക്കുന്നു- 6പേർ ജോലിചെയ്യുന്നു. പൊതുവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു - വിപുലീകരണത്തിനും, കൂടുതൽ പേർക്ക് തൊഴിൽ നൽകാനും സാധ്യതയുള്ള മേഖലയാണിത്.

ഓട്ടോ ബോഡിനിർമ്മാണം

മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നു - ചെറിയതോതിൽ പ്രവർത്തിക്കുന്നവയാണ് - ഓട്ടോ ബോഡി നിർമ്മാണ ത്തിലും - റിപ്പയറിങ്ങിലുമായി പ്രവർത്തിക്കുന്ന യൂണിറ്റു കൾ പ്രവർത്തനസജ്ജമാണ്.

ഓയിൽ മിൽ

2യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 8തൊഴിലാളികൾ ജോലിചെയ്യുന്നു. കോപ്ര ആട്ടി വെളിച്ചെണ്ണയെടുത്തു കഴിഞ്ഞാൽ ബാക്കിയുള്ള പിണ്ണാക്ക് ഉപയോഗിച്ചുകൊണ്ട് കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റും അനുബന്ധമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. പ്രത്യേകിച്ച് വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള യൂണിറ്റായി രൂപീന്തരപ്പെടാവുന്നതാണ്.

പോളോ ഡ്രിങ്ങ്സ്

സോഫ്റ്റ് ഡ്രിങ്ങ്സ് യൂണിറ്റാണിത്. 10പേർ ജോലിചെയ്യുന്നു. ഉത്പാധനത്തെ അടിസ്ഥാന മാക്കിയാണ് തൊഴിലാളികളുടെ വേദന വ്യവസ്ഥ - നഷ്ടമില്ലാത്ത ഒരുയൂണിറ്റാണ്. വൻകിട കമ്പനികളുമായി മത്സരിച്ച് മാർക്കറ്റിൽ നിൽക്കാവ പ്രയാസപ്പെടുന്നുണ്ട്.

കള്ള് ചെത്ത് വ്യവസായം :

നാല് ഷാപ്പുകൾ നിലനിലുണ്ട്. ഈ മേഖലയിൽ 35 തൊഴിലാളികൾ പ്രവർത്തിക്കുന്നു. 35പേരും ക്ഷേമനിധിയിൽ അംഗങ്ങളാണ്. ശരാശരി 100 രൂപയാണ് ഇവരുടെ ഒരുദിവസത്തെ വരുമാനം.

പപ്പട നിർമ്മാണം

വേറ്റുമ്മലിൽ സ്വകാര്യ വ്യക്തിനടത്തുന്ന സ്ഥാപനമുണ്ട് 6ാം വാർഡിൽ ഒരു ഗൃഹയൂണിറ്റും 10ാം വാർഡിൽ മറ്റൊരു പപ്പട നിർമ്മാണ ഗൃഹയൂണിറ്റും ഉണ്ട്

ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ കാലിത്തീറ്റയൂണിറ്റ്

9ാം വാർഡിൽ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കാലിത്തീറ്റ നിർമ്മാണത്തിന് ഒരു പുതിയ യൂണിറ്റ് സ്ഥാപിതമാവുന്നുണ്ട്.

പ്രശ്നങ്ങൾ

1. ആവശ്യാനുസൃതമായി ഊർജ്ജം ലഭ്യതയില്ലായ്മ
2. മൂലധനം ലഭ്യമാക്കുകയും ഗുണ പരമായ ഉപയോഗവും ഉണ്ടാക്കണം.
3. ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ സ്വകാര്യവ്യക്തികൾക്കുള്ള താൽപര്യനില്ലായ്മയും, പദ്ധതി വിജയിക്കുമോ എന്ന ഭീതിയും, സ്ഥലം ഇല്ലായ്മയും
4. പുതിയ യൂണിറ്റുകൾ തുടങ്ങാനുള്ള സാങ്കേതിക

പരിജ്ഞാന മില്ലായ്മയും വിദഗ്ദതൊഴിലാളികളുടെ അഭാവവും

5. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതകുറവ്.

6. മാർക്കറ്റിങ്ങ് സൗകര്യം ഇല്ലായ്മ

7. ഗ്രാമീണയൂണിറ്റുകൾക്ക് മൂലധനവും, സാങ്കേതിക വിദ്യയും യഥേഷ്ടം ഇല്ലായ്മ.

സാധ്യതകൾ

1. പരമ്പരാഗത വ്യവസായം പുഷ്ടിപ്പെടുത്തുക

കതിരൂർ സിഗാർ വർക്കേഴ്സ് കോ ഓപ്പറേറ്റീവ് ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ വൈവിധ്യ വൽക്കരണം സാധ്യമാക്കുക.

കൈത്തറി നെയ്ത്ത് (വീവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി) വ്യവസായ സഹകരണ സംഘം തകർച്ചയിൽ നിന്നും രക്ഷപ്പെടുത്തുക

കേരളാ ദിനേശ് ബീഡി സഹകരണ സംഘം നടത്താൻ പോകുന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായുള്ള യൂണിറ്റ് കതിരൂരിൽ സ്ഥാപിക്കുക

2. സ്വകാര്യ വ്യക്തികളെ (വിദേശ മലയാളികളടക്കം) വ്യവസായ സംരംഭത്തിന് ഭൗതികസാഹചര്യങ്ങളൊരുക്കി മൂലധനമിറക്കാൻ പ്രേരിപ്പിക്കുക.

3. നമ്മുടെ നാട്ടിൽ ഏറിയ പങ്കും വനിതകൾ അവരവരുടെ വീട്ടുജോലികളിൽ മാത്രം ഒതുങ്ങി കഴിയുന്നു - വലിയൊരു അദ്ധ്വാനശേഷി പാഴായിപ്പോകുകയാണ് - ഈ അദ്ധ്വാനശേഷിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ുലക്ഷപ്പാദനമാഖലയിലേക്ക് തിരിച്ചുവിടാൻ കഴിയണം. കുട നിർമ്മാണം, കാലിത്തീറ്റനിർമ്മാണം, കോഴിത്തീറ്റ നിർമ്മാണം, പഴകിയ പെയിപ്പർ കൊണ്ടുള്ള കാർബോർഡ് നിർമ്മാണയൂണിറ്റ് തുടങ്ങിയവ ചർച്ചചെയ്തു പുതിയ സംരംഭം എന്നനിലയിൽ തുടങ്ങാം

4. ചെറുകിട വ്യവസായ ഉൻഡസ്ട്രിയൽ എസ്റ്റേറ്റ് പഞ്ചായത്തിലെ കാർഷിക ഉൽപ്പങ്ങളെയടക്കം ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ അടിസ്ഥാന പ്പെടുത്തി സൗകര്യപ്രദവും ഫലപ്രദവുമായ ഒരു ചെറുകാട വ്യവസായ കേന്ദ്രം ആരംഭിക്കുക - 5ാം വാർഡിലെ കാളിപൊയിലക്ഷ പറമ്പ് ഈ ആവശ്യത്തിന് അകിസിഷൻ നടപടിസ്വീകരിക്കുക - പറ്റാവുന്ന സ്ഥലത്ത് പഞ്ചായത്ത് 10 ഏക്രയിൽ അധികാതെ സ്ഥലം കണ്ടെത്തുക

5. മാസ്റ്റർ പ്ളാൻ - വ്യവസായ വികസന സമിതി

നമ്മുടെ ഗ്രാമത്തിലെ വ്യവസായ നിലനിൽപിന്റേയും പുതിയ മേഖലയിലേക്ക് വ്യാപിക്കുന്നതിന്റേയും കാര്യങ്ങൾ ആലോചിക്കുവാനും, സ്ഥിരമായി മാർഗ്ഗനിർദ്ദേശം നൽകുവാനും വിദഗ്ദരെ ഉൾപ്പെടുത്തി ഒരുമാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, വ്യക്തമായ പ്ലാനിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുവാൻ വ്യവസായ സംരംഭത്തിന് ആവശ്യമായ സംരംഭത്തിന് ആവശ്യമായ എല്ലാ മേഖലയെലുമുള്ള വ്യക്തികളേയും സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൊണ്ടുള്ള വ്യവസായ വികസന സമിതി രൂപീകരിക്കുകയും ചെയ്യണം.

പട്ടിക 1
സഹകരണവ്യവസായ സംഘങ്ങൾ

പേര്	ആകെ തൊഴിലാളികൾ	പുരുഷന്മാർ	സ്ത്രീകൾ	ജീവനക്കാർ	കൂലിവ്യവസ്ഥ	ഞായറാഴ്ച കൂലി എണ്ണം	ജോലിചെയ്യുന്ന സ്ഥാപനങ്ങളുടെ വരുമാനം	ദിവസം ശകാശരി
കേരള ദിനേശ് ബീഡി	775	197	578	9	1000 ബീഡിക്ക് 30-10+ 900 ബീഡിക്ക് 10-10 ഡി.എ.	ഉണ്ട്	6 സ്വന്തം സ്ഥാപനം 4 സ്വകാര്യ സ്ഥാപനം	35 രൂപമുതൽ 50 രൂപ വരെ
തലശ്ശേരി താലൂക്ക് സിഗാർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി (ചുരുട്ട്)	60	60		-	2 1 കെട്ട് (24 എണ്ണം) 1രൂപ 24കെട്ട് (600 എണ്ണം) 8 രൂപ ഡി.എ.	ഉണ്ട്	ഒന്ന്	25 രൂപമുതൽ 35 രൂപ വരെ
കതിരൂർ വില്ലേജ് ഇൻഡസ്ട്രിയൽ കോ: ഓപ്: സൊസൈറ്റി, സിമന്റ് ഇഷ്ടിക	6	4	2	-	ജോലിയുള്ള ദിവസം .	-	ഒന്ന്	- -
കതിരൂർ വില്ലേജ് കോ: ഓപ് സൊസൈറ്റി	-	-	-	-	പുരുഷൻമാർ - 70 രൂ. സ്ത്രീകൾ - 45 രൂ -	-	-	- -

പട്ടിക 2
സ്വകാര്യ മേഖലാവ്യവസായങ്ങൾ

പേര്	ആകെ തൊഴിലാളികൾ	പുരുഷൻമാർ	സ്ത്രീകൾ	ജോലിചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം	കൂലിവ്യവസ്ഥ	ദിവസ വരുമാനം ശരാശരി
ബീഡി	800	150	650	3	1000 ബീഡി - 45 രൂപ " 34 രൂപ " 30 രൂപ	20മുതൽ 25 രൂപ വരെ
കൈത്തറി	200	50	150		ആഴ്ചകൂലി പുരുഷൻമാർ - 150 രൂപ സ്ത്രീകൾ - 80 രൂപ	പുരു. 20 - 25 സ്ത്രീകൾ 10 - 15
യന്ത്രത്തറി	51	45	6		ആഴ്ചകൂലി പുരു.മാർ - 300 മുതൽ 400 വരെ സ്ത്രീകൾ -200 മുതൽ 250 വരെ	പുരു. 45 സ്ത്രീകൾ 30
പ്രിൻറിങ് വർക്ക്സ്	14	10	4	4	ആഴ്ചകൂലി സ്ത്രീകൾ പുരുഷൻമാർ മാസ ശമ്പളം 1000 - 2000 രൂപ വരെ	
ഫർണിച്ചർ ഇൻഡസ്ട്രിയൽ	60	60			ദിവസം 100 -125	100

പട്ടിക 3

ഐ.ആർ.ഡി.പി സർവെപ്രകാരം ഗ്രാമീണകൈത്തൊഴിലുകാർക്ക് ഗവ:സഹായം ലഭിച്ചത്- അർഹതപ്പെട്ടത്

സർവ്വെപ്രകാരം സഹായത്തിന് അർഹതപ്പെട്ട കുടുംബങ്ങൾ ആകെ	സഹായം ലഭിച്ചത്	സഹായം ലഭിക്കേണ്ടത്	ഐ.ആർ.ഡി.പി പ്രകാരം കൈത്തൊഴിലിന് സഹായം ലഭിച്ചവരുടെ എണ്ണം
111 കുടുംബം	1993-94 ൽ 8 1994-95 ൽ 11 1995-96 ൽ 6	86	ആശാരി -1 7 തട്ടാൻ - 2 കൊല്ലൻ - 2 പെരുതേരി - 4 1996 മുതൽ പെരുതേരിമാർക്ക് സഹായം നൽകുന്നില്ല.

പട്ടിക 4

കതിരൂർ പഞ്ചായത്തിലെ ലൈസൻസുള്ള വ്യവസായ സ്ഥാപനങ്ങൾ - എണ്ണം

ക്രമ നമ്പർ		എണ്ണം	ക്രമ നമ്പർ		എണ്ണം	ക്രമ നമ്പർ		എണ്ണം
1	സോഫ്റ്റ് ഡ്രിങ്ങ്സ്	1	6	വുഡ് ഇൻഡസ്ട്രിയൽ	3	11	മൊസൈക്ക്	1
2	ഓയിൽ ഫ്ലവർമിൽ	9	7	പവർലൂം (യന്ത്രത്തറി)	25	12	ആയുർവ്വേദമരുന്ന് നിർമ്മാണം	1
3	സോമിൽ	4						
4	പ്ലാസ്റ്റിക്ക് ചെരിപ്പ്	1	8	ചെരിപ്പ് നിർമ്മാണം	1	13	ടിസർ ഇൻഡസ്ട്രി	1
5	പ്രിൻറിങ്ങ് പ്രസ്സ്	7	9	വെൽഡിങ്ങ്	6			
			10	ഫർണിച്ചർ നിർമ്മാണം	4			

അവലംബം - പഞ്ചായത്ത് രജിസ്റ്റർ

5-6

ഗതാഗതം

കതിരൂർ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളും എടുത്ത് പരിശോധിച്ചാൽ റോഡ് ഗതാഗതം മാത്രമാണ് പഞ്ചായത്തിലെ ഏക ആശ്രയം എന്ന് മനസ്സിലാക്കാൻ സാധിക്കും. പഞ്ചായത്തിന്റെ സിരാകേന്ദ്രങ്ങളിലൂടെ കടന്ന് പോകുന്ന ടെലിച്ചറി - കൂർഗ് റോഡാണ് ഒരു പ്രധാനപ്പെട്ട റോഡ്. ഈ റോഡിൽ ബന്ധപ്പെട്ടുകൊണ്ടാണ് പഞ്ചായത്തിലെ റോഡുകൾ. പഞ്ചായത്തിലെ മിക്കവാറും റോഡുകൾ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചതാണ്. 1953 - 54 കാലഘട്ടത്തിൽ ബ്ലോക്കിന്റെ സഹായത്തോടെ പഞ്ചായത്ത് നിർമ്മിച്ച കതിരൂർ -തോട്ടുമ്മൽ റോഡ് ആണ് പഞ്ചായത്തിലെ ആദ്യത്തെ റോഡ്. അതിനുശേഷം പഞ്ചായത്തും ജനങ്ങളും കൂടി നിർമ്മിച്ച റോഡാണ് പൊന്ന്യം സെൻട്രൽ റോഡും. പഞ്ചായത്തിലെ രേഖ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 53.361കി.മീ റോഡാണ് ഉള്ളത്. ഇതിൽ 8.750കി.മീ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടാർ ഇട്ട റോഡുകളാണ്. 5.129കി.മീ റോഡുകൾ മാത്രമാണ് ടാർ ചെയ്തത്. 15.236കി.മീ തീരെ മോശമായ റോഡുകളും, 24.246കി.മീ ഒരു വിധം ഭേദപ്പെട്ട റോഡുകളുമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുജനങ്ങൾ ശ്രമദാനമായി നിർമ്മിക്കപ്പെട്ട റോഡുകളുണ്ട്. ഇവ പഞ്ചായത്തിന് ആകെ കൈമാറിയിട്ടില്ല.

മറ്റെല്ലാ പഞ്ചായത്തിൽ എന്ന പോലെ റോഡ് ഗതാഗത രംഗത്ത് നമ്മുടെ പഞ്ചായത്തും വളരെ മുൻപന്തിയിൽ തന്നെയാണ്. വികസനമെന്നാൽ റോഡും പാലവും നിർമ്മാണമെന്ന ധാരണ ഗതാഗത രംഗത്ത് വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കതിരൂർ പഞ്ചായത്തിൽ 2 എം.എൽ.എ റോഡുകൾ ആണ് ഉള്ളത്. ഒന്ന് കതിരൂർ - കാളി, മറ്റൊന്ന് ചോനാടം-കുണ്ടുചിറ റോഡ്. ഇവിടെ 14 ടാർ ചെയ്ത റോഡുകളാണ് ഉള്ളത്. ഇതിൽ 9 റോഡുകൾ പഞ്ചായത്ത് ടാർ ചെയ്തതുമാണ്. 7 ഓളം ബസ്സ് വെയ്റ്റിംഗ് ഷെൽട്ടറുകളും 3 ഓട്ടോറിക്ഷാ പാർക്കിംഗ് കേന്ദ്രങ്ങളും ഉണ്ട്. ഈ പാർക്കിംഗ് കേന്ദ്രങ്ങളിലെല്ലാം കൂടി ഏകദേശം 50 ഓട്ടോറിക്ഷകളും പത്തോളം കാറുകളും 12 വാനുകളുമാണ് ഉള്ളത്. നമ്മുടെ പഞ്ചായത്തിനെ കേന്ദ്രീകരിച്ച് സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം രണ്ടാണ്. ഗ്രാമത്തിൽ ബസ്സ് ഗതാഗതത്തിന് അനുകൂലമായ സ്ഥിതിയുള്ള പല റൂട്ടുകളിലും ബസ്സ് ഓടുന്നില്ല. യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന ഏകവഴി തലശ്ശേരി - കൂർഗ് റോഡാണ്.

നമ്മുടെ പഞ്ചായത്തിലെ പുല്ല്യോട്- കുറ്റ്യേരി

ച്ചാൽ, മലാൽ പ്രദേശങ്ങളിലെ റോഡുകൾ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് ഗതാഗത യോഗ്യമല്ലാതായി കിടക്കുകയാണ്. കുണ്ടൂർ മലയുടെ ചെരിവായതു കൊണ്ട് വർഷകാലങ്ങളിലുള്ള മണ്ണൊലിപ്പിനെ അതിജീവിക്കുവാൻ ഈ പ്രദേശത്തെ റോഡുകൾക്ക് സാധിക്കുന്നില്ല. മണ്ണൊലിപ്പ് തടയാൻ കോട്ടയം വാട്ടർഷെഡ് പ്രവർത്ത നവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി എടുക്കേണ്ടതാണ്. അല്ലാതെ ഈ റോഡുകൾ റിപ്പയർ ചെയ്തത് കൊണ്ട് കാര്യമില്ല. നമ്മുടെ P.W.D റോഡികളുടെ നിലവാരം വളരെ മോശമാണ്. ഇതിന് കാലാകാലത്തുള്ള അറ്റകുറ്റപണി പോലും നടത്തുന്നില്ല. ഇതുകൊണ്ട് അപകടസാധ്യത കൂടുതലാണ്. പക്ഷെ കതിരൂരിൽ നിന്ന് തുടങ്ങി തോട്ടുമ്മലിൽ അവസാനിക്കുന്ന റോഡ് ഇതിനെ ഒരു പരിധിയോളം അതിജീവിക്കുന്നു. ടാറിടാത്ത റോഡുകളിൽ പഞ്ചായത്ത് അറ്റകുറ്റ പണികൾ നടത്താൻ ശ്രദ്ധിക്കുന്നുണ്ടെങ്കിലും മണ്ണൊലിപ്പ് കൊണ്ടും ഓവ് ചാലില്ലാത്തതുകൊണ്ടും ഇത് ഗുണപരമാവുന്നില്ല. നല്ല ഓവ് ചാലുകളുള്ള ഒരു റോഡ് പോലും പഞ്ചായത്തിൽ നിലവിലില്ല. മിക്കവാറും ഓവ് ചാലുകൾ മണ്ണൊലിപ്പ് കൊണ്ട് മൂടപ്പെടുകയോ ചപ്പ് ചവറുകൾ ഇട്ട് തടയപ്പെടുകയോ ചെയ്യുന്നു.

റോഡുഗതാഗതത്തിൽ വൻ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും എല്ലാ വിശേഷാൽ ഗ്രാമസഭകളിലും സജീവ ചർച്ച ഉയർന്ന് വന്നത് റോഡുഗതാഗതത്തെ കുറിച്ചാണ്. ഇതിനുകാരണം മറ്റുഗതാഗത സൗക ര്യത്തിന് സാധ്യതയില്ലാത്തതുകൊണ്ടാണ്. ജലഗതാ ഗതം നമ്മുടെ പഞ്ചായത്തിന് പൂർണ്ണമായും അന്യ മാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ജലാശയങ്ങൾ ഈ പഞ്ചായത്തിലില്ല. ജലഗതാഗതത്തിന് അല്പം സാധ്യതയുള്ള ജലാശയം ചാടാലപുഴ മാത്രമാണ്. കാർഷിക ആവശ്യത്തിന്കടത്ത് വള്ളങ്ങൾ ഒരു കാലഘട്ടത്തിൽ വിവിധ ഭാഗങ്ങളിൽ ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്ന് ഒരിക്കലും സാധ്യമല്ലാത്തവിധം അപ്രത്യക്ഷമായിരിക്കുന്നു. പഞ്ചായത്തിലെ ഒരു ഭാഗത്തു കൂടിയും റെയിൽഗതാഗതം ഇല്ല. തലശ്ശേരി-മൈസൂർ റെയിൽവേക്ക് വേണ്ടി ഒരു സർവ്വേ വർഷങ്ങൾക്ക് മുമ്പ് നമ്മുടെ പഞ്ചായത്തിൽ നടന്നിരുന്നു എന്നത് മാത്രമാണ് ഈ പഞ്ചായത്തിന് റെയിൽവേയുമായുള്ള ബന്ധം. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ട്രയിൻ യാത്രയ്ക്ക് വേണ്ടി തലശ്ശേരി റെയിൽവേ സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്.

പ്രശ്നങ്ങൾ :-

പല റോഡുകളും വർഷത്തിൽ ഒരിക്കൽ പോലും അറ്റകുറ്റപണികൾ നടത്തുന്നില്ല.

ടാർ ചെയ്ത റോഡുകൾ മിക്കതും പൊട്ടി പൊളിഞ്ഞ് കിടക്കുന്നു.

പല റോഡുകൾക്കും കൾവർട്ടുകളില്ല.

മണ്ണൊലിപ്പ് കാരണം റോഡുകൾ മോശമാവുന്നു.

ജനങ്ങൾ തിങ്ങികൂടുന്ന സ്ഥലത്ത് പോലും ബസ്സ് ഷെൽട്ടറുകളില്ല.

ഓവ് പാലങ്ങൾ ആവശ്യമുള്ള സ്ഥലത്തെല്ലാത്തതു കൊണ്ട് വർഷക്കാലത്ത് റോഡുകൾ കുളങ്ങളായി.

നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.

ഓട്ടോറിക്ഷ, കാർ, വാൻ എന്നിവ പാർക്ക് ചെയ്യുവാൻ ആവശ്യമായ സ്ഥലമില്ല.

പല റോഡുകളും ഭൂവിതാനത്തിനും താഴെയാണ്.

റോഡുകളുടെ അറ്റകുറ്റ പണി പൂർത്തിയായാലുള്ള കുഴി കുഴിക്കൽ

റോഡുകൾ നിർമ്മിക്കുമ്പോൾ സൈഡിലുള്ള മരങ്ങൾ നശിപ്പിച്ചു കളയുന്നു. ഇത് മണ്ണൊലിപ്പിന് കാരണമാണ്.

സാധ്യതകൾ :-

റോഡുകളുടെ അറ്റകുറ്റ പണി കൃത്യമായി നടത്തൽ

എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കൽ.

മണ്ണൊലിപ്പ് തടയാനുള്ള പദ്ധതി.

റോഡിന്റെ സംരക്ഷണത്തിനും പുതിയ റോഡ് നിർമ്മാണത്തിനും ജനകീയ സമിതി രൂപീകരിക്കൽ.

ആവശ്യമായ സ്ഥലങ്ങളിൽ ബസ്സ് ഷെൽട്ടർ നിർമ്മിക്കൽ.


Kadirur Panchayath
Surface Meterial
Pinarayi
Kottayam
Pattiam
Erancholi
Mokery
Pannyanoor
Mahe
Kodiyeri
Thiruvangad
INDEX
Alluvial soil (Clayee)
Alluvial Soil (Sandy)
Laterite soil
Road (metalled)
Panchayath Boundary
River/stream
Scale 1:20,000(Approx)
INCHES
MILES

പുനരർപ്പണദിനമായ 1996 നവംബർ 1ന്
പുല്ലേ്യാട്-റോഡു നിർമ്മാണ ഉൽഘാടനം.
പ്രസിഡണ്ട് ശ്രീ.കാരായി ബാലൻ നിർവഹിക്കുന്നു.



കതിരൂരിലെ ജൈവഗ്രാമം.വാഴകൃഷി തോട്ടം
കൃഷിക്കാരൻ. ശ്രീ.എ. വാസു, പൊന്നും.

കതിരൂർ ജൈവഗ്രാമം വിളംബരജാഥ പര്യടനം
നടത്തുന്നു.



പൊന്ന്യംപാലം -തെക്കെതയ്യിൽ റോഡ് നിർമ്മാണം
പുനരർപ്പണദിനമായ നവംബർ 1ന് വൈസ് പ്രസിഡണ്ട്
ശ്രീ. കെ.സി.ചന്ദ്രൻ ഉൽഘാടനം ചെയ്യുന്നു.

അപകടം ഒഴിവാക്കാൻ ഹമ്പും ഡിപ്പും ഉണ്ടാക്കൽ

പ്രധാന റോഡുകൾ ടാർ ചെയ്യാനുള്ള പദ്ധതി.

റോഡരികിൽ തണൽ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക

ആവശ്യമായ സ്ഥലങ്ങളിൽ കൾവർട്ട് ഉണ്ടാക്കുക.

റോഡരികിൽ സിഗ്നൽ ബോർഡുകൾ വെക്കാൻ പദ്ധതി.

റോഡിൽ നിന്നും മൂന്ന് അടി വിട്ട് വീട് നിർമ്മിക്കൽ.

വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥലസൗകര്യം ഉണ്ടാക്കൽ

പൂർത്തികരിക്കേണ്ട റോഡുകൾ പൂർത്തിക്കരിക്കാനുള്ള പദ്ധതി.

ഗ്രാമസഭയിൽ ഉയർന്ന് വന്ന പ്രധാന നിർദ്ദേശങ്ങൾ:-

പതിനൊന്ന് വിശേഷാൽ ഗ്രാമസഭകളിൽ നിന്നായി റോഡ് ടാർ ചെയ്യാനുള്ള നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1. കതിരൂർ ഹൈസ്ക്കൂൾ - പൂവത്തിൻ കീഴിൽ, മലാൽ
2. നാല് സെൻറ് കോളനിയിലേക്കുള്ളത്.
3. 40ം മൈൽ അയ്യപ്പമഠം - മലാൽ ഹെൽത്ത് സെൻറർ - എ.കെ.ജി ക്ലബ്.
4. 50ം മൈൽ എ.ആർ.സി റോഡ്.
5. കതിരൂർ - ചോയ്യാടം, പുല്ല്യോടി റോഡ്.
6. കൂടത്തിൽ മഠപ്പുര വനിത സഹകരണ സംഘം വരെ.
7. പൊന്ന്യം പുലരി വായനശാല സബ് സ്റ്റേഷൻ 30ം മൈൽ റോഡ്.
8. സെൻട്രൽ റോഡ് - കുണ്ടുചിറ ലിങ്ക് റോഡ് നമ്പ്യാർ പീടിക വരെ.
9. പൊന്ന്യം പറാങ്കുന്ന് - നാമത്ത് കോർണർ.
10. വിജ്ഞാനദായിനി വായനശാല - പറാങ്കുന്ന് വരെ.
11. പൊന്ന്യം പാലം - ചുണ്ടങ്ങാപൊയിൽ ലിങ്ക് റോഡ്.
12. 30ം മൈൽ - കുണ്ടുചിറ റോഡ്.
13. പൊന്ന്യം സബ് സ്റ്റേഷൻ - കാലിത്തീറ്റ കമ്പനി വഴി പോകുന്ന റോഡ്. എം. എൽ. എ റോഡിൽ ചേരുന്നു.
14. ചുണ്ടങ്ങാപൊയിൽ - കാട്ടിൽ മുക്ക് - കുയ്യണ്ടിപള്ളി റോഡ്.
15. പൊന്ന്യം ലിങ്ക് റോഡ്.
16. എ. കെ.ജി ക്ലബ് മുതൽ കുണ്ടുചിറ ഡാം വരെ.
17. ശ്മശാനം റോഡ്.
18. പുല്ല്യോട് കാരക്കുന്ന്

വിശേഷാൽ ഗ്രാമസഭയിൽ പുതിയ റോഡുകളുടെ നിർമ്മാണം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. പൊന്ന്യം മലാൽ - പുല്ല്യോട് വേങ്ങോളിമുക്ക് റോഡ്.
2. പുല്ല്യോട് സുബ്രഹ്മണ്യം ക്ഷേത്രം - തോട്ടുമ്മൽ
3. കുട്ടി കുന്നുമ്മൽ - കുണ്ടേരി ലക്ഷം വീട്.
4. പുല്ല്യോട് വേങ്ങോളി മുക്ക് - പുല്ല്യോടി പടിക്കൽ താഴെ
5. കതിരൂർ ഈങ്ങോളി കുളം മുതൽ - കതിരൂർ വള്ളത്ത് വീടിൻെറ മുൻപ് വരെ.
6. കതിരൂർ സമീക്ഷ കോളേജ് - ചാലി പപ്പൻെറ വീട് വരെ.
7. കതിരൂർ മുരിക്കോളിയുടെ വീടിൻെറ മുന്നിലൂടെ - കുമാരൻ റൈറ്ററുടെ വീടിൻെറ മുമ്പുവരെ.
8. കതിരൂർ കുറ്റേരി ചാൽ റോഡം - പുല്ല്യോട് അമ്പലം കതിരൂർ കാളി എം. എൽ. എ റോഡ്.
9. കതിരൂർ ഈസ്റ്റ് എൽ. പി (കുന്നുമ്മൽ വീട്) - ശ്രീ കൂറുമ്പക്കാവ്.
10. കതിരൂർ കേരള ദിനേശ് ബീഡി - കതിരൂർ മൽസ്യമാർക്കറ്റ്.
11. ഉക്കാസ് മൊട്ട - കതിരൂർ അമ്പലം നേഴ്സറി
12. കതിരൂർ അമ്പലം - ഉക്കാസ് മൊട്ട പി. എച്ച്. സി സെൻറർ
13. കതിരൂർ ഐ.ഒ.ബി - പൊന്ന്യം റോഡ്
14. കതിരൂർ പുല്ല്യോടി- മഞ്ചക്കൽ - പൊന്ന്യം ലിങ്ക് റോഡ്.
15. പൊന്ന്യം ചെറുകണ്ടി - കോളായി വഴി പൊന്ന്യം

ലിങ്ക്.

16. പൊന്ന്യം നാമത്ത് കോർണർ - പറാങ്കുന്ന് ഗോവിന്ദൻ നായരുടെ വീട് വരെ.

17. പൊന്ന്യം സബ്സ്റ്റേഷൻ (പിന്നിൽ) - പൊന്ന്യം ലിങ്ക് റോഡ്.

18. അടൂട മഠപ്പുര - പടിക്കലേട്ടി മുക്കുവഴി - മുള്ളൻ മുക്ക്.

19. പൊന്ന്യം കാരാടൻ കുഴി - പറാകുന്ന് സബ് സ്റ്റേഷൻ റോഡ്.

20. അടിയറ ത്തോട് - തയ്യിൽക്കണ്ടി - ശ്മശാനം റോഡ്.

21. ടി.വി.എ ക്ലബ് - പൊന്ന്യം കാലിത്തീറ്റ റോഡ്.

22. തയ്യിൽഭാഗം, കല്ല്യമ്പ്രം - കുണ്ടുചിറ പുഴയോര റോഡ്.

23. പോണ്ടിച്ചേരി - കതിരൂർ റോഡ് പാലം.

24. കുണ്ടുചിറ ചോനാടം റോഡിൽ നിന്ന് ശ്മശാനം വരെ.

25. അന്തോളി മുക്കുമുതൽ കല്ല്യമ്പ്രം വരെ.

26. ഇടയിൽ പീടികയിൽ നിന്ന് ചാല വയൽ വഴി കിഴക്കെകതിരൂരിനെ ബന്ധിപ്പിക്കുന്നത്.

27. യങ്സ്റ്റാർ കക്കറ - കടമ്പിൽ - ഇടയിൽ പീടിക റോഡ്.

28. ചുണ്ടങ്ങാപൊയിൽ തെരുവളപ്പ് മുതൽ ചുണ്ടങ്ങാപൊയിൽ ലക്ഷം വീട് വരെ.

29. പൊന്ന്യം വിദ്യാനികേതൻട്യൂഷൻ സെൻറർ -പൊന്ന്യം മനക്കൽ റോഡ്.

30. വേളൂർ ലക്ഷം വീട് - ഡയമൻ മുക്ക്.

31. അയ്യപ്പമഠം - അരയത്ത് താഴെ.

32. ലക്ഷം വീട് കോളനി മുതൽ തയ്യൽ മുക്ക് വരെ.

അറ്റകുറ്റപ്പണി ചെയ്യേണ്ടുന്ന റോഡുകൾ:-

1. സി.എച്ച് നഗർ - പടിക്കൽ മുക്ക് വരെ
2. കതിരൂർ - കാരക്കുന്ന്.
3. ഏച്ചിപ്പൊയിൽ - വേറ്റുമ്മൽ
4. വേറ്റുമ്മൽ - കൊട്ടിയോട്ടി
5. കതിരൂർ റജി. ഓഫീസ് - ഡിസ്പെൻസറി റോഡ്
6. ജയേന്ദ്രൻ ഡോക്ടർ - മഠത്തിൽ മുക്ക്.
7. കതിരൂർ - പുല്ല്യോടി
8. തയ്യിൽ - തീരദേശ റോഡ്
9. നായനാർ - കുടക്കളം
10. അയ്യപ്പമഠം - ഹെൽത്ത് സെൻറർ
11. ബീവി മുക്ക് - നാമത്ത് മുക്ക്
12. തയ്യിൽ മുക്ക് - മുള്ളൻ മുക്ക്
13. പുല്ല്യോട്ട് കാവ് വയൽ റോഡ്
14. സി. എച്ച് നഗർ മഠത്തിൽ താഴെ
15. മുള്ളൻ മുക്ക് - 4 (1) കക്കറ റോഡ്
16. വണ്ണാർ വയൽ സ്കൂൾ - 8ാം വാർഡ് അതിർത്തി
17. 3ാം മൈൽ - കാട്ടിൽ മഠപ്പുര റോഡ്
18. പൊന്ന്യം സബ് സ്റ്റേഷൻ റോഡ് - കുണ്ടുചിറ റോഡ്.
19. പൊന്ന്യം സൗത്ത് എൽ.പി സ്കൂൾ റോഡ്
20. ഇടയിൽ പീടിക - കീരങ്ങാട് റോഡ്

വീതി കൂട്ടേണ്ടവ :-

1. പുല്ല്യോട് ഈസ്റ്റ് ശ്രീ നാരായണ മഠം - അഞ്ചാംമൈൽ പള്ളി
2. ഗവ: ഹൈസ്കൂൾ - പടിഞ്ഞാറെ ഇടവഴി റോഡ്
3. പുല്ല്യോട്ട് - കൊളവട്ടം കോളനി
4. കൊളപ്രത്ത് താഴെ - കണ്ടോത്തുങ്കണ്ടി - പാനൂർ റോഡ്.
5. ഡൈമൻമുക്ക് - കോളനി (അംബേദ്ക്കർ)
6. പോസ്റ്റാഫീസ് റോഡ് - സത്രം - ഡിസ്പെൻസറി റോഡ്.
7. ശ്രീ നാരായണമഠം കനാൽ റോഡ് - ഉക്കാസം മൊട്ട കനാൽ റോഡ്
8. കതിരൂർ - പാനൂർ റോഡ്
9. കുടുംബക്ഷേമകേന്ദ്രം - അരീത്തടം വയൽ
10. ചാത്തോത്തം മുക്ക് - വണ്ണത്താൻ മുക്ക്
11. ബീവി മുക്ക് - മങ്ങേരി മുക്ക്
12. പഴയ പോസ്റ്റോഫീസ് - 4/1 കക്കറ റോഡ്.
13. ചുണ്ടങ്ങാപ്പൊയിൽ സെൻട്രൽ എൽ. പി സ്കൂളിന് മുൻവശം.

ബസ്സ് ഷെൽട്ടർ സ്ഥാപിക്കേണ്ടത് :-

1. വേറ്റുമ്മൽ
2. അഞ്ചാം മൈൽ
3. വേറ്റുമ്മൽ - പത്തായക്കുന്ന് റോഡ്
4. പൊന്ന്യം സ്രാമ്പി

ഊർജ്ജം

ജനകീയാസൂത്രണത്തിന്റെ ഭാഗമായി കതിരൂർ ഗ്രാമപഞ്ചായത്തിൽ നടന്ന ദ്വിതീയ വിവര ശേഖരണത്തിലും തലങ്ങും വിലങ്ങും നടക്കൽ എന്ന വിവരശേഖരണ പരിപാടിയിലൂടേയും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഗ്രാമസഭകളിൽ ജനങ്ങൾ നടത്തിയ കാതലായ ഭാഗങ്ങൾ ഉൾപ്പെടുത്തിയുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്.

1. നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടന്ന സർവ്വെയുടെ അടിസ്ഥാനത്തിൽ ഊർജ്ജം എന്നാൽ വൈദ്യുതി മാത്രമാണ് എന്ന യാഥാസ്ഥിതിക സങ്കൽപം മുറുകെ പിടിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ഗ്രാമസഭകളിൽ നടന്ന ഊർജ്ജം പ്രതിസന്ധിയേക്കുറിച്ചു ള്ള ചർച്ചയിൽ വൈദ്യുതി രംഗത്തുള്ള വോൾട്ടേജ് കുറവും വൈദ്യുതീകരിക്കാത്ത മേഖലയെക്കുറിച്ചുള്ള വിവരങ്ങളും മാത്രമാണ് ചർച്ചചെയ്യപ്പെട്ടത്. ബയോഗ്യാസ് പ്ലാൻറുകളുടേയും സൂര്യറാന്തലിന്റെ സാധ്യതയേക്കുറിച്ചും, ഇന്ധനലഭ്യതയെക്കുറിച്ചും ജനകീയ ആസൂത്രണത്തിന്റെ ചർച്ചയുടെ ഭാഗമാക്കേണ്ടത് അനിവാര്യമാണെന്ന് സർവ്വെ വെളിപ്പെടുത്തുന്നു. നമ്മുടെ പഞ്ചായത്തിൽ ചാണകം ധാരാളം ലഭ്യമാകുന്ന വീടുകളിൽ പോലും അതിൽ നിന്ന് ഗ്യാസ് ഉൽപാദിപ്പിക്കാം എന്നചിന്ത പ്രചരിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിൽ വിരലിൽ എണ്ണാൻ പോലും ബയോഗ്യാസ് ഉൽപാദിപ്പിക്കുന്ന യൂണിറ്റില്ല. സൂര്യറാന്തലിന്റെ അവസ്ഥയും ഇതിൽ നിന്നും ഭിന്നമല്ല. ഒരു പക്ഷേ ഇതിന്റെ അമിതമായ വില ജനങ്ങളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതായിരിക്കാം. ഗ്യാസ് അടുപ്പുകൾ സമീപക്കാലത്ത് വ്യാപിച്ച് വരുന്നുണ്ട് എന്ന് സർവ്വെയിൽബോധ്യപ്പെട്ടിരിക്കുന്നു. കതിരൂരിൽ മൂന്ന് സ്വകാര്യ ഗ്യാസ് ഏജൻസികളും പ്രവർത്തിച്ച് വരുന്നുണ്ട്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇന്ധനക്ഷാമം രൂക്ഷമായി അനുഭവിക്കുന്നുണ്ട്. അധിക ജനങ്ങളും അവരുടെ വീട്ടുവളപ്പിൽ നിന്ന് കിട്ടുന്ന വിറക് തന്നെയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വനങ്ങളില്ലാത്തതു കൊണ്ട് തന്നെ വിറക് ക്ഷാമം ഇനി രൂക്ഷമാവും എന്ന് പറയേണ്ടതില്ലല്ലോ. ഇതിൽ നിന്നും ഒരു രക്ഷപ്പെടൽ എന്ന നിലയിൽ സാമ്പത്തികമായി മധ്യതലത്തിലുള്ളവർ മണ്ണെണ്ണ പർമിറ്റ് സംഘടിപ്പിച്ച് സ്റ്റൗ ഉപയോഗിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം പേരും സ്ഥിരവരുമാനമില്ലാത്ത കർഷകത്തൊഴിലാളികളും മറ്റ് തൊഴിലാളികളും ആയതുകൊണ്ട് തന്നെ സിവിൽ സപ്ലൈസ് വകുപ്പ് നിർദ്ദേശിക്കുന്ന നിശ്ചിത വരുമാനം കാർഡിൽ കാണിക്കാൻ കഴിയാത്തവരാണ്. അതുകൊണ്ട് പർമിറ്റ് സംഘടിപ്പിക്കാനോ സ്റ്റൗ ഉപയോഗിച്ച് പാചകം ചെയ്യാനോ സാധിക്കുന്നില്ല. വരുമാന നിർണ്ണയത്തിലെ അശാസ്ത്രീയതയും ഇതിനൊരു കാരണമായിരിക്കാം. നമ്മുടെ പ്രധാന ഊർജ്ജം സ്രോതസ്സായ വൈദ്യുതിയെക്കുറിച്ച് സർവ്വെയിൽ വെളിപ്പെട്ട കാര്യങ്ങളാണ് താഴെപറയുന്നത്. കതിരൂർ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ ആറോളം പഞ്ചായത്തിന്റെ ഭാഗങ്ങൾ വരുന്നുണ്ട്. ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണത്തെക്കുറിച്ച് പഞ്ചായത്ത് തിരിച്ചുള്ള രേഖകൾ സെക്ഷൻ ഓഫീസിൽ ലഭ്യമല്ല. പഞ്ചായത്തിൽ തന്നെ സ്ഥിതിചെയ്യുന്ന പെനം കുന്ന് 110 കെ.വി സബ് സ്റ്റേഷൻ വഴിയാണ് നമുക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. നമ്മുടെ പഞ്ചായത്ത് പ്രദേശത്തും 25കെ.മീ ഹൈടെൻഷൻ ലൈനും 86കെ.മീ ലോ ടെൻഷൻ ലൈനും വഴിയാണ് വൈദ്യുതി വിതരണം നിർവ്വഹിക്കുന്നത്. താൽക്കാലിക ആവശ്യത്തി ലേക്കായി പുല്ല്യോട് സോഡമുക്ക് വഴി കടന്നു പോകുന്ന എക്ട്രാ ഹൈടെൻഷൻ ലൈൻ ഹൈടെൻ ഷൻ ആയി തരം താഴ്ത്തി പ്രവർത്തിക്കുന്നുണ്ട്. 25 കെ.വി. എച്ച്. ടി ലൈനിനുള്ളിൽ ഒരു താൽക്കാലിക ട്രാൻസ്ഫോർമർ ഉൾപ്പെടെ 17ട്രാൻസ്ഫോർമർ വഴിയാണ്. വൈദ്യുതി

വിതരണം ചെയ്യുന്നത് വേറ്റുമ്മൽ ട്രാൻസ്ഫോർമറിന്റെ കുറച്ച് ഭാഗവും ഇതിൽ ഉൾപ്പെട്ടതാണ്. പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളേയും ഏകദേശം സ്പർശിച്ച് കൊണ്ടാണ് എച്ച്.ടി ലൈൻ കടന്നു പോകുന്നത് എന്നതും കൊണ്ട് തന്നെ പുതിയ ട്രാൻസ്ഫോർമർ ഇനി പ്രയേണ ചെലവ് കുറവാണ്. നമ്മുടെ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുന്ന വൈദ്യുതിയുടെ 87% വൈദ്യുതിയും ഗാർഹിക ആവശ്യത്തിലേക്കാണ്. 8% വ്യപാര ആവശ്യത്തിനും 2% വ്യാവസായിക ാവശ്യത്തിനും ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഭേദപ്പെട്ട വ്യവസായങ്ങൾ ഇല്ല എന്നതിന് ഇതൊരു തെളിവാമല്ലോ. 3734 ഗാർഹിക ഉപഭോക്താക്കളും 425 വ്യാപാര സ്ഥാപനങ്ങളും 85 ചെറുകിട വ്യവസായ ങ്ങളും 125 കാർഷിക ഉപഭോക്താക്കളുമാണ് ഉള്ളത്. പഞ്ചായത്തിൽ 364 സ്ട്രീറ്റ് ലൈറ്റുകളാണ് ഉള്ളത്. 40വാൾട്ടിന്റെ 311 എണ്ണവും 60വാൾട്ടിന്റെ 25 എണ്ണവും 70വാൾട്ടിന്റെ 18 സോഡിയം വെപ്പർ ലാമ്പും നിലവിലുണ്ട്. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് 4095/-രൂപ വൈദ്യുതി ബോഡിനു കൊടുക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ6 6%ത്തിൽ ഒതുങ്ങുന്നതാണ്. ഇത്രയൊക്കെയാണെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യാത്തത് കൊണ്ട് 50%വും ഉപയോഗ ശൂന്യമാണ്.

നമ്മുടെ പഞ്ചായത്തിൽ കണക്ഷന് അപേക്ഷിച്ചവരിൽ പോസ്റ്റർ ആവശ്യമായി വന്നവർക്ക് 30.9.91 വരെ കണക്ഷൻ കൊടുത്തു. പോസ്റ്റർ ആവശ്യമില്ലാത്ത അപേക്ഷ 29.2.94 വരെ പരിഗണിച്ചു. OYEC സ്കീമിൽ ഉൾപ്പെട്ട 30.7.96 വരെയുള്ള അപേക്ഷ പരിഗണിച്ചു. ഈ സ്കീമിലെ പോസ്റ്റർ ആവശ്യമായ അപേക്ഷകളിൽ 23.8.95 വരെ പരിഗണിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കാൻ പറ്റുന്നത് 30. 9. 91 അപേക്ഷിച്ച അപേക്ഷകനാണ് പഞ്ചായത്തിൽ ഏറ്റവും അവസാനം കണക്ഷൻ കൊടുത്തത്. സാധാരണ അവസ്ഥയിൽ നമ്മുടെ പഞ്ചായത്തിൽ ലൈദ്യുതി കണക്ഷൻ കിട്ടാൻ 5 വർഷം കാത്തിരിക്കണം എന്നർത്ഥം. 96-97 സാമ്പത്തിക വർഷത്തിൽ 129 സാധാരണ കണക്ഷനും OYEC വിഭാഗത്തിൽ 12എണ്ണവും വികലാംഗ പ്രിയോറിറ്റിയിൽ 6 കണക്ഷനും നൽകിയിട്ടുണ്ട്. 129 പേരിൽ 84 എണ്ണവും മിനിമം ഗ്യാരണ്ടി സ്കീമിൽ ഉൾപ്പെട്ടതാണ്. പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നതിനായി അപേക്ഷ നൽകിയവരുടെ എണ്ണം 650 ആണ്. ഇതിൽ 300 അപേക്ഷകർക്ക് പോസ്റ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കണക്ഷൻ ലഭ്യമാവൂ. പഞ്ചായത്തിന്റെ 70% ഭാഗത്തും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നുണ്ട്. മിക്ക വീടുകളിലും വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നതുകൊണ്ട് തുല്യമായ വിതരണത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗം പേരും യഥാർത്ഥ കണക്റ്റഡ് ലോഡ് ടെസ്റ്റ് റിപ്പെർട്ടിൽ കാമിക്കാത്തതുകൊണ്ട് പുതിയ ട്രാൻസ്ഫോർമർ പല പ്രദേശങ്ങളിലും ആവശ്യമാണ് എന്ന് അധികാരികളെ ബോധിപ്പിക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ ഇതിനൊക്കെ പരിഹാരം എന്ന നിലയിൽ ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ ചുവടെ കൊടുക്കാം.

നിർദ്ദേശങ്ങൾ :-

1. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കും.
2. പ്രസരണ നഷ്ടം ഒഴിവാക്കാൻ എല്ലാ വൈദ്യുതി ലൈനുകളിലും സ്പർശിച്ചു നിൽക്കുന്ന കമ്പുകൾ സമയ ബന്ധിതമായി നീക്കം ചെയ്യുക.
3. എല്ലാ വൈദ്യുതി മീറ്ററുകളും കൃത്യമായ റീഡിംഗ് കാണിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
4. സ്ലാബ് സമ്പ്രദായം നിർത്തലാക്കുക.
5. വിവിധ ഊർജ്ജസ്രോതസ്സുകളെക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്തിൽ നടത്തുക.
6. വീടുകളിൽ ഇന്ധനക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
7. പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകൾ പ്രോൽസാഹിപ്പിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

ഇന്ധന നഷ്ടം കുറഞ്ഞ അടുപ്പുകൾ ഉപയോഗിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

8. പഞ്ചായത്തിലെ മുഴുവൻ വഴിവിളക്കുകളും കൃത്യമായി റിപ്പയർ ചെയ്ത് ഈ രംഗത്തെ സാമ്പത്തികദുർവ്യയം അവസാനിപ്പിക്കുക.

വൈദ്യുതി

കതിരൂർ ഗ്രാമപഞ്ചായത്തിൽ 1954 ന് ശേഷമാണ് പ്രധാന വഴികളിലൂടെ ഇലക്ട്രിസിറ്റി എത്തിയത് എന്ന് ചരിത്രപരമായി വിലയിരുത്തപ്പെടുന്നു. ഗ്രാമത്തിൽ വൈദ്യുതി രംഗത്തെ വികസനം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ സാവധാനമാണ് എന്ന് വിലയിരുത്തപ്പെടുന്നു. 20 വർഷം പഞ്ചായത്തിന്റെ എല്ലാ പ്രധാന വീഥികളും വൈദ്യുതീകരിക്കാൻ സാധിച്ചിട്ടുണ്ട്. 45 വർഷം നാം ഈ രംഗത്ത് പിന്നിട്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുള്ള ജനങ്ങളും ഇന്ന് ഈ ഊർജ്ജത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാത്തത് നിർഭാഗ്യകരമാണ്. പൊന്ന്യം, പുല്ല്യോട്ട് പ്രദേശങ്ങൾ ഇക്കാര്യത്തിൽ എടുത്ത് പറയേണ്ടതാണ്. പത്ത് വർഷമായി നമ്മുടെ പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ വഴി പത്തോളം പഞ്ചായത്തിന്റെയും തലശ്ശേരി മുൻസിപ്പാലിറ്റിയുടെ വൈദ്യുതി നിയന്ത്രിക്കുന്നു. കറൻറുള്ള പ്രദേശങ്ങളെ അവസ്ഥയാണെങ്കിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമമാണ് അനുഭവിക്കുന്നത്. ഇതിൽ ജനങ്ങൾ അങ്ങേയറ്റം അസംതൃപ്തരാണ്. വൈദ്യുതി ഉപയോഗം നല്ല രീതിയിൽ കുറക്കാൻ ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കാൻ ജനങ്ങൾ ആഗ്രഹിക്കുന്നെങ്കിലും വോൾട്ടേജ് ക്ഷാമം ഇതിനനുവദിക്കുന്നില്ല. കൂടാതെ പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങളും വോൾട്ടേജ് കുറവ് മൂലവും അപ്രഖ്യാപിത കട്ട്മൂലവും നഷ്ടത്തിലാകുന്ന സ്ഥിതിയുണ്ട്. ഉപയോഗിക്കാത്ത വൈദ്യുതിയുടെ ചാർജ്ജ് ഗാർഹിക ഉപഭോക്താക്കളേപ്പോലെ ചെറുകിട വ്യവസായികളും അടക്കുന്നുണ്ട്. മീറ്ററിന്റെ ക്രമക്കേടാണ് ഇതിന് പ്രധാന കാരണം. നല്ല രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്ന പല മേഖലയാൽകൂടിയും കപ്പാസിറ്റി കുറഞ്ഞ ട്രാൻസ് ഫോമറുകളാണുള്ളത്. നിലവിലുള്ള പല ട്രാൻസ്ഫോമറുടെ പൊതുജനങ്ങൾക്ക് അപായം സംഭവിക്കുന്ന സ്ഥാപനത്താണുള്ളത്. കക്കറ ട്രാൻസ്ഫോർമർ ഇതിന് വതിയൊരു ഉദാഹരണമാണ്. കെ.എസ്.ഇ.ബി യുടെ കണക്കുകൾ ഉദ്ധരിച്ചാൽ 15 വീടുകൾ കഴിഞ്ഞാൽ ആ പ്രദേശം ത്രീഫേസ് ആക്കണമെന്നാണ്. എന്നാൽ പഞ്ചായത്തിൽ ഒരുഫേസിൽ 50 വീടുകൾക്ക് വരെ വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. നമ്മുടെ 86 കെ.മീ ഐ.ടി ലൈനിൽ പകുതിയും ഊടുവഴികളിൽ കൂടിയാണ് വലിച്ചത്. ഇതും കാരണം പ്രസരണനഷ്ടം അതിന്റെ പാരമ്യതയിലാണ്. നമ്മുടെ 17 ട്രാൻസ്ഫോമറുകളും ഇന്ന് ഓവർ ലോഡ് ആണ്. പഞ്ചായത്തിൽ ആവശ്യമായത്ര ട്രാൻസ്ഫോമർ നിലവിലില്ല.

നിർദ്ദേശങ്ങൾ :-

പഞ്ചായത്തിൽ നിലവിൽ 17 ട്രാൻസ്ഫോർമറാണുള്ളത്. 25 ട്രാൻസ്ഫോർമറുകളെങ്കിലും സ്ഥാപിച്ചോങ്കിൽ മാത്രമേ വൈദ്യുതിവിതരണം സുഗമമാവൂ. നിലവിൽ അപകടാവസ്ഥയിലായ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണം. പ്രസരണ നഷ്ടം ഒഴിവാക്കാൻ ജനകീയ പങ്കാളിത്തത്തോടെ എല്ലാ ലൈനുകൾ റോഡുവഴി വലിക്കുകയും മറ്റുള്ള ലൈനിൽ സ്പർശിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പുകൾ യഥാസമയം മുറിച്ച് മാറ്റുക. 15 വീടുകൾക്ക് മുകളിലുള്ള എല്ലാ ലൈനുകളും ത്രീഫേസാക്കി മാറ്റി വിതരണത്തിലെ അസന്തുലിതാവസ്ഥ പരിഹരിക്കുക. വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗം പരമാവധി കുറക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക. മുഴുവൻ ഉപഭോക്താക്കളുടേയും വൈദ്യുതി ഉപയോഗം 6 മാസത്തിനുള്ളിൽ വിലയിരുത്തുകയും ബില്ല് വിതരണം ചെയ്യുകയും ചെയ്യുക. സ്ലാബ് സമ്പ്രദായം നിർത്തലാക്കി ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം വില ഈടാക്കുക. പാവപ്പെട്ട ജനവിഭാഗക്കാർക്ക് വൈദ്യുതി എത്തിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക. അപ്രഖ്യാപിത കട്ട് ഒഴിവാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

സാധ്യതകൾ :-

പഞ്ചായത്തിൽ ട്രാൻസ്ഫോമർ ആവശ്യമായ സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടെ സ്ഥാപിക്കാൻ കഴിയും എന്ന് പുല്ല്യോട്ട് വെസ്റ്റ് ട്രാൻസ്ഫോമർ

ഉദാഹരണമാണ്. അതുകൊണ്ട് എല്ലാ മേഖലയിലും ഇത്തരത്തിലുള്ള ഒരു ശ്രമം സാധ്യമാക്കുക. പ്രസരണ നഷ്ടം ഒഴിവാക്കാൻ ജനങ്ങളുടെ താൽപ്പര്യത്തെ ഉപയോഗിച്ച് ജനകീയടിസ്ഥാനത്തിൽ കമ്പുകൾ വെട്ടിമാറ്റുക. സ്ലാബ് സമ്പ്രദായം ഒഴിവാക്കാൻ സെൽഫ് റീഡിംങ്ങ് സമ്പ്രദായം പഞ്ചായത്തിലും ഏർപ്പെടുത്തുക.

സ്ട്രീറ്റ് ലൈറ്റുകൾ :-

പഞ്ചായത്തിൽ ഇന്നും വഴിവിളക്കുകൾ ആവശ്യമായിട്ടും ഇല്ലാത്ത പ്രദേശങ്ങൾ 40% വരെയെങ്കിലും വരും എന്ന് ആണ് കണക്കുകൾ വ്യക്തമാക്കുന്നത്.പ്രധാന വീഥികളിൽ മാത്രമാണ് വഴിവിളക്കുകൾ സ്ഥാപിച്ചത്. പഞ്ചായത്ത് രൂപീകരണത്തിനു ശേഷം എത്രയോ പ്രധാന റോഡുകൾ രൂപപ്പെട്ടുവെങ്കിലും വഴിവിളക്കുകൾ സ്ഥാപിക്കാൻ ഇതുവരെ ശ്രദ്ധ ചെലുത്തിയിട്ടില്ല. ലൈനുകളുടെ നീളം 20 വർഷം കൊണ്ട് 86 കെ.മീ ആയെങ്കിലും ഇന്നും 364 സ്ട്രീറ്റ് ലൈറ്റുകളാണ് ഉള്ളത് എന്നത് ഈ രംഗത്തെ പിന്നോക്കാവസ്ഥ വ്യക്തമാവും.റോഡുകളുടെ നീളം 53 കെ.മീ ആണ് എന്ന് ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതായിരിക്കും. 1 കി.ലോ റോഡിന് 7 സ്ട്രീറ്റ് ലൈറ്റാണ് ശരാശരിയുള്ളത്. ഇത് വഴിവിളക്കുകൾ എന്ന സങ്കൽപ്പത്തെ അർത്ഥശൂന്യമാക്കുന്നു. നിലവിലുള്ള വഴിവിളക്കുകൾ മിക്കതും അസ്ഥാനത്താണ് എന്ന് സൂചിപ്പിക്കട്ടെ. പുരോഗതിയുടെ വഴിത്തിരിവിൽ ഇന്നുള്ള പല വഴിവിളക്കുകളും മറ്റ് രീതിയിൽ പ്രകാശം കിട്ടുന്ന പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചാണ് ഉള്ളത്. 364 എണ്ണം എന്നത് പോലും പഞ്ചായത്തിന്റെ പട്ടികയിൽ മാത്രമാണ്. പക്ഷെ ഗുണത്തിൽ പഞ്ചായത്തിൽ 200 എണ്ണം പോലും പ്രവർത്തനക്ഷമമല്ല. ചില സ്ഥലങ്ങളിൽ സാമൂഹ്യവിരുദ്ധരാണ് സ്ട്രീറ്റ് ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഇത് മാറ്റാൻ ശ്രദ്ധചെലുത്തണം. പഞ്ചായത്ത് വരുമാനത്തിന്റെ 6% ഇന്ന് ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട് എന്നാണ് കണക്ക്. പക്ഷെ ഉപയോഗിച്ചതിന് തുല്ല്യമായല്ല കെ. എസ്. ഇ. ബി ക്ക് പണമടക്കുന്നത്. ഇതിന് നിയന്ത്രണം വരുത്തണം. ഗ്രാമത്തിലെ പ്രധാന കവലകളിൽ പോലും വഴിവിളക്കുകൾ നോക്കുക്കുത്തികളാണ്. ഗ്രാമത്തിൽ 20% വരുന്ന കുന്ദ്യേരിച്ചാൽ മലാൽ - നാലാംമൈൽ റോഡ് ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ പോലും വലിച്ചിട്ടില്ല. കെ. എസ്. ഇ. ബി വർഷങ്ങൾക്ക് മുമ്പ് അംഗീകാരം നൽകിയ പ്രദേശങ്ങളിൽ പോലും ലൈറ്റുകൾ ഫിറ്റ് ചെയ്യുവാൻ തയ്യാറാവാത്ത സ്ഥിതിയുണ്ട്. സോഡിയം വെപ്പർ ലാമ്പിന്റെ ആവശ്യം ഗ്രാമത്തിൽ അനിവാര്യമായിത്തീരുകയാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാനമാറ്റം വരുത്തുകയും റിപ്പേർ ചെയ്യുകയും ചെയ്യുന്നത് പ്രവർത്തനക്ഷമമാക്കണം.

നിർദ്ദേശങ്ങൾ :-

നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ പഞ്ചായത്ത് തന്നെ ശ്രദ്ധ കേന്ദ്രീകരിച്ച് റിപ്പേർ ചെയ്യുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക. സ്ട്രീറ്റ് ലൈറ്റുകൾ നിലവിൽ ആവശ്യമില്ലാതെ പലസ്ഥലങ്ങളിൽ നിന്നും മാറ്റി അത്യാവശ്യ സ്ഥലങ്ങളിലേക്ക് മാറ്റാൻ സമയബന്ധിതമായ പരിപാടി തയ്യാറാക്കുക. സ്ട്രീറ്റ് ലൈറ്റിന് ഉപയോഗിക്കുന്ന ബൾബ് ഏറ്റവും താണ ബൾബുകളാണ്. ഇതുമാറ്റി നിലവാരമുള്ള ബൾബുകൾ മാത്രം ഉപയോഗിക്കുക. ഒരു മാസത്തിലൊരിക്കലെങ്കിലും നിലവിലുള്ള വഴിവിളക്കുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഇതിനായ് വാർഡ് തലത്തിൽ കമ്മിറ്റി രൂപീകരിക്കണം.

സാധ്യതകൾ : -

ഗ്രാമത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വ്യാപകമായി സോഡിയം വെപ്പർ ലാബ് സ്ഥാപിക്കാനാണ് നിർദ്ദേശം വരുന്നത്. ഇതിനെ പൂർണ്ണമായി അവഗണിച്ച് ഈ ഒപൈസ സാധാരണ ബൾബുകൾക്ക് വേണ്ടി ഉപയോഗിച്ചാൽ പഞ്ചായത്ത് മുഴുവൻ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ സാധിക്കും. പഞ്ചായത്ത് ഇപ്പോൾ 18 സോഡിയം വെപ്പർലാബ് സ്ഥാപിച്ചിട്ടുണ്ട്. ഈ പൈസ തന്നെ സാധാരണ ബൾബുകൾക്ക് ഉപയോഗിച്ചിരുന്നുവെങ്കിൽ കുറെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമായിരുന്നു. ഇത് ഉദാഹരണസഹിതം വ്യാഖ്യാനിക്കുന്നു. നിലവിൽ നല്ല നിലവാരമുള്ള സോഡിയം വെപ്പർ സ്ഥാപിക്കണമെങ്കിൽ 7000/- രൂപയെങ്കിലും വേണ്ടി വരും. ഇതിന്റെ പരിപാലചെലവും കണക്ക് കൂട്ടിയാൽ ഈ തുക ഉപയോഗിച്ച് 1 കി.ലോ മീറ്റർ ദൂരം മറ്റ് വഴിവിളക്കുകൾ സ്ഥാപിക്കാൻ സാധിക്കും. പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് സോഡിയം വെപ്പർ ലാമ്പ് പ്രയോഗികമല്ല. വഴിവിളക്കുകളുടെ നിയന്ത്രണം ക്ലബുകളുടേയും സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും സമീപം സ്ഥാപിച്ചാൽ

സാമൂഹ്യവിരുദ്ധർ ഇത് കൈകാര്യം ചെയ്യില്ല.

മറ്റ് സ്രോതസ്സുകൾ :-

വൈദ്യുതിക്ക് പുറമെ മറ്റ് സ്രോതസ്സുകൾ ഗ്രാമത്തിൽ പ്രചരിച്ച് വരുന്നതേയുള്ളൂ. ഇതിൽ പ്രധാനമായും പാചകവാതകങ്ങൾ മണ്ണെണ്ണ മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയെല്ലാം പരിമിതമായി ഉപയോഗിക്കുന്നുണ്ട്. ഗ്രാമത്തിൽ 2% ജനങ്ങൾ പോലും ഗ്യാസ് അടുപ്പുകൾ ഉപയോഗിക്കുന്നതായി കാണുന്നില്ല. മണ്ണെണ്ണ സ്റ്റൗ സമീപകാലത്ത് വ്യാപകമാവുന്നുണ്ട്. പർമിറ്റ് കിട്ടാനുള്ള സാങ്കേതിക പ്രയാസം ഇതിന് തടസ്സമായി നിൽക്കുന്നു. മറ്റ് ഭൂരിഭാഗം പേരും ഇന്ധനക്ഷാമം കൊണ്ട് ജീവിത പ്രയാസം അനുഭവിക്കുന്നവരാണ്. ഗ്രാമത്തിൽ ഒരിടത്തും വനങ്ങളില്ല. പുല്ല്യോട് - പറാക്കുന്ന് ഭാഗങ്ങളിലുള്ളവർ കശുവണ്ടി കാടുകളെ ചെറിയ രീതിയിൽ ആശ്രയിക്കുന്നുണ്ട്. ബാക്കി തെങ്ങ് ഉൽപന്നങ്ങൾ കൊണ്ടാണ് തൃപ്തിയടയുന്നത്. കതിരൂരിൽ സഹകാര്യമേഖലയിൽ മൂന്ന് ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. പെട്രോളിയം ഉൽപന്നങ്ങൾ വിൽക്കുന്ന സ്ഥലങ്ങൾ ഒന്നും തന്നെയില്ല. ബയോഗ്യാസ് പ്ലാന്റ് 10 എണ്ണം ഗ്രാമത്തിൽ പ്രവർത്തി ക്കുന്നുണ്ട്. ഇവ ലാഭകരമല്ലയെന്നും വിലയിരുത്തപ്പെടുന്നു. ചാണകത്തിന്റെ വൻവില നിലനിർത്താൻ പ്രേരിപ്പിക്കുന്നു. ഇന്ധനദക്ഷതയുള്ള അടുപ്പുകൾക്ക് പഞ്ചായത്തിൽ പ്രചാരം പോരായെന്ന് വിലയിരുത്തുന്നു. ശാസ്ത്രസാഹിത്യപരിക്ഷ ത്തിന്റെ അടുപ്പുകൾ പ്രചരിപ്പിക്കാൻ പല ഏജൻസികളും ശ്രമിച്ചിരുന്നുവെങ്കിലും കൂടുതൽ വിജയപ്രദമായ രീതിയിൽ നടത്തിയിട്ടില്ല. അനർട്ടിന്റെ ഉൽപന്നങ്ങൾക്കും ഗ്രാമത്തിൽ പ്രചാരം ലഭിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ :-

ഇന്ധനക്ഷാമം പരിഹരിക്കാൻ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക. ബ്ലോക്കായ മുഖേന വിതരണം ചെയ്യുന്നതും വിറകിനുപയോഗിക്കാൻ പറ്റുന്നതുമായ വൃക്ഷതൈകൾ എല്ലാ പ്രദേശത്തും വ്യാപകമായി വിതരണം ചെയ്യുക. കതിരൂരിൽ ഒരു ഗ്യാസ് ഏജൻസിക്കുവേണ്ടി പരിശ്രമിച്ചാ ഗ്യാസ് കിട്ടുവാനുള്ള വിഷമം പരിഹരിക്കുക. ശാസ്ത്രസാഹിത്യപരിക്ഷത്ത് അടുപ്പുകൾ വ്യാപിപ്പിക്കാൻ സർക്കാർ സബ്സിഡി ഏർപ്പെടുത്തുക. മണ്ണെണ്ണ പർമിറ്റ് കൊടുക്കുവാനുള്ള നിയമങ്ങൾ ഉദാര വൽക്കരിക്കുക.

സാധ്യതകൾ :-

ശാസ്ത്രസാഹിത്യ പരിഷത്ത് അടുപ്പുകൾ വ്യാപിപ്പിക്കുവാൻ വിവിധ ഏജൻസികളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും സഹായം സ്വീകരിക്കുക.

മാർക്കറ്റിംഗ്

കതിരൂർ പഞ്ചായത്തിലെ വർഷങ്ങൾക്കുമുമ്പുള്ള വിപണന വസ്തു നെല്ലായിരുന്നു. ഇതുകൂടാതെ തേങ്ങയും, പച്ചക്കറി, കശുവണ്ടി, മരച്ചീനി, അടക്ക, ഓല, കുരുമുളക് മുതലായവ അന്യ സ്ഥലങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ആദ്യക്കാത്ത് Producers and consumers Co-operative Society യുടെ ആഭിമുഖ്യത്തിൽ റേഷൻ സമ്പ്രദായം കാര്യക്ഷമമാക്കുകയും മിച്ച നെല്ല് (levy) വാങ്ങിക്കുകയും ചെയ്തിരുന്നു. പക്ഷേ ഈ പി.സി.സിഎസ് ബാങ്കിംഗിലേക്ക് പോയതോടെ റേഷൻ സമ്പ്രദായം വ്യക്തികളിലേക്ക് മാറി. നമ്മുടെ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറും 12 റേഷൻ കടകളും ഒരു സഹകരണ മാവേലി സ്റ്റോറും ഒരു മൽസ്യമാർക്കറ്റും ഉണ്ട്.

മൽസ്യമാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ ആകെ ഒരു മൽസ്യമാർക്കറ്റേ ഉള്ളൂ. ഇപ്പോൾ റോഡരുകിലായാണ് മൽസ്യവിൽപ്പന നടക്കുന്നത്. ഇത് സ്ഥലവാസികൾക്കും യാത്രക്കീർക്കും പ്രശ്നമാവുന്നു. നിലവിലുള്ള മൽസ്യമാർക്കറ്റ് നവീകരിക്കുകയും 50സ്മൈൽ പ്രദേശത്തും പുതുതായി ഒന്ന് സ്ഥാപിക്കുകയും വേണം.

മാവേലി സ്റ്റോർ

നമ്മുടെ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ മാത്രമേ ഉള്ളൂ. ഗ്രാമത്തിലെ ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾക്ക് ആശ്രയിക്കുന്ന ഒകു പ്രധാന സ്ഥാപനമാണിത്. പഞ്ചായത്തിൽ അഞ്ചോളം സഹകരണ സ്റ്റോറുകൾക്ക് സാധ്യതയുണ്ട്. ഇവിടെ ഒരു ആഴ്ചച്ചന്തയ്ക്ക് സാധ്യത കൂടുതലാണ്. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൊപ്ര സംഭരണ കേന്ദ്രങ്ങൾ സീസൺ കാലഘട്ടത്തിൽ മാത്രമേ ഉള്ളൂ. ഇതും സ്ഥിരമാക്കിയാൽ വിജയസാധ്യതയുണ്ട്.

5-7

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

കേരളത്തിന്റെ പൊതു പാർപ്പിട സംസ്കാരം സൃഷ്ടിച്ചിട്ടുള്ള പുതിയ ശീലങ്ങൾ പാർപ്പിട നിർമ്മാണ രംഗത്ത് വമ്പിച്ച മാറ്റങ്ങൾ വരുത്തി തീർത്തിട്ടുള്ള ഒരു കാല ഘട്ടത്തിലാണ് നാം കതിരൂർ ഗ്രാമ പഞ്ചായത്തിലെ പാർപ്പിടപ്രശ്നത്തെ സമീപിക്കുന്നത്.

വൃത്തിയും സൗകര്യവുമുള്ള പാർപ്പിടം എന്ന സങ്കൽപം എല്ലാവർക്കും എല്ലാ കാലത്തും ഉണ്ടായിരുന്നു. രണ്ട് ദശാബ്ദങ്ങൾക്കിപ്പുറമാണ് കതിരൂരിലെ ഭവന നിർമ്മാണ രംഗത്ത് കാര്യമായ ചലനങ്ങൾ ഉണ്ടായിട്ടുള്ളത്. താമസിക്കോനൊരിടം എന്നത് മാറി അന്തസ്സിന്റെ മാനദണ്ഡമായി ഗൃഹനിർമ്മാണം മാറിയിരിക്കുന്നു. ഓല മേഞ്ഞ വീടുകളുടേയും ഓട് മേഞ്ഞ വീടുകളുടേയും സ്ഥാനത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾ ദിവസം പ്രതി നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. ജനപ്പെരുപ്പവും അണു കുടുംബങ്ങളുടെ വ്യാപനവും ഒരു പരിധിവരെ വിദേശ പണവും പാർപ്പിട നിർമ്മാണ നിരക്കിനെ പതിൻമടങ്ങ് വർദ്ധിപ്പിച്ചു. കതിരൂർ ഗ്രാമ പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

ആകെ വീടുകൾ	ഇരുനില	ടെറസ്സ്	ഓട്	ഓല	കുടിൽ
4586	1236	1350	1650	210	140

(അവലംബം - ദ്വിതീയ വിവര ശേഖരം.)

1991 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 54,59,474 വീടുകളാണുണ്ടായിരുന്നത്. നമ്മുടെ ജില്ലയിൽ 3,77,668 ഉം കതിരൂർ ഗ്രാമപഞ്ചായത്തിൽ 4207 വീടുകളും ഉണ്ടായിരുന്നു. അഞ്ച് വർഷം കൊണ്ട് 379 വീടുകൾ നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട് എന്നുകാണാം. നമ്മുടെ പാർപ്പിട സങ്കൽപത്തെ സംബന്ധിച്ച് ധാരണകളിൽ വന്ന മാറ്റം ഭവന നിർമ്മാണത്തെ വമ്പിച്ച ഒരു ബാധ്യതയാക്കി മാറ്റിയിരിക്കുകയാണ്. കുടുംബത്തിന്റെ അന്തസ്സ് പാർപ്പിടങ്ങളുടെ തലയെടുപ്പിലാണ് എന്ന മിഥ്യാധാരണ ഇടത്തരം കുടുംബങ്ങളിൽനിന്ന് താഴേതട്ടിലേക്കും സംക്രമിച്ചുതുടങ്ങിയിരിക്കുന്നു. വീട് താമസത്തിനുവേണ്ടിയുള്ളതല്ല മറിച്ച് പ്രദർശിപ്പി


Kadirur Panchayath
Environmental Apperasial
PINARAYI
Kottayam
Pattiam
Mokeri
Erancholi
Pannyanoor
Mahe
Thiruvangad
Kodiyeri
N
W
E
S
INDEX
Valley floor with clayee Alluvial
Valley floor with Sandy Alluvial
Ridge crest Laterite
Side slope Laterite
Mettalled Road
Canal
Stream
River
Pond/Chira
Scale 1:20,000(approx)
INCHES
MILES

ക്കാൻ വേണ്ടിയാണ് എന്ന രീതിയിലാണ് പല ഭവനങ്ങളും പണിതീർക്കുന്നത്. ഒരു വീട്ടിൽ തന്നെ ആധുനിക സംവിധാനങ്ങളുടെ അകമ്പടിയോടെ നിർമ്മിച്ച നാലും അഞ്ചും കുളിമുറികളും കക്കൂസുകളും കാണാനാവും - അസ്തിവാരം മുതൽ അവസാന മിനുക്കുപണികൾവരെ ഈ ധാരാളിത്തം ദർശിക്കാം. ഗൾഫ് മേഖലകളിൽ നിന്നും വരുന്ന സമ്പത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്നത് ഭവന നിർമ്മാണത്തിലാണ് എന്നത് ഓരോ പ്രദേശത്തേയും സ്ഥിതിഗതികൾ പരിശോധിച്ചാൽ മനസ്സിലാകും. നല്ല വർഷക്കാലവും വേനൽക്കാലത്ത് നല്ല ചൂടും അനുഭവപ്പെടുന്ന നമ്മുടെ നാട്ടിൽ പരന്ന കോൺക്രീറ്റ് മേൽപ്പുര ആവശ്യമാണോ എന്ന് പോലും ആരും ചിന്തിക്കാറില്ല. പ്രകടമായി കണ്ടുവരുന്ന മറ്റൊരു ദുർവ്യയം വീടിനുചുറ്റും നിർമ്മിക്കുന്ന മതിലുകളാണ്. നേരത്തെയുണ്ടായിരുന്ന ജൈവ വേലികളും ആ വേലികളിലെ പടർപ്പുകളും അതിലുണ്ടാവുന്ന പൂക്കളും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അത്മൂലം പരിസ്ഥിതി പ്രശ്നങ്ങളും ഉയർന്നുവരുന്നു. വീടിനുചുറ്റുമുള്ള മുറ്റം മുഴുവനായി കോൺക്രീറ്റ് ചെയ്യുന്ന പ്രവണതയും വ്യാപകമായി കണ്ടുവരുന്നു. സ്വന്തം വീട്ടിലെ കിണറിന്റെ ഉറവ നശിപ്പിക്കുകയാണ് ഈ കോൺക്രീറ്റ് മുറ്റം എന്നത്പോലും ആലോചിക്കുന്നില്ല. പാരമ്പര്യ വാസ്തുശിൽപ മാതൃകയിലുള്ള പാർപ്പിട നിർമ്മാണ രീതി നമുക്ക് കൈമോശം വന്നിരിക്കുന്നു.

ഭവന നിർമ്മാണത്തന്നാവശ്യമായ സാധന സാമഗ്രികൾ മുഴുവനും പഞ്ചായത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന സിമൻറ് ഇഷ്ടികക്ക് പോലും ആവശ്യക്കാരില്ലാത്ത സ്ഥിതിയുണ്ട്. കയറ്റിറക്ക് കൂലിയിലെ ഭാരിച്ച അധിക ബാധ്യത ഭവനനിർമ്മാണ രംഗത്തെ സാരമായി ബാധിക്കുന്നു. നിർമ്മാണ തൊഴിലാളികലുടെ ദൗർലഭ്യവും, നിർമ്മാണ രംഗത്തെ ആസൂത്രണമില്ലായ്മയും ഇടനിലക്കാരുടെ ഇടപെടലുകളും ഭവന നിർമ്മാണച്ചെലവ് വലിയ ഭാരമാക്കുന്നു. എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നത് സങ്കീർണ്ണങ്ങളായ ഒട്ടനവധി കടമ്പകൾ കടന്നിട്ടാണ്. മാത്രവുമല്ല ഭവന നിർമ്മാണ വായ്പകൾക്ക് കൂടിയ പലിശനിരക്കും ഈടാക്കുന്നുണ്ട്.

ഭവന നിർമ്മാണ രംഗത്ത് നിർദ്ധനരായ കുടുംബങ്ങളെ സഹായിക്കാൻ വേണ്ടി പഞ്ചായത്ത് മുൻകൈയ്യെടുത്തു നിർമ്മിച്ച 92 വീടുകൾ ലക്ഷംവീട് പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുണ്ട്. ഇതിന്നുപുറമെ ഭൂരഹിതരായ കർഷക തൊഴിലാളി കുടുംഭങ്ങൾക്ക് നാല് സെൻറ് സ്ഥലം വീതം നമ്മുടെ പഞ്ചായത്ത് നൽകിയിട്ടുണ്ട്. അവിടെ ഭവന നിർമ്മാണത്തിന് സഹായമൊരുക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ 32 ഭവനങ്ങളും ഹരിജൻ കോളനിയിൽ 6 വീടുകളും ഈ പദ്ധതിപ്രകാരം പണിതീർത്തിട്ടുണ്ട്. സൗജന്യ വീട് പദ്ധതി പഞ്ചായത്തിൽ.

നമ്പ്ർ	കോളനിയുടെപേര്	വാർഡ്	വീടുകളുടെ എണ്ണം
1	വേളൂർ ലക്ഷംവീട്	5	26
2	ചുണ്ടങ്ങാപൊയിൽ ലക്ഷംവീട്.	11	26
3	പുല്യോട് ലക്ഷംവീട്	1	20
4	ഒതയോത്ത് നാല്സെൻറ് കോളനി	3	12
5	പുല്യോട് നാല്സെൻറ് കോളനി	1	14
6	പറാങ്കുന്ന് നാല്സെൻറ് കോളനി	8	6
7	പുല്ലോടി ലക്ഷംവീട്	7	20

(അവലംബം - ദ്വിതീയ വിവര ശേഖരം)

ലക്ഷംവീട് കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല. രണ്ട് വീടുകളിൽ വൈദ്യുതിയുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മിക്ക വീടുകളിലും ഇല്ല.

ഗൃഹനിർമ്മാണ രംഗം

ഗൃഹനിർമ്മാണ മേഖലയിൽ 850 ൽ അധികം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കല്ലാശാരി, മരാശാരി തുടങ്ങിയ വൈദഗ്ധ്യം വേണ്ട തൊഴിലിലേക്ക് പുതുതായി

ആളുകൾ കടന്നുവരേണ്ടതായിട്ടുണ്ട്. താരതമ്യേന മെച്ചപ്പെട്ട കൂലിനിരക്കുണ്ടായിട്ടും ഈ മേഖലയിലേക്ക് യുവാക്കൾ പുതുതായി കടന്നുവരുന്നില്ല. ഇത് പ്രത്യേക പഠന വിഷയമാക്കേണ്ടതാണ്. ഗൃഹനിർമ്മാണ രംഗത്ത് ഏർപ്പെട്ടിട്ടുള്ളവരുടെ സേവനം യഥാസമയം സമയോചിതമായി ലഭിക്കുന്നില്ല എന്നുള്ളതും അവരുടെ തൊഴിൽ രംഗത്തെകുറിച്ചുള്ള പരാതികളും ഗ്രാമ സഭകളിൽ ഉയർന്നുവന്നിരുന്നു. ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ 365 പേർ അംഗങ്ങളായിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്ന പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകൾ വഴി നടത്തേണ്ടതായിട്ടുണ്ട്. ഇവരുടെ കൂലി നിരക്ക് ദിവസം പുരുഷൻമാർ 100 - 125 രൂപവരേയും സ്ത്രീകളുടേത് 65 - 70 വരെയുമാണ്. സർക്കാർ നിശ്ചയിച്ച ജീവിതസൂചികക്കനുസരിച്ചുള്ള കൂലിനിരക്ക് ലഭിക്കുന്നില്ലെങ്കിൽ പോലും താരതമ്യേന മെച്ചപ്പെട്ട വേതനമാണ് ഈ രംഗത്തെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഉപഭോക്താവിന്റെ ആവശ്യകതക്കനുസരിച്ച് സാങ്കേതികമായ വൈദഗ്ദ്ധ്യം ആർജ്ജിച്ച് ദുർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള ഗൃഹനിർമ്മാണ രീതികൾ തൊഴിലാളികൾ അവലംബിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്.

നമ്മുടെ പഞ്ചായത്തിൽ ഭവന രഹിതരുടെ കൂട്ടത്തിൽ ആനുകൂല്യം ആവശ്യമായ വിഭാഗങ്ങളെ മൂന്നായി തരംതിരിക്കാവുന്നതാണ്.

1. സൗജന്യമായി വീടും സ്ഥലവും ആവശ്യമുള്ള നിർദ്ധന കുടുംബങ്ങൾ.
2. സൗജന്യമായി സ്ഥലംലഭിച്ചാൽ വീട് പണിയാൻ കഴിയുന്നവർ.
3. വീട് പണിയാൻ സ്ഥലം കൈവശമുള്ളവരും സാമ്പത്തിക ശേഷി ഇല്ലാത്തവരുമായ കുടുംബങ്ങൾ.

ഇതിൽ ആദ്യം സൂചിപ്പിച്ചവരുടെ കാര്യത്തിൽ ശ്രദ്ധ പതിയേണ്ടതാണ്.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവ്.
2. വർദ്ധിച്ചുവരുന്ന വീടുകളുടെ എണ്ണം.
3. വയൽ നികത്തി വീട് വയ്ക്കുന്ന പ്രവണത.
4. ഭവന നിർമ്മാണ വായ്പാ സമ്പ്രദായങ്ങളുടെ പോരായ്മകളും ജനങ്ങൾക്ക് അവയേക്കുറിച്ചുള്ള അജ്ഞതയും.
5. അവശവിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ പലതും കാര്യക്ഷമമായി നടപ്പിൽ വരുന്നില്ല.
6. സർക്കാർ സൗജന്യമായി നൽകുന്ന വീടും സ്ഥലവും പട്ടയം ലഭിച്ചാൽ വിൽക്കുന്ന സമ്പ്രദായം പരിശോധിക്കേണ്ടതാണ്.
7. വലുതും ആഡംബര പൂർണ്ണവുമായ വീടുകൾ പണിയുന്ന രീതി വർദ്ധിച്ചുവരുന്ന പ്രവണത.

സാധ്യതകൾ

1. നാടിന് ചേർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ചിലവ്കുറഞ്ഞ ഗൃഹനിർമ്മാണ രീതികളുടെ പ്രചരണം.
2. തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനും ഭവന നിർമ്മാണരംഗത്തെ പാഴ്ച്ചിലവ് നിയന്ത്രിക്കാനും ജോലി സുരക്ഷിതത്വം ഉറപ്പാക്കാനും നിർമ്മാണ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക- പരിശീലിപ്പിക്കുക.
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൗസിങ്ങ് കോ-ഓപ്പ്: സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യുക.
4. കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായമായ വിലക്ക് ലഭിക്കാനുള്ള ഒരു പൊതു വിപണന കേന്ദ്രം ആരംഭിക്കുക.
5. ആരോഗ്യകരമായ പാർപ്പിട സംസ്ക്കാരത്തെ കുറിച്ചും നെൽ വയലുകൾ നികത്തി വീട് നിർമ്മിക്കുന്ന പ്രവണതകൾക്കെതിരായും ബോധവൽക്കരണം നടത്തുക.
6. വിവിധതരം ഭവന നിർമ്മാണ വായ്പാ പദ്ധതികളെകുറിച്ച് (എങ്ങിനെ ലഭിക്കും, പലിശ, രേഖകൾ എന്തെല്ലാം വേണം തുടങ്ങിയവ) ഭവനരഹിതരിൽ ബോധവൽക്കരണം നടത്തുക. പ്രചരിപ്പിക്കുക.
7. വീടില്ലാത്തവർക്ക് സർക്കാർവക നൽകുന്ന വീടും

സ്ഥലവും ഉടമയ്ക്കാവശ്യമായി വരുന്നില്ലെങ്കിൽ പഞ്ചായത്തിനുതന്നെ തിരികെ കൈമാറുന്ന സംവിധാനം നിയമംമൂലം നടപ്പിലാക്കണം.

8. ഭൂരഹിത കുടുംബങ്ങൾക്ക് 4സെൻറ് സൗജന്യ ഭൂമി പഞ്ചായത്തിൽനിന്ന് ലഭിച്ചിട്ടും കുടിലുപോലും കെട്ടാതെ ഭൂമി വെറുതെയിടുന്ന സമ്പ്രദായം കണ്ടുവരുന്നുണ്ട്. നിശ്ചിത സമയം അനുവദിച്ച് പിന്നീട് തിരികെ വാങ്ങണം.

9. വൈദ്യുതി ഉപയോഗം അലങ്കാരങ്ങൾക്കും മറ്റുമായി ഉപയോഗപ്പെടുത്തുന്ന വൻകിട വീടുകൾക്കും ത്രീഫെയ്സ് കണക്ഷൻ ലഭ്യമായ വീടുകൾക്കും പ്രത്യേക നികുതി പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്.

10. അംബരചുംബികളായ ആഡംബര പൂർവ്വമായ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതാണ്. അത്തരം വീടുകളുണ്ടെങ്കിൽ അവയ്ക്ക് നിർമ്മാണച്ചെലവുകൾ മാനദണ്ഡമാക്കി സ്പെഷൽ നികുതികൾ ചുമത്തേണ്ടതാണ്.

11. വിവിധ കോളനികളിലായി താമസിക്കുന്നവർക്ക് ആവശ്യത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിന് പ്രത്യേക പരിഗണന നൽകണം.

12. ജെ.ആർ.വൈ.,എം.ഡബ്ല്യു.എസ്. തുടങ്ങിയ സ്കീമുകൾ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറവിസ്താരം 40 ച.മി. കുറവാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇത് വളരെ അപര്യാപ്തമാണ്. കുറഞ്ഞത് 75 ച.മീറ്ററെങ്കിലും തറവിസ്താരമുള്ള പ്ലാനുകൾ ബാധകമാക്കണം.

13. ഇന്നുള്ള ദാരിദ്ര്യ രേഖാ മാനദണ്ഡങ്ങൾ പുനഃപരിശോധനക്ക് വിധേയമാക്കണം. വാർഷിക വരുമാന പരിധി ഉയർത്തണം.

സാമൂഹ്യക്ഷേമം

നമ്മുടെ സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവരെ ക്ഷേമ പ്രവർത്തനങ്ങളിലൂടെ മുന്നോക്കം കൊണ്ടു വരേണ്ടതുണ്ട്. പഞ്ചായത്തിൽ വിവിധ മേഖലകളിലായി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ദരിദ്ര വിഭാഗങ്ങൾ 80% ഓളം വരും. ഇതിൽ തലമുറകളായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പുതിയ സാമൂഹ്യ സാഹചര്യത്തിൽ പിന്നോക്കം തള്ളപ്പെട്ടുപോയവരും ഉണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്നായി സർക്കാർ പല പദ്ധതികലും നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ പൊതുവേ നിരാശ ഉളവാക്കുന്നതാണ്. ഈ മേഖലയിൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ട് ഇഛാശക്തിയോടെയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. IRDP, UBS, DWCRA തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലം ചെയ്യുന്നില്ലെന്നത് ഒരു വസ്തുതയാണ്. ട്രൈസം പദ്ധതിയിലൂടെ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം തൊഴിൽ പരിശീലനം വിവിധ മേഖലകളിൽ വ്യാപകമായി നടത്തേണ്ടതുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ചുള്ള പ്രചരണം ഗുണഭോക്താക്കളിൽ എത്തിക്കാൻ കഴിയേണ്ടതുണ്ട്.

നിരാശ്രിതരും നിരാലംബരുമായിട്ടുള്ളവർക്ക് ചെറിയൊരാശ്വാസം എന്ന നിലയിൽ സർക്കാർ പെൻഷൻ നല്കിവരുന്നുണ്ട്. മനുഷ്യായുസ്സിന്റെ സിംഹഭാഗവും അധ്വാനിച്ച് അധ്വാനശേഷി നഷ്ടപ്പെട്ടവർക്ക് നൽകുന്ന കർഷക തൊഴിലാളി പെൻഷൻ, വിധവകൾക്കുനൽകുന്ന വിധവാ പെൻഷൻ, വികലാംഗർക്ക് നൽകുന്ന വികലാംഗ പെൻഷൻ, വാർദ്ധക്യം ബാധിച്ചവർക്ക് നൽകുന്ന വാർദ്ധക്യകാല പെൻഷൻ ഇവകളൊക്കെ തുടർന്നുകൊണ്ടു പോകേണ്ടതുണ്ട്. ജീവിത സാഹചര്യവുമായി ബന്ധപ്പെടുത്തി ഇന്നുനൽകുന്ന എല്ലാ പെൻഷൻ തുകകളും കാലോചിതമായി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1994 - 95ൽ 85 പേർക്ക് വിധവാപെൻഷനും 43 പേർക്ക് വാർദ്ധക്യകാല പെൻഷനും 33 പേർക്ക് വികലാംഗ പെൻഷനും 315 പേർക്ക് കർഷക തൊഴിലാളി പെൻഷനും കിട്ടിവരുന്നുണ്ട്. പെൻഷൻ ലഭിക്കുന്നതിന് സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിബന്ധനകൾ പെൻഷനാനുകൂല്യം അർഹതപ്പെട്ടവർക്കും കിട്ടാതെ പോകുന്നതിന്ന് ഇടവരുന്നുണ്ട്. ജീവിത സാഹചര്യവുമായി

ട്രൈസം പദ്ധതിയിലൂടെ തൊഴിൽ പരിശീലനം നേടുയവർ - തൊഴിലുകൾ

വർഷം	മോട്ടോർ	എംബ്രോയിഡറി	ഇലക്ട്രോണിക്സ്	വെൽഡിങ്ങ് / സ്ട്രെയ്റ്റനിംഗ്	അപ്ഹോൾസ്റ്ററി	ത്രീവീലർ മെക്കാനിക്	പ്രിന്റിംഗ് / കംപോസിങ്ങ്	പ്ലംബിങ്ങ്	സ്ത്രീ	പു.	പട്ടികജാതി	ആകെ
1991 - 92	-	-	2	1	4	1	1	1	3	7	-	10
1992 - 93	-	-	2	-	-	-	-	-	1	1	-	2
1993 - 94	-	-	-	-	-	-	1	-	1	-	1	1
1994 - 95	1	-	3	-	-	-	3	-	7	-	-	7
1995 - 96	-	2	1	-	-	-	1	-	3	3	-	4
ആകെ	1	2	8	1	4	1	6	1	15	9	1	24

IRDP സ്വയം തൊഴിൽ സഹായം ലഭിച്ചവർ

വർഷം	ആകെ	സ്ത്രീ	പു.	പ:ജ/ പ:വ	മറ്റു ജാതി	വായ്പ തുക രൂപ	സബ്സിഡി രൂപ	മൊത്തം രൂപ
1991 - 92	20	8	12	2	18	88662	47832	136494
1992 - 93	23	8	15	6	17	124418	65227	189645
1993 - 94	19	8	11	6	13	90693	49080	139773
1994 - 95	38	17	21	5	33	468116	160840	628956
1995 - 96	22	16	6	1	21	310821	87840	398661
ആകെ	122	57	65	20	102	1082710	410819	1493529

വാർഡ്	തൊഴിൽസംരംഭത്തിന്റെ പേരും	വർഷം	പ്രവ:അംഗ: എണ്ണം	പ്രവർത്തന ക്ഷമത
1	കലാശ്രീ ഡയറിയൂനിറ്റ് പുല്ലേപ്പാട്	1990 - 91	10	നന്നായി പ്രവർത്തിക്കുന്നു
9	കൈരളി ഡയറിയൂനിറ്റ് കുണ്ടുചിറ	1991 - 92	10	"

ബന്ധപ്പെടുത്തി വരുമാനപരിധി ഉയർത്തേണ്ടതുണ്ട്. അനർഹരായവർ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയും കിട്ടുന്നതിന്നുവേണ്ടി ശ്രമിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ "പെൻഷൻ ആർക്കായിരിക്കണം" എന്നതിനെ കുറിച്ചുള്ള ബോധവൽക്കരണം ജനങ്ങളിൽ നടത്തണം.

സാമ്പത്തീക പിന്നോക്കക്കാർക്ക് സ്വയം തൊഴിൽ നേടുന്നതിനുള്ള ട്രൈസം പദ്ധതിമുഖേന അഞ്ച് വർഷത്തിന്നുള്ളിൽ 24 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളത്. ഇവരിൽ പുരുഷൻമാർ 9ഉം സ്ത്രീകൾ 15ഉം പട്ടികജാതി 1ഉം ഉൾപ്പെടുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിന്നുള്ളിൽ IRDP മുഖേന സ്വയം തൊഴിലിന് 122 പേർക്ക് 14,93,529 രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. ഇവരിൽ സ്ത്രീകൾ 57ഉം പുരുഷൻമാർ 65ഉം ആണ്. 20 പട്ടിക ജാതിക്കാരും 102 മറ്റു വിഭാഗത്തിൽ പെട്ടവരും ഉൾപ്പെടുന്നു. 4,10,819 രൂപ ഇവർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. DWCRA പദ്ധതിയിലൂടെ രണ്ട് ഡയറിയുനിറ്റുകൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പത്തും, പതിനാറും അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു.

തൊഴിൽ പരിശീലിക്കുന്നതിനും അതുവഴി തൊഴിൽ കണ്ടെത്തുന്നതിനും മേൽ പദ്ധതികൾ സഹായകമായി തീർന്നിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പ്രവർത്തനം കാര്യക്ഷമമാക്കണം. നല്ല പദ്ധതികൾ പ്രായോഗിക തലത്തിൽ വന്നാൽ മാത്രമേ നല്ല സമൂഹവും അതുവഴി സാമൂഹ്യക്ഷേമവും കെട്ടിപ്പടുക്കാൻ സാധിക്കുകയള്ളൂ.

പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കൾ ആകേണ്ടവർ ആ ആനുകൂല്യങ്ങൾ നേടുന്നില്ല.
2. ഉദ്യോഗസ്ഥ മേധാവിത്വം സൃഷ്ടിക്കുന്ന തടസ്സവാദങ്ങൾ ദരിദ്രവിഭാഗത്തിന് പ്രതിബന്ധമുണ്ടാക്കുന്നു.
3. ഇവർക്ക് ലഭിക്കുന്ന ആനുകൂല്യത്തിന്റെ ഒരു പങ്ക് ഇടത്തട്ടുകാർ ചൂഷണംചെയ്യുന്നു.
4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ വിശദാംശങ്ങളെ സംബന്ധിച്ച് ജനങ്ങൾ പലരും അജ്ഞരാണ്.
5. ആനുകൂല്യം ലഭ്യമാകുന്നതിന്ന് കാലവിളംബം നേരിടുന്നു.

സാധ്യതകൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന ആനുകൂല്യം അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം.
2. കതിരൂർ ഗ്രാമ പഞ്ചായത്തിൽ വൃദ്ധമന്ദിരം, അബലാമന്ദിരം, അംഗൻവാടി എന്നിവ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ സാധിക്കണം.
3. വിവിധ പെൻഷൻ പദ്ധതികൾ പ്രകാരം അർഹരായവർക്ക് ലഭിക്കേണ്ട പെൻഷൻ യഥാസമയം ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.
4. IRDP, UBS, DWCRA പദ്ധതികൾ കാര്യക്ഷമമായ രീതിയിൽ പ്രാവർത്തിതമാക്കണം.
5. വിവിധ സ്കീമുകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വിവരങ്ങൾ ഗ്രാമസഭകളിലൂടെ പരസ്യപ്പെടുത്തണം.
6. ദാരിദ്ര്യ വിഭാഗങ്ങൾക്ക് നൽകുന്ന സാമ്പത്തീക ആനുകൂല്യങ്ങൾ യാതൊരു കാരണവശാലും അനർഹരായവർക്ക് ലഭിക്കാൻ പാടില്ല. ഉണ്ടെന്നു കണ്ടാൽ നിയമ നടപടികൾക്ക് വിധേയമാക്കേണ്ടതാണ്

5-8

സംസ്കാരം സ്പോർട്സ്

സാംസ്കാരിക പൈതൃകം

സ്വന്തം സാംസ്കാരിക പൈതൃകത്തെ സൂക്ഷ്മമായി മനസ്സിലാക്കുമ്പോൾ മാത്രമേ നമുക്ക് നിലവിലുള്ള സാംസ്കാരിക ജീർണ്ണതയെ പ്രതിരോധിക്കാനും പുതിയൊരു ജനകീയ സംസ്കാരം സൃഷ്ടിക്കാനും കഴിയുകയുള്ളൂ. പാശ്ചാത്യ സംസ്കാരത്തിന്റെ അധപ്പതിച്ച മാതൃകകൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നമ്മെ ആകർഷിക്കാൻ ശ്രമിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായിട്ടെന്നപോലെ സാംസ്കാരികമായും നാം പിന്നോക്കംനിൽക്കുന്ന ഒരു ജന വർഗ്ഗമാണെന്ന് അവ നമ്മെ തെറ്റിദ്ധരുപ്പിക്കുന്നു. നാടിന്റെ ചരിത്രവും സംസ്കാരവും നമുക്ക് അന്യമായി തീരുന്ന കാഴ്ച അത്യന്തം ദയനീയമാണ്. ഒരു ജന സംസ്കൃതിയും ശൂന്യതയിൽനിന്ന് പൊട്ടി മുളക്കുകയില്ല. അത്യന്തം സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം കതിരൂരിന് സ്വന്തമായുണ്ട്. കലാ സാഹിത്യ പ്രവർത്തനങ്ങളിലൂടെയും ഉത്സവാഘോഷങ്ങളിലൂടെയും, ആചാരാനുഷ്ടാനങ്ങളിലൂടെയും അഭിവൃദ്ധിപ്പെട്ട കതിരൂരിന്റെ സാംസ്കാരിക തനിമയെ തിരിച്ചറിയേണ്ടത് നമ്മുടെ കർത്തവ്യമാണ്.

സാഹിത്യം

മലയാളത്തിലെ ആദ്യകാല കഥാകൃത്തുകളിൽ പ്രമുഖനായ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ പൊന്ന്യം നായനാർ റോഡിലുള്ള വെങ്ങയിൽ തറവാട്ടിലെ അംഗമായിരുന്നു. പത്ര പ്രവർത്തകൻ, നിരൂപകൻ, പ്രബന്ധകാരൻ, നിയമസഭാ സാമാജികൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ നായനാർ കേരള പത്രികയുടെ മുഖ്യ ലേഖകനായും കേരള സഞ്ചാരിയുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. കേസരി എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ എന്ന് പലരും കരുതുന്നു.

'സഞ്ജയൻ' എന്ന തൂലികാ നാമത്തിൽ പ്രസിദ്ധനായ മാണിക്കോത്ത് രാമുണ്ണിനായർ പുല്ല്യോട്ട് മാണിക്കോത്ത് തറവാട്ടിലെ ഒരംഗമാണ്. 1903 ജൂൺ 13 ന് ജനിച്ച എം.ആർ. നായർ 20ാം നൂറ്റാണ്ട് കൈരളിക്ക് സംഭാവനനൽകിയ ഒരു ബഹുമുഖ പ്രതിഭയാണ്. നിശിതമായ ആക്ഷേപഹാസ്യത്തെ സാമൂഹ്യ വിമർശനത്തിനുവേണ്ടി ഉപയോഗിച്ച അദ്ദേഹം സഞ്ജയൻ, വിശ്വരൂപം എന്നീ പത്രമാസികകൾ നടത്തിയിരുന്നു. 1943 സപ്തംബർ 13

അന്തരിച്ച അദ്ദേഹം പുല്യോട്ട് മാണിക്കോത്ത് തറവാട്ടിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മലയാളത്തിന്റെ പ്രിയപ്പെട്ട കവി വി.വി.കെ.(വലിയവീട്ടിൽ കുഞ്ഞിക്കണ്ണൻ നമ്പ്യാർ) ഒരുകാലത്ത് കതിരൂരിന്റെ സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ പ്രചോദക ശക്തിയായി നിറഞ്ഞു നിന്നിരുന്ന സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ കവിതയേയും പ്രസംഗത്തേയും ബാറ്റ്മിൻറൻ കളിയേയും സാമൂഹ്യ പ്രവർത്തന ശൈലിയേയും ഇഷ്ടപ്പെടുകയും ആരാധിക്കുകയും ചെയ്ത സുഹൃത്തുക്കളും ശിഷ്യജനങ്ങളും ഇവിടുത്തെ സാംസ്കാരിക ജീവിതത്തെ ഏറെക്കാലം ത്രസിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്തു. മനുഷ്യ ജീവിതത്തെ സന്തുലിതമായ പ്രകൃതിയുടെ അഭേദ്യ ഭാഗമായിക്കണ്ട പ്രകൃതി ഗായകനായ വി.വി.കെയുടെ സ്വരത്തിന് പുതിയ പരിസ്ഥിതി ബോധത്തിന്റെ വെളിച്ചത്തിൽ ഇന്നും പ്രസക്തിയു ണ്ടെന്ന് കാണാം. കലർപ്പില്ലാത്ത മനുഷ്യ സ്നേഹത്തിന്റെ തിരുവെഴുത്തുകളുടെ കവി എന്ന് സുകുമാർ അഴീക്കോട് വിശേഷിപ്പിച്ച അദ്ദേഹത്തിന് തന്റെ കവിത പാവപ്പെട്ടവന്റെ നാവാവുന്നതിൽ അഭിമാനമേ ഉണ്ടായിരുന്നുള്ളൂ. ഹൃദയനാദം എന്ന കവിതയിൽ "കവിതൻ ഹൃദയനാദം സമൂഹ സൗഭാഗ്യത്തിന്റെ ഭാവിക ഭാവിക്ക് രൂപമരുളീടട്ടെ" എന്നും "നാളെയുടെ നവലോക സംവിധാനത്തിങ്കൽ നിന്റെ നാവ് പാവപ്പെട്ടവർക്ക് ശക്തിയാവട്ടെ" എന്നും അദ്ദേഹം പാടി. ജാതിയുടേയും മതത്തിന്റേയും പേരിലുള്ള സങ്കുചിത ചിന്തകൾ നമ്മുടെ ദേശീയ ബോധത്തെ മലീമസമാക്കുന്ന ഇക്കാലത്ത് വി.വി.കെ. യുടെ ഭാരതം ചോദിക്കുന്നു പോലുള്ള കവിതകൾ ഏറെ പ്രസക്തമാണ്.

ധർമ്മത്തിൻ വിശാലമാം സാമ്രാജ്യം മതത്തിന്റെ കമ്പത്തിൽ കെട്ടാൽ തുണ്ടുതുണ്ടായി മുറിയുമ്പോൾ അസമത്വത്തിൽ പെട്ടു വലഞ്ഞു ദേശീയത്വം വിഷമിക്കുമ്പോൾ കഷ്ടം ഞാൻ കണ്ടു സഹിക്കയോ. ഒറ്റപ്പെട്ട കവിമനസ്സിന്റെ ദുർബലമായ സ്വരം എന്ന നിലയിൽ നിന്ന് ദേശീയതയുടെ തീവ്രവും പ്രചണ്ഡവുമായ സ്വരമെന്ന നിലയിലേക്കുള്ള വളർച്ച വി.വി.കെ.യുടെ കാവ്യ വ്യക്തിത്വത്തിന് വന്നു ചേർന്ന വികാസ പരിണാമത്തെയാണ് ഓർമ്മിപ്പി ക്കുന്നത്. 1962 മാർച്ച് 16ന് പെട്ടെന്നായിരുന്നു കവി യുടെ അന്ത്യം.

സംസ്കൃത സാഹിത്യത്തിൽ മഹാ പണ്ഡിതനായിരുന്ന കെ.വി. മാനൻ ഗുരുക്കൾ 1890 ഒക്റ്റോബർ 31ന് പ്രസിദ്ധ ജൗതിഷികനായ ചന്തുപണിക്കരുടേയും ലക്ഷ്മിയമ്മയുടേയും മകനായി പുല്യോട്ട് ജനിച്ചു. കതിരൂരിലെ കണാരൻ ഗുരുക്കളാണ് ആദ്യം സംസ്കൃതം പഠിപ്പിച്ചത്. പിന്നീട് പട്ടാമ്പി സംസ്കൃത കോളേജിൽ പുന്നശ്ശേരി നമ്പി നീലഖണ്ഡശർമ്മയുടെ ശിഷ്യത്വം സ്വീകരിച്ചത് അദ്ദേഹത്തിന്റെ ജീവിത്തിന് വഴിത്തിരിവായി തീർന്നു. പട്ടാമ്പിയിലെ വിദ്യാഭ്യാസ കാലത്തുതന്നെ വാഗ്വാദത്തിലും ചർച്ചാ സദസ്സുകളിലും സജീവമായി പങ്കെടുത്തു. ചിന്താമണി സംസ്കൃത മാസികയിൽ തുടർച്ചയായി ലേഖനങ്ങളും കവിതകളും എഴുതി.

അച്ഛന്റെ വേർപാട് ഇതിവൃത്തമാക്കി എഴുതിയ ഭക്ത പ്രലാപം, ദിവാകര ചിന്ത, നളിനി, സംസ്കൃത വിവർത്തനം തുടങ്ങിയവ അദ്ദേഹ ത്തിന്റെ കാവ്യ ഗ്രന്ഥങ്ങളാണ്. സമീക്ഷാസൗധം എന്ന പ്രബന്ധ സമാഹാരം അദ്ദേഹത്തിന്റെ ഉത്തമ ഗദ്യശൈലിക്കും ഉന്നത നിരൂപണ ബോധത്തിനും നിദർശനമാണ്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ അധ്യാപകനായി സേവനമനുഷ്ടിച്ച അദ്ദേഹത്തിന് വിപുലമായ ഷിഷ്യസമ്പത്തുണ്ട്. 1965 ഒക്ടോബർ 2 നാണ് അദ്ദേഹം അന്തരിച്ചത്.

കഥകളി

കതിരൂരിലെ മണക്കാടൻ തറവാടിന് കഥകളിയുമായി ആത്മബന്ധംതന്നെ ഉണ്ടായിരുന്നു. ഈ തറവാട്ടിലെ അംഗമായ മണക്കാടൻ കുഞ്ഞമ്പു അറിയപ്പെടുന്ന കഥകളി നടനും കവിയുമായിരുന്നു. കഥകളിയോഗം നടത്താറുണ്ടായിരുന്ന മണക്കാടൻ തറവാട്ടിലെ കീഴന എന്ന പുരയിടത്തിൽ കഥകളി കോപ്പുകൾ സൂക്ഷിച്ച വലിയ പെട്ടി അടുത്ത കാലംവരെ ഉണ്ടായിരുന്നതായി പഴമക്കാർ ഓർക്കുന്നു. അവർണ്ണനായ കുഞ്ഞമ്പു ഗുരുക്കളുടെ നേതൃത്വത്തിൽ തിരുവങ്ങാട് ക്ഷേത്രത്തിൽ കഥകളി അവതരി

പ്പിക്കുമ്പോൾ സവർണ്ണർ എതിർപ്പ് പ്രകടിപ്പിക്കുകയും അരങ്ങ് അലങ്കോലപ്പെടുത്തുകും ചെയ്യാൻ ശ്രമിച്ചതായി ഒരു കഥയുണ്ട്. പൊന്ന്യത്ത് വലിയ ഗോവിന്ദൻ നായർ, ചെറിയ ഗോവിന്ദൻനായർ, സി.കെ. കുഞ്ഞമ്പൂട്ടി പെരുമലയൻ, സി.കെ. കണാരൻ വൈദ്യർ തുടങ്ങിയവരുടെ സംഭാവനകളും കതിരൂരിലെ കഥകളി രംഗത്തെകുറിച്ച് പറയുമ്പോൾ ആദരവോടെ ഓർക്കേണ്ടതാണ്.

പൂരക്കളി

പൂരക്കളിയിൽ കതിരൂരിന്റെ പ്രസിദ്ധി നിലനിർത്തിയതിൽ കാനായി കുഞ്ഞിരാമൻ ഗുരുക്കളോടെയാണ് ഏറെ കടപ്പെട്ടിരിക്കുന്നത്. അദ്ദേഹം കക്കറയിൽ സ്വന്തം വീട്ടിൽ കളരികെട്ടിയാണ് പൂരക്കളി പഠിപിച്ചിരുന്നത്. മാസങ്ങളോളം നീണ്ടു നിൽക്കുന്ന അതി കഠിനമായ പരിശീലനം പൂരക്കളി പഠിക്കാൻ ആവശ്യമാണ്. പയ്യമ്പള്ളി കുഞ്ഞമ്പു കൃഷ്ണൻ ചമ്പാട്, പി.പി. ഗോപാലൻ തുടങ്ങിയവർ താനി ഗുരുക്കളുട പ്രഗത്ഭരായ ശിഷ്യരാണ്. ഇന്ന് പ്രചാര ലുബ്ദമായ പൂരക്കളി ഒരുകാലത്ത് നമ്മുടെ നാട്ടിന്റെ ഐക്യ ബോധത്തെ പരിപോഷിപ്പിച്ച് കൂട്ടായ്മ വളർത്താൻ ഉതകിയ കലാരൂപമാണ്.

കോൽകളി

കളരിപ്പയറ്റിന് നന്നായി വേരോട്ടമുള്ള കതിരൂരിന്റെ മണ്ണിൽ കോൽക്കളിക്കും നല്ല പ്രചാരം കിട്ടിയതിൽ അത്ഭുതമില്ല. കോൽക്കളി പരിശീല നത്തിന് കളരികളും വീട്ടുമുറ്റങ്ങളും ഉപയോഗിച്ചു വന്നിരുന്നു. കളിക്കാരെ അകം പുറം എന്നിങ്ങനെ രണ്ടായി തിരിച്ച് ആദ്യം അകക്കളിക്കാർ അകത്തും പുറംകളിക്കാർ പുറത്തും കളിക്കാൻ തുടങ്ങുന്നു. പിന്നീടവർ സ്ഥാനം മാറിക്കളിക്കും കളിയാശാന്റെ വായ്ത്താരിക്കനുസരിച്ച് കളിക്കാരുടെ ചുവടു വെപ്പുകൾ മുറുകുന്നതോടൊപ്പം പുരാണ കഥാ ഗാനവും ഉയരുകയായി. കോൽക്കളി ആശാൻമാരിൽ പ്രധാനിയായിരുന്നു പുല്യോട്ടെ പൈതൽഗുരുക്കൾ, കുഞ്ഞപ്പനായർ, എ. കുമാരൻ, കണ്ണൻനായർ തുടങ്ങിയവർ ഈ കലയിൽ പ്രസിദ്ധരാണ്. മുസ്ലീം ഗൃഹങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് പൊലിമ കൂട്ടാൻ മാപ്പിള കോൽക്കളി സഹായിച്ചിരുന്നു. അടുത്ത കാലത്തായി സ്കൂൾ യുവജനോത്സവങ്ങളുടേയും രാഷ്ട്രീയ പാർട്ടികളുടേയും അരങ്ങുകളിൽ കോൽക്കളിക്ക് ഒരു പുതിയ ജീവൻ കിട്ടിക്കാണുന്നുണ്ട്.

തെയ്യം

സവർണ്ണ ക്ഷേത്രങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെട്ട അവർണ്ണ ജാതിക്കാരുടെ ആരാധനാ മൂർത്തിയാണ് തെയ്യം. കീഴാള വർഗ്ഗത്തിന്റെ വിശ്വാസവും കലയും ഒത്തുചേർന്നപ്പോളാണ് തെയ്യം ജന ജീവിതത്തിൽ ഒരു സ്വാധീന ശക്തിയായി വളർന്നുവന്നത്. കതിരൂരിലെ പ്രസിദ്ധരായ തെയ്യം കലാകാരന്മാരെ പരിചയ പ്പെടേണ്ടത് ഗ്രാമീണ സാംസ്കാരിക പൈതൃകത്തെ മനസ്സിലാക്കാൻ നമ്മെ സഹായിക്കും.

വടക്കേ മന്ദ്യത്ത് ചാത്തുക്കുട്ടി പെരുവണ്ണാൻ പയ്യംപള്ളിചന്തുവിന്റെ തെയ്യം കെട്ടുന്ന കലാകാര നായിരുന്നു. കോട്ടയം രാജാവിൽനിന്ന് പട്ടും വളയും പെരുവണ്ണാൻ സ്ഥാനവും അദ്ദേഹം നേടിയിട്ടുണ്ട്. ആദ്യക്കന്നി, വേട്ടക്കൊരുമകൻ, ശ്രീ പോർക്കലി ഭഗവതി, പോതി തുടങ്ങിയ തെയ്യങ്ങൾ വിദഗ്ദമായും തന്മയത്വത്തോടെയും അവതരിപ്പിച്ച് പ്രസിദ്ധനായി.

കക്കറ ശെമ്മശ്ശേരി കണ്ണൻവാക്ക കരി ഞ്ചാമുണ്ടി തെയ്യം കെട്ടിയാടുന്നതിലും ശെമ്മശ്ശേരി ചന്തുകുട്ടി പണിക്കർ ശാസ്തപ്പൻ, വിഷ്ണുമൂർത്തി എന്നിവ കെട്ടുന്നതിലും, കതിരൂർ മീത്തലെ വെങ്ങേരി കുഞ്ഞിരാമ പണിക്കർ വസൂരിമാല, കണ്ടകർണ്ണൻ, ഗുളികൻ എന്നീ വേഷങ്ങളും മീത്തലെ വെങ്ങേരി സ്വാമിദാസൻ സഹോദരൻ ബലരാമൻ എന്നവരുടെ ഭൈരവൻ, ഇച്ചിട്ട ഭഗവതി, കരിഞ്ചാമുണ്ടി എന്നീ തെയ്യങ്ങളും, ചന്തു പെരുമലയന്റെയും സി.കെ. ചന്തുകുട്ടി പെരുമലയന്റേയും വസൂരിമാല, കുട്ടിശാസ്തപ്പൻ വേഷങ്ങളും ശെമ്മശ്ശേരി ശ്രീനിവാ സന്റെ ശസ്തപ്പനും ഗംഗാധരന്റെ ഗുളികനും തുടങ്ങിയ എല്ലാ തെയ്യങ്ങളും വേഷങ്ങളും ജനഹൃദയങ്ങളിൽ പ്രതിഷ്ട നേടിയതായിരുന്നു.

കോതാമൂരി

ഗ്രാമീണ നൃത്തരൂപമായ കോതാമൂരിയാട്ടം ഇന്നും കതിരൂരിൽ അപൂർവ്വമായി കാണുന്നുണ്ട്. ഗോദാവരി എന്ന ദിവ്യ പശുവിനെക്കുറിച്ചുള്ള ഗോതാവരിയാട്ടമാണ് കോതാമൂരിയാട്ടമായി മാറിയത്.

കൃഷിക്കും പശുക്കൾക്കും അഭിവൃദ്ധി ഉണ്ടാകുമെന്നാണ് വിശ്വാസം. മലയ സമുദായക്കാരാണ് അവകാശപ്പെട്ടവർ. തുലാമാസം 10വരെയാണ് ഇത് കെട്ടിയാടുന്നത്.

വേടൻ, ആടി

ഗ്രാമ സമ്പദ്‌വ്യവസ്ഥയും കൃഷിയും അടിസ്ഥാനമാക്കി രൂപം നൽകിയ രണ്ട് അനുഷ്ഠാന കലകളാണ് വേടനും ആടിയും. കർക്കിടകത്തിൽ ഭവന സന്ദർശനങ്ങൾ നടത്തുന്നു.

കളരി

ഫ്യൂഡൽ നാടുവാഴിത്ത ഘട്ടത്തിൽ വളർത്തിയെടുക്കപ്പെട്ട ആയോധന കലാരൂപമാണ് കളരിപയറ്റ് എന്ന് അനുമാനിക്കപ്പെടുന്നു. അക്രമം തടയാനും പ്രത്യാക്രമണം നടത്താനും യോധാക്കളെ സജ്ജമാക്കുന്ന കലാരൂപമാണ് കളരിപ്പയറ്റ്. ഈ അഭ്യാസമുറ നാശോൻമുകമാവുന്ന കാലഘട്ടമാണ് ഇത്.

കോട്ടയം രാജകുടുംബാംഗങ്ങളേയും രാജ സേനയേയും അഭ്യാസം പഠിപ്പിക്കുന്നതിന്ന് പരദേശത്തുനിന്നും കതിരൂരിൽ കുടിയിരുത്തപ്പെട്ട കതിരൂർ ഗുരുക്കളുടെ കളരി പാരമ്പര്യം ഏറെകാലം നിലനിന്നെങ്കിലും കോട്ടയ്ക്കൽ കണാരൻ ഗുരുക്കളാണ് കളരിപ്പയറ്റിന് ജനകീയ പരിവേഷം നൽകിയത്. അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു സി.വി. നാരായണൻ ഗുരുക്കളും പാനൂർ ശങ്കരൻ ഗുരുക്കളും. പിന്നീട് ആ പാരമ്പര്യം കാത്ത് സൂക്ഷിച്ചവരിൽ ചിലരാണ് ഗുരുക്കൾക്കണ്ടി കുഞ്ഞമ്പു ഗുരുക്കൾ, കോൽക്കണ്ടി കുഞ്ഞമ്പു ഗുരുക്കൾ, പിലാക്കണ്ടി കൃഷ്ണൻ ഗുരുക്കൾ, കുഞ്ഞേരി കുഞ്ഞിരാമൻ ഗുരുക്കൾ, ചിങ്ങൻ ചന്തു ഗുരുക്കൾ, കൊയപ്പാൾ ശങ്കരൻ ഗുരുക്കൾ, സി.എം. നാണുഗുരുക്കൾ, എടവലത്ത് വാസുഗുരുക്കൾ, ചിങ്ങൻ ശ്രീധരൻഗുരുക്കൾ, നെയ്യൻ ഗോവിന്ദൻ ഗുരുക്കൾ തുടങ്ങിയവർ.

എം.കെ. ഗോപാലൻ ഗുരുക്കൾ സ്ഥാപിച്ച് സ്ഥിരം കളരിയായി പ്രവർത്തിച്ചുവരുന്ന എം.കെ.ജി. കളരി സംഘം, സി.എം. നാണുഗുരുക്കളുടെ ശിക്ഷണത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരുകുലം കളരിസംഘം, ഗംഗാധരൻ ഗുരുക്കളുടെ ശിക്ഷണത്തിൽ പ്രവർത്തിച്ചുവരുന്ന ശ്രീനാരായണ കളരിസംഘം എന്നിവ ഈ പ്രദേശത്ത് പരിശീലനം നടത്തിവരുന്ന സ്ഥാപനങ്ങളാണ്. ഇവയിൽ എം.കെ.ജി. കളരി സംഘം 1986 ൽ ഭരതോത്സവത്തോടനുബന്ധിച്ച് അമേരിക്കൻ ഐക്യനാടുകളിൽ കളരി അഭ്യാസം അവതരിപ്പിച്ച് കീർത്തിനേടിയിട്ടുണ്ട്.

ആരോഗ്യ പരിപാലനത്തിനും, ഭഗ്നചികിത്സ, മർമ്മ ചികിത്സ എന്നിവയെ സമ്പുഷ്ടമാക്കാനും മറ്റ് കലാ രൂപങ്ങൾക്ക് സഹായകമാകാനും കളരിപ്പയറ്റിന് കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും, നിലവിലുള്ള കളരികൾക്ക് പൊതുവേദി ലഭ്യമാക്കുകയും ചെയ്താൽ ഈ സാമൂഹ്യ സ്വത്തിന് മൂല്യശോഷണം വരാതെ കൂടുതൽ അവകാശികളെ സൃഷ്ടിച്ചെടുക്കുന്നതിനും വഴിതെളിച്ചേക്കാം.

സർക്കസ്സ്

സർക്കസ്സിന്റെ കുലഗുരുവായിഅറിയപ്പെട്ടിരുന്ന കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചറുടെ ശിഷ്യനായ കിട്ടുണ്ണിയാണ് കതിരൂരിൽ ആദ്യം സർക്കസ്സ് പ്രദർശിപ്പിച്ചത്. ടെൻറ്കെട്ടുക, പ്രചരണം നടത്തുക, അഭ്യാസമുറകൾ അവതരിപ്പിക്കുക, തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം സർക്കസ്സ് ഉടമസ്ഥൻ തന്നെയാണ് അന്നു ചെയ്തിരുന്നത്. സർക്കസ്സ് കലയെ പരമോന്നത സ്ഥിതിൽ എത്തിച്ച പ്രൊഫ.കെ ദാമോദരനായിരുന്നു, പ്രസിദ്ധമായ "കമല ത്രീറിങ്ങ് സർക്കസ്സിന്റെ ഉടമസ്ഥൻ ഇവിടെ അദ്ദേഹം ഒരു സർക്കസ്സ് കോളേജ് സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും സഫലമായില്ല.കതിരൂരിൽ പ്രദർശ്ശനം നടത്തിയ "നിർമ്മല" സർക്കസ്സ് സ്ഥാപിച്ചത് കക്കാടൻ ഗോപിയായിരുന്നു. ശ്വാസമടക്കിപിടിച്ചുകൊണ്ട് അഭ്യാസങ്ങൾ കാണുന്നതിനിടയിലുള്ള പിരിമുറുക്കത്തിന് അയവു വരുത്താനും, കലാപ്രകടനം നടത്തുമ്പോഴുണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കാനും ശ്രദ്ധിക്കുന്ന ക്ലൗണുകൾ , സർക്കസ്സിലെ മിക്കയിനങ്ങളും നന്നായി അറിയുന്ന കലാകാരൻമാരായിരിക്കും. പ്രസിദ്ധരായ അത്തരം ക്ലൗണുകളിൽ ചിലരാണ് വേലായുധൻ, മാറോളി

നാരായണൻ എന്നിവർ. തൂവക്കുന്നോൻ കോരൻ, എ.വിജയൻ എന്നിവർ പ്രഗത്ഭരായ സർക്കസ്സ് പരിശീലകരും, മൃഗപരിശീലകരും ആണ്. ഫ്ലയിങ്ങ് ട്രപ്പീസിൽ അത്ഭുതങ്ങൾ കാണിച്ചിരുന്ന എം.കെ ജാനകി, എം.കെ. കൗസല്യ, വി.ഗോപി എന്നിവരും ഈ നാട്ടുകാരാണ്. ഗ്രേറ്റ് റയിമൻ സർക്കസ്സ് ഉടമയായ കല്ലൻ ഗോപാലൻ, ജമിനി സർക്കസ്സ് ഉടമയായ കുഞ്ഞിക്കണ്ണൻ, ശങ്കരൻ, സഹദേവൻ എന്നിവർ സർക്കസ്സ് കലയ്ക്ക് പുതിയ മാനം നൽകിയിട്ടുണ്ട്.

ഒട്ടേറെ സർക്കസ്സ് കലാകാരൻമാരുള്ള പ്രദേശമാണ് കതിരൂർ. വീട്ടിലെ ദാരിദ്രമകറ്റുവാൻ ചെറിയ കുട്ടികളെ സർക്കസ്സ് പരിശീലിപ്പിക്കാൻ ഒരുകാലത്ത് രക്ഷിതാക്കൾ താൽപര്യം കാണിച്ചിരുന്നു. ആ കുട്ടികൾ പലരും 25 വർഷത്തോളം നീണ്ടു നിൽക്കുന്ന കരാറുകൾ പൂർത്തിയാക്കിയാണ് പിരിഞ്ഞു പോകാറുള്ളത്.അഴകു ആരോഗ്യവും ഉള്ളകാലത്ത് പ്രശംസിക്കപ്പെടുന്ന കലാകാരൻമാർ, സർക്കസ്സിൽ നിന്നു പിരിഞ്ഞു വന്നാൽ വളരെയേറെ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. സർക്കസ്സ് കലാകാരൻമാർക്ക് സർക്കാർ ഇപ്പോൾ പെൻഷൻ നൽകി വരുന്നുണ്ട്.

കായികരംഗം

കായികരംഗത്ത് കതിരൂരിന്ന് അഭിമാനാർഹമായ സ്ഥാനമുണ്ട്. കായികതാരങ്ങളുടെ പരിശീലനകളരിയായിരുന്നു കതിരൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട്. കീഴന്തി ഗോപാലൻ, കക്കാടൻ നാരായണൻ, അച്ചുതൻ, കെ,ടി പത്മനാഭൻ നമ്പ്യാർ, കുഞ്ഞികൃഷ്ണൻ, കുഞ്ഞമ്പു, അബു, കുഞ്ഞിരാമൻ തുടങ്ങിയവരായിരുന്നു കതിരൂരിലെ വോളിബോളിന്റെ അമരക്കാർ. മലബാറിന്റെ നാനാഭാഗത്തുനിന്നുമുള്ള നിരവധി വോളിബോൾ താരങ്ങൾ കതിരൂരിൽ കളിച്ചിട്ടുണ്ട്. ബോൾ ബാഡ്മിൻറനിൽ അതികായൻമാരായിരുന്നു ഗോപാലൻ നമ്പ്യാർ, വി.വി.കെ എന്നീ അദ്ധ്യാപകർ ധാരാളം ചെറുപ്പക്കാർക്ക് സ്പോർട്ട്സിൽ പ്രചോദനം നൽകിയവരായിരുന്നു. 1948ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് ബോൾബാഡ്മിൻറൺ ടൂർണ്ണമെൻറിൽ ചാമ്പ്യൻഷിപ്പ് നേടിയത് സി.അച്ചുതന്റെ നേതൃത്വത്തിലുള്ള കതിരൂർഹൈസ്ക്കൂൾ ടീമായിരുന്നു. ദശകങ്ങളോളം വോളിബോളിലും ബാഡ്മിൻറണിലും കുത്തകയും കീർത്തിയും കതിരൂർ നിലനിർത്തിയിരുന്നു.

സംസ്ഥാനകായിക മേളയിൽ അദ്ധ്യാപകർക്കുള്ള 100മീറ്റർ ഓട്ടത്തിൽ സ്വർണ്ണമെഡൽ നേടിയ ജി.രവീന്ദ്രൻ മാസ്റ്റർ, 1993 ൽ മധുരയിൽ നടന്ന 4.100 റിലെമത്സരത്തിലും സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്.

കായികരംഗത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച പേരും പെരുമയും സമീപകാലങ്ങളിൽ കതിരൂരിന് നഷ്ടമായിട്ടുണ്ട്. എം.പിമാരുടെ വികസനനിധി ഉപയോഗിച്ചുകൊണ്ട് കതിരൂർ ഗവ:ഹയർ സെക്കൻഡറി സ്ക്കൂളിൽ പുതുതായി ഒരുകളിക്കളം നിർമ്മിച്ചുകൊണ്ടി രിക്കുകയാണ്. റൂറൽ കോച്ചിങ്ങ് സെൻറർ ആയും കതിരൂർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ജനകീയ

പങ്കാളിത്തത്തിലൂടെ സമ്പന്നമായ കായികരംഗം ഇവിടെ വളർന്നുവരുമെന്ന് പ്രത്യാശിക്കാം.

ജാതിമതഘടനയും ഉത്സവാഘോഷങ്ങളും :-

ഒരു ജനതതിയുടെ സാംസ്കാരിക മുന്നേറ്റത്തിന് നിർണ്ണായക പങ്ക് മതങ്ങൾക്കും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഉണ്ട്. കതിരൂരിന്റെ കാര്യത്തിലും ഇത് ഭിന്നമല്ല. ഹിന്ദുമതവും ഇസ്ലാംമതവുമാണ് കതിരൂരിലെ പ്രധാന മതവിഭാഗങ്ങൾ. എന്നാൽ വിരളമായെങ്കിലും ക്രിസ്തുമതാനുയായികളും ഉണ്ട്. സാമുദായിക വിഭാഗീയ ചിന്താഗതികൾക്കതീതമായി സഹവർത്തിത്വത്തോടെ കഴിയുന്ന ജനതയാണ് ഈ പ്രദേശത്തുള്ളത്.ഉദ്ബുദ്ധമായ സാംസ്ക്കാരികതയുടെ ദൃശ്യമാണ്.

ഹൈന്ദവവിഭാത്തിന്റേതായി നിരവധി ആരാധനാലയങ്ങൾ പഞ്ചായത്തിലുണ്ട്. ദേശത്തിന്റെ ഉത്സവമായി പുല്ല്യോട് ശ്രീ കുറുമ്പക്കാവുത്സവം കണക്കാക്കുന്നു. ഹിന്ദുക്കളോ ടൊപ്പം മുസ്ലീംങ്ങളും ഈ ഉത്സവത്തിൽ പങ്കുകൊള്ളുന്നത് തങ്ങളുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന സാമുദായിക മൈത്രിക്കുദാഹരണ മാണ്. മുസ്ലീം ആരാധനാലയങ്ങളായി 5 മസ്ജിദ്കളുണ്ട്.

ജാതി വിഭാഗങ്ങൾ പ്രധാനമായും ഹൈന്ദവരുടെ ഇടയിലാണ്. നമ്പൂതിരി, നായർ,

നമ്പ്യാർ, വാണിയ, ഗണകണിയാൻ), തീയ്യ, പത്മശാലീയ, വിശ്വകർമ്മ, കുലാല, മലയ, പുലയ, മുന്നൂറ്റവർഏടൻ) ഇത്യാദി അടിസ്ഥാന തരംതിരിവുകൾ. സാമുദായികധിഷ്ഠിതമായ ആചാരങ്ങളും, അനുഷ്ഠാനങ്ങളും നിലനിൽക്കുന്നുണ്ടെങ്കിലും നിത്യജീവിതത്തിന്റെ തെളിമയിൽ ഉച്ചനീചത്വങ്ങൾ ദൃശ്യമല്ല. എന്നാൽ വിവാഹങ്ങൾ മിക്കതും ജാതീയമായ കാഴ്ചപ്പാടിലാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ജാതീയയതയെ ഇല്ലായ്മചെയ്യ എന്ന പ്രകടമായ ലക്ഷ്യത്തോടെയുള്ള പ്രസ്ഥാനങ്ങൾ കതിരൂരിൽ ഉദയം ചെയ്തിട്ടില്ല. എന്നാൽ കതുരൂരിലെ തൊഴിലാളിവർഗ്ഗപ്രസ്ഥാനവും, ഉദംബുദ്ധമായ രാഷ്ട്രീയ ദർശനവും സർവ്വോപരി ദേശീയബോധവും ജാതീയതയ്ക്ക് അതീതമായ മാനുഷിക മൂല്യങ്ങൾക്ക് എക്കാലവും പ്രാധാന്യം നൽകിയിട്ടുണ്ട്.

പ്രധാന ആരാധനാലയങ്ങൾ :

1. ശ്രീ സൂര്യനാരായണ ക്ഷേത്രം

ഒരുകാലത്ത് അയിത്താചരണം ശക്തമായി നിലനിന്നിരുന്നു. മലബാർ ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം അവർണ്ണർക്ക് പ്രവേശനം ലഭിച്ചു. 1971 വരെ ദേവസ്വം വക മുക്തിയാർ ഹോൾഡർ ക്ഷേത്രസ്വത്ത് കൈകൈര്യംചെയ്തു. ഒരെക്കർ 14സെൻറാണ് ക്ഷേത്രത്തിന്റെ വിശാല മായചിറ. 1982 വരെ ട്രസ്റ്റിബോർഡ് നവീകരണ പ്രവർത്തനമാരംഭിച്ചു. തത്ഫലമായി ക്ഷേത്രം അഭിവൃദ്ധിപ്പെടുകയും കതുരൂരിലെ ഏറ്റവും പ്രധാനപ്പെട ക്ഷേത്രമായി നിലകൊണ്ടു.

2. മീത്തലേടിൽ ശ്രീ ഭഗവതിക്ഷേത്രം :-
(പുല്ല്യോട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം)

താത്രിക വിധിപ്രകാരമുള്ള ഉത്തമക്ഷേത്രമായ പുല്ല്യോട് ശ്രീ ധർമ്മശാസ്താക്ഷേത്രത്തിലെ പ്രതിഷ്ഠ ശ്രീശാസ്താ ഭഗവതിയാണ്. കേരളത്തിൽതന്നെ അപൂർവ്വമാണ് ഈ പ്രതിഷ്ഠ. ധനുമായം 10, 11 തീയതികളിൽ അണ് ഉത്സവം

3.തരുവണത്തിരു ശ്രീ മഹാഗണപതിക്ഷേത്രം:-

പ്രതിഷ്ഠ മഹാഗണപതി. ശാലിയ സമുദായക്കാരുടെ പ്രധാന ക്ഷേത്രം

4. ഏച്ചിപൊയിൽ ശ്രീമഹാഗണപതിക്ഷേത്രം:-

പ്രതിഷ്ഠ മഹാഗണപതി. ശാലിയ സമുദായ ക്ഷേത്രം.

5. പുല്ല്യോട് ശ്രീ കൂർമ്പക്കാവ്

കതിരൂരിലെ പ്രധാന ആരാധനാലയം. എല്ലാവർഷവും കുംഭം 27, 28, 29 തീയതികളിൽ താലപ്പൊലി മഹോത്സവം. കതിരൂരിൽ ഏറ്റവും കൂടുതൽ ആളുകൾ ഒത്തുചേരുന്ന സ്ഥലം. ശ്രീകുറുമ്പ ഭഗവതി പ്രതിഷ്ഠ.

6. അത്തോളിക്കാവ് :-

ഗുളികൻ, കുട്ടിച്ചാത്തൻ തുടങ്ങിയ ദൈവസങ്കൽപ്പങ്ങൾ.

7. പോതിയേടത്ത് :-

വാണിയസമുദായക്കാരുടെ ക്ഷേത്രം. മുച്ചിലോട്ട്, കണ്ണങ്കാട്ട് ഭഗവതി തുടങ്ങിയ പ്രധാന തിറകൾ അരങ്ങേറുന്നു.

8. ഈങ്ങോളിക്കാവ് :-

വസൂരിമാല, ഗുളികൻ, കുട്ടിച്ചാത്തൻ, ഘണ്ടാകർണ്ണൻ തുടങ്ങിയ തിറകൾ ഇവിടുത്തെ പ്രത്യേകത.

9. ചെറുകണ്ടിക്കാവ് :-

രക്തചാമുണ്ഡി, കൃഷ്ണചാമുണ്ഡി, മുതലായ പ്രധാന തിറകൾ ഉവിടെ കെട്ടാറുണ്ട്.

10. കടമ്പിൽ

മകരമാസത്തിൽ ഉത്സവം നടക്കുന്ന ഇവിടെ കുട്ടിച്ചാത്തൻ, ഗുളികൻ തുടങ്ങിയ തിറകൾ പ്രത്യേകതയാണ്.

11. പൊന്ന്യം നാലുപുരയ്ൽ ഭഗവതിക്ഷേത്രം, കൂറ്റേരിക്കാവ് ആയിക്കരക്കണ്ടി ഭഗവതിക്ഷേത്രം, കൊട്ടാരം ദേവസ്ഥാനം, കുണ്ടുചിറ എന്നിവ പ്രധാനക്ഷേത്രങ്ങളാണ്.

മടപ്പുരകൾ :-

മടപ്പുരകളിലെ പ്രധാന ആരാധനാമൂർത്തി ശ്രാമുത്തപ്പനാണ്. തെയ്യം, തിറ എന്നിവ പ്രധാനാഘോഷം. പാലയാടൻകണ്ടി കൂരാച്ചി മഠപ്പുര, കാട്ടിൽ അടീര മഠപ്പുര, കൂടയ്ക്കൽ മഠപ്പുര ഇവ പ്രധാന മഠപ്പുരകളും 'പൈങ്കുറ്റി'(പയംങ്കുറ്റി) പ്രധാന വഴിപാടുമാണ്.

വെള്ളുവക്കണ്ടിക്കാവ്, ചോയൻ രെയരോത്ത്, പൊന്ന്യം അകത്തൂട്ട് മന, താഴത്ത് മാരാൻ വീട്, തേർപ്പാങ്കോട്ട് ശിവക്ഷേത്രം, നെട്ടൂർ പുതിയേടത്ത്, പുല്ല്യോട് ശ്രീ തേവരുള്ളതിൽ അരവിന്ദക്ഷേത്രം, കീഴീറ്റിൽ അമ്പലം, പൊന്ന്യംകാവ്, പുല്ല്യോട് മണ്ടോത്തും കാവ് തുടങ്ങിയ ക്ഷേത്രങ്ങളിൽ മുമ്പ് ഉത്സവമുണ്ടായിരുന്നു. പ്രസിദ്ധ സംഗീതജ്ഞനും, കവിയുമായ ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി തെക്കേ വീട്ടിൽ അമ്പലത്തിൽ (പൊന്ന്യം) ശാന്തിക്കാരമായിരുന്നു.

മഠങ്ങൾ :

അയ്യപ്പമഠം നാലാംമൈലിൽ സ്ഥിതിചെയ്യുന്നു. ശ്രീനാരായണ ഗുരുദേവ മഠം പുല്ല്യോട് പൊക്കായിമുക്കിലും, കതിരൂർ 5ാം വാർഡിലും, കക്കറ, കുണ്ടുചിറ, പൊന്ന്യം എന്നിവിടങ്ങളിലുമുണ്ട്.

മുസ്ലീം ആരാധനാലയങ്ങൾ

1. ബദ്രിയാ മസ്ജിത് :-

രണ്ടാം വാർഡിൽ പുല്ല്യോട് ഗവഃഎൽ.പി,സ്ക്കൂളിന് സമീപം സ്ഥിതിചെയ്യുന്നു.

2. ജുമാ മസ്ജിദ് :

ജുമാ നടത്തുന്ന കതിരൂരിലെ ആദ്യത്തെ പള്ളിയായിരുന്നു ഇത്. കതിരൂരിലെ ഏറ്റവും വലിയ ഈ പള്ളി 5ാം മൈലിൽ സ്ഥിതിചെയ്യുന്നു. 1984 - 85 ൽ പുതുക്കി പണിതു. ഇതോടനുബന്ധിച്ച് മദ്രസ്സയും സ്ഥിതിചെയ്യുന്നു.

3. ബദർ മസ്ജിദ് :

4ാം വാർഡിൽ സ്ഥിതിചെയ്യുന്നു. വെള്ളിയാഴ്ച ഇവിടെ പ്രാത്ഥന ജുമാ നടത്താറില്ല.

4. ജുമാ മസ്ജിദ് :

പൊന്ന്യം സ്രാമ്പി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു.. ഹിദായത്തുൽ ഇസ്ലാം മദ്രസ്സ എന്ന പേരിൽ മദ്രസ്സയുമുണ്ട്.

5. കയ്യണ്ടി ജുമാ അത്ത് പള്ളി :

11ാം വാർഡിൽ ചുണ്ടങ്ങപൊയിൽ സ്ഥിതിചെയ്യുന്നു. അടുത്തകാലത്താണ് ജുമാമസ്ജിദ് ആക്കിയത്. മതപഠനശാല ഹിദായത്തുൽ ഹിദായ മദ്രസ്സ എന്നപേരിൽ നടത്തിവരുന്നു.

കതിരൂരിന്റെ സാംസ്ക്കാരിക മാറ്റങ്ങൾക്ക് കളമൊരുക്കിയത് ജനങ്ങളുടെ വായനാശീലവും സാംസ്ക്കാരിക പ്രബുദ്ധതയുമാണ്.കതിരൂരിൽ ആദ്യമായി നിലവിൽ വന്ന വായനശാല 1934ൽ സ്ഥാപിതമായ പൊന്ന്യം പൊതുജനവായനശാല ആണ്. ഇന്നുകതിരൂരിൽ 23 ഓളംവായനശാലകളും 21 ലൈബ്രറിയുമുണ്ട്. പഞ്ചായത്തുവകയായി ലൈബ്രറികൾ ഇല്ല. രണ്ടു വായനശാലയുണ്ട്.

സ്പോർട്ട്സ് ക്ലബ്ബുകൾ

അജന്തറിക്രിയേഷൻ അഞ്ചാം മൈലിൽ 2. പാട്യം ഗോപാലൻ സ്മാരക ക്ലബ് തരുവണത്തെരു 3. എ.കെ.ജി. സ്മാരകം ചോയ്യാടം 4. എ.കെ.ജി സ്മാരകം വെസ്റ്റ് പൊന്ന്യം 5. അഴീക്കോടൻ സ്മാരകം പോക്കായിമുക്ക് 6. എ.കെ.ജിപുല്ല്യോട് വെസ്റ്റ് 7. എ.കെ.ജിമാലാൽ 8. യുവജന സ്പോർട്ട്സ് പൊന്ന്യം വെസ്റ്റ് 9. പാട്യംഗോപാലൻ സ്മാരകം പൊന്ന്യം വെസ്റ്റ് 10. പ്രിയദർശിനി പൊന്ന്യം വെസ്റ്റ് 11. നേതാജി പുല്ല്യോട് 12. യങ്ങ്മെൻസ് അഞ്ചാം മൈൽ 13. നാഷണൽ സ്പോർട്ട്സ് ക്ലബ്ബ് പുല്ല്യോട് 14. പ്രിയദർശിനി കതിരൂർ 15. സെഞ്ചറി ക്രിക്കറ്റ് കതിരൂർ 16. നെഹ്റുയുവക് നാലാം മൈൽ 17. പാട്യം സ്മാരകം പുല്ല്യോട് വെസ്റ്റ് 18. എ.ബി.സി. കതിരൂർ 19. വിന്നേഴ്സ് സ്പോർട്ട്സ് കതിരൂർ 20 ബ്രദേഴ്സ് ചുണ്ടങ്ങപൊയിൽ

ലൈബ്രറികൾ, വായനശാല ഇവയുടെ വിവരങ്ങൾ

ലൈബ്രറികൾ			വായനശാലകൾ		
പഞ്ചായത്തുവക	മറ്റുള്ളവ	ആകെ	പഞ്ചായത്തുവക	മറ്റുള്ളവ	ആകെ
ഇല്ല	21	21	2	21	23

കലാ സാംസ്ക്കാരിക കേന്ദ്രങ്ങൾ

1. യംഗ്സ്റ്റാർ പൊന്ന്യം (1986)
2. രണതാര ചുണ്ടങ്ങപൊയിൽ (1986)
3. പീപ്പിൾസ് തീയേറ്റേഴ്സ് പൊന്ന്യം സ്രാമ്പി
4. പൊന്ന്യം കലാധാര " "

5. ഉദയകലാവേദി അഞ്ചാം മൈൽ (1958)

6. ശക്തി തീയേറ്റേഴ്സ് കതിരൂർ

7. അഞ്ജലീ കലാകായിക വേദി പൊന്ന്യം പാലം (1990)

8. സഹൃദയ കലാസാംസ്ക്കാരിക വേദി പൊന്ന്യം വെസ്റ്റ് (1992)

9. വിദ്യാനികേതൻ സാംസ്ക്കാരിക കേന്ദ്രം ചുണ്ടങ്ങപൊയിൽ

10. എം.കെ.ജി. കളരി സംഘം കതിരൂർ

11. ഗുരുകുലം കളരിസംഘം പുല്ല്യോട്

12. ഗുരുദേവ കളരി നാലാം മൈൽ

പ്രശ്നങ്ങൾ

1. പഞ്ചായത്ത് വായനശാല പ്രവർത്തനം തൃപ്തികരമല്ല

2. ലൈബ്രറികളുടെ പ്രവർത്തനം ശ്ലാഘനായമാണെങ്കിലും ഞ്ചായത്തുതലത്തിൽ വായന മരിച്ചുകൊണ്ടിരിക്കുകയാണ്.

3. ഓളം പത്രങ്ങൾ (ഇംഗ്ലീഷ് എൻഡ് മലയാളം) കതിരൂരിലെ വീടുകളിലും വായനശാലകളിലും കടകളിലുമായി വിതരണം ചെയ്യുന്നുണ്ട്. എങ്കിലും ആനുകാലികങ്ങളിൽ ഭൂരിഭാഗവും സിനിമാ മാസികകളും മൂന്നാം കിട പ്രസിദ്ധീകരണങ്ങളു മാണെന്നത് ഖേദകരമാണ്.

4. വിദേശ ടി.വിചാനലുകൾ, കേബിൾ നെറ്റ് വർക്ക് ശ്രൃംഖലകൾ എന്നിവ കാരണം നിദ്യാഭ്യാസ നിലവാരം പോലും തകരുന്നു. യുവതീ-യുവാക്കൾ വായനയെ ഗൗരവമായി കണക്കാക്കുന്നില്ല.

5. സ്ക്കൂളിലും പാരൽ കോളേജുകളിലും പ്രസിദ്ധീകരിക്കുന്ന " കൈയെഴുത്ത് മാസിക" കളല്ലാതെ മറ്റുസാംസ്ക്കാരിക പ്രാദേശിക പ്രസിദ്ധീകരണങ്ങൾ കതിരൂരിലില്ല. പ്രാദേശികമായി പ്രസിദ്ധീകരിച്ച ഒരു പുസ്തകം വിന്നേഴ്സ് "സ്മരണിക" മാത്രമാണ്.

6. മിക്ക ക്ലബ്ബുകളും കലാകായിക രംഗത്ത് ശ്രദ്ധപതിപ്പിക്കുന്നില്ല.

7. കലാകാരൻമാരേയോ കായിക പ്രതിഭകളേയോ കണ്ടെടുത്തു പ്രോത്സാഹിപ്പിക്കുന്ന കെന്ദ്രം കതിരൂരിലില്ല.

8. അനുഷ്ഠാനകലകളിൽ മിക്കതും പാരമ്പര്യമായി ചില സമുദായക്കാർ നിലനിർത്തിപോരുന്നുണ്ടെങ്കിലും ഉപജീവനോപാ തിയായി നിലനിർത്താൻ കഴിയാത്തതിനാലും പുയിയ തലമുറയ്ക്ക് ഇതിമോടുള്ള അവഗണനയാലും ക്രമേണ നാശത്തിന് അല്ലെങ്കിൽ അന്ന്യം നിന്നു പോകുന്നതിന് വിധേയമാണ്.

9. ഓരോ വിഭാഗത്തിൽ (കരകൗശലം, അനുഷ്ഠാനകല) അവഗാഹമുള്ള ആൾക്കാർ ഉണ്ടെങ്കിലും അവരെ അംഗീകരിക്കുന്ന ഒരു പൊതുവേദി നമുക്കില്ല.

10. ജനങ്ങളുടെ പ്രധാന വിനോദോപാധി അടുത്തതായി ടെലിവിഷനാണ്. വിദ്യാഭ്യാസത്തെ മന്ദീഭവിപ്പിക്കുന്നു, ലൈംഗീക ചോദനകളെ ഉണർത്തുന്നു, സാംസ്കാരികച്യുതിക്ക് കാരണം, ഇവയെക്കെ ടി.വി. ചാനലുകളുടെ സെൻസറിങ്ങിന് പ്രത്യേകതയില്ലാത്തതിനാലാണ്. വിദ്യഭ്യാസത്തിന്റെ തകർച്ചയ്ക്ക് രക്ഷിതാക്കളും ഒരുപരിധിവരെ പങ്കാളികളാണ്.

11. ടി.വി. കഴിഞ്ഞാൽ ജനങ്ങൾആശ്രയിക്കുന്ന ദൃശ്യമാധ്യമം

സാധ്യതകൾ

1. നിലവിലുള്ളകളരികൾക്ക് പരിശീലനം മെച്ചപ്പെടുത്താൻ ഒരു പോതുവേദി ആവശ്യമാണ്. കതിരൂർ ഹൈസ്ക്കൂളിലെ നിലവിലുള്ള കളരിയിൽ പരിശീലകനെ നിയമിക്കുക

2. നവിന സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം ആവശ്യമാണ്.

3. സ്പോർട്ട്സൊ കോച്ചിങ്ങ് സെൻറ്റർ

4. നാടൻ പാട്ടുകൾ തുടങ്ങിയവ ശേഖരിക്കാൻ സംവിധാനം

5. സുകുമാര കലകളുടെ പ്രോത്സാഹനം

6. പഞ്ചായത്ത് മേള

7. സാംസ്ക്കാരിക കേന്ദ്രം

8. ഓപ്പൺ എയർ തീയേറ്റർ

9. സാംസ്ക്കാരിക പ്രഭാഷണങ്ങൾ, വിജ്ഞാന സിനിമകൾ

10. കമ്പോള സംസ്ക്കാരത്തിനെതിരെ (പ്രത്യേകിച്ചേ സ്ത്രീകളെ) ബോധവൽക്കരണം.

11. ലൈബ്രറി ശൃംഖലകളുടെ വിതരണത്തിന്

പുതിയ ഉപാധികൾ

12. എല്ലാ പ്രൈമറിസ്ക്കൂളുകളിലും കളിസ്ഥലം, കായികാദ്ധ്യാപകർ വേണം.

ചുരുക്കത്തിൽ കീഴരിയൂരിലെ കലാ-കായിക-സാംസ്ക്കാരിക രംഗങ്ങൾ വളരെയേറെ മുന്നേറേണ്ടതുണ്ട്. നമുക്ക് കളിസ്ഥലങ്ങളില്ല. സാംസ്ക്കാരിക കേന്ദ്രങ്ങളോ, ഓഡിറ്റോറിയമോ ഇല്ല. നമ്മുടെ കായിക സാംസ്ക്കാരിക പ്രവർത്തവനം മറ്റുപലരുടേയും സൗജന്യംകൊണ്ടോ ഔദാര്യം കൊണ്ടോ നടക്കുന്നു. കായിക കേന്ദ്രങ്ങൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, ജിംനേഷ്യങ്ങൾ എന്നിവ നാമമാത്രമുണ്ടായെങ്കിലും നമ്മുടെ കായിക സങ്കൽപത്തിന് ഗുണമായി പ്രവർത്തിക്കുന്നില്ല. പ്രതിഭകളെ കണ്ടെത്തുക പ്രോത്സാഹിപ്പിച്ച് പഞ്ചായത്തിന്റെ അഭിമാനമാക്കി മാറ്റാൻ പുതിയ സാംസ്ക്കാരിക രംഗം നമുക്ക് വേണം. അത് വിദൂരമായ ഒരു ചക്രവാളമാവുകയാണ്. ഒരു കിനാവിന്റെ ലാഘവത്വത്തിൽ അതിനെ കൈകാര്യം ചെയ്യാതെ സ്നേഹജനുസ്സുകളുടെ ജാലകമായി പരിഗണിക്കണം.

5-9

വനിത

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിൽ അവിടുത്തെ സ്ത്രീകളുടെ പങ്ക് നിർണ്ണായക മാണ്. അമ്മയിൽ നിന്നും ലഭിക്കുന്ന അറിവാണ് കുഞ്ഞിനെ പടിപടിയായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നത്. കുടുംബത്തിന്റെ ആവശ്യവും അതുവഴി ഒരു സമൂഹത്തിന്റെ ആവശ്യവും അടിസ്ഥാനപരമായി നിറവേറ്റുന്നതിൽ സ്ത്രീകളുടെ പങ്ക് ഏറെ പ്രാധാന്യ മർഹിക്കുന്നു. അതുകൊണ്ടുതന്നെ സ്ത്രീപുരുഷ സമത്വമെന്ന ആശയത്തിനും പ്രസക്തിയേറുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയിൽ തന്നെ സമൂഹത്തിന്റെ അഭിലഷണീ യമായ പുരോഗതിക്കുവേണ്ടി സ്ത്രീകളുടെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകളെ നമ്മുടെ രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ അണിനിരത്താനുള്ള കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

കതിരൂർ പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ ഉയർന്ന സാമൂഹ്യ സാംസ്കാരിക നിലവാരം പുലർത്തുന്നവരാണ്. വികസന പ്രവർത്തനങ്ങളിലും മറ്റു കലാ സാംസ്കാരിക മണ്ഡലങ്ങളിലും സ്ത്രീകളുടെ പങ്ക് സജീവമായി കാണുന്നു. കതിരൂരിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ മഹിളാവിഭാഗങ്ങളും മഹിളാ സമാജങ്ങളും പുല്യോട് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഏക അംഗൻവാടിയും ഈ രംഗത്ത് തനതായ സംഭാവനകൾ നൽകിവരുന്നു. എങ്കിലും പൊതു പ്രവർത്തന രംഗത്ത് പൊതുവേ സ്ത്രീകൾ വിമുഖത കാട്ടുന്നുണ്ട്. സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകളും പുരുഷൻമാരുടെ 'വികലമായ നിയന്ത്രണവും' ഇതിനേ ആക്കം കൂട്ടുന്നുണ്ട്. സ്ത്രീകളുടെ പുരോഗതിക്കും അതോടൊപ്പം സമൂഹത്തിന്റെ വളർച്ചക്കും ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കുകയും ബോധവൽകരിക്ക രണത്തിലൂടെ അവരെ രംഗത്തിറക്കുകയും ചെയ്താൽ നമ്മുടെ പ്രദേശത്തിന്റെ തനതായ വികസനത്തിന് അതൊരു മുതൽകൂട്ടായിരിക്കും എന്ന കാര്യത്തിൽ തർക്കമുണ്ടാകാനിടയില്ല.

നമ്മുടെ ഭരണഘടനയുടെ 73, 74 വകുപ്പുകളുടെ ഭേദഗതിയിലൂടെ സ്ത്രീകൾക്ക് അപൂർവ്വമായ സൗഭാഗ്യമാണ് കൈവന്നിരിക്കുന്നത്. പ്രാദേശിക സ്വയംഭരണത്തിൽ മൂന്നിൽ ഒന്ന് സംവരണം ഏർപ്പെടുത്തുക വഴി ഭരണതലത്തിൽ സ്ത്രീകളുടെ പങ്ക് നിർണ്ണായകമായിരിക്കു കയാണ്.

കതിരൂർ പഞ്ചായത്തിലെ തൊഴിൽ മേഖലകളിലും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിലും സ്ത്രീകൾ വഹിക്കുന്ന പങ്ക് കുറച്ചൊന്നുമല്ല. ബീഡി, കെട്ടിട നിർമ്മാണം, കൂലിപ്പണി, കൃഷിപ്പണി, തുന്നൽ, നെയ്ത്ത്, കശുവണ്ടി, ഗാർമെൻറ്സ്, പാർപ്പിട നിർമ്മാണം, എംബ്രോയിഡറി തുടങ്ങിയ തൊഴിൽ മേഖലകളിലാണ്

സ്ത്രീകൾ കൂടുതലായും തൊഴിലെടുക്കുന്നത്. വേതനകാര്യത്തിൽ സ്ത്രീകളും പുരുഷൻമാരും തമ്മിൽ വലിയ അന്തരമുണ്ട്. പ്രധാനമായും കെട്ടിടനിർമ്മാണം, കൃഷിപ്പണി, കൂലിപ്പണി തുടങ്ങിയവയിലാണ് ഈ അന്തരം നിലനിൽക്കുന്നത്. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകളും പുരുഷൻമാരും ഒപ്പത്തിനൊപ്പം നിൽക്കുന്നുവെങ്കിലും സർക്കാർ സർവ്വീസുകളിൽ പുരുഷൻമാരാണ് കൂടുതലുള്ളത്. എന്നാൽ സ്വകാര്യ വിദ്യാലയങ്ങളിലെ അധ്യാപകരിൽ കൂടുതലും സ്ത്രീകളാണ്. മാതൃ സംഗമങ്ങളും മദർ പി.ടി.എ. കളും വിദ്യാഭ്യാസരംഗത്ത് ഒരു പുത്തൻ ഉണർവ് തന്നെ ഉണ്ടാക്കിയിരിക്കുന്നു.

തൊഴിൽ മേഖല

മേൽ സൂചന പ്രകാരം മൃഗസംരക്ഷണം, കുടിൽ വ്യവസായം, അദ്ധ്യാപകർ (സ്വകാര്യ സ്ക്കൂൾ), ബീഡി, കെട്ടിട നിർമ്മാണം തുടങ്ങിയ ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചതു കാണാം.

1991 ലെ സെൻസസ് അനുസരിച്ച് കതിരൂർ പഞ്ചായത്തിലെ ജനസംഖ്യ 26586 ആണ്. അതിൽ സ്ത്രീകലുടെ എണ്ണം 14033 ആണ്. പുരുഷൻമാരെ അപേക്ഷിച്ച് 1480 സ്ത്രീകൾ കൂടുതൽ! ഈ വർദ്ധനക്ക് എല്ലാ മേഖലകളിലും ക്രിയാത്മകമായ മറ്റത്തിന് തുടക്കം കുറിക്കാൻ പ്രേരകമാകണം.

കഴിഞ്ഞകാലത്തെ അപേക്ഷിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം കതിരൂർ പഞ്ചായത്തിൽ വളരെ ഉയർന്നിട്ടുണ്ട്. വിദ്യാലയങ്ങളിലും മറ്റു പഠന കേന്ദ്രങ്ങളിലും പൊതുവെ പെൺകുട്ടികളാണ് കൂടുതലുള്ളത്.

പ്രശ്നങ്ങൾ :

1. പൊതുരംഗത്ത് വനിതകളുടെ എണ്ണം കുറഞ്ഞുവരുന്നു.
2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് ആനുപാതികമായ അവസരം ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിന്ന് സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.
4. വിവിധ മണ്ഡലങ്ങളിൽ സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശ്രമിക്കുന്നില്ല.
5. സ്ത്രീകളുടെ നേതൃഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കുറവാണ്.
6. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ത്രീകൾക്ക് വായ്പകൾ ലഭിക്കാനുള്ള വ്യവസ്ഥകൾ സങ്കീർണ്ണമാണ്.
7. വിവാഹാർഭാടങ്ങൾ സമീപ കാലത്തായി വർദ്ധിച്ചുവരുന്നത് ആപൽക്കരമാണ്.
8. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ തീരെയില്ല.
9. വ്യാജ മദ്യവിൽപ്പന, ചൂതാട്ടം തുടങ്ങിയവ വർദ്ധിച്ചുവരുന്നു.
10. വനിതകൾക്കുള്ള സഹായ പദ്ധതികളെകുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവം അനുഭവപ്പെടുന്നു.
11. അംഗന വാടികളുടെ അഭാവം തൊഴിലെടുക്കുന്ന അമ്മമാർക്ക് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീ പുരുഷ അനുപാതം- ഇജരു താരതമ്യം

നമ്പ്	തൊഴിൽ മേഖല	1990		1996	
		പു.	സ്ത്രീ	പു.	സ്ത്രീ
1	കർഷകർ	100	10	100	8
2.	കർഷകതൊഴിലാളികൾ	100	120	100	80
3	മൃഗസംരക്ഷണം	100	120	100	150
4	കുടിൽ വ്യവസായം	100	80	100	120
5	അദ്ധ്യാപകർ (സ്വകാര്യ സ്ക്കൂൾ)	100	120	100	140
6	ബീഡി	100	80	100	160
7	കെട്ടിട നിർമ്മാണം	100	50	100	90
8	വ്യാപാരം / സർവ്വീസ്	100	10	100	15
9	ഗതാഗതം	100	–	100	–
10	മറ്റുള്ളവ	100	20	100	30



1. 1990
2. 1996

1. കർഷകൻ
2. കർഷക തൊഴിലാളി
3. മൃഗസംരക്ഷണം
4. കുടിൽ വ്യവസായം
5. അദ്ധ്യാപകർ (സ്വകാര്യ സ്ക്കൂൾ)
6. ബീഡി
7. കെട്ടിട നിർമ്മാണം
8. വ്യാപാരം / സർവ്വീസ്
9. ഗതാഗതം
10. മറ്റുള്ളവ

സാധ്യതകൾ :

1. സ്ത്രീകളെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃസ്ഥാനത്തേക്കുയർത്തുന്ന പരിപാടികൾ ആവിഷ്കരിക്കണം.
2. വനിതകൾക്കായി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ സാധ്യതക്ക് പദ്ധതികൾ ആസൂത്രണം ചെയ്യണം.
3. വാർഡുകൾ തോറും അംഗൻവാടികൾ സ്ഥാപിക്കണം.
4. ജീവിതാവശ്യത്തിന് പശു, ആട്, കോഴി എന്നിവ വളർത്തുന്നതിന്ന് പലിശരഹിത വായ്പകൾ ലഭ്യമാക്കണം.
5. നിർദ്ധനരായ പെൺകുട്ടികൾക്കായി വിവിധ തൊഴിൽ പരിശീലനം നൽകി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്ന് പ്രചോദനവും പ്രോത്സാഹനവും നൽകണം. (പഴം സംസ്കരണം, തയ്യൽ)
6. അഗതികളും നിരാലംബരുമായവർക്ക്വേണ്ടി അബലമന്ദിരം, വൃദ്ധസദനം തുടങ്ങിയവ ആരംഭിക്കണം.
7. അവശരായ സ്ത്രീ തൊഴിലാളികൾക്ക് സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഭാഗമായി നൽകുന്ന വിവിധ പെൻഷനുകൾ കാര്യക്ഷമതയോടെ ലഭ്യമാക്കുക. അർഹരായവരടക്കെല്ലാം അനുവദിക്കുക.
8. ജീവിതമണ്ഡലങ്ങളിൽ സ്ത്രീകളുടെ പങ്ക് യഥാവസരം നിർവ്വഹിക്കുന്നതിനുള്ള സഹകര്യവും ബോധവൽക്കരണവും ഉണ്ടാക്കുന്ന പരിപാടികൾ സംഘടിപ്പിക്കണം.
9. സംതൃപ്തമായ കുടുംബ ജീവിതത്തിന്നും സാമ്പത്തീക പരാധീനത കുറക്കുന്നതിന്നും സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിൽ വരുത്തണം. മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നവരെ കർശനമായി തടയണം. പ്രചാരണം സംഘടിപ്പിക്കണം.
10. വിവാഹം- അതോടനുബന്ധിച്ചുള്ള ആർഭാഡങ്ങളും നിയന്ത്രണമില്ലാതെ സ്വർണ്ണാഭരണങ്ങൾ അണിയുന്നതും നിരോധിക്കേണ്ടതാണ്.



5-10

സഹകരണം

ജനാധിപത്യവ്യവസ്ഥിതിയിൽ സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും ഫലവത്തായ ഒരാശയമാണ് സഹകരണ പ്രസ്ഥാനം വിഭാവനം ചെയ്യുന്നത്. പൊതുവായ സാമൂഹ്യനൻമ ഓരോവ്യക്തിക്കും ലഭിക്കണമെന്നും, എന്നാൽ വ്യക്തിക്ക് വേണ്ടി മാത്രം നിലനിൽക്കരുതെന്നും, സഹകരണപ്രസ്ഥാനത്തിന്റെ പൊരുൾ വ്യക്തമാക്കുന്നു. 1844 ൽ ഇംഗ്ലണ്ടിൽ രൂപംകൊണ്ട സഹകരണ പ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ ആരംഭം 60 വർഷത്തിന് ശേഷമായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം രൂക്ഷമായിത്തീർന്നപ്പോൾ, ജനങ്ങൾക്ക് മുഴുവൻ റേഷൻ വിതരണം നടത്തുന്നതിന് വേണ്ടി മലബാറിൽ ഉത്പാദകരുടേയും,ഉപഭോക്താക്കളുടേയും സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ പ്രകാശം മന്ത്രിസഭ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 23-09--1946 ന് കതിരൂരിൽ ഒരു Producers cum Consumers Co-op Society രൂപീകരിച്ചു. മുണ്ടോറ ഗോവിന്ദൻ നമ്പ്യാർ, ആയ്യത്താൻ ചാത്തുക്കുട്ടി മാസ്റ്റർ വടവതി രാമചന്ദ്രൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല സാരഥികൾ. ഈ പി.സി.സി സൊസൈറ്റിയാണ് പിൽക്കാലത്ത് കതിരൂർ സർവ്വീസ് സഹകരണ ബേങ്കായി വളർന്നു വന്നത്.

നെല്ല് സംഭരിക്കുക, കൃഷിക്കാർക്ക് വളം വിതരണം ചെയ്യുക, അരി ന്യായമായ വിലക്ക് നൽകുക തുടങ്ങിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1949 ഡിസംബർ 28 ന് പൊന്ന്യം വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. ആ സ്ഥാപനത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ: അണിയേരി കൃഷ്ണൻ ആയിരുന്നു. ഈ സംഘമാണ് പിന്നീട് പൊന്ന്യം സർവ്വിസ് സഹകരണ ബേങ്കായി വളർന്നു വന്നത്.

വിവിധ പ്രദേശങ്ങളിലായി 10 സഹകരണ സംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ പ്രവർത്തന മേഖലകളുണ്ട്. ആ സഹരണസംഘങ്ങൾ ഭൂരിഭാഗവും നല്ലനിലയിൽ ഇന്നും പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിൽ പ്രത്യക്ഷമായി 83 പേരും

പരോക്ഷമായി ആയിരത്തിൽപരം പേരും ജോലി ചെയ്തു വരുന്നു. തലശ്ശേരി ടൗൺ കോ: ഓ: ബേങ്ക്, തലശ്ശേരി ക്ഷീരവ്യവസായ സഹകരണസംഘം,തലശ്ശേരി കാർഷിക വികസന ബേങ്ക്, കതിരൂർ ബീഡി വർക്കേഴ്സ് കോ: ഓ: സൊസൈറ്റി തുടങ്ങിയവയുടെ പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ടതാണ്.

കതിരൂർ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങൾ:

1 വായ്പാസംഘങ്ങൾ:

1.കതിരൂർ സർവ്വീസ് സഹകരണ ബാങ്ക്:-

കതിരൂർ പി.സി.സി. സൊസൈറ്റി 1956 ജനുവരി 26 ന് കതിരൂർ കോ: ഓ: റൂറൽ ബേങ്കായി രജിസ്റ്റർ ചെയ്യപ്പെട്ടു. കൃഷിക്കാർക്ക് ആവശ്യമായ വായ്പ കൊടുക്കുക, സ്വർണ്ണപണ്ടത്തിന്മേൽ പണം കടം കൊടുക്കുക, ചിട്ടി നടത്തുക തുടങ്ങിയ ഇടപാടുകൾ നടത്താമെന്നല്ലാതെ കൃഷിക്ക് ആവശ്യമായ ഹ്രസ്വകാല വായ്പാ വിതരണം റൂറൽ ബാങ്കുകളെ എൽപ്പിച്ചിരുന്നില്ല. ഈ ഇടപാട് കൂടി ലക്ഷ്യം വെച്ച് കൊണ്ട് 1963 ൽ കതിരൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് കതിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കായി മാറ്റപ്പെട്ടു. ബേങ്കിന്റെ പ്രവർത്തന പരിധി കതിരൂർ, എരഞ്ഞോളി, പിണറായി ഗ്രാമ പഞ്ചായത്തുകളിലെ വിവിധ വാർഡുകളാണ്. ബാങ്കിന് കതിരൂർ, എരഞ്ഞോളി, പാച്ചപൊയ്ക, ആണിക്കാം പൊയിൽ എനിവിടങ്ങളിലായി ശാഖകളുണ്ട്. സഹകരണ സ്റ്റോർ, വളംഡിപ്പോ, കേരഫെഡിന്റെ ഏജൻസിയായി കൊപ്രസംരക്ഷണകേന്ദ്രം എന്നിവയും ഈ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കാർഷിക-കാർഷികേതര വായ്പകൾ നൽകികൊണ്ടും, മറ്റ് ബാങ്കിന്റെ ഇടപാടപകൾ നടത്തികൊണ്ടും നല്ല നിലയിൽ ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

2 പൊന്ന്യം സർവ്വീസ് സഹകരണ ബാങ്ക് :

1949 ൽ രൂപീകരിക്കപ്പെട്ട പൊന്ന്യം വിവിധോദ്ദേശ ഐക്യനാണയസംഘം, ലിക്കിഡേഷൻ പോലുള്ള ബാലാരിഷ്ടതകളെ അതിജീവിച്ച്, 1979ൽ പൊന്ന്യം സർവ്വീസ് സഹകരണ സംഘമായും, 1981ൽ പൊന്ന്യം സർവ്വീസ് സഹകരണ ബാങ്കായും ഉയർന്നു. കതിരൂർ ഗ്രാമപഞ്ചായത്തിലെ പൊന്ന്യം, ചുണ്ടങ്ങാപൊയിൽ ദേശങ്ങളാണ്. ബാങ്കിന്റെ പ്രവർത്തന പരിധി. പൊന്ന്യം സ്രാമ്പിയിൽ ഇതിന്റെ ശാഖയും, പൊന്ന്യത്ത് ഇതിന്റെ ആസ്ഥാനവും പ്രവർത്തിക്കുന്നു. വളംഡിപ്പോ, കൊപ്രസംഭരണം, ഗൃഹോപകരണ ഷോറും എന്നിവ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഗ്രാമീണ ജനതയുടെ നികസനത്തിന് സഹായിക്കുന്ന ഒരു സ്ഥാപനമായി ബാങ്ക് ഇതിനകം വളർന്നുകഴിഞ്ഞിട്ടുണ്ട്.

3 കതിരൂർ വനിതാ സഹകരണ സംഘം :

വനിതർക്കായുള്ള പ്രത്യേക സഹകരണ സംഘം സ്ഥാപിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് 1992 ൽ കതിരൂർ വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള വായ്പയും മറ്റ് വ്യക്തിഗത വായ്പകളും നല്കി വരുന്നു. കതിരൂർ പഞ്ചായത്തിൽ മാത്രം പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനത്തിൽ 122302 രൂപ നിക്ഷേപവും, 1247365 രൂപ നില്പ് വായ്പകളും ഉണ്ട്. ഓണച്ചന്ത ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കാറുണ്ട്.

4 കതിരൂർ കോ-ഓപ്പറേറ്റീവ് - ഹൗസിങ്ങ് സൊസൈറ്റി :

ഭവന നിർമ്മാണത്തിന് ആവശ്യമായ വായ്പ നൽകുക എന്ന ലക്ഷ്യംവെച്ച് കൊണ്ട് 1975 ൽ കതിരൂർ വേങ്ങാട്, എരഞ്ഞോളി, പിണറായി, കോട്ടയം പഞ്ചായത്തുകൾ പ്രവർത്തന പരിധിയായി കതിരൂർ കോ-ഓപ്പ്- ഹൗസിങ്ങ് സൊസൈറ്റി നിലവിൽ വന്നു. ഭവന നിർമ്മാണത്തിന് 5ലക്ഷം രൂപ വരെ ഈ സംഘം വായ്പ അനുവധിക്കുനഉണ്ട്. കേരള സ്റ്റേറ്റ് ഹൗസിങ്ങ് ഫേഡറേഷനിൽ നിന്നും ദീർഘകാല അടിസ്ഥാനത്തിൽ വായ്പ എടുത്ത് അംഗങ്ങൾക്ക് വായ്പയായി നൽകുകയാണ്. ഇപ്പഴും വാടക കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

2 വായ്പേതര സംഘങ്ങൾ

1. കതിരൂർ ബീഡിവർക്കേഴ്സ്സ് കോ-ഓപ്-സൊസൈറ്റി

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാവ് ഈ സഹകരണ സ്ഥാപനമാണ്. 10വർക്ക് ഷെഡ്ഡുകളിലായി 1000 ൽ പരം തൊഴിലാളികൾ ഇലിടെ ജോലിചെയ്യുന്നു. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിലെ സാമൂഹിക സാമ്പത്തിക ഘടനയിൽ അതിപ്രധാനമായ പങ്കാണ് ഈ സ്ഥാപനം വഹിക്കുന്നത്. പുകയില ഉപയോഗത്തിനെതിരെ ഉയർന്നു വരുന്ന ബോധവൽക്കരണം ബീഡി വ്യവസായത്തെ മൊത്തിൽ മുരടിപ്പിലേക്ക് നയിക്കുന്ന സ്ഥിതി ഉളവാക്കുന്നുണ്ട്.

കാലോചിതമായ വൈവിധ്യവൽക്കരണം കൊണ്ട് മാത്രമേ ഈ വ്യവസായത്തിൽ ജോലിചെയ്യുന്നവരുടെ തൊഴിൽ സുരക്ഷിതത്വം സംരക്ഷിക്കാനാവൂ എന്ന് തിരിച്ചറിയുകയും അതിനനുസൃതമായ ഭാവിപരിപാടികളുമായി ഇതിന്റെ കേന്ദ്രസൊസൈറ്റി മുന്നോട്ട് വരികയും ചെയ്തത് ശുഭോതർക്കമാണ്.

2 തലശ്ശേരി താലൂക്ക് സിഗാർ വർക്കേർസ് ഇൻഡസ്ട്രിയൽ കോ-ഇജാരൊ- സൊസൈറ്റി

പഞ്ചായത്തിൽ ആദ്യകാലത്ത് സ്വകാര്യ മേഖലയിൽ നിലനിനഇരുന്ന ചുരുട്ട് വ്യവസായം പ്രതിസന്ധി നേരിട്ടതിനേത്തുടർന്ന്, അന് വ്യവസായത്തിൽ പണിയെടുത്തിരുന്ന തൊഴിലാളികളുടെ നേതൃത്വത്തിൽ 1976 ൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ 100 തൊഴിലാളികൾ ഇവിടെ പണിയെടുത്തിരുന്നു. ഈ സ്ഥാപനം ഉത്പാദിപ്പിച്ചിട്ട് വിതരണം ചെയ്തിരുന്ന ഭാസ്ക്കർ' ചുരുട്ടുകൾ പെട്ടെന്ന് തന്നെ വിപണി കൈയടക്കുകയുണ്ടായി - ബീഡി വ്യവസായം അഭിമുഖീകരിക്കുന്ന അതേ പ്രതിസമ്ധി ഈ വ്യവസായത്തേയും ബാധിച്ചിരിക്കുന്നു. ഇപ്പെൾ 60 പേരാണ് ഇലിടെ ജോലിചെയ്യുന്നത്. ഏറെ സൗകര്യങ്ങളുള്ള ഒരു വർക്ക് ഷെഡ്ഡ് ഈ സ്ഥാപനത്തിന് സ്വന്തമായുണ്ട്.

3 കതിരൂർ വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് -സൊസൈറ്റി :

ഖാദി വിലഏജ് ഇൻഡസ്ട്രിയലിന്റെ ധനസഹായത്തെടെ 1989 ൽ പ്രവർത്തനം ആരംഭിച്ചു. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സിമൻറ് ഇഷ്ടിക ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന സ്ഥാപനം ചുണ്ടങ്ങപൊയിൽ സ്ഥിതിചെയ്യുന്നു - തുടക്കത്തിൽ 15 ജോലിക്കാരുണ്ടായിരുന്നു - കഴിഞ്ഞവർഷം മുതൽ ഫാക്ടറി ലാഭത്തിൽ പ്രവർത്തിച്ച് വരുന്നു - പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വിലങ്ങുതടിയായി മാറി. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ മുഴുവൻ കുടിശ്ശികയായി മാറിയ സ്ഥാപമത്തെ സംർഇക്കേണ്ടതും നിലനിർത്തേണ്ടതും തങ്ങളുടെ മുമ്പിലുള്ള പ്രധാന വെല്ലുവിളിയായി കണ്ട്കൊണ്ട് ഭാവിപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഇതിന്റെ ഭരണ സമിതി മുന്നോട്ട് വന്നിരിക്കുന്നു.

4. കതിരൂർ വില്ലേജ് ബീഡി വർക്കേർസ് കോ-ഓപ്- കൺസ്യൂമർ സ്റ്റോർ :

ഏറെ പ്രതീക്ഷകളോടെ 1990 ൽ ആരംഭിച്ച സ്ഥാപനം ഇന്ന് ലികിഡേഷൻ പാതയിലാണ്. പൊതു വിതരണ മേഖലയിൽ ഫലപ്രദമായി ഇടപെടുക എന്ന ഉദ്ദേശത്തോടെ ഈ വില്ലേജിലെ ബീഡി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ സ്ഥാപനത്തിന് രൂപം നൽകി. മാതൃകാപരമായ പ്രവർത്തനത്തിലൂടെ വളർന്ന് വലുതാവേണ്ടിയിരുന്ന സ്ഥാപനം പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത നിമിത്തം ഊർദ്ധശ്വാസം വലിക്കുകയാണുണ്ടായത്. തുടക്കത്തിൽ ഈ സ്ഥാപനത്തിൽ 2 ജീവനക്കാർ ഉണ്ടായിരുന്നു.

5. കതിരൂർ വീവേർസ് കോ-ഓപ് - സൊസൈറ്റി:

സ്വകാര്യ ഉടമകളുടെ കീഴിൽ ജോലിചെയ്തിരുന്ന കൈത്തറിതൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക എന്ന ഉദ്ദേശത്തോടെ1971ൽ പ്രവർത്തനം ആരംഭിച്ചു. പ്രാരംഭത്തിൽ 25പേർ ജോലിചെയ്തിരുന്ന സ്ഥാപനത്തിൽ ഒരുഘട്ടത്തിൽ 60 തൊഴിലാളികൾ വരെ ഉണ്ടായിരുന്നു. ആദ്യകാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിന് വിപണന മേഖലയിൽ നിന്നുണ്ടായ തിരിച്ചടികളെ അതിജീവിക്കാനായില്ല. തുടർന്ന് ഇവിടെയുണ്ടായിരുന്ന തംഴിലാളികൾ മറ്റ് തൊഴിൽ മേഖലയിലേക്ക് തിരിഞ്ഞു. നിലവിലുള്ള സഞ്ചിതനഷ്ടം 3ലക്ഷം രൂപയാണ് - ജില്ലാ ബാങ്കിൽ നിന്നുള്ള വായ്പ പൂർണ്ണമായും കുടിശ്ശികയാണ്. സമീപ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സമാന മേഖലയിലുള്ള സഹകരണസ്ഥാപനങ്ങളുടെ കൂട്ടായ്മയിലൂന്നി ഈ സ്ഥാപനത്തെ പുനർജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിനഉണ്ടാവേണ്ടതാണ്.

മേൽ പറഞ്ഞ 5 ക്രെഡിറ്റേതര സ്ഥാപനങ്ങൾക്ക് പുറമെ കതിരൂർ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്ക്കൂളിലും ചുണ്ടങ്ങപൊയിൽ ഹയർസെക്കൻഡറി സ്ക്കൂളിലും സ്ക്കൂൾ സഹകരണ സംഘങ്ങളും തരുവണത്തെരു യു.പി സ്ക്കൂളിൽ ഗ്രൂപ്പ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട് - കൂടാതെ തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പാൽസംഭരണ വിതരണ കേന്ദ്രവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണമേഖലയിലെ പ്രശ്നങ്ങൾ

വായ്പാ വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പൊതുവേ ലാഭകരമാണ്. കതിരൂർ സർവ്വീസ് സഹകരണ ബാങ്കും പൊന്ന്യം സർവ്വീസ് സഹകരണ ബാങ്കും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട് - വനിതാസഹകരണ സംഘവും ഹൗസിങ്ങ് സൊസൈറ്റിയും പുരോഗതി കൈവരിച്ചു വരുന്നതേയുള്ളൂ.

1. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ എടുത്ത് പരിശോധിക്കുമ്പോൾ മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മ സഹകരണസ്ഥാപനങ്ങളുടെ വികാസത്തിന് തടസ്സമായി കാണുന്നുണ്ട്.

2. ദേശസാൽകൃത ബാങ്കുകളുടെ ബ്രാഞ്ചുകളും ഗ്രാമ പ്രദേശങ്ങളിൽ കൂടുതലായി ആരംഭിക്കുന്നത് ക്രഡിറ്റ് സംഘങ്ങളുടെ വളർച്ചയ്ക് നിഘാതമായി നിൽക്കുന്നു.

3. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത, വൈദ്യുതി രംഗത്തെ പ്രതിസന്ധി, നിപണന രംഗത്തെ പ്രശ്നങ്ങൾ ഇവ വ്യവസായ സഹകരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

4. പഞ്ചായത്തിൻെറ വികസനത്തിൽ ഏറെ പങ്ക് വഹിക്കാനാവുന സഹകരണപ്രസ്ഥാമങ്ങൾ സാമ്പ്രദായിക മേഖലകളിൽ ഒട്ടിനിൽക്കുകയും പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്ന് കയറാൻ ആത്മധൈര്യക്കുറവ് കാണിക്കുകയും ചെയ്യുന്നു.

5. സഹകരണ ബാങ്കുകൾ വായ്പയുള്ള ജാമ്യ വ്യവസഥ കർക്കശമാക്കിയതിനാൽ സാധാരണക്കാർക്ക് വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു.

6. നിക്ഷേപ വായ്പാ പലിശ നിരക്കിൽ ഇടയ്ക്കിടെ മാറ്റങ്ങൾ ഉണ്ടാകുന്നുതും ദേശസാൽകൃത ബാങ്കുകൾ നിക്ഷേപങ്ങൾക്ക് പലിശവർദ്ധിപ്പിക്കുന്നതും സഹകരണ ബാങ്കുകളെ പ്രതിസന്ധിയിലാക്കുന്നു.

7. കാർഷിക വ്യവസായ ആവശ്യങ്ങൾക്കായി എടുക്കുന വായ്പകൾ പ്രത്യുൽപാദന പരമല്ലാത്ത ആവശ്യങ്ങൾക്കായി ചിലവിടുന്നത് മൂലം വായ്പ തിരിച്ചടയ്കാൻ വീഴ്ച വരുത്തുകയും ബാങ്കുകളുടെ വായ്പാകുടിശ്ശിക ക്രമാതീതമായി ഉയരുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള വ്യവസായ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനുതകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും അതുവഴി ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും അതാത് ഭരണ സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

2. തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും ഗ്രാമീണ വൈദഗ്ധ്യം ആവശ്യമായ തൊഴിൽ മേഖലയിലേക്ക് തൊഴിലന്വേഷകർ ഏറെ കടന്നുവരുന്നില്ല എന്നത് കേരളീയ ഗ്രാമങ്ങളുടെ പ്രത്യേകതയാണ്. നമ്മുടെ പഞ്ചായത്തും ഇതിൽ നിന്ന് വ്യത്യസ്തമല്ല. തൊഴിൽ സുരക്ഷിതത്വത്തിൻെറ അഭാവവും സമൂഹം ഇത്തരം തൊഴിലിനോട് മാന്യത പുലർത്തുന്നില്ല എന്ന മിഥ്യാബോധവുമാണ് ഈ രീതി സംജാതമാക്കുന്നത് - ഇത് തരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ ഗ്രാമീണ തൊഴിൽ മേഖലയിലേക്ക് പുതിയവരെ ആകർഷിക്കാനും ഇന്നുള്ളവരെ നിലനിർത്താനും പര്യാപ്തമായ രീതിയിൽ 'ലേബർ കോൺട്രാക്ടിങ്ങ് ' സൊസൈറ്റി ഉടനെ ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അടക്കം ഏറ്റെടുത്ത് നടത്താൻ വേണ്ട മൂലധന അടിത്തറ ഈ സ്ഥാപനം ആർജ്ജിക്കുകയും വേണം.

3. തലശ്ശേരിക്ഷീര വ്യവസായ സഹകരണസംഘത്തിൽ അംഗത്വമുള്ളവർ ഈ പഞ്ചായത്തിൽ കുറവായതിനാൽ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കപ്പെടുന്നില്ല. അതിനാൽ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഒരു ക്ഷീര വ്യവസായ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.

4. വിവിധോദ്ദേശ വനിതാസഹകരണ സംഘംപഞ്ചായത്ത് കേന്ദ്രീകരിച്ച് രൂപീകരിക്കുകയും അതിൻെറ ശാഖകൾ വാർഡുകളിലേക്ക് വ്യാപിക്കുകയും ചെയ്യുക - ഓരോ വാർഡിലേയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ഉത്പാദനം നടത്തുകയും പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള മാതൃകാസംഘം ഇവ ശേഖരിക്കുകയും വിപണനം നടത്തുകയും വേണം.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ ജനറൽബോഡിയോഗങ്ങളിൽ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം ഉറപ്പു വരുത്താൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. - മാത്രവുമല്ല തങ്ങൾ അംഗങ്ങളായിരിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ശ്രദ്ധാലുക്കളാകുന്നത് സ്ഥാപനത്തിൻെറ വളർച്ചയ്ക് അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവ് അംഗങ്ങൾക്ക് ഉണ്ടാവുകയും വേണം.

6. വിദേശമലയാളികളുടെ എക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുവാദം സഹകരണ ബാങ്കുകൾക്കും നൽകേണ്ടതാണ്.

7. വനിതകളുടെ പ്രാതിനിദ്ധ്യം ആനുപാതികമായി എല്ലാ സഹകരണ സ്ഥാപനങ്ങലുടെ ഭരണ സമിതിയിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക

8. സ്ഥാപനങ്ങളിൽ കാലാകാലങ്ങളിൽ ഉയർന്ന് വരുന്ന വെല്ലുവിളികൾ/സാധ്യതകൾ ഇവയെക്കുറിച്ച് അതാത് സ്ഥാപനങ്ങളിലെ കൊഴിലാളികൾ/തൊഴിലാളിസംഘടനകളുമായി ഭരണസമിതി മൂന്നുമാസത്തിലൊരിക്കലെങ്കിലും ആശയവിനിമയം നടത്തേണ്ടതും സ്ഥാപനങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ പൂർണ്ണസഹകരണം ഉറപ്പാക്കേണ്ടതാണ്.

9. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സഹകരണ ബാങ്കുകളുടെ ശാഖകൾ കേന്ദ്രീകരിച്ച് ഇടപാടുകാരുടെ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ ചേരണം - ഈ യോഗങ്ങളിൽ പ്രതിനിധികൾ ഭരണസമിതി അംഗങ്ങൾ ഇവർ പങ്കെടുക്കുകയും വേണം.

10. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ തമ്മിൽ കൂട്ടായ്മ വളർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

11. കൈത്തറി മേഖലയിലെ സഹകരണ സ്ഥാപനങ്ങലുടെ അതിജീവനത്തിന് സർക്കാരിന്റെ സജീവ ശ്രദ്ധ പതിയേണ്ടതാണ്.

നമ്പ്	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	പിരിച്ചെടുത്ത മൂലധനം	പ്രവർത്തന മേഖല വിലയിരുത്തൽ	തൊഴിലാളികളുടെ എണ്ണം		ലാഭം/ നഷ്ടം
						പു.	സ്ത്രീ	
1	കതിരൂർ ബീഡി വർക്കേഴ്സ് സഹകരണ സംഘം (ദിനേശ്)	1969	1809	363402	എരഞ്ഞോളി, കതിരൂർ, കോട്ടയം, പാട്യം, മാങ്ങാട്ടിടം പഞ്ചായത്തുകളും കൂത്തുപറമ്പ് മുനി:	581	1228	നഷ്ടം
2	തലശ്ശേരി ഗതാലൂക് സിഗാർ വർക്കേഴ്സ് ഇൻഡ: സഹ: സംഘം	1976	- -	33000	ഭാസ്കർ ചുരുട്ട് ഉൽപാദന മാന്ദ്യം അനുഭവപ്പെടുന്നു. വൈവിധ്യ വൽക്കരണം അത്യാവശ്യം നല്ല കെട്ടിട സൗകര്യങ്ങൾ ഉണ്ട്	2	- -	നഷ്ടം
3	കതിരൂർ വില്ലേജ് ഇൻഡ: സഹ: സംഘം	1989	301	63000	ഖാദി വില്ലേജ് ഇൻഡ: ധനസഹാ: പ്രവർത്തനം സിമൻറ് ഇഷ്ടിക നിർമ്മാണം ഭൗതിക സൗകര്യങ്ങൾ ലഭ്യമാണ്. ഏറെ സാധ്യത നിലനിൽക്കുന്നു	. 6	- -	നഷ്ടം സ്റ്റോക്കുകൾ കെട്ടിക്കിടക്കുന്നു.
4	കതിരൂർ വില്ലേജ് ബീഡി വർക്കേഴ്സ്	1990	- -	15630	ന്യായവിലക്ക് സാധനങ്ങൾ വിൽക്കൽ - അടച്ചുപൂട്ടി	- -	- -	സഞ്ചിത നഷ്ടം
5	കതിരൂർ വാവേഴ്സ് സഹ: സംഘം	1971	184	67500	അതീവ ശ്രദ്ധ പതിയേണ്ട സ്ഥാപനം ഉൽപാദിപ്പിച്ച തുണി കെട്ടിക്കിടക്കുന്നു.	9	- -	

വായ്പാ സംഘങ്ങൾ പ്രവർത്തനം ഒറ്റനോട്ടത്തിൽ - 30- 6- 96

പട്ടിക - 1

നമ്പ്ര്	പേര്	സ്ഥാപിച്ചത്	അംഗങ്ങൾ	പിരിച്ചെടുത്ത മൂലധനം	നിക്ഷേപങ്ങൾ (ലക്ഷത്തിൽ)	നില്പ് വായ്പകൾ (ലക്ഷത്തിൽ)	സ്ഥാപന ചിലവ് രൂപയിൽ	ജീവനക്കാരുടെ എണ്ണം. സ്ത്രീ	പു	ലാഭം/ നഷ്ടം
1	കതിരൂർ സർവ്വീസ് സഹകരണ ബാങ്ക്	1946	11433	1717128	622	559	2055341	7	16	ലാഭം
2	പൊന്ന്യം സർവ്വീസ് സഹകരണ ബാങ്ക്	1949	3206	971920	179	228	- -	2	12	ലാഭം
3	കതിരൂർ സഹകരണ ഹൗസിങ്ങ് സൊസൈറ്റി	1975	578	815900	- -	93	41718	-	2	ലാഭം
4	കതിരൂർ വനിതാ സഹകരണ സംഘം	1992	535	73575	12	12	50356	4	-	ലാഭം

ആവലംബം : ദ്വിതീയ പഠന ശേഖരം

5-11

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം എന്നത് നമ്മുടെ ഭരണഘടനനിർമ്മാതാക്കൾ വർഷങ്ങൾക്ക് മുൻപെ വിഭാവനം ചെയ്ത ആശയമാണ്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി അടുത്തുവെങ്കിലും ലക്ഷ്യം ഇപ്പോഴും അകലെയാണ്. ആസൂത്രണത്തിലേയോ, സർക്കാർസംവിധാനത്തിലെയോ, അതോ ഗുണഭോക്താവിന്റേതാണോ എന്ന് ചിന്തിക്കേണ്ട ഉചിതമായ ഒരു കാലഘട്ടമാണ്. അധികാരം ജനങ്ങളിലെക്ക് എന്ന ഈ വേള.

ഒമ്പതാം പദ്ധതിയിൽ എത്തി നിൽക്കുന്ന ഈ കാലത്തും സാമ്പത്തികമായും, സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. ഇന്ത്യയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെ മൊത്തമായിട്ടുള്ള ഒരു ആസൂത്രണരീതിയായിരുന്നു ഇന്നുവരെ അവലംബിച്ചിരുന്നത്. ഒരോ വിഭാഗം ജനങ്ങളുടേയും ജീവിതരീതിയെ തൊട്ടറിഞ്ഞു കൊണ്ടുള്ള അസൂത്രണം നടപ്പിലാവുമ്പോൾ ഭാരതത്തിലെ വലിയൊരു ശതമാനം വരുന്ന ഈ വിഭാഗക്കാരുടെ ഉന്നമനം സാധ്യമാകുമെന്ന് അതിലൂടെ ഗ്രാമസ്വരാജ് എന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുമെന്ന് പ്രത്യാശിക്കാം.

ഐ.ആർ.ഡി.പി, ട്രൈസം, ജവഹർ റോഡ്, ഗർയോജന എന്നിങ്ങനെ ഉള്ള പല പദ്ധതികൾ ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി നീക്കിവച്ചിട്ടുള്ള കോടിക്കണക്കിന് രൂപ പ്രകാരമുള്ള ആവശ്യക്കാരില്ലാതെ ലാപ്സായി പോകുന്ന അവസ്ഥ ഇന്നുണ്ട്. രൂപയുടെ മൂല്യം കുറഞ്ഞുവരികയും വേതനനിരക്ക് കൂടികൊണ്ടിരിക്കുകയും ജീവിതചെലവ് ഭീമമായി വർദ്ദിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ അതിനനുസൃതമായി ഇത്തരം പദ്ധതികൾ പരിഷ്ക്കരിക്കേണ്ടതുണ്ട്. ഉപയോഗിക്കപ്പെടാതെ ലാപ്സാകാൻ പോകുന്നതും അതാത് വിഭാഗങ്ങൾക്കായി അഞ്ച് വർഷം കൂടുമ്പോഴുണ്ടാകുന്ന ചില തൊഴിൽ സംരംഭപദ്ധതികൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യാൻ അധികാരം ഉണ്ടാകണം. പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെ സൊസൈറ്റികൾ രൂപീകരിച്ച് ഈ തുക അവരുടെ തൊഴിൽ മേഖലകളിലേക്ക് ഉപയോഗിക്കുകയും ചെയ്താൽ അവരുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ജീവിതനിലവാരം മെച്ചപ്പെടുമ്പോൾ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ സ്വയം മാറുകയും ചെയ്യും.

പഞ്ചായത്തിലെ പതിനൊന്നുവാർഡുകളിലായി പട്ടികജാതി പട്ടികവർഗ്ഗക്കാരായി 144 ൽ അധികം കുടുംബങ്ങൾ ഉണ്ട്. ഇതിൽ 95% പട്ടികജാതിക്കാരും 5% പട്ടികവർഗ്ഗക്കാരുമാണ്.

കതിരൂർ പഞ്ചായത്ത് പട്ടികജാതി വിദ്യാർത്ഥികൾ			
ക്ലാസ്സ്	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
I	9	7	16
II	4	7	11
III	3	2	5
IV	2	4	6
V	3	8	11
VI	5	4	9
VII	4	4	8
VIII	6	10	16
IX	7	5	12
X	7	7	14
		പഞ്ചായത്തിൽ ആകെ	108

പഞ്ചായത്തിലെ സമുദായം തിരിച്ചുള്ള കണക്ക്

ക്രമ നമ്പർ	സമുദായത്തിന്റെപേര്	പുരുഷൻമാർ	സ്ത്രീകൾ	കുട്ടികൾ	ആകെ
1	മലയൻ	21	20	30	71
2	പുലയൻ	9	8	5	22
3	വണ്ണാൻ	6	5	3	14
4	പെരുവണ്ണാൻ	8	9	16	33
5	പുള്ളുവൻ	4	7	6	17
6	പണിയൻ	4	5	6	15
7	മറ്റുള്ളവർ	4	6	2	12
				ആകെ	184

മലയൻ :-

പട്ടികജാതിയിൽപ്പെടുന്ന പഞ്ചായത്തിലെ പ്രബല സമുദായമാണ് മലയൻ. തെയ്യമെന്ന അനുഷ്ഠാനകല യാണ് മലയരുടെ പ്രധാന ജീവിത മാർഗ്ഗം. മൂന്നുമാസ ത്തോളം തെയ്യത്തിന്റെ സീസണാണ്. ഗോദാമൂരി, വേടൻ, കാലൻ എന്നീ കലാരൂപങ്ങൾ കാർഷികാവൃദ്ധി ഉണ്ടാക്കുവാനും ദാരിദ്ര്യമറ്റാനും, ശത്രു രക്ഷയ്ക്കായും മലയൻ കെട്ടിയാടുന്നു. കാലം മാറിക്കൊണ്ടിരി ക്കുന്നതനുസരിച്ച് കുലത്തൊഴിലിൽ ഉറച്ചുനിൽക്കുന്ന മലയന് ദാരിദ്ര്യം മാത്രമാണു സമ്പാദ്യം. ആയുഷ്ക്കാലം മുഴുവൻ തെയ്യം കലയ്ക്കായി ജീവിതം ഉഴിഞ്ഞുവെച്ച ഒരാളായിരുന്നു ചെറുകണ്ടിയിൽ ചന്തുപ്പെരുമലയൻ.

വണ്ണാൻ :-

തുന്നലും വസ്ത്രം അലക്കലും കുലത്തൊഴിലായി ജീവിതം നയിച്ച ഒരു പട്ടികജാതി സമുദായമാണ് വണ്ണാൻ.

പെരുവണ്ണാൻ :-

തെയ്യം കല ജീവിതമാർഗ്ഗമായി കണ്ട മറ്റൊരു സമുദായമാണ് പെരുവണ്ണാൻ.

പുലയൻ :-

കൈതയോല ഉപയോഗിച്ചുള്ള പായ നെയ്ത്തായി രുന്നു ഇവരുടെ ജീവിതമാർഗ്ഗം. ആ തൊഴിൽ കൊണ്ട് കുടുംബം പുലർത്താൻ പറ്റാത്തതിനാൽ കുലത്തൊഴിൽ ചെയ്യാൻ ആളെ കിട്ടാത്ത അവസ്ഥയിലാണ്. സർക്കാർ ജോലികളിൽ ഒരാൾ പോവും ഇല്ല.

പുള്ളുവൻ :-

തെക്കൻ ജില്ലകളിൽ പുള്ളുവൻ പാട്ട് പ്രശസ്തമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പുള്ളുവൻപാട്ട് ഇല്ലെന്നുതന്നെ പറയാം. ഈ കുലത്തൊഴിൽ ഈ കലാരൂപം അവതരിപ്പിക്കലാണ്.

മറ്റുള്ളവർ :-

പരവൻ, പറയർ, പണിയർ, ചക്ലിയർ എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. തെയ്യം കല ജീവിതമാർഗ്ഗമായി സ്വീകരിച്ച മറ്റൊരു സമുദായങ്ങളാണ് മുന്നൂറ്റാൻ, അഞ്ഞൂറാൻ (വേലൻ) തുടങ്ങിയവർ

പ്രശ്നങ്ങൾ

1. സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികളെ ക്കുറിച്ചുള്ള ബോധമില്ലായ്മ.
2. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
3. സീസണിൽ മാത്രം ഒതുങ്ങുന്ന തൊഴിൽ മേഖല.
4. അവശർക്ക് യാതൊരു സംരക്ഷണവും ഇല്ലായ്മ.
5. സ്വയം തൊഴിൽ പരിശീലനത്തിന്റെ അഭാവം.
6. പാരമ്പര്യകലാകാരൻമാർക്കും, അവരുടെ കലകൾക്കും സുരക്ഷിതമില്ലായ്മ.
7. തെയ്യം കലയുടെ വാദ്യമേള ചമയതട്ടങ്ങൾക്ക് ഉത്തര മലബാറിൽ ഏകീകൃതസ്വഭാവം ഇല്ലായ്മ.
8. തെയ്യം കലാകാരൻമാർക്ക് പെൻഷൻ,ക്ഷേമനിധി, ഇൻഷ്യുറൻസ് എന്നിവയുടെ അഭാവം.
9. കുലത്തൊഴിൽ അന്യമാകുന്നു.

10. പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിലെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്.

നിർദ്ദേശങ്ങൾ:-

1. സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികളെ ക്കുറിച്ച് ഈ വിഭാഗത്തിൽ ബോധവൽക്കരണം നടത്തണം.
2. സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തണം.
3. അർഹതയുള്ളവരെ കണ്ടുപിടിച്ച് സഹായങ്ങൾ നൽകുക.
4. അനുവദിക്കുന്ന സഹായം സർക്കാർ ലക്ഷ്യമിട്ട കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

സാധ്യതകൾ :-

1. വെള്ളം, വൈദ്യുതി, കക്കൂസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കായി സർക്കാർ തലങ്ങളിൽ തന്നെ പല പദ്ധതികളുണ്ട്. അവയും ജനശക്തിയും ഉപയോഗപ്പെടുത്താൻ കഴിയും.
2. തൊഴിൽ പദ്ധതികൾ നടപ്പിലായാൽ തൊഴിലില്ലായ്മ പരിഹരിക്കപ്പെടും.
3. പെൻഷൻ, ക്ഷേമനിധി, ഇൻഷ്യുറൻസ് എന്നിവയിലുടെ അവശൻമാർക്ക് സംരക്ഷണം കിട്ടും.
4. " തെയ്യം കലാപഠനകേന്ദ്രം" ഉണ്ടാക്കി പാരമ്പര്യകലാകാരൻമാരുടെ അഭാവം നികത്താം. തെയ്യം കലയ്ക്ക് ദേശഭേദമില്ലാതെ ഒരു ഏകീകൃതസ്വഭാവം വരുകയും തെയ്യുന്നു. കുലത്തൊഴിൽ നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യാം.
5. ദേവസ്വം ബോർഡ് എന്നതുപോലെ പഞ്ചായത്ത് തലത്തിലും കാവുകളേയും മറ്റു ആരാധനസ്ഥലങ്ങളേയും സംരക്ഷിക്കാൻ സംവിധാനമുണ്ടാക്കാം.
6. സ്ത്രീകൾക്കം മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഔഷധതോട്ടനിർമ്മാണ സൊസൈറ്റിക്ക് രൂപം നൽകാം.
7. സഹകരണമേഖലയിൽ ഇവർക്ക് പ്രത്യേകമായി പ്രിൻറിംഗ് പ്രസ്സുകൾ സ്ഥാപിക്കാം.
8. വനിതകൾക്കായി ഗാർമെൻറ്സ് നിർമ്മാണകേന്ദ്രം.



5.12

വിഭവ സമാഹരണം

സംസ്ഥാനത്തിലെ എ ഗ്രേഡ് പഞ്ചായത്തുകളുടെ പട്ടികയിലാണ് കതിരൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നത്. ഏതാണ്ട് 12.30 ച.കി.മീ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്ത് വിഭവങ്ങളുടെ സവിശേഷത കണക്കിലെടുത്ത് [കേരളത്തിലെ മാതൃകാ പഞ്ചായത്ത് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.] സമതലങ്ങളും കൊച്ചു കുന്നിൻ പ്രദേശങ്ങളും, ചെരിവുകളും തട്ടുകളായിക്കിടക്കു ന്ന ഭൂഘടനയും, കൊണ്ട് തെക്ക് -വടക്കായി നീണ്ടുകിടക്കുന്ന കതിരൂരിന്റെ ഹൃദയരേഖ തലശ്ശേരി-കുടക് റോഡ് (ട്രി.സി.റോഡ്) ആണെന്ന് പറയാം. കതിരൂർ - നാദാപുരം റോഡ് ആണ് മറ്റൊരു പ്രധാന പാത. വിഭവശേഷി വേണ്ടത്ര ചൂഷണം ചെയ്യപ്പെടാത്ത നമ്മുടെ പഞ്ചായത്തിനെ സ്വയംപര്യാപ്തവും സ്വാശ്രയവുമാക്കി തീർക്കുവാൻ ലക്ഷ്യബോധവും ദീർഘ വീക്ഷണവുമാർന്നതുമായ സംഘടിതയത്നത്തി ലൂടെ സാധിക്കും. കാർഷികസമ്പത്തിലും വ്യാവസായിക സാദ്ധ്യതയിലും അനുകൂലമായ ധാരാളം ചർച്ചയും, നമ്മുടെ ജനതയുടെ സാമ്പത്തികനിലയും സ്ഥൂലമായി ഒന്നു നിരീക്ഷിച്ചാൽ മാത്രം മതി. വികസനത്തെ സംബന്ധിച്ച നമ്മുടെ യാഥാസ്ഥിതിക സങ്കൽപ്പങ്ങൾ മാറേണ്ടിയിരിക്കുന്നു. എന്ന സത്യവും ഇവിടെ സ്മരിക്കേണ്ടതാണ്.

നമ്മുടെ വിഭവശേഷിയെ സംബന്ധിച്ച സാമാന്യമായ ഒരു അവലോകനം ഇവിടെ നടത്തേണ്ടതുണ്ട്. പ്രത്യേകിച്ച് കാർഷിക - വ്യാവസായിക മേഖലയെക്കുറിച്ചും വിശദമായ ചർച്ചയും പഠനവും അതതുമേഖലയിൽ ചർച്ചചെയ്യപ്പെടുന്ന പശ്ചാത്തലത്തിൽ സ്ഥൂലമായ ഒരവലോകനത്തിനുള്ള സാദ്ധ്യത മാത്രമേ ഇവിടെയുള്ളൂ.

നമ്മുടെ കൃഷി പ്രധാനമായും താഴ്വര മേഖലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. നാളികേരം, കുരുമുളക്, അടയ്ക്ക, കശുവണ്ടി എന്നിവയാണ് പ്രധാന നാണ്യവിളകൃഷികൾ. നെല്ല്, മരച്ചീനി, വാഴ എന്നിവയാണ് പ്രധാന ഭക്ഷ്യവിളകൾ. പച്ചക്കറി കൃഷി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് പഞ്ചായത്തിന്റെ തെക്കം കിഴക്കൻ മേഖലകളിലാണ്. തൊട്ടടുത്ത തലശ്ശേരി പട്ടണത്തിന്റെ പച്ചക്കറിബാങ്കാണ് ഈ മേഖല. മാവ്, പ്ലാവ് തുടങ്ങിയ പഴവർഗ്ഗ കൃഷിക്കപ്പുറത്ത് നമ്മുടെ ഗൃഹോപകരണനിർമ്മാണരംഗത്തെ പ്രധാന അസംസ്കൃത ഉൽപന്നമാണ് എന്ന സത്യവും സാദ്ധ്യതയും കണ്ടെത്തി കൃഷി ചെയ്യാൻ നാം താൽപര്യം കാട്ടുന്നില്ല.. കൂറ്റൻ തടിയായി ഉപയോഗിക്കാവുന്ന നാടൻ മാവുകൾ ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കയാണ്. പ്ലാവ് വിലപിടിച്ച ഒരു ഫർണിച്ചർ അസംസ്കൃത വസ്തുവാണെ ന്ന് നമുക്കറിയാം. നാളികേരം ശാസ്ത്രീയമായി കൃഷി ചെയ്യാനും, അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ പ്രചരിപ്പിക്കാനും നാം വൈമുഖ്യം കാട്ടുന്നത് കൊണ്ട് ലാഭകരമായ ഒരു കൃഷിയായി നിലനിർത്തിപോരാൻ നമുക്ക് കഴിയുന്നില്ല. കേരകർഷകർ കതിരൂരിലെ വമ്പിച്ച സാമ്പത്തികശക്തിയാണ്. നാളികേരത്തിന്റെ വിലയിലു ണ്ടാവുന്ന അസ്ഥിരത പലപ്പോഴും നമ്മുടെ സാമ്പത്തിക നിലയെതന്നെ തകിടെ മറിച്ചുകളയുന്നു. കൂലിചെലവി

ലുള്ള വർദ്ധനവ് ഈ കൃഷിക്ക് നൽകേണ്ടുന്ന പരിരക്ഷയെ ബാധിക്കുന്നു. നെൽകൃഷി ഇന്ന് കടങ്കഥയായി മാറുകയാണ്. വിശാലമായ വയലേലകളും വേനൽക്കാലത്ത് വെള്ളരികൃഷിയുടെ ബഹളങ്ങളും ഇന്ന് ഒരു ഗതകാല സൗഭാഗ്യമായി അവശേഷിക്കുകയാണ്. നെൽകൃഷിയുടെ കൂലിചെലവും വളങ്ങളുടെ വിലവർദ്ധനവും, പാർപ്പിട പ്രശ്നവും, വയലുകൾക്ക് പകരം കരപ്പറമ്പുകൾ പ്രത്യക്ഷപെടുവാൻ ഇടയാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി നമ്മുടെ ഭൂഗർഭജലം ശോഷിച്ചു. തവളകളുടെ അസാന്നിദ്ധ്യം കൊതുകുകളെ ഗ്രാമത്തിലേക്ക് ക്ഷണിച്ചു വരുത്തിയിരി ക്കുന്നു. നെൽകൃഷിയുടെ സ്ഥാനത്ത് മരച്ചീനിയും വാഴയും കടന്നുവന്നിരിക്കുന്നു. വയലേലകളുടെ വിശാലതയിലെ കരപ്പറമ്പുകളിൽ ഇന്ന് നേത്രവാഴകളും മരച്ചീനിയും ലാഭകരമായ കൃഷിയായി തുടരുന്നു. പ്രകൃതിക്ഷോഭങ്ങളാണ് ഈ കൃഷി നേരിടുന്ന വലിയ ഭീഷണി. ചെറുകിടവ്യവസായ സാദ്ധ്യതകൾക്ക് ഈ കൃഷി നൽകുന്ന പിന്തുണ പരമപ്രധാനമാണ്. ഭക്ഷ്യ സംസ്ക്കരണസംരംഭങ്ങൾക്ക് സുലഭമായ അസംസ്കൃത ഉൽപ്പന്നങ്ങളാണിവ. വിപണനസാധ്യത സ്ഥിരവും ശാശ്വതവുമാണ്, 'കുരുമുളക് കൊടികളില്ലാത്ത പുരയിടം' അന്ന വിശേഷണം ഇന്ന് ഒരു ഫലിതമാണ്, കാരണം കുരുമുളക് കൊടികളില്ലാത്ത ഒരു കർഷകന് നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുള്ളതാണ് സത്യം. ദ്രുതവാട്ടം എന്ന രോഗവും അന്തർദ്ദേശീയ വിപണിയുടെ ഡിമാൻറിലുണ്ടാകുന്ന വ്യതിയാനവുമാണ് കർഷകരുടെ പ്രശ്നം. കശുവണ്ടി, അടയ്ക്ക എന്നിവയും നമ്മുടെ കതിരൂരിൽ ഉണ്ടെങ്കിലും ഒരു കൃഷി എന്ന നിലയിൽ ആളുകൾ സജീവശ്രദ്ധ പതിപ്പിക്കേണ്ടുന്ന ഒരു കർഷകമേഖല യാണിത്.

നമ്മുടെ പ്രദേശത്തെ വ്യാവസായികമേഖല പ്രധാനമായും ബീഡി - നെയ്ത്തു മേഖലയാണെന്ന് പറയാം. കതിരൂർ ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്.സൊസൈറ്റിയുടെ കീഴിലുള്ള ദിനേശ് ബീഡി ഫാക്ടറികളും, തരുവണത്തെരു വേറ്റുമ്മൽ മേഖലയിൽ കൈത്തറി-പവർലൂം ഫാക്ടറികളുമാണ് നമ്മുടെ സംഘടിതവ്യവസായമേഖലകൾ. സ്വകാര്യ ബീഡി നിർമ്മാണ യൂണിറ്റുകളെ ആശ്രയിക്കുന്ന നൂറുകണക്കിന് തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ ഫാക്ടറി അടിസ്ഥാനത്തിൽ നിലനിൽക്കുന്നവയല്ല. ഭാസ്ക്കർ ചുരുട്ടുഫാക്ടറിയാണ് ചുരുട്ടുവ്യവസായമേഖല യിലെ ഏകയൂണിറ്റ്. റെഡിമെയ്ഡ്, ഇഷ്ടിക നിർമ്മാണം എന്നിവയാണ് മറ്റ് വ്യവസായികമേഖലകൾ. കേരളദിനേശ് ബീഡിയുടെ ഉൽപ്പാദനമേഖലയിലും വിപണനത്തിലു മുള്ള പ്രതിസന്ധികൾ ബീഡിവ്യവസായത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ചെറുപ്പക്കാരായ തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോവുകയും നിർമ്മാണ തൊഴിൽ മേഖലയിലേക്ക് ചേക്കേറുകയും ചെയ്യുന്ന സ്ഥിതിയാണ് ഇന്നുള്ളത്. നെയ്ത്ത് മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങൾ ലാഭകരമായി മുന്നേറുമ്പോൾ ഈ രംഗത്തുള്ള ഏക കോ.ഓപ്പ് സൊസൈറ്റി പ്രതിസന്ധിയിൽപ്പെട്ട് നിശ്ചലാവസ്ഥയിലാണ്. സിഗാർ മേഖലയും പ്രതിസന്ധി യിലാണ്. ഉപഭോക്താക്കളുടെ കുറവും മറ്റും ഈ രംഗത്തെ ഭീക്ഷണിയുടെ നിഴലിൽ നിർത്തിയിരിക്കുകയാണ്. റെഡിമെയ്ഡ് രംഗത്ത് സ്വകാര്യസ്ഥാപനങ്ങൾ മുന്നോട്ട് പോകുന്നു, സഹകരണസ്ഥാപനങ്ങൾ ഇല്ല.

മോട്ടോർ വാഹനരംഗമാണ് കതിരൂരിലെ മറ്റൊരു വ്യവസായരംഗം. ഇതിനെ ഒരു തൊഴിൽമേഖല എന്ന് വിശേഷിപ്പിക്കുന്നതാണ് കൂടുതൽ ശരി എന്ന് തോന്നുന്നു. സ്വന്തമായി വാഹനം ഉള്ളവർ, സ്വന്തം വാഹനം തൊഴിൽ ഉപാധിയാക്കിയവർ, വെറും വാഹനത്തൊഴിലാളികൾ എന്നിങ്ങനെ മൂന്ന് വിഭാഗമാണ് ഈ രംഗത്തുള്ളത്. ആദ്യവിഭാഗം മുതലാളി എന്നു വിശേഷിപ്പിക്കാവുന്ന വിഭാഗമാണെങ്കിൽ രണ്ടും മൂന്നും വിഭാഗങ്ങൾ തൊഴിലാളികളാണെന്ന് പറയാം. ഡീസൽ, പെട്രോൾ വിലകയറ്റം, സ്പെയർപാർട്ട്സ് വിലവർദ്ധനവ് എന്നിവയാണ് ഇവർ നേരിടുന്ന പ്രശ്നങ്ങൾ.

കതിരൂരിലെ തൃതീയമേഖല അഥവാ വിദ്യാഭ്യാസരംഗം സജീവം തന്നെയാണ്. രണ്ടു ഗവ.ഹൈസ്കൂളുകൾ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക പഞ്ചായത്ത് എന്ന വിശേഷണം കതിരൂരിനുണ്ട്. 19 പ്രൈമറി സ്കൂളുകൾ നമുക്കുണ്ട്. 4പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട്. ഗ്രാമത്തിലെ വിദ്യാഭ്യാസ സംവിധാനങ്ങളെയാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ആശ്രയിക്കുന്നത്. പട്ടണങ്ങളിലേക്കും മറ്റു മേഖലകളിലേക്കും കുട്ടികളെ അയക്കുന്ന പ്രവണതയ്ക്കും ശക്തികൂടിവരുന്നു. പ്രാദേശിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതീകസംവിധാനങ്ങൾ മെച്ചപ്പെടുത്തുകയാണ് ഒരു പോംവഴി.

കലാകായികരംഗത്ത് ധാരാളം വായനശാലകളും ക്ലബുകളും നമുക്കുണ്ട്. ഇവയുടെ പ്രവർത്തനം ശ്ലാഘനീയമാണ്- പക്ഷേ കലാകായികരംഗത്ത് പ്രതിഭകളെ വളർത്തിയെടുക്കുവാനുള്ള ശാസ്ത്രീയമായ കോച്ചിംഗ് നടത്തുന്നതിൽ പലരും വിമുഖരാണ്. വാർഷിക ആഘോഷങ്ങളിൽ മൽസരങ്ങൾ സംഘടിപ്പിക്കുക

പട്ടിക.1

(ആകെ വരവ് - 12,50,860 രൂപ)



പട്ടിക.2

(ആകെ ചിലവ് - 11,33,877 രൂപ)



മാത്രമാണ് പ്രധാന പ്രോൽസാഹന പ്രവർത്തനം. കേരളോൽസവം, സ്കൂൾ കായികകലോൽസവങ്ങൾ, പാരലൽ കോളേജ് കലോൽസവങ്ങൾ എന്നിവയാണ് പ്രധാന കലാകായിക മൽസര പരിപാടികൾ. സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ ദുർലഭമായി മാത്രം സംഘടിപ്പിക്കപ്പെടുന്നു.

കതിരൂരിലെ പ്രധാന അസംഘടിതതൊഴിൽ രംഗം നിർമ്മാണതൊഴിൽ രംഗം തന്നെയാണ്. ബീഡി-നെയ്ത്ത് മേഖലയിലെ പ്രതിസന്ധിയും തൊഴിൽ സ്ഥിരതയില്ലായ്മയും നിർമ്മാണ തൊഴിൽ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നു. നമ്മുടെ അനാരോഗ്യകരമായ പാർപ്പിട സംസ്ക്കാരവും ഗൾഫ് പണവുമാണ് ഈ മേഖലയിലെ തൊഴിൾ സാധ്യതയെ സജീവമാക്കിയിരിക്കുന്നത്. നമ്മുടെ പാർപ്പിടസംസ്ക്കാരം വെല്ലുവിളികൾ ഉയർത്തുമ്പോൾ തന്നെ, പുതിയ തൊഴിൽ അവസരങ്ങൾക്കും മാർബിൾ, സിമൻറ് തുടങ്ങിയ വിപണനകേന്ദ്രങ്ങൾക്കും പിറവി ഒരുക്കുന്നു.എങ്കിലും ഈ പാർപ്പിടങ്ങളിൽ വീണുമരിക്കുന്ന പണം നാളെ കേരളത്തിന് ഒരു ഭീഷണിയായിത്തീരും.

കതിരൂരിൻെറ വിഭവ വൈവിദ്യങ്ങളും സവിശേഷതകളും പരിശോധിച്ചാൽ മാത്രമേ പുതിയ വിഭവ സാധ്യതകൾ കണ്ടെത്താൻ കഴിയൂ എന്ന് നമുക്കറിയാം. വേണ്ടവിധം ചൂഷണം ചെയ്യപ്പെടാത്ത ഒരു വിഭവ കലവറ തന്നെയാണ് നമ്മുടെ ഗ്രാമം. നമ്മുടെ വികസന പ്രവർത്തനങ്ങൾ ഇന്നുള്ളതിനേക്കാൾ മെച്ചപ്പെടുത്തുവാനും ത്വരിതപ്പെടുത്തുവാനും ഇന്നത്തെ നമ്മുടെ പഞ്ചായത്തിൻെറ ധനസ്ഥിതിയിലൂടെ ഒരു യാത്ര ആവശ്യമാണ്. പഞ്ചായത്തിൻെറ വാർഷിക വരുമാനത്തിൻെറ പ്രധാന ഉറവിടം കെട്ടിട നികുതിയും തൊഴിൽ നികുതിയും ലൈസൻസ് ഫീസുമാണ് 1995-96 സാമ്പത്തിക വർഷത്തെ വരവിനെ സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

1995- 96 വർഷത്തിൽ പഞ്ചായത്തിന് ലഭിച്ച (തനത് വരുമാനവും ഗ്രാൻറുകളും ഉൾപ്പെടെ) വരുമാനം 12,50,860 രൂപയാണെന്ന് കാണാം. ഇതിൻെറ 22% അതായത് 2,74,514 രൂപ കെട്ടിട നികുതി ഇനത്തിലും 12% അഥവാ 1,56,328 രൂപ തൊഴിൽ നികുതി ഇനത്തിലും 14% അതായത് 1,72,662 രൂപ വസ്തു കൈമാറ്റ നികുതിയിനത്തിലും മറ്റുള്ളവയായി ഏതാണ്ട് 14% അതായത് 1,71,047 രൂപ ലഭിച്ചതായി മനസ്സിലാക്കാം എന്നാൽ പഞ്ചായത്ത് വരുമാനത്തിൻെറ 38% വും വി.ടി.സി, വി.ആർ.എൻ. ഗ്രാൻറുകളും അൺടൈഡ് ഫണ്ടും മറ്റ് ഗ്രാൻറുകളുമാണെന്ന് കാണാം. ബാക്കിയുള്ള 62% ൽ 14% വരുന്ന വസ്തു കൈമാറ്റ നികുതി ഒഴിച്ചുനിർത്തിയാൽ തനത് വരുമാനം 42% വരും. അതായത് പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്ന പകുതിയിൽ താഴെ മാത്രമെ ഉള്ളൂ എന്ന് കണ്ടെത്താവുന്നതാണ്. ചെലവുകളുടെ സ്ഥിതി എന്താണെന്ന് പരിശോധിക്കാം. 95-96 സാമ്പത്തിക വർഷത്തിലെ ചെലവ് താഴെ കൊടുക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം ആകെ ചെലവ് 11,33,877 രൂപയാണ്. ഇതിൽ 4,52,066 രൂപ ഭരണച്ചെലവാണ്. പഞ്ചായത്ത് സ്റ്റാഫ്, ഭരണ സമിതി അംഗങ്ങൾക്കുള്ള ചെലവുകൾ എന്നിങ്ങനെ ഓഫീസിൻെറ ഭരണ പരമായ മറ്റെല്ലാ ചെലവുകളും ഉൾപ്പെടുന്നു.

പഞ്ചായത്ത് വികസന പ്രവർത്തനവുമായി ബന്ധപ്പെട്ടുകിടക്കുന്ന മറ്റെല്ലാ ചെലവുകളും. പൊതുമരാമത്ത് മേഖലയിലാണ് ഏറ്റവും കൂടുതൽ ചെലവഴിച്ചിട്ടുള്ളത്. ഈ മേഖലയിൽ 2,81,328 രൂപയുടെ അൺടൈഡ് ഫണ്ട് ചെലവ് കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല. അങ്ങിനെ വരുമ്പോൾ 3,61,380 രൂപയായി ഉയരും. കടബാധ്യതയായി തിരിച്ചടക്കപ്പെട്ട 81672 രൂപ ചെലവിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പട്ടികയിൽ കാണിച്ചിട്ടില്ല. ഇതിൽ നിന്നും നാം ചെലവഴിക്കുന്ന തുക ഒരു മേഖലക്കും മതിയാവുകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്. വികസനമെന്നാൽ പൊതുമരാമത്ത് എന്ന തെറ്റായ മനോഭാവം നാം മാറ്റിയെടുക്കേണ്ടതുണ്ട്.

1995- 96 വർഷത്തിൽ നമുക്കുണ്ടായ വരുമാനവും നമ്മൾ നടത്തിയിട്ടുള്ള ചെലവുകളും പരിശോധിക്കുമ്പോൾ, സാമൂഹ്യക്ഷേമം വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലയിൽ മെച്ചപ്പെട്ട വികസനം നടക്കണമെങ്കിൽ ഇന്നത്തെ വിഭവസാദ്ധ്യത മാത്രം പോരാ എന്ന് കണ്ടെത്താൽ കഴിയും. നമുക്ക് ലഭിക്കുന്ന അൺടൈഡ് ഫണ്ടുകളും ഗ്രാൻറുകളും പദ്ധതി ചെലവുകൾക്ക് മതിയാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. 1995-96 വർഷം അൺടൈഡ് ഫൻറായി നമുക്ക് ലഭിച്ചത് 2,61,000 രൂപയാണെങ്കിൽ നാം ചെലവഴിച്ചത് 2,81,328 രൂപയാണ്. 20,328 രൂപ നാം സ്വന്തം ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടിവന്നു.

പദ്ധതികൾ പൂർത്തികരിക്കാൻ എടുക്കുന്ന കാലതാമസവും കരാർവ്യവസ്ഥകളുടെസാങ്കേതിക നൂലാമാലകൾ, സാധനസാമഗ്രികളുടെ വിലയിൽ വരുന്ന മാറ്റങ്ങളും ലോക്കൽ റേറ്റിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ പണി പൂർത്തിക്കരിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. പാഴ്ചെലവുകളും, എസ്റ്റിമേറ്റ് തുകയ്ക്ക് പണി പൂർത്തിക്കരിക്കാൻ കഴിയാത്ത അവസ്ഥയും വന്നപ്പോൾ


KADIRUR PANCHAYATH
LAND FORM
Pinarayi
Kottayam
Pattiam
Erancholi
Mokery
N
W
E
S
Pannyanoor
Mahe
Kodiyeri
Thiruvangad
INDEX
Ridge crest
Valley floor
side slope steep
side slope gentle
Scale 1:20000
0
MILE
INCHES

അൺടൈഡ് ഫണ്ടിന് പുറമെ വിഭവം കണ്ടെത്താനുള്ള ബാദ്ധ്യത പഞ്ചായത്തിന് വന്നുചേരുന്നു. സ്വന്തം നിലയിലുള്ള പ്രവർത്തനങ്ങൾക്ക് ഇത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മേൽ വിവരിച്ച കണക്കുകൾ തന്നെ പുതിയ പശ്ചാത്തലത്തിൽ ഇനിയും സങ്കീർണ്ണമാകാനാണ് സാദ്ധ്യത. പഞ്ചായത്തീരാജ് നിലവിൽ വന്നതോടെ ഭരണചിലവിൽ മാറ്റം പ്രതീക്ഷിക്കുന്നു. വരവും ചെലവും ഒപ്പത്തിനൊപ്പം നിൽക്കുന്ന ഒരു സാമ്പത്തികഘടനയാണ് പഞ്ചായത്തിനുള്ളത് എന്ന് താഴെകൊടുക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്ത് ധനസ്ഥിതിയാണ് പട്ടികയിൽ

5 വർഷത്തെ പട്ടിക പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ചില വർഷങ്ങളിൽ വമ്പിച്ച തുക മിച്ചം വന്നതായി കാണാം. ഉദാ. 1992-93, 95-96 വർഷങ്ങളിൽ കാണുന്ന മിച്ചം പ്രസ്തുത വർഷങ്ങളിൽ അനുവദിക്കപ്പെടുന്ന ഗ്രാൻറ് ചെലവഴിക്കുന്നത് തൊട്ടടുത്ത സാമ്പത്തിക വർഷം വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് കൊണ്ടാണ് . അലോട്ട്മെൻറിലുണ്ടാകുന്ന കാലതാമസം

വർഷം	വരവ്	ചെലവ്	മിച്ചം
1991-92	7,62,640.10	7,66,305.00	3,664.90
1992-93	7,81,990.15	6,73,125.05	1,08,865.10
1993-94	8,94,265.50	8,64,259.55	30,005.95
1994-95	10,60,191.10	10,21,648.90	38,542.20
1995-96	1250,860.35	11,33,877.90	1,16,982.45

തന്നെ കാരണം.

JRY പദ്ധതിയിലൂടെ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾ മുഖാന്തിരം കഴിഞ്ഞവർഷം 1,15,550 രൂപ ചെലവാക്കിയിട്ടുണ്ട്. ഈ തുക മുഴുവനായും JRY അലോക്കേഷൻ ആണ്. ഇതിൽ 22.5% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ളതാണ്. വീട് മെയിൻറനൻസ്, പുരയിടം സംബന്ധിച്ച ചെലവുകൾക്കാണ് ഇത് നൽകുന്നത്. എന്നാൽ ബാക്കി വരുന്ന 77.5% സമൂഹത്തിൻെറ പൊതു ആവശ്യങ്ങൾക്കാണ് പ്രയോജനപ്പെടുത്തുന്നത്.

പുതിയ സാഹചര്യത്തിൽ കാർഷികവ്യവസായ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചയിൽ, പൊതുമരാമത്ത് വിഷയങ്ങളിൽനിന്നും മറ്റ് ഉൽപാദനപരമായ മേഖലകളിൽ ശ്രദ്ധ തിരിക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും സജീവ ശ്രദ്ധ പുലർത്തേണ്ടതാണ്. നമ്മുടെ ആവശ്യങ്ങളുടെ പരിധി വളരെ വിശാലമാണ്. അതിനനുസരിച്ച പുതിയ വിഭവങ്ങൾ കണ്ടെത്തേണ്ടതാണ്. വിഭവ സമാഹരണത്തിലും അതിൻെറ വിനിയോഗത്തിലും ഇന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. നമ്മുടെ ഉൽപാദനമേഖലയെ സംഘടിതമാക്കാനും വ്യാപ്തമാക്കാനും നമുക്ക് കഴിയണം അതിലൂടെ പഞ്ചായത്തിൻെറ വിഭവസമാഹരണശേഷി വർദ്ധിപ്പിക്കാം. ഇന്നുള്ള സംവിധാനങ്ങളുടെ മാനദണ്ഡങ്ങൾ പുനഃപരിശോധിക്കാം. പുതിയ മേഖലകളിൽ നിന്ന് വിഭവങ്ങൾ സംഹരിക്കണം എങ്കിൽ മാത്രമേ തനത് വരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് കഴിയൂ. പദ്ധതി ചെലവുകൾക്ക് സ്പോൺസർമാരെ കണ്ടെത്തണം. സൗജന്യമായി മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തണം. ഇങ്ങനെ ജനകീയാസൂത്രണ പരിപാടിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പരമാവധി ശ്രമം നമുക്കുണ്ടാകണം.

പ്രശ്നങ്ങൾ:-

1. സർക്കാർ പഞ്ചായത്തിനനുവദിക്കുന്ന ഗ്രാൻറുകൾ അസന്തുലിതത്വം ഇല്ലാത്ത രീതിയിൽ ആനുപാതികമായി വിതരണം ചെയ്യാനുള്ള സംവിധാനം വേണം. പഞ്ചായത്ത് വരുമാനത്തോതും ആവശ്യകതയും ഗ്രാൻറുകൾ അലോട്ട് ചെയ്യുന്നതിൽ പരിഗണിക്കപ്പെടണം.

2. പഞ്ചായത്തിൻെറ ഭരണപരമായ ബാദ്ധ്യതകൾ വർദ്ധിച്ചതുകൊണ്ട് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

3. എസ്റ്റിമേറ്റ് റേറ്റും ലോക്കൽ റേറ്റും തമ്മിലുള്ള വ്യത്യാസം പദ്ധതി പൂർത്തീകരണത്തെ ബാധിക്കുന്നു.

4. ഗ്രാമീണ വികസനബോർഡു പോലുള്ള ഏജൻസികൾ പഞ്ചായത്തിന് നൽകുന്ന വായ്പകൾക്ക് പലിശ വളരെ കൂടുതലാണ്.

5. കാർഷിക - വ്യവസായികമേഖലകളിൽ പഞ്ചായത്തിന് മുൻകൈ പ്രവർത്തനത്തിനുള്ള സാധ്യത വേണം.

6. സ്വന്തമായ കെട്ടിടം പഞ്ചായത്തിന് ആവശ്യമാണ്.

7. ബസ്സ്, ടാക്സി സ്റ്റാൻഡ് അടങ്ങുന്ന മിനി ടൗൺ സംവിധാനത്തിന് സ്ഥലം കണ്ടെത്തണം. ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം എന്നിവയ്കുള്ള സാധ്യത

ണ്ടെത്തണം.

8. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ശുചീകരണത്തിനും പഞ്ചായത്തിന് സ്വന്തമായ വാഹനമില്ല.

9. പഞ്ചായത്ത് പ്രസിഡണ്ടിന് പ്രത്യേക ഫോൺ സൗകര്യം ഇല്ല.

10. പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉദാ:- അൺടൈഡ് ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള സുതാര്യത - മറ്റു ഫണ്ടുകൾക്കില്ല.

11. നിലവിലുള്ള നികുതി സംവിധാനങ്ങൾ ശാസ്ത്രീയമായി പുതുക്കേണ്ടതായിട്ടുണ്ട്.

12. നികുതിയുടെ പരിധിയിൽ വരേണ്ടുന്ന വലിയൊരു വിഭാഗം ഇന്നു പുറത്തു നിൽക്കുന്നു.

സാധ്യതകൾ :-

1.ഇലക്ട്രോണിക്ക് വിനോദ ഉപകരണങ്ങൾക്ക് പ്രതിവർഷ നികുതി ചുമത്തുക.

2.ഇന്ധനമുപയോഗിച്ച് ഓടുന്ന ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ മോട്ടോർ വാഹനങ്ങൾക്ക് നികുതി ചുമത്തണം.

3. കതിരൂരിൽ ഓഡിറ്റോറിയത്തിൽ ആവശ്യമായ സ്ഥലം കണ്ടെത്തണം.

4. എല്ലാ വിഭാഗം ജനങ്ങളുടെയും വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അവർക്ക് ഒരു രജിസ്ട്രേഷൻ ഫീ ചുമത്തുകയും ചെയ്യുക.

5. പഞ്ചായത്ത് സർട്ടിഫിക്കറ്റ് ഫീ കാലോചിതമായി മാറ്റണം.

6. നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കി ഫീയിൽ മാറ്റം വരുത്തുക.

7. ആഴ്ച ചന്തകൾ സംഘടിപ്പിച്ച് പ്രാദേശിക വിഭവങ്ങൾ വിപണനം ചെയ്യാനുള്ള സംവിധാന മുണ്ടാക്കുക.

8. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുവാൻ ക്ലബുകൾ, സാംസ്ക്കാരികസ്ഥാപനങ്ങൾ, യുവജനസംഘ ടനകൾ എന്നിവ ഉൾപ്പെടുന്ന വികസനസേനക്ക് രൂപം നൽകുക.

9. പഞ്ചായത്ത് പരിധിയിലെ ഓഫീസുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ പഞ്ചായത്തിൽ നിയമിച്ച് അധികജോലിഭാരത്തിന് സാമ്പത്തിക ബാദ്ധ്യതയില്ലാത്ത സംവിധാനമുണ്ടാക്കണം.

10. ഭരണപരമായ ആവശ്യത്തിനും ശുചീകരണ ത്തിനും ഒരു വാഹനം ഉണ്ടാക്കണം.

11. അൺടൈഡ് ഫണ്ട് നിബന്ധനകൾ തന്നെ മറ്റു പദ്ധതികൾക്കും ബാധകമാക്കണം.

12. തരിശുകൃഷി നിലങ്ങൾ കൂട്ടുകൃഷിക്കായി പ്രയോജനപ്പെടുത്തണം.

13. ഓഡിറ്റോറിയം, ബസ്സ്റ്റ്, ടാക്സിസ്റ്റാൻഡ് എന്നീ സൗകര്യങ്ങളോടുകൂടിയ ഷോപ്പിംഗ് കോംപ്ലക്സും മിനി ടൗൺ നിർമ്മാണത്തിനും സ്ഥലം അക്വയർ ചെയ്യാൻ ശ്രമിക്കണം.

14. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനാവശ്യമായ സ്ഥലം കണ്ടെത്തി അക്വയർ ചെയ്യാനുള്ള സംവിധാനം വേണം.

15. എല്ലാ വിഭാഗം തൊഴിലാളികളിൻനിന്നും നികുതി പിരിക്കാനാവശ്യമായ നടപടികൾ വേണം.

സമഗ്ര വികസനരേഖ തയ്യാറാക്കിയ ഗ്രൂപ്പുകൾ

(പഞ്ചായത്ത് മെമ്പർമാർ, ജില്ല; പഞ്ചായത്ത് പരിശീലകർ)

1. കൃഷി ജലസേചനം
   - കെ.സി.ചന്ദ്രൻ
   - കെ.കുട്ടിശങ്കരൻമാസ്റ്റർ
   - പി.എം.കൃഷ്ണൻ
   - എം.വത്സൻ വാസ്റ്റർ
   - വി.ശ്രീധരൻ
   - കെ.ജയരാജൻ
   - എൻ.എം.രാഘവൻ

2. മൃഗസംരക്ഷണം - മത്സ്യബന്ധനം
   - പി.സജിത
   - പി.രജിത്ത് കുമാർ
   - അനു മാത്യു
   - അനീഷ് കെ.കെ.
   - പി.സുരേഷ് ബാബു

3. വിദ്യാഭ്യാസം
   - കെ.പവിത്രൻ
   - കെ.കെ.കുമാരൻ മാസ്റ്റർ
   - ടി.എം.ശശി
   - കെ.ടി.സജീവ് കുമാർ
   - എ.വിജയൻ

4. കുടിവെള്ളം പൊതുജനാരോഗ്യം
   - മുരിക്കോളി രവി
   - യു.സി.സുമേഷ്
   - കുറുവാങ്കണ്ടി.ഗോവിന്ദൻ
   - യു.ദാമോദരൻ മാസ്റ്റർ
   - എൻ.പി. കരുണാകരൻ
   - ടി.വി.രാഘവൻ

5. വ്യവസായം
   - ടി.വി.ശിവദാസ് ബാബു
   - ഇ.കെശശി
   - ടി.വി.ചന്ദ്രശേഖരൻ
   - കെ.തെവാസു
   - ടി.കെഷാജി
   - കെ.കുമാരൻ

6. ഗതാഗതം ഊർജ്ജം വിപണനം
   - കെനൂർദ്ദീൻ
   - ശ്രീജിത്ത് ചോയൻ
   - രജീഷ് എ.വി
   - ആർ.കെരാമദാസ്
   - ഋഷികേശ് പി.പി
   - കെ.രാമകൃഷ്ണൻ

7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   - കെ പ്രമീള
   - എ.എം.സതീശൻ
   - സി.ബാലകൃഷ്ണൻ
   - കെ.പി.രാജീവൻ
   - മഹേഷ് കുമാർ ടി.എം

8. സംസ്ക്കാരം സ്പോർട്ട്സ്
   - കുന്നിരിക്ക ഗോവിന്ദൻ
   - ടി.വിമോഹനൻ
   - മുരളീധരൻ.കെ
   - കോട്ടായി വാസു
   - എ.പിപ്രേമൻ മാസ്റ്റർ

9. വനിത
   - ബീന എ.വി
   - സുമ.പി
   - സുമിത്ര.കെ
   - ബാലൻ.ഇ
   - ടി.എം.പ്രതീപൻ

10. സഹകരണസംഘം
    - റീജ.എം
    - വി.വേണുഗോപാലൻ
    - സി.വി.അജയൻ
    - സി.മനോജ്കുമാർ
    - കെ.ആർ.രത്നാകരൻ
    - എ.കെ.നരേന്ദ്രൻ

11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
    - സി.കെ.കണാരൻവൈദ്യർ
    - കെ.വി.സ്മിത
    - സി.ജനാർദ്ദനൻ
    - ടി.ചന്ദ്രൻ
    - ഡോ.ഭാഗ്യനാഥ്
    - എം.വി.കുഞ്ഞികൃഷ്ണൻ

12. വിഭവസമാഹരണം
    - കാരായി ബാലൻ
    - രമേഷ് കണ്ടോത്ത്
    - വി.രാമകൃഷ്ണൻ
    - പി.സി.ബാലകൃഷ്ണൻ
    - കെ.ബാലൻ
    - ടി.കെ.രാഘവൻ

13. സാമൂഹിക സാംസ്ക്കാരിക ചരിത്രം
    - കെ.ദാമോദരൻ മാസ്റ്റർ
    - പി. വിജയരാജൻമാസ്റ്റർ
    - പി.കെ.ശിവാനന്ദൻമാസ്റ്റർ

കീ റിസോഴ്സ് പേഴ്സൺ
എം. ഉദയകുമാർ



6

ഉപസംഹാരം

കതിരൂർ ഗ്രാമ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങൾ യഥാസമയം ആരംഭിച്ചു 1996 സപ്തംബർ 3 മുതൽ 5 വരെ പാലയാട്ടു ഡയറ്റിൽ വെച്ചു നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ 10 പേർ പങ്കെടുക്കുകയുണ്ടായി. പരിശീലനം വിജയകരമായിരുന്നു. ഏകദിന പഞ്ചായത്ത്തല പരിശീലനം 15-9-96 ന് കതിരൂർ ഗവഃഹയർസെക്കൻഡറി സ്ക്കൂളിൽ നടന്നു. 70 പേർ പങ്കെടുത്തിരുന്നു. ഗ്രാമസഭകൾ വാർഡുകൾതോറും സംഘടിപ്പിക്കുന്നതിനായി സംഘാടകസമിതികൾ ഉണ്ടായിരുന്നു.22-9-96 മുതൽ 2-10-96 വരെ പതിനൊന്നു ഗ്രാമസഭകൾ ചേർന്നു. ജനങ്ങളിൽ 90ം പദ്ധതി ജനകീയ പദ്ധതിയാണെന്ന ബോധം വളർത്താൻ സാധിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ഗ്രാമസഭകളിൽ സംബന്ധിച്ചിരുന്നു. 100 മുതൽ 300 വരെ ഗ്രാമവാസികൾ പങ്കെടുത്തു. ഉത്സാഹഭരിതവും, ആവേശകരവും, ക്രിയാത്മകവുമായ അനുഭവങ്ങളാണുണ്ടായത്. 17-10-96 ന് വിവിധതല പരിശീലകരുടേയും ഓഫീസ് മേധാവികളുടേയും, സ്ക്കൂൾ ഹെഡ്മാസ്റ്റർ മാരുടേയും സംയുക്തയോഗം നടന്നു.

25-10-96 മുതൽ രണ്ടാഴ്ചകൊണ്ട് മൂന്ന് തലങ്ങ്, അഞ്ച് വിലങ്ങ് പഠനപര്യടനങ്ങളും പതിമൂന്നു വിവിധ ഗ്രൂപ്പുകൾ ദ്വിതീയ വിവരങ്ങളും ശേഖരിക്കുകയുണ്ടായി. ഭൂവിഭവ പടം തയ്യാറാക്കി 20ം ഘട്ട ജില്ലാ പരിശീലനം 26-10-96 മുതൽ 3 ദിവസം കൂത്തുപറമ്പ് ടൗൺഹാളിൽ വെച്ചുനടക്കുകയുണ്ടായി. തുടർന്നു 17-11-96 ന് ചേർന്ന ശിൽപശാലയ്ക്ക് ശേഷമാണ് ഓരോ വിഷയ ഗ്രൂപ്പും വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കിയത്.

പണമില്ലാത്തതിന്റെ പേരിൽ പണി നടത്താതിരിക്കുന്ന സമ്പ്രദായത്തിന് പകരം ബഹുജന സഹകരണത്തോടെ സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മയിലൂടെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്ന ശൈലിയും സമീപനവുമാണ് ഭരണസമിതിയും ആസൂത്രണ സമിതിയും ഇതിൽ സ്വീകരിച്ചിരിക്കുന്നത്.

തുടർന്ന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതോടെ ഈ റിപ്പോർട്ട് "കതിരൂർ ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന രേഖയായി" രൂപം പ്രാപിച്ചിരിക്കുകയാണ്. നമ്മുടെ ഗ്രാമത്തിന്റെ വികസന ഭാവിയിൽ ശുഭ പ്രതീക്ഷയോടെ എതിരേറ്റുകൊണ്ട് ഐശ്വര്യ പൂർണ്ണമായ "കതിരൂർ ഗ്രാമം അഥവാ ജൈവ ഗ്രാമം" പടുത്തുയർത്താൻ സഹായകമാവാനും ഒരു പുത്തൻ വികസന രാഷ്ട്രീയസംസ്ക്കാരം മതനിരപേക്ഷതാവീക്ഷണത്തിൽ വളർത്തിയെടുക്കാനും കഴിയുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ രേഖ വികസന സെമിനാറിന്റെ മുന്നിൽ വിനയ പൂർവ്വം അവതരിപ്പിക്കട്ടെ!

അഭിവാദനങ്ങളോടെ,

ജനകീയ ആസൂത്രണ സമിതി
കതിരൂർ ഗ്രാമ പഞ്ചായത്ത്

കതിരൂർ
8 - 12 - 96

എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്- എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ല താനും.

മഹാത്മാ ഗാന്ധി.

കേന്ദ്രത്തിലിരിക്കുന്ന പത്തിരുപതു പേർക്ക് യഥാർത്ഥ ജനാധിപത്യം പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങൾ അടിത്തട്ടിൽനിന്ന് മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്.

മഹാത്മാഗാന്ധി.

കാലം കടന്നുപോകുന്നത് കടന്നു പോകുന്ന വർഷങ്ങളിലൂടെയല്ല. നാം എന്തുചെയ്യുന്നു- എന്തുചിന്തിക്കുന്നു- എന്തു കൈവരിക്കുന്നു എന്ന് കണക്കിലെടുത്താണ്.

ജവഹർലാൽ നെഹറു.

ആത്മവിശ്വാസമുള്ളവർ ഒരിക്കലും പരാജയപ്പെടുകയില്ല. ധീരത - ദൃഢത - ത്യാഗം - വിശ്വാസം - വിനയം - എന്നിവ കൂടാതെ ആത്മ വിശ്വാസം ഉണ്ടാകയില്ല.

മഹാത്മാഗാന്ധി.

എത്ര പാണ്ഡിത്യമുള്ളവനായിരുന്നാലും അയാളുടെ ജീവിതവും അറിവും തമ്മിൽ പൊരുത്തമില്ലാത്തിടത്തോളം കാലം അയാൾക്ക് സംസ്കാരമുണ്ടെന്നു പറഞ്ഞുകൂട.

മഹാത്മാഗാന്ധി.

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം.

സ്വാമി വിവേകാനന്ദൻ.

വിദ്യകൊണ്ടു പ്രബുദ്ധരാകുക
സംഘടിച്ചു ശക്തരാകുക.
മതമേതായാലും മനുഷ്യൻ
നന്നായാൽമതി.
ഒരുജാതി, ഒരുമതം, ഒരു ദൈവം
മനുഷ്യന്ന്.

ശ്രീ നാരായണഗുരു.

ഏഴ് പാപങ്ങൾ

തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം
ധർമ്മദീക്ഷയില്ലാത്ത വ്യാപാരം
സ്വഭാവശുദ്ധിയില്ലാത്ത വിജ്ഞാനം
മാനവികതയില്ലാത്ത ശാസ്ത്രം
അദ്ധ്വാനമില്ലാത്ത ധനം
മനഃസാക്ഷിയില്ലാത്ത ആഹ്ലാദം
ആത്മത്യാഗമില്ലാത്ത ആരാധന

രാജ്ഘട്ടിലെ സ്മൃതിഫലകം



കേരളം.
കണ്ണൂർ ജില്ല.
കതിരൂർ ഗ്രാമപഞ്ചായത്ത്.

★ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

★ അധികാരം ജനങ്ങൾക്ക്

★ ആസൂത്രണം അടിത്തട്ടിൽനിന്ന്

★ കാർഷിക ഉത്പാദന വർദ്ധനവ്

★ വ്യാവസായിക വളർച്ച

★ തൊഴിലില്ലായ്മ ലഘൂകരിക്കൽ

★ ബഹുജന കൂട്ടായ്മയും,
സഹകരണവും അനിവാര്യം.

★ പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം
സാധിതമാക്കാൻ